എഴുത്താണ് എന്റെ ലഹരി – അഭിനാഷ് തുണ്ടുമണ്ണിൽ | കൂട്ടുകാരില്ലാത്ത കളിമുറ്റം | ശ്രീമദ് ഭഗവത് ഗീത ഒരു ആമുഖം | ഒന്നാമത്തെ ദിവ്യ രഹസ്യം: കള്ളന്മാരുടെ ഗ്രാമത്തിലൂടെ | തിലകർ സ്ട്രീറ്റിലെ അന്തേവാസികൾ

SEPTEMBER | VOL.04 | ISSUE 09

# മലയാളി.com magazine 2025





സിനിമയിലെ 50 രജിനി വർഷങ്ങൾ

# രജിനികാന്ത്
# നാടോടി മന്നൻ !

# Muthoot Finance USA Inc.

GOLD LOAN




## വിടരുകയായി പൊന്നോണം.

അനായാസം ഗോൾഡ് ലോൺ നേടൂ,
സമൃദ്ധമായി ഓണം ആഘോഷിക്കൂ.



New Jersey - +1 7323058200 | New York - +1 516-352-7900

A Muthoot M George Enterprise

മലയാളി.com Magazine
DIGITAL MAGAZINE
2025
SEPTEMBER
VOL/04
ISSUE/9
Contact: mag@emalayalee.com | www.emalayalee.com

# നിറം മാറുന്ന രാഷ്ട്രീയ സത്യസന്ധത

എല്ലാവരും എന്തിനും ഏതിനും ആശ്രയിക്കുന്നത് രാഷ്ട്രീയത്തെയാണെങ്കിലും ഏറ്റവും കർക്കശമായ പരിഹാസങ്ങൾ രാഷ്ട്രീയ രംഗത്തെ പറ്റിയാണ് .അത് ശരിയാണെന്ന് തോന്നിക്കുന്ന വിധത്തിലാണ് പല രാഷ്ട്രീയ നേതാക്കളുടെയും പ്രവർത്തനവും .സിനിമയിലെന്ന പോലെയോ സിനിമയേക്കാൾ ഏറിയോ അപവാദങ്ങൾ എൽക്കേണ്ടി വരുന്നവരും രാഷ്ട്രീയക്കാർ തന്നെ .രാഷ്ട്രീയ സത്യസന്ധതയിൽ ഊന്നി വേണം ഏതു പ്രവർത്തനവും എന്ന് നേതാക്കൾ ആണയിടുമ്പോഴും പലപ്പോഴും തങ്ങളുടെ കൊള്ളയും കൊള്ളരുതായ്മയും മറയ്ക്കാനുള്ള മാർഗംകൂടിയാണ് രാഷ്ട്രീയം .ഇത് ഒരു രാഷ്ട്രീയ പാർട്ടിയുടെ മാത്രം കുത്തകയല്ല. അത് കൊണ്ടു തന്നെ ഒത്തു തീർപ്പ് രാഷ്ട്രീയത്തിന് ഇത് വഴി തെളിക്കുകയും ചെയ്യുന്നു . വെട്ടിപ്പും വെട്ടലും അഴിമതിയും സ്വജനപക്ഷപാതവും രാഷ്ട്രീയത്തിൽ പാടില്ലെന്ന് ഏവർക്കും അറിയാമെങ്കിലും അണികൾ പോലും അതിന്റെ ഗുണഭോക്താക്കളാകാൻ മത്സരിക്കുന്നു .ആ നിലക്ക് അവരെ നിലക്ക് നിർത്താനോ നിയമത്തിൻറെ മുന്നിൽ കൊണ്ടുവരാനോ സാധ്യമല്ല .അഴിമതി നടത്താൻ നവീനമായ മാർഗങ്ങൾ നവംനവമായി സൃഷ്ടിച്ചു വരുന്ന ഈ കാലത്ത് ആർജ്ജവം എന്ന വാക്ക് അർത്ഥരഹിതമായി മാറുന്നു .ഈ നിലക്കാണ് മറ്റു മേഖലകളിലും ഇത് സജീവമാണെങ്കിലും രാഷ്ട്രീയ നേതാക്കളും സിനിമാതാരങ്ങളും ഉൾപ്പെടുന്ന ലൈംഗീക അതിക്രമ കേസുകൾ അതീവ ശ്രദ്ധ അർഹിക്കുന്നത്. പണവും അധികാരവും സമശീർഷരുടെ മൌനാനുവാദവും പീഡകരെ സംരക്ഷിക്കുന്ന ഈ ലോകത്ത് ഇരകളുടെ ജിവിതം ദുഷ്കരമാകുന്നു നീതിക്ക് വേണ്ടിയുള്ള അലച്ചിൽ വെറുതെയാകുന്നു . പീഡകരെ വേണ്ട സമയത്ത് നിയന്ത്രിക്കാനോ തിരിച്ചറിഞ്ഞു തടയിടാനോ കഴിയാത്തത് മൂലം അവർ സമൂഹത്തിനുതന്നെ വലിയ ഭീഷണിയായി മാറുന്നു .രാഹുൽ മാങ്കൂട്ടമോ മുകേഷോ സിദ്ദിക്കോ ആരായിരുന്നാലും ചെറിയൊരു കോലാഹലത്തിനു ശേഷം അവർ യാതൊരു പശ്ചാത്താപവുമില്ലാതെ ,ഇരകളെ സമ്മർദ്ദത്തിലാക്കി പൊതുബോധത്തെ വെല്ലുവിളിച്ചു തിരികെ വരുന്നതാണ് സമീപകാല ചരിത്രം .എങ്ങനെ ഇവരെ തടയിടാനാകും എന്നതാണ് പ്രസക്തമായ ചോദ്യം .

ഒരു രാഷ്ട്രീയ നേതാവിന് കിട്ടുന്ന സെലിബ്രിറ്റി പദവിയും പണവും അധികാരവും ദുർവിനിയോഗം ചെയ്തു വ്യാപകമായി ലൈംഗീക പീഡനം നടത്തുന്നു എന്നതാണ് ആശങ്കാജനകമായ വസ്തുത . ആരാധകരെയും അധികാരത്തിന്റെ ആശ്രിതരെയും ഇരകളാക്കി മാറ്റാൻ പണവും പദവിയും ഉള്ള ഒരു നേതാവിന് ബുദ്ധിമുട്ടുണ്ടാവില്ല .സമൂഹമാധ്യമങ്ങൾ ഇവരുടെ റീച് വർദ്ധിപ്പിക്കുന്നു .ലൈംഗീകമായ ചൂഷണത്തിന് വിവാഹ വാഗദാനം പോലും മടിയില്ലാതെ വാരി വിതറാൻ ഇവർക്ക് കഴിയും .കാരണം വഞ്ചിക്കാൻ തുനിഞ്ഞിറങ്ങിയവർക്ക് എന്ത് ധാർമികത? .വലിയ അഭിലാഷങ്ങൾ ഉള്ള നിരവധി യുവതികൾ ഇവരുടെ ഇരകൾ ആകും .ധാർമികത ഉയർത്തി പിടിക്കേണ്ട രാഷ്ട്രീയ നേതാവ് തന്നെ അവരെ കാപട്യത്തിൽ ആഴ്ത്തുമ്പോൾ അയാൾ അയ്യാളുടെ കക്ഷിയെ കൂടി പ്രതിസന്ധിയിലാക്കുന്നു ..

കാര്യസാധ്യത്തിനു ലൈംഗീക ബന്ധത്തിന് തയാർ ആകുന്നവരുണ്ട് .,സിനിമയിൽ അവസരം കിട്ടാൻ ,ഭരണത്തിൽ നിന്ന് ആനുകുല്യങ്ങൾ കിട്ടാൻ മുന്നിട്ടിറങ്ങുന്നവർ ഉണ്ട് .സരിത എസ് നായരെ പോലെ . അത് ട്രാൻസാക്ഷൻ സെക്സ് ആണെന്ന് ധരിക്കാതെ അത് സമ്മതപൂർവ്വമായ ബന്ധമായി ചിത്രീകരിക്കപ്പെടുന്നു . പ്രതിഫലം നൽകാതെ ചതിക്കപ്പെടുന്നത് സ്ത്രീ ആണെങ്കിലും പുണ്യവാളന്റെ പദവി വഞ്ചിക്കുന്ന ചതിയൻ ചന്തുവിന് തന്നെ ലഭിക്കുന്നു. സമ്മതപൂർവമെന്നു തോന്നാവുന്ന ബന്ധം പോലും പലപ്പോഴും കൊടിയ വഞ്ചനയുടെ ഫലമാണ് .സ്ത്രീകളെ ഉപയോഗിച്ചു വ്യക്തികളെ തേജോവധം ചെയ്യുന്ന ദുരനുഭവങ്ങളും ഇല്ലാതില്ല .പക്ഷെ അത് പീഡകർ രക്ഷപ്പെടാനുള്ള വഴിയായി മാറരുത് .

അത് തടയാൻ, പരാതി ഉണ്ടായാൽ അത് തുടക്കത്തിൽതന്നെ അതിനെ മാനിച്ചു നടപടിയെടുക്കുകയാണ് .ഒരാൾ ഒരു നേതാവിനെതിരെ പരാതിപ്പെടുമ്പോൾ അവർ എത്ര വലിയ പ്രതികാരങ്ങൾ ഭയന്നാകണം,പ്രതിബന്ധങ്ങൾ മരികടന്നാകണം മുന്നിട്ടു വരുന്നത് എന്ന് എല്ലാവരും ഓർക്കണം .ഒരു നേതാവിനെ തിരുത്താനും മറ്റുള്ളവർ അതിലേക്കു വീഴാതിരിക്കാനും ഒരു പ്രസ്ഥാനത്തെ തന്നെ അവരുടെ ധാർമിക ഭ്രംശം ഒറ്റു കൊടുക്കാതിരിക്കാനും ഇതേ വഴിയുള്ളൂ .ആർജ്ജവം എല്ലാ അർത്ഥത്തിലും ഒരു നേതാവിൻറെ ജിവിതത്തിന്റെ ഭാഗമാകണം .

ഇതിലെ ഏറ്റവും രസകരമായ അംശം പുതുതലമുറയിൽ പോലും പല പുരുഷന്മാർക്കും സ്ത്രീകളുമായി നല്ല അടുപ്പവും തുറന്ന ബന്ധവും ഇല്ല എന്നതാണ് . സ്ത്രീയും പുരുഷനും എല്ലാ മേഖലയിലും ഒരുമിച്ചു പ്രവർത്തിക്കുന്ന ഈ കാലത്ത് സ്ത്രീകളുടെ സുരക്ഷിത്വം ഉറപ്പാക്കാൻ കർക്കശമായ നടപടികൾ എടുക്കണം .എല്ലാ മേഖലയിലും ബന്ധങ്ങൾ ദുരുപയോഗിക്കുന്നവർ ഉണ്ടാകാം . രാഷ്ട്രീയമായി ചിലർ നിയമ വ്യവസ്ഥകളെ ദുരുപയോഗിക്കാനും ഇടയുണ്ട്. പക്ഷെ അത് അവഗണിച്ചു ,സമൂഹത്തിനും കക്ഷിക്കും ദോഷം ചെയ്യുന്ന ചെന്നായ്ക്കളെ തിരിച്ചറിഞ്ഞു നിലക്ക് നിർത്താൻ നമ്മൾ തയ്യാർ ആകണം .


സ്നേഹത്തോടെ,

ഇ-മലയാളി പത്രാധിപസമിതി


EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS








05 മുഖലേഖനം
രജിനികാന്ത്@50
നാടോടി മന്നൻ !

12 ചെറുകഥ
പ്രണയം പൂക്കുന്ന
മലകൾ
ലൈലാ അലക്സ്

19 ചെറുകഥ
ഡിറ്റൻഷൻ സെന്റർ
ഷാജിബുദീൻ ബി

25 സാഹിത്യം/പ്രത്യേക അഭിമുഖം
'എഴുത്താണ്
എന്റെ ലഹരി'
– അഭിനാഷ് തുണ്ടുമണ്ണിൽ
മീടു റെഫത് കലാം

31 ചെറുകഥ
ഹൂ ???
സിന്ധു തോമസ്

37 കോളം
കൂട്ടുകാരില്ലാത്ത കളിമുറ്റം
റോസി തമ്പി

39 ചെറുകഥ
ക്വോട്ടേഷൻ ദാമുവും
വിമലാമ്മയും
പി വി വിശ്വനാഥൻ

45 പ്രത്യേക ലേഖനം
ശ്രീമദ് ഭഗവത് ഗീത :
ഒരു ആമുഖം
സുധീർ പണിക്കവീട്ടിൽ

49 ചെറുകഥ
സാബി
ബാബു പാറക്കൽ

57 നോവൽ
ഒന്നാമത്തെ ദിവ്യരഹസ്യം
കള്ളന്മാരുടെ ഗ്രാമത്തിലൂടെ
ജോസഫ് എബ്രാഹം

69 ചെറുകഥ
സിത്തുത്തൂറാ
കുപ്പികൾ
ആനന്ദവല്ലി ചന്ദ്രൻ


70 സിനിമ /സംഗീതം
എൻറെ സംഗീത വഴികൾ
തിലകർ സ്ട്രീറ്റിലെ
അന്തേവാസികൾ
എസ് രാജേന്ദ്ര ബാബു

75 ചെറുകഥ
അഹല്യ മന്ദിർ
ശ്രീകുമാർ ഭാസ്ക്കരൻ

90 പുസ്ത്കലോകം
ഉറുവാടി /വിമിത ജിജീബ്
ഉശിരുള്ള പെണ്ണാണ്
അഞ്ജു മഞ്ജിമ

92 ചിത്രലോകം
ബാബു സേവിയർ










# രജിനികാന്ത് നാടോടി മന്നൻ !

## സിനിമയിലെ അമ്പതു വർഷങ്ങൾ അമ്പതു രജിനി വർഷങ്ങൾ കൂടിയാണ്



പി എസ് ജോസഫ്

പൊന്നിയൻ സെൽവൻ സിനിമയുടെ റിലീസിംഗ് വേളയിൽ ,നടക്കാതെ പോയ തൻറെ ഒരു സ്വപ്നത്തെപ്പറ്റി രജനി കാന്ത് പറയുകയുണ്ടായി.,ഒരിക്കൽ പൊന്നിയൻ ശെൽവൻ സിനിമയാക്കാൻ ആലോചിച്ചപ്പോൾ, ഇപ്പോൾ ജയറാം അവതരിപ്പിച്ച വന്ദിയ തേവനായി രൂപമാറ്റം നടത്താൻ താൻ മോഹിച്ചിരുന്നു . .

ഒരേ സമയം കാണികളെ രസിപ്പിക്കുന്ന വിഡ്ഢി വേഷം കെട്ടുകയും നിപുണനായ ചാരനായി വർത്തിക്കുകയും പ്രണയ വിവശനാകുകയും ചെയ്യുന്ന ആ മുടന്തന്റെ റോൾ രജനിയുടെ ഇഷ്ട വേഷമായതിൽ അതിശയിക്കാനില്ല. 24 ഫ്രെയിമുകളിൽ അതിശയിപ്പിക്കുന്ന വിധത്തിൽ പരകായ പ്രവേശം നടത്തുന്ന സ്റ്റൈൽ മന്നനാണ് സാധാരണക്കാരിൽ സാധാരണക്കാരൻറെ രൂപഭംഗി മാത്രമുള്ള രജനി കാന്ത് . മണിരത്നത്തിന്റെ ദളപതിയിൽ ചുവന്നു തുടുത്ത മമ്മൂട്ടിയോടൊപ്പം കറുത്ത് മെലിഞ്ഞ താൻ അഭിനയിക്കുമ്പോൾ തെല്ലു പരിഭ്രമിച്ചുവെന്നും അദ്ദേഹം സ്വതസിദ്ധമായ നർമ്മത്തിൽ കലർത്തി വിനയപൂർവം പറയുന്നു. ബാംഗളൂരുവിൽ ബസ് കണ്ടക്ടർ ആയിരുന്ന കന്നഡിഗ ശിവാജി റാവു ഗയിക്കുവാദ് എന്ന രജനികാന്ത് തമിഴിൽ പ്രേക്ഷക ലക്ഷങ്ങളെ ഇളക്കി മറിക്കുന്ന താരരാജാവായി മാറിയിട്ടും,, അഭിനയിക്കുന്ന ചിത്രം അഞ്ഞൂറ് കോടിയിലേറെ കളക്ഷൻ നേടിയിട്ടും അദ്ദേഹം ഇന്നും ലാളിത്യത്തിന്റെ പ്രതിബിംബമാണ് ..




കഷണ്ടിത്തല മറച്ചു വയ്ക്കാതെ ഉയർത്തി പിടിച്ചു, മുണ്ട് ഉടുത്തു നടക്കുന്ന മനുഷ്യൻ ഒരു തവണ പറഞ്ഞാൽ നൂറു തവണ പറയുന്ന പോലെ,എൻ വഴി തനി വഴി എന്ന് ആവർത്തിക്കുന്ന അദ്ദേഹത്തിൻറെ ഓരോ പഞ്ച് ഡയലോഗും തമിഴ് നാട്ടിലെ ജനത ആവർത്തിക്കുന്നു . ഒരു പക്ഷെ സജീവ രാഷ്ട്രീയത്തിൽ ഇറങ്ങിയിരുന്നെങ്കിൽ എം ജി ആറിനെയും ജയലളിതയെയും പോലെ അദ്ദേഹം തമിഴ് നാട് മുഖ്യമന്ത്രി പദം അലങ്കരിക്കുമായിരുന്നു.പക്ഷെ മക്കൾ തിലകം ആകാനല്ല മക്കളുടെ ഹൃദയതാരകമാകാനായിരുന്നു അദ്ദേഹത്തിൻറെ നിയോഗം

തൻറെ അഭിനയ ജിവിതത്തിലെ സുവർണ ജൂബിലി വർഷത്തിൽ , ലോകേഷ് കനകരാജ് സംവിധാനം ചെയ്ത അദ്ദേഹത്തിൻറെ 171 മത്തെ ചിത്രമായ കൂലി നാട്ടിലും വിദേശത്തുമുള്ള സിനിമകളിൽ നിറഞ്ഞ സദസ്സിൽ പ്രദർശനം തുടരുന്നു . പടത്തെ കുറിച്ചു സമ്മിശ്ര അഭിപ്രായങ്ങൾ ഉണ്ടെങ്കിലും അതൊന്നും സിനിമയുടെ വരുമാനത്തെ ബാധിച്ചിട്ടില്ല .ഇരുപതു ലക്ഷത്തിലേറെ വരുന്ന ഫാൻ ആസോസിയേഷനുകളുടെ പിൻബലമുള്ള നടനാണ് അദ്ദേഹം. അദ്ദേഹത്തിൻറെ സിനിമയുടെ റിലീസ് ഒരു ഉത്സവമാണ് ആരാധകർ

**ബാംഗളൂരുവിൽ ബസ് കണ്ടക്ടർ ആയിരുന്ന കന്നഡിഗ ശിവാജി റാവു ഗയിക്കുവാദ് എന്ന രജനികാന്ത് തമിഴിൽ പ്രേക്ഷക ലക്ഷങ്ങളെ ഇളക്കി മറിക്കുന്ന താരരാജാവായി മാറിയിട്ടും അഭിനയിക്കുന്ന ചിത്രം അഞ്ഞൂറ് കോടിയിലേറെ കളക്ഷൻ നേടിയിട്ടും ഇന്നും ലാളിത്യത്തിന്റെ പ്രതിബിംബമാണ്**

അദ്ദേഹത്തിന്റെ കട്ട് ഔട്ടുകളിൽ പാലഭിഷേകം നടത്തും .പോസ്റ്ററുകൾ കൊടിതോരണം വെച്ചു അലങ്കരിക്കും.നമ്സ്ക്കരിക്കും .അദ്ദേഹം സ്ക്രീനിൽ പ്രത്യക്ഷപ്പെടുമ്പോൾ കരഘോഷവും ആർപ്പുവിളികളും ഉയരും .അദ്ദേഹത്തിന്റെ പഞ്ച് ഡയലോഗുകൾ എവിടെയും ആവർത്തിക്കപെടും .ഒരു പുതിയ ദേവത പോലെയാണ് തമിഴ് നാട്ടിൽ താരം.

1975 ഇൽ കെ ബാലചന്ദർ സംവിധാനം ചെയ്ത അപൂർവ രാഗങ്ങളിൽ നിന്ന് തുടങ്ങിയ അഭിനയ യാത്രയാണ് ഇന്ന് ലോകേഷ് കനകരാജ് സംവിധാനം ചെയ്യുന്ന കൂലിയിൽ എത്തി നിൽക്കുന്നത് .കന്നഡയിൽ പുട്ടണ്ണാ കനഗലിന്റെ കഥാസംഗമത്തിലാണ് അദ്ദേഹത്തിൻറെ അഭിനയത്തിൻറെ തുടക്കം .ശ്രീദേവിയും ശിവ കുമാറും അഭിനയിച്ച ദേവരാജിന്റെ കവിക്കുയിലിൽ 1977 ശ്രദ്ധേയ വേഷം കാഴ്ച വെച്ചുവെങ്കിലും ശ്രദ്ധിക്കപ്പെട്ടില്ല. വ്യത്യസ്തമായ വില്ലൻ വേഷങ്ങളിൽ കൊട്ടകകളിൽ തീ പാറിച്ച നടനായിരുന്നു രജനി കാന്ത് .മൂന്ട്രു മുടിച്ചു വിലെ ക്രൂരനായ വില്ലനായാലും പതിനാറുവയതിനിലെ ഒരു പെൺകുട്ടിയുടെ ഹൃദയം തകർക്കുന്ന വിടൻ പരട്ട ആയാലും നായകനൊപ്പമോ



**കൂലിയുടെ റിലീസ് വേളയിൽ ചെന്നയിലെ ആരാധകർ**

അതിലും മേലെയോ അദ്ദേഹം  വളർന്നു നിന്നു.ശ്രീദേവിയും കമലും ഒപ്പം അഭിനയിച്ച ഭാരതിരാജ ആദ്യമായി സംവിധാനം ചെയ്ത ആ സിനിമയായിരുന്നു രജിനിയുടെ  ജീവിതത്തിലെ വലിയ വഴിത്തിരിവ് . .നിനൈത്താലെ ഇനിക്കും എന്ന സിനിമയിൽ എത്തുമ്പോൾ  നർമ്മം നായകനടന്റെ ശക്തിയായി മാറുന്നു .കമലഹാസനും ശിവകുമാറിനും മറ്റും  ഒപ്പം അഭിനയിച്ചു വന്ന രജിനി അതോടെ സ്വതന്ത്ര നടനായി .ഇന്നും അദ്ദേഹത്തെ കേന്ദ്രീകരിച്ചാണ് എല്ലാ സിനിമകളും .സംവിധായകൻ നെൽസനുമോത് ജയിലർ രണ്ടിൻറെ പ്രവർത്തനത്തിലാണ് ഇപ്പോൾ അദേഹം . ഡിസംബർ 12 നു 75 വയസ്സ് തികയുന്ന ഈ നായക നടൻ അങ്ങനെ സങ്കല്പ്പിക്കാനകാത്ത സിനിമാ യാത്രയിലാണ് .അദേഹം പറയുന്ന പോലെ നാടകമാണ് അദ്ദേഹത്തിൻറെ  ജിവിതം.അല്ലെങ്കിൽ സിനിമ തന്നെയാണ് രജിനികാന്ത് .

അമ്പതു വർഷം നീണ്ട അഭിനയ യാത്രയിൽ അദ്ദേഹം ഇംഗ്ലീഷിൽ ബ്ലഡ് സ്‌റ്റോൺ  ഉൾപടെ നിരവധി ഭാഷകളിൽ അഭിനയിച്ചു .ഹിന്ദിയിൽ അന്ധ കാനൂനിലും മറ്റും മായാത്ത മുദ്ര പതിപ്പിച്ചു .എങ്കിലും തമിഴ് ആണ് അദേഹത്തിന്റെ തട്ടകം .കന്നഡിഗ ആണെന്നത് പോലും മറന്നു എംജി ആറിനെ പോലെ തമിഴ് പ്രേക്ഷകർ അദ്ദേഹത്തിന് ഐക്കോണിക്ക് സ്റ്റാറ്റസ് നൽകി . .

സിനിമ അതുല്യരായ നായകതാരങ്ങൾക്ക് ജന്മം നൽകിയ നാടാണ് തമിഴ് നാട് .ത്യാഗരാജ ഭാഗവതരും എൻ എസ് കൃഷ്ണനും എം ജി ആറും ശിവാജി ഗണേശനും ജനമനസ്സുകളിൽ ഇന്നും നിറഞ്ഞു നിൽക്കുന്ന നാട്ടിൽ സ്റ്റൈൽ മന്നൻ എന്ന നിലക്കാണ് രജിനികാന്ത് താരപദവിയിൽ എത്തിയത് .ആ എടുപ്പും നടപ്പും അംഗ ചലനങ്ങളും ദ്രുതഗതിയിലുള്ള സംഭാഷണവും മികച്ച ടൈമിങ്ങും രജിനിയെ അടയാളപ്പെടുത്തുന്നു .ശിവജി ഗണേശനെ അനുകരിക്കുന്നത് കണ്ട ഗുരു പ്രമുഖ സംവിധായകൻ കെ ബാലചന്ദറാണ് തന്നെ തന്റേതായ ഒരു സ്റ്റൈൽ സ്വീകരിക്കാൻ നിർബന്ധിച്ചതെന്നു  രജനി ഓർക്കുന്നു . എന്തിനു മറ്റൊരു ശിവജി ഗണേശൻ എന്നായിരുന്നു കെ ബാലചന്ദറിന്റെ ചോദ്യം  രജിനി അത് ഉൾക്കൊണ്ടു അഭിനയിച്ചു .നിനൈത്താലെ ഇനിക്കും എന്ന സിനിമയിൽ സിഗററ്റു വലിച്ചെറിഞ്ഞു ചുണ്ടിൽ പിടിക്കുന്ന സീൻ സവിശേഷമായ ആ രജനി  സ്റ്റൈൽ എസ്‌ടാബ്ലിഷ് ചെയ്തു .ശത്രുഘ്നൻ സിൻഹയോടാണ് ഇതിനു കടപ്പാടെന്നു അദ്ദേഹം ഒരു അഭിമുഖത്തിൽ പറയുന്നുണ്ട് . വില്ലനായാലും നായകനായാലും സ്റ്റൈൽ രജിനി ചിത്രങ്ങളുടെ മുഖമുദ്രയാണ് .തീയേറ്റർ ആളിക്കത്തിക്കുന്ന മാസ്മരിക പ്രകടനമാണ് അദ്ദേഹം അവിടെ കാഴ്ച വെയ്ക്കുക .മുത്തുവിൽ ആയാലും ,ചന്ദ്രമുഖിയിൽ ആയാലും അദ്ദേഹം നൊടിയിടെയിൽ പല രൂപങ്ങൾ കൈവരിക്കുന്നു. മഹേന്ദ്രന്റെ ജോണിയിൽ സാധുവായും സ്റ്റൈൽ മന്നനായും അദ്ദേഹം ഒരേ വേള തിളങ്ങുന്നു .മുടി വെട്ടുന്ന സാധുവായ ഹെയർ സ്റ്റൈലിസ്റ്റിന്റെ
















**കൂലിയുടെ റിലീസ് വേളയിൽ പാലഭിഷേകം**

ആ വേഗതയുംചുറുചുറുക്കും ആരേയും അതിശയിപ്പിക്കും .

അദ്ദേഹം അവതരിപ്പിച്ച വേഷങ്ങൾ ഒട്ടും സമാനതകൾ ഇല്ലാത്തതാണ് .ഒരു കാലത്ത് ചോക്കലേറ്റ് കുട്ടപ്പന്മാർ അരങ്ങു വാണിരുന്ന നാട്ടിൽ കറുപ്പ് നിറത്തെ നായകൻറെ അടയാളമാക്കി മാറ്റിയ നടനാണ് രജിനി .അപൂർവ്വ രാഗങ്ങളിൽ ചെറിയൊരു വേഷമാണ് അദ്ദേഹത്തിനു. ആ കണ്ണുകളിലെ രോഷവും വാക്കുകളിലെ പൊട്ടിത്തെറിയും മായാത്ത മുദ്ര പതിപ്പിച്ചു .ഇതാ ഒരു നടൻ എന്ന് ആ സിനിമ വിധിയെഴുതി .മൂന്ട്രു മുടിച്ചു വിലെ വില്ലൻ നെഗടീവ് കഥാപാത്രങ്ങളിൽ വലിയ ഔന്നത്യം പ്രകടിപ്പിക്കുന്നു .ബാഷയിൽ എത്തുമ്പോൾ കാരുണ്യവും വീരവും ക്രൂരതയും പ്രണയവും വഴിഞ്ഞൊഴുകുന്ന മാഫിയ തലവനായി അദ്ദേഹം മാറുന്നു. ഈ മാറ്റം യന്ത്രത്തിന് പോലും മനുഷ്യരൂപം നൽകുന്ന യന്തിരനിലും 2.0 വിലും എത്തുമ്പോൾ അമൂർത്തമായ അതിശയമായി മാറുന്നു. .സമീപകാലത്ത് ചലനം സൃഷ്ടിച്ച ജയിലറിൽ

**ഒരു തവണ പറഞ്ഞാൽ നൂറു തവണ പറയുന്ന പോലെ ,എൻ വഴി തനി വഴി എന്ന് ആവർത്തിക്കുന്ന അദ്ദേഹത്തിൻറെ ഓരോ പഞ്ച് ഡയലോഗും തമിഴ് നാട്ടിലെ ജനത ആവർത്തിക്കുന്നു . ഒരു പക്ഷെ രാഷ്ട്രീയത്തിൽ സജീവമായി ഇറങ്ങിയിരുന്നെങ്കിൽ എം ജി ആറിനെയും ജയലളിതയെയും പോലെ അദ്ദേഹം തമിഴ് നാട് മുഖ്യമന്ത്രി പദം അലങ്കരിക്കുമായിരുന്നു. പക്ഷെ മക്കൾ തിലകം ആകാനല്ല മക്കളുടെ ഹൃദയതാരകമാകാനായിരുന്നു അദ്ദേഹത്തിൻറെ നിയോഗം**

നന്മ തിന്മ മരങ്ങളുടെ അപൂർവ്വമായ സമന്വയം കാണാം . മനുഷ്യനിൽ സ്വതസിദ്ധമായി നിലകൊള്ളുന്ന നന്മയുടെയും തിന്മയുടെയും ദ്വന്ദ ഭാവങ്ങളുടെ സാക്ഷാൽക്കാരമാണ് അദ്ദേഹത്തിൻറെ അഭിനയം.വേലക്കാരനായും പ്രതികാര ദാഹിയായും രൂപമാറ്റം ഈ മെലിഞ്ഞ ശരീരത്തിൽ നിന്നാണെന്നത് കൌതുകമുണർത്താം ഭൈരവനിൽ രാക്ഷസരൂപമെടുക്കുന്ന നടനാണ് അദ്ദേഹം . അതെ നടൻ തന്നെയാണ് അദ്ദേഹത്തെ അടയാളപ്പെടുത്തിയ എസ് പി മുത്തുരാമന്റെ ഭുവന ,ഒരു കേൾവിക്കുറിയിലും മുള്ളും മലരിലും അഭിനയിച്ചതെന്ന സംശയം തോന്നാം .

ആക്ഷൻ ചിത്രങ്ങളിലും പ്രതികാര കഥകളിലും എപ്പോഴും ഒരു രജനികാന്ത് ടച്ച് ഉണ്ട് .അത് മറ്റു നടന്മാർക്ക് അനുകരിക്കാനാകാത്തതാണ് . പക്ഷെ രജനി കുടുംബ പ്രേക്ഷകരുടെ പ്രിയങ്കരനാകുന്നത് ആ പ്രണയ സിനിമകളിൽ ആണ് .ജയിൽ ശിക്ഷ കിട്ടുമെന്നറിഞ്ഞിട്ടും കാട്ടിലും മഴയിലും പരിഭ്രമിക്കാതെ കാമുകിയുടെ അവസാനത്തെ സംഗീത പരിപാടി കാണാൻ ഓടിയെത്തുന്ന മഹേന്ദ്രന്റെ ജോണി തമിഴിൽ ഇതിഹാസമാണ് .മലയാളിയായ ജെന്സിയുടെ ഗാനം ചിത്രത്തിലെ മനോഹര നിമിഷമാകുന്നു .അതിലും ഉദാത്തമായി നമ്മെ വശീകരിക്കുന്ന നായികയായി

ശ്രീദേവി ചിത്രത്തിൽ പ്രത്യക്ഷപ്പെടുന്നു

ശ്രീദേവിയും ഒത്തുള്ള സിനിമകൾ രജിനികാന്തിലെ കാമുകനെ വെളിയിൽ കൊണ്ടു വരുന്നതാണ് . ഒരു പക്ഷെ കട്ടക്ക് നിൽക്കുന്ന അഭിനയം.ശ്രീദേവി നായികയായ ,കമലഹാസൻ ചാപ്പാനി മുത്തുവായി പ്രത്യക്ഷപെടുന്ന പതിനാറു വയതിനിലെ ചതിയനായ കാമുകൻ ആ സിനിമയിലെ ശക്തമായ സാന്നിധ്യമാണ് ..ശ്രീദേവി ആയാലും ശ്രീപ്രിയ ആയാലും വിജയ ശാന്തി ആയാലും ഖുശ്ബു ആയാലും തിരശീലയിൽ രജിനിയുമായി അവർ സൃഷ്ടിക്കുന്ന കെമിസ്ട്രി അത്ഭുതാവഹമാണ് .പിൽക്കാലത്ത് ഗൌതമിയും മീനയും ജ്യോതികയും നയനതാരയും അദ്ദേഹത്തിൻറെ നായികമാരായി . സുരേഷ് കൃഷ്ണയുടെ ബാഷയിലെ സെക്സി ആയ നഗ്മ ആയാലും കെ എസ് രവികുമാറിന്റെ പടയപ്പയിലെ ശാലീന സുന്ദരിയായ കാമുകി ഐശ്വര്യ ആയാലും രജിനി പ്രണയത്തിൽ മന്നനായി അഭിനയിച്ചു .അവരെ വശീകരിച്ചു. ഒരു പക്ഷെ ആ മത്സരത്തിൽ ഒരു പരിധി ഉയർന്നു നിന്നത് രമ്യ കൃഷ്ണൻ അഭിനയിച്ച പടയപ്പ ആയിരിക്കും .അവസാന വിജയം എന്നാലും രജിനിക്ക് തന്നെ .

യന്തിരനിൽ കരിങ്കൽ ഹൃദയവും വികാരരഹിതമായ മുഖവുമുള്ള യന്ത്ര മനുഷ്യൻ ഐശ്വര്യ റായിയുമായാണ് മാറ്റുരക്കുന്നത് ...പക്ഷെ അണ്ണാമലയിലെ പാൽക്കാരനും ഖുശ്ബുവും വേലക്കാരനിലെ അമലയും രജിനിയും ധർമ പുരുഷനിലെ ഗൌതമിയും രജിനിയും പതിവ് ജോഡികൾ അല്ല

സുരേഷ് കൃഷ്ണയുടെ വീരയിൽ റോജക്കും മീനക്കും ഇടയിൽപെട്ടു പോകുന്ന പാവം കാമുകനാണ് രജിനി . രവികുമാറിന്റെ മുത്തുവിൽ ആകട്ടെ രജനി എന്ന സാധുവായ കാമുകൻ ഹൃദയത്തെ വല്ലാതെ വശീകരിക്കുന്നു .

ഗാനങ്ങളിലും നൃത്ത്രരംഗങ്ങളി



രജിനി രാഷ്ട്രീയത്തിലേക്ക് എന്ന് പ്രഖ്യാപിക്കുന്നു

**ഇരുപതു ലക്ഷത്തിലേറെ വരുന്ന ഫാൻ ആസോസിയേഷനുകളുടെ പിൻബലമുള്ള നടനാണ് അദ്ദേഹം . അദ്ദേഹത്തിൻറെ സിനിമയുടെ റിലീസ് ഒരു ഉത്സവമാണ് ആരാധകർ അദേഹത്തിന്റെ കട്ട് ഔട്ടുകളിൽ പാലഭിഷേകം നടത്തും . നമസ്ക്കരിക്കും . പോസ്റ്ററുകൾ കൊടിതോരണം വെച്ചു അലങ്കരിക്കും . അദ്ദേഹം സ്ക്രീനിൽ പ്രത്യക്ഷപ്പെടുമ്പോൾ കരഘോഷവും ആർപ്പുവിളികളും ഉയരും. അദ്ദേഹത്തിന്റെ പഞ്ച് ഡയലോഗുകൾ എവിടെയും ആവർത്തിക്കപ്പെടും**

ലും അതെ പോലെ ഈ സ്റ്റൈൽ മന്നൻ തനതു സംഭാവന നടത്തുന്നു. മുത്തുവിലെയും റോജയിലെയും ബാഷയിലെയും നൃത്ത രംഗങ്ങൾ ഓർക്കുക .ചന്ദ്ര മുഖിയിൽ നയനതാരയാണ് ഒരു ജോഡി .മണിരത്നം സംവിധാനം ചെയ്ത ദളപതിയായിരുന്നു അദ്ദേഹത്തെ സുപ്പർ സ്റ്റാർ പദവിയിലേക്ക് ഉയർത്തിയത് .മമ്മൂട്ടിയും ഒരുമിച്ചു അഭിനയിച്ച ഈ ചിത്രത്തിന് ശേഷം പിന്നിട് അവർ ഒരുമിച്ചില്ല . ശോഭനയുടെ ഹൃദ്യമായ ഒരു വേഷം ചിത്രത്തിന് മാറ്റു നൽകി .

സിനിമ തമിഴിൽ ഒരു കലാരൂപം മാത്രമല്ല ,സാമൂഹികവും രാഷ്ട്രീയവുമായ ഉപകരണംകൂടിയാണ് .കരുണാനിധിയുടെയും എം ജി ആറിന്റെയും വരവോടെ അത് ദ്രാവിഡ ആശയ

ങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഒരു മാധ്യമമായി മാറി .എം ജി ആർ അത് സാമൂഹിക മാറ്റത്തിനും തൻറെ രാഷ്ട്രീയത്തിനുമുള്ള വേദിയാക്കി മാറ്റി . അതനുസരിച്ചുള്ള ഡയലോഗുകൾ, സന്ദർഭങ്ങൾ സാധ്യതകൾ അവരുടെ സിനിമയുടെ പ്രത്യേകതയായി. അത് പിന്നിട് വിജയ് കാന്തിലും ഇപ്പോൾ വിജയിലും ചെന്ന് നില്കുന്നു .ഇരുപതു ലക്ഷം ഫാൻ ആസോസിയേഷൻ ശാഖകളുള്ള രജിനി കാന്ത് മാത്രം രാഷ്ട്രീയത്തിൽ ഇറങ്ങുമെന്നു പ്രഖ്യാപിച്ചുവെങ്കിലും അദേഹം ആമോഹങ്ങൾ പാതി വഴിയിൽ തല്ലിക്കെടുത്തി ..

യഥാർത്ഥത്തിൽ രാഷ്ട്രീയ മോഹങ്ങൾ ഉള്ള വലിയ നടനായിരുന്നു രജിനി പക്ഷെ കാലവും ദ്രാവിഡ രാഷ്ട്രീയത്തിലെ മാറ്റങ്ങളും രജിനിയുടെ മോഹത്തെ തടുത്തു നിർത്തി. ജയലളിതയുടെ ആദ്യ ഭരണകാലത്ത് 95 ഇൽ അഴിമതിയിൽ മുങ്ങി കുളിച്ചിരുന്ന ആ ഭരണ കാലത്തു രജിനി ഒരു ധാർമ്മിക സ്വരം പോലെ മുന്നിലെത്തി .ഈ ഭരണത്തെ വീണ്ടും അധികാരത്തിൽ എത്തിച്ചാൽ ഈശ്വരൻ പോലും ക്ഷമിക്കില്ല എന്ന് അദേഹം മുന്നറിയിപ്പ് നൽകി .രാഷ്ട്രീയത്തിൽ ഇറങ്ങാനുള്ള ഏറ്റവും യോജിച്ച അവസരമായിരുന്നു രജിനിക്ക് അത് .എന്നാൽ അദ്ദേഹം അന്ന് ചുവടു വെച്ചില്ല. . ഇതിനിടെ കൂർമ്മ ബുദ്ധികളായ ജയലളിതയും കരുണാനിധിയും തങ്ങളുടെ അടിത്തറ ഭദ്രമാക്കി .അവർ മാറി മാറി ബി ജെ പിയുമായി ചങ്ങാത്തത്തിലായി .ബി ജെ പിയോടു അടുത്ത ബന്ധം പുലർത്തിയിരുന്ന രജിനികാന്തിനു പക്ഷെ ആ ബന്ധം വിശാലമായ ഒരു അടിത്തറ സൃഷ്ടിക്കാൻ വിഘാതവുമായി .പിന്നിട് പലവട്ടം അദ്ദേഹം രാഷ്ട്രീയത്തിൽ ഇറങ്ങുമെന്ന പ്രഖ്യാപിച്ചുവെങ്കിലും അത് ഒരിടത്തും എത്തിയില്ല .

**സ്റ്റൈൽ മന്നൻ എന്ന നിലക്കാണ് രജിനികാന്ത് താര പദവിയിൽ എത്തിയത് . ആ എടുപ്പും നടപ്പും അംഗ ചലനങ്ങളും ദ്രുതഗതിയിലുള്ള സംഭാഷണവും മികച്ച ടൈമിങ്ങും രജിനിയെ അടയാളപ്പെടുത്തുന്നു**



രാഷ്ട്രീയത്തിന് ഉണ്ടായ നഷ്ടം സിനിമക്ക് നേട്ടമായി .ഇത് വരെ 171 ചിത്രങ്ങളിൽ അദേഹം അഭിനയിച്ചിരിക്കുന്നു യന്തിരൻ 500 കോടി മുടക്കിയാണ് സൺ ടി വി നിർമ്മിച്ചത് .പിന്നിടാണ് ബാഹുബലി പോലെയുള്ള ബ്രഹ്മാണ്ടൻ ചിത്രങ്ങൾ ഇന്ത്യൻ സ്ക്രീനിൽ വന്നു തുടങ്ങിയത് .എത്ര വലിയ ബജറ്റാണെങ്കിലും ഒരു നടൻ ആ ചിത്രത്തിൽ താങ്ങായി ഉയർന്നു നിൽക്കണം .എന്നാലെ ആ ചിത്രം ഓടുകയുള്ളൂ. രജനിയുടെ തോളിൽ എല്ലാ ചിത്രങ്ങളും ഭദ്രമാണെന്ന് കാലം തെളിയിച്ചു .

ഇതിന്റെ അർഥം അദ്ദേഹത്തിൻറെ ചിത്രങ്ങൾ ബോക്സ് ഓഫീസിൽ തകർന്നിട്ടില്ല എന്നല്ല .പക്ഷെ അപ്പോഴൊക്കെ അദേഹം നിർമ്മാതാക്കൾക്ക് പണം തന്നെ തരികെ നൽകി നിർമ്മാതാക്കളെ കൂടെ നിർത്തി .അദ്ദേഹത്തിൻറെ ഇരുപതോളം ചിത്രങ്ങൾ കെ ബാലചന്ദറിന്റെ കവിതാലയ ആണ് നിർമിച്ചത് .ഇപ്പോഴും റെഡ് ജയന്റ് പോലെ വൻകിട നിർമ്മതാക്കൾ അദ്ദേഹത്തെ വട്ടമിട്ടു പറക്കുന്നു.തമിഴിലെ താര സംവിധായകർ ആയിരുന്നു അദ്ദേഹത്തിൻറെ സിനിമ സംവിധാനം ചെയ്തത് .കെ ബാലചന്ദറും എസ് പി മുത്തുരാമനും മഹേന്ദ്രനും സുരേഷ് കൃഷ്ണയും കെ എസ് രവികുമാറും അവരിൽ പ്രമുഖരാണ് .ഇപ്പോൾ കാർത്തിക് സുബ്ബരാജും ലോകേഷ് കനകരാജും ജ്ഞാനവേലും നെൽസനും അദ്ദേഹത്തിൻറെ സിനിമകൾ സംവിധാനം ചെയ്യുന്നു .പുതിയ ഭാവുകത്വത്തിനു വഴങ്ങുന്ന കഥകൾ ആണ് അവരുടെ പ്രത്യേകത.

സിനിമയിൽ എക്കാലവും കൊണ്ടാടപ്പെടാവുന്ന ഫാൽകെ അവാർഡ് ഉൾപ്പടെയുള്ള ഈ നേട്ടങ്ങൾ തമിഴ് നാട് അതിർത്തിയിലെ സത്യമംഗലത്ത് ജനിച്ച ഒരു സാധാരണ കുടുംബത്തിലെ അംഗത്തിന് സ്വപ്നം കാണാൻ ആവുന്നതായിരുന്നില്ല .മഹാരാഷ്ട്രയിൽ കുടുംബവേരുകൾ ഉള്ള രാമോജി റാവുവിന്റെ മകനായി ജനിച്ച അദ്ദേഹത്തിൻറെ രണ്ടു പെൺകുട്ടികൾ ഐശ്വര്യയും സൗന്ദര്യയും സിനിമ നിർമ്മാണ രംഗത്തുണ്ട് ..മുൻ മരുമകൻ തമിഴിൽ മറ്റൊരു രജിനിയാകാൻ ശ്രമിക്കുന്ന ധനുഷ് ആണ് .ഭാര്യ ലത ഗായിക കൂടിയാണ് .

എങ്കിലും അദ്ദേഹം തൻറെ ലാളിത്യം നിലനിർത്തുന്നു സുഹൃദം സൂക്ഷിക്കുന്നു .രാഷ്ട്രീയബന്ധങ്ങൾ പവിത്രമായി ഉപയോഗപ്പെടുത്തുന്നു. സിനിമയിൽ അവിസ്മരണീയ താരമായി എന്നും തിളങ്ങുന്നു . സിനിമയിലെ .അമ്പതു വർഷങ്ങൾ അമ്പതു രജിനി വർഷങ്ങൾ കൂടിയാണ്.

**SPECTRUM**
**AUTO**
*Exceeding Perfection*



# A FULL SPECTRUM OF AUTOMOTIVE CARE

- **Customer Centric 'OEM' Certified Collision Center**
- **Highest Quality & Standard Auto Body Repairs**
- **All Makes and Models Cars Repaired**
- **Highest Customer Satisfaction!**

**Tesla and EV Certified**





EXPERIENCE
25
years
EXPERIENCE

**Carwise Rating**
**Spectrum Auto 5.0**

★★★★★
5.0 average rating

## West Nyack

175 NY-303, West Nyack,
New York 10994

**1 845-348-7777**

## Montrose

2104 Albany Post Rd, Montrose
New York 10548


**1 914-737-0766**

**contact@spectrumautoinc.com**

FULL AUTO SERVICE | COLLISION REPAIR | FULL PAINTING AND COLOR MATCHING
FRAME STRAIGHTENING | CHASSIS REPAIR & UNIBODY REPAIR
GLASS AND WINDSHIELD REPAIR | PAINTLESS DENT REPAIR | 24 HOURS TOWING

● ചെറുകഥ

# പ്രണയം പൂക്കുന്ന മലകൾ





◉ ലൈലാ അലക്സ്

വര:
പി ആർ രാജൻ

**കൊ**ളറാഡോ സ്പ്രിങ്സ് ....

ഒരു മഞ്ഞു കണത്തിൻറെ കുളിർമ ആ പേരിനൊപ്പം നെഞ്ചിലേക്ക് കിനിഞ്ഞിറങ്ങി. കാലങ്ങളായി തിരഞ്ഞു നടന്ന എന്തിനെയോ കണ്ടെത്തിയ സന്തോഷം.

നീണ്ട, വളരെ നീണ്ട യാത്രക്ക് ശേഷം വീടണയുമ്പോൾ ഉണ്ടാകുന്ന ആശ്വാസം പോലെ ഒന്ന് ഉള്ളിൽ നിറയുന്നത് അവൾ അറിഞ്ഞു. ആശ്വാസത്തിൻറെ ദീർഘനിശ്വാസം അവളിൽ നിന്ന് ഉയർന്നു.

കൊളറാഡോ സ്പ്രിങ്സ്.

മലനിരകൾക്കിടയിലെ ജന സാന്ദ്രത കുറഞ്ഞ ചെറു പട്ടണം. നോക്കാത്ത ദൂരത്തോളും നീണ്ടു കിടക്കുന്ന കൃഷിയിടങ്ങൾ... ആപ്പിളും, പീച്ചും വിളഞ്ഞു നിൽക്കുന്ന തോട്ടങ്ങൾ... അത്യാധുനിക മോട്ടോർ വാഹനങ്ങളും കുതിര വണ്ടികളും ഇടകലർന്നോടുന്ന മലമ്പാതകൾ...

ആദ്യമായി ആ പട്ടണത്തിലേക്കു ചെന്നത് ലിസയുടെ മനസ്സിലേക്ക് ഓടിവന്നു. അന്ന് അവൾ തനിച്ചായിരുന്നില്ല. ഓഫീസിൽ നിന്നും ഒരു സംഘം സഹപ്രവർത്തകർ ഉണ്ടായിരുന്നു അവളോടൊപ്പം. അവരുടെ കമ്പനി അവിടെ പണിയാൻ ഉദ്ദേശിക്കുന്ന കെട്ടിട സമുച്ചയത്തിന് വേണ്ട നടപടികൾ പൂർത്തിയാക്കാൻ ഓഫിസ് ടീമിനൊപ്പമുള്ള യാത്ര. മൈക്കും, റിച്ചും, ഡേവിഡും, മാഗിയും എല്ലാവരുമുണ്ടായിരുന്നു കൂടെ. കമ്പനിയുടെ ഹെലികോപ്റ്ററിൽ ചിരിച്ചുല്ലസിച്ച് ഒരു യാത്ര. ജീവിതം വർണാഭമായിരുന്നു അവർക്കെല്ലാം ആ ദിവസങ്ങളിൽ. നല്ല ജോലി, നഗരത്തിലെ മുന്തിയ ജീവിത സൗകര്യങ്ങൾ... ഇടയ്ക്ക് പിരിമുറുക്കങ്ങളിൽ നിന്ന് രക്ഷപെടാൻ പാർട്ടികൾ, യാത്രകൾ.... ജോലിയുടെ ഭാഗമായി വീണു കിട്ടുന്ന

ഇത്തരം യാത്രകളിൽ പോലും ഉല്ല സിക്കാനുള്ള അവസരങ്ങൾ അവർ കണ്ടെത്തിയിരുന്നു. അവ ഒന്നും അവർ ആരും പാഴാക്കിയിരുന്നില്ല. ചിരിച്ചും, കളിച്ചും, പരസ്പരം കളി യാക്കിയും സന്തോഷം പൂത്തിരി കത്തിച്ചു നിന്ന ഒരു യാത്ര....

മലമടക്കുകൾക്കിടയിലായി വി ദൂരതയിൽ ഒരു വളപ്പൊട്ടുപോ ലെ ആ നഗരം കണ്ണിൽ പെട്ട പ്പോൾ കോപ്റ്ററിൽ ഉണ്ടായിരുന്ന അവർ എല്ലാവരും ഒരു നിമിഷം നിശ്ശബ്ദരായിപ്പോയി. അത്രമേൽ സുന്ദരമായിരുന്നു ആ ആകാശ കാഴ്ച. കണ്ണെടുക്കാതെ നോക്കി യിരിക്കാനേ ആർക്കും കഴിയുമാ യിരുന്നുള്ളൂ. സംഭാഷണങ്ങളും ഉറക്കെയുള്ള ചിരികളും മുറിഞ്ഞു. ഹെലികോപ്ടറിൻറെ ചില്ലുജനാ ലകളിൽ ക്കൂടി താഴെ തെളിയുന്ന ആ ഭൂപ്രദേശത്തിൻറെ മനോഹാ രിതയിൽ ലയിച്ചിരുന്നുപോയി അവർ.

'ഓ മൈ ഗോഡ്! ബ്യൂട്ടിഫുൾ '

'ഓസം '... ഒന്നൊഴിയാതെ അവർ എല്ലാവരും പറഞ്ഞു.

പച്ചയും മഞ്ഞയും തവിട്ടും നിറ ങ്ങൾ തിളങ്ങി നിൽക്കുന്ന രമണീ യത. 'ദൈവങ്ങളുടെ പൂന്തോട്ടം' എന്ന പ്രസിദ്ധി നേടിയ, കണ്ണിനും കരളിനും ഇമ്പമേകുന്ന വിസ്മയം!

'വൗ '

ആ സൗന്ദര്യം ഏറെ ആകർഷി ച്ചത് ലിസയെ ആയിരുന്നു.

'ഇവിടെ താമസിക്കാൻ കഴി ഞ്ഞെങ്കിൽ ....', ലിസ ആത്മഗതം എന്ന വണ്ണം പറഞ്ഞു.

ഒപ്പം ഉണ്ടായിരുന്ന റിച്ചും ശരി വെച്ചു. 'ശരിയാണ്. ഐ ലവ് ഇറ്റ്. '

'എങ്കിൽ ഇവിടെ താമസിച്ചോ ', മാഗി പറഞ്ഞു.

'അത് എങ്ങനെ? പറഞ്ഞിട്ടെ ന്താ... എല്ലാ ആഗ്രഹവും നടക്കി ല്ലെടോ...'

'ങും ...' ലിസ മൂളി.

പിന്നെയുള്ള ദിവസങ്ങൾ തി രക്ക് പിടിച്ചതായിരുന്നു. സ്ഥലം അളക്കലും, രൂപരേഖ തയ്യാറാക്ക ലും, കോർപറേഷൻറെ അനുമതി ക്ക് വേണ്ടിയുള്ള മീറ്റിംഗുകളും, ആ ടീം ഒത്തു പിടിച്ചു.

**പിന്നെയുള്ള ദിവസങ്ങളിൽ പുതിയ പ്രോജക്റ്റിൻറെ ജോലിത്തിരക്കുകൾ തുടർന്നുകൊണ്ടിരുന്നു. സഹപ്രവർത്തകരെ എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് പിന്നെയുണ്ടായ അവധി ദിവസങ്ങളിൽ എല്ലാം തന്നെ മൈക്ക് കൊളറാഡോ സ്പ്രിങ്സിലേക്കു പോയി. ആദ്യമൊക്കെ ഡെബിയും കൂടെയുണ്ടായിരുന്നു. പിന്നെ, പിന്നെ അവൾ അയാളോടൊപ്പം പോകാതെയായി.**

ഇതിനിടയിലെ ഏതോ ഒരു വിശ്രമ വേളയിൽ കപ്പുച്ചിനോയും മൊത്തിയിരിക്കുമ്പോൾ, തികച്ചും അവിചാരിതമായി, കൂട്ടത്തിലെ പാർട്ടി അനിമൽ എന്ന് അറിയപ്പെ ടുന്ന മൈക്ക് പ്രഖ്യാപിച്ചു:

'ഐ ആം ഗോയിങ് റ്റു ബയ് സം ലാൻഡ് ഹിയർ ആൻഡ് സെ റ്റൽ ഡൗൺ '.

'ഇവിടെയോ? നീയോ?'

' ആൾപ്പാർപ്പില്ലാത്ത ഈ വിജ നതയിലോ?'

'ഔർ മൈക് ഈസ് ഗോയിങ് കൺട്രി ' അവർ ആർത്തു ചിരിച്ചു.

കൂടെ ഉണ്ടായിരുന്നവർക്കു ആർക്കും അത് വിശ്വസിക്കാൻ ആകുമായിരുന്നില്ല.

'അതെന്താ? ഈ സൗന്ദര്യം എനിക്കും ആസ്വദിച്ചുകൂടെ?' മൈ ക്ക് തിരിച്ചു ചോദിച്ചു.

'വി വിൽ സീ... '.

'സത്യം പറയെടോ. തനിക്കു ഇഷ്ടമല്ലേ?' മൈക് തൊട്ടടുത്തി രുന്ന ലിസയോട് ചോദിച്ചു.

'എനിക്ക് ഇഷ്ടമായിട്ടെന്താ കാ ര്യം?' ലിസ പറഞ്ഞു. 'ഞാൻ തന്നെ പ്പോലെ റിച്ച് അല്ല. ഐ കാണ്ട് ഫോളോ എ ഫാൻസി. അതുമല്ല, എറിക് അവിടെയല്ലേ?'

അല്പം കഴിഞ്ഞു ലിസ മൈ ക്കിനോട് ചോദിച്ചു: ' ഡെബി വരു മോ ഇവിടേയ്ക്ക്?'

പാർട്ടികളും ഷോപ്പിങ്ങും ഏറെ ഇഷ്ടപ്പെടുന്ന അവൻറെ ഗേൾ ഫ്ര ണ്ട് ഡെബിക്ക് ഇഷ്ടപ്പെടുന്ന ഒന്നും തന്നെ അവിടെ ഇല്ലെന്നു ലിസയ് ക്കു അറിയാമായിരുന്നു.

'ഐ ഡോണ്ട് നോ ... ആൻഡ് ഐ ഡോണ്ട് കെയർ', മൈക്ക് ലി സയോട് പറഞ്ഞു.

'മണ്ടത്തരം പറയാതെ ...' ലിസ അയാളോട് പറഞ്ഞു. പുറത്തേക്കു നോക്കി കണ്ണടച്ചിരുന്ന് അയാൾ പറ ഞ്ഞു: ' ഐ ആം ഇൻ ലവ്'.

ഒരു നിമിഷത്തിനു ശേഷം അയാൾ കൂട്ടിച്ചേർത്തു : 'വിത്ത് ദി സ് ലാൻഡ്'

ലിസ ചിരിച്ചു: 'ഭ്രാന്തൻ !'

ആ സംഭാഷണം അങ്ങനെ കഴി ഞ്ഞു.

വീണു കിട്ടുന്ന വിശ്രമവേളക ളിൽ അവർ അവിടെയൊക്കെ ചുറ്റി നടന്നു. വഴിയരികിലുള്ള മോം ആൻഡ് പോപ് കോഫി ഷോപ്പിൽ കാപ്പി കുടിച്ചു. തിരക്കേറിയ മഹാ നഗരത്തിൽ നിന്നും വന്ന അവർക്ക് അതൊക്കെ ഹരമായിരുന്നു.

'എന്തൊരു ശാന്തതയാണ് ഇവി ടെ. പോകാനേ തോന്നുന്നില്ല...' ലിസ തന്നോട് തന്നെ പലവട്ടം പറഞ്ഞു.

മാഗിയും, റിച്ചും എല്ലാവരും അത് തന്നെ പറഞ്ഞു.

ജോലി കഴിഞ്ഞു തിരിച്ചു പോ കാനുള്ള ദിവസം അടുത്തപ്പോൾ വല്ലാത്ത നിരാശ തോന്നി അവർ ക്കെല്ലാം തന്നെ.

തിരികെയുള്ള യാത്രയിൽ ഹെലികോപ്റ്ററിൻറെ ജനാലയിൽ കൂടി പുറത്തേക്കു നോക്കിയിരിക്കു കയായിരുന്നു മൈക്കിനെ നോക്കി അവർ ചിരിച്ചു:

'ഡ്രീം ഓൺ... '

ഡെബി ഒരിക്കലും കൊള

റാഡോ സ്പ്രിങ്സിൻറെ വിജനതയും, ഏകാന്തതയും ഇഷ്ടപ്പെടുകയില്ലെന്നും അവിടേക്കു അയാളോടൊപ്പം വരികയില്ലെന്നും ഉറപ്പുണ്ടായിരുന്ന ലിസയ്ക്കു അയാളുടെ ആ താല്പര്യം കണ്ട് ചിരിക്കാനേ കഴിയുമായിരുന്നുള്ളൂ... തിരികെ ഓഫിസിൽ എത്തിയിട്ടും...

പിന്നെയുള്ള ദിവസങ്ങളിൽ പുതിയ പ്രോജക്ടിൻറെ ജോലിത്തിരക്കുകൾ തുടർന്നുകൊണ്ടിരുന്നു. സഹപ്രവർത്തകരെ എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് പിന്നെയുണ്ടായ അവധി ദിവസങ്ങളിൽ എല്ലാം തന്നെ മൈക്ക് കൊളറാഡോ സ്പ്രിങ്സിലേക്കു പോയി. ആദ്യമൊക്കെ ഡെബിയും കൂടെയുണ്ടായിരുന്നു. പിന്നെ,
പിന്നെ അവൾ അയാളോടൊപ്പം പോകാതെയായി.

ലിസ ഒന്ന് രണ്ടു പ്രാവശ്യം അയാളോട് ചോദിക്കയും ചെയ്തു: 'എന്താടോ തനിച്ചൊരു യാത്ര?'

കൂട്ടുകാരും, അവരോടൊപ്പമുള്ള ഉല്ലാസവേളകളും നിറഞ്ഞാസ്വദിക്കുന്ന മൈക്കിൻറെ തനിച്ചുള്ള യാത്രകൾ ലിസയെ അമ്പരപ്പിക്കുക തന്നെ ചെയ്തു.

അത്തരം ഒരു യാത്രയിൽ അയാൾ അവിടെ ഒരു ഫാം വാങ്ങുകയും ചെയ്തു.

'അവിടെ ഒരിക്കലും ഇവിടുത്തെപ്പോലെ വിപുലമായ ഫ്രണ്ട്സ് സർക്കിൾ ഒന്നും ഉണ്ടാവില്ല. ഡെബിയക്ക് അങ്ങനെ ഒറ്റപ്പെട്ട ഒരു ജീവിതം ഇഷ്ടപ്പെടാനാവുമോ? ' ലിസ ചോദിച്ചു.

'എന്തിനാടോ ഒത്തിരിപ്പേർ? ഒരാൾ, ഒരാൾ പോരെ കൂട്ടിന് – മനസിന് പിടിച്ച ഒരാൾ?' മൈക്ക് ലിസയോട് തിരിച്ചു ചോദിച്ചു.

'തനിക്ക് ഇത് എന്ത് പറ്റി? മറ്റാരേക്കാളും ആളും പേരും എപ്പോഴും ചുറ്റും വേണ്ടിയിരുന്നത് തനിക്കല്ലേ?' ലിസ വായ് പൊളിച്ചിരുന്നുപോയി.

മൈക്ക് മറുപടി ഒന്നും പറഞ്ഞില്ല, കമ്പ്യൂട്ടർ സ്ക്രീനിലേക്ക് മുഖം പൂഴ്ത്തിയതല്ലാതെ.

അന്ന് ലിസ ഭർത്താവിനോട് പറഞ്ഞു: 'നോക്കൂ, മൈക്ക് കൊളറാഡോ സ്പ്രിങ്സിൽ ഒരു പ്രോപ്പർട്ടി വാങ്ങിയിരിക്കുന്നു. നമുക്കും അതുപോലെ ഒരു വെക്കേഷൻ കോട്ടജ് അവിടെ വാങ്ങിയാലോ?'

ലിസയുടെ ഭർത്താവായ എറിക് ചിരിച്ചു: 'മനുഷ്യവാസം ഇല്ലാത്ത ആ കാട്ടിലോ?'

ഒന്ന് നിർത്തി അയാൾ ചോദിച്ചു: ' ഡെബി അങ്ങനെയൊരു സ്ഥലത്തേക്ക് ചെല്ലുമോ? '

അപ്പോഴേക്കും ഡെബിയും മൈക്കും തമ്മിൽ തെറ്റി പിരിഞ്ഞിരുന്നു. അവർ തമ്മിലുള്ള ബന്ധത്തിൻറെ ഇഴകൾ മെല്ലെ മെല്ലെ അകലുന്നതും, പിന്നി ചേർക്കാനാവാത്ത വിധം തകർന്നതും ലിസ മനസ്സിലാക്കിയിരുന്നു.

**പിറ്റേന്ന് അവൾ മൈക്കിനോട് ചോദിച്ചു: 'എന്താണ് നിങ്ങൾക്കിടയിൽ സംഭവിച്ചത്? ഞാൻ ഡെബിയോട് സംസാരിക്കട്ടെ?' 'നോ. സ്റ്റേ ഔട്ട് ഓഫ് ദിസ്", മൈക്ക് കടുപ്പിച്ചു പറഞ്ഞു. അയാളുടെ സ്വരത്തിലെ കാർക്കശ്യം തിരിച്ചറിഞ്ഞ ലിസ പിന്നെ ഒന്നും പറഞ്ഞില്ല. ആഘോഷ ദിവസങ്ങളിൽ ലിസ, അയാൾ തനിച്ചായി പോകാതെയിരിക്കാൻ, അയാളെ തൻറെ വീട്ടിലേക്കു ക്ഷണിച്ചു. പക്ഷെ ആ ക്ഷണങ്ങൾ നന്ദിപൂർവം നിരസിച്ചിട്ടു അയാൾ ഡെൻവറിലേക്കു പറന്നു. അസ്ഥികോച്ചുന്ന തണുപ്പിലും അയാൾ അവിടേക്കു പോയി.**

എങ്കിലും അവൾ ആരോടും അതിനെക്കുറിച്ചൊന്നും പറഞ്ഞില്ല. സ്വന്തം ഭർത്താവിനോട് പോലും.

മൈക്കിൻറെ ദുഃഖം മറ്റുള്ളവരുടെ സാധാരണ സംഭാഷണ വിഷയമായി തരം താഴ്ത്താൻ അവൾക്കു കഴിയുമായിരുന്നില്ല. പലപ്പോഴും അയാളുടെ ദുഃഖം വ്രണിത വാക്കുകളായി പൊട്ടിയൊലിച്ചപ്പോൾ അവൾ സാന്ത്വനമായി തൊട്ടടുത്ത കാബിനിൽ ഇരുന്നു. ലഞ്ചിനും, കോഫി ബ്രേയ്ക്കിനും മറ്റാരും അടുത്തില്ലാത്ത സമയത്തു മാത്രം അവൾ ആശ്വാസ വാക്കുകൾ പറഞ്ഞു.

'ഒക്കെ ശരിയാവും. തന്നെപ്പോലൊരു പുരുഷനെ ഏതു പെണ്ണാണ് വേണ്ട എന്ന് വെക്കുക?'

വിഷാദത്തോടെ കണ്ണുകൾ ഉയർത്തി അവളുടെ നേരെ ഒന്ന് നോക്കിയിട്ട് അയാൾ ഒന്നും പറയാതെ തല കുനിച്ചിരുന്നു.

ദിവസങ്ങൾക്കു ശേഷം ഡെബി അവർ ഒരുമിച്ചു താമസിച്ചിരുന്ന വീട് വിട്ട് പോയപ്പോൾ മൈക്കിനെ ആശ്വസിപ്പിക്കാൻ വാക്കുകൾ കിട്ടാതെ ലിസ വിഷമിച്ചു പോയി.

മെല്ലെ, മെല്ലെ ഓഫീസിൽ ഡെബി വീട് വിട്ടത് പാട്ടായപ്പോൾ, മൈക്കും ലിസയും തമ്മിലുള്ള സൗഹൃദം അറിയാവുന്ന സഹപ്രവർത്തകർ അവളോടാണ് അന്വേഷിച്ചത്.

'വാട് ഹാപ്പെൻഡ് ?'

'എനിക്കറിയില്ല'. ലിസ കൈ മലർത്തി.

'ആ നശിച്ച കൊളറാഡോ ട്രിപ്പ്. അവിടുന്നാ തുടക്കം'. ലിസ മാഗിയോട് പറഞ്ഞു.

'എന്തോ... എനിക്ക് അങ്ങനെ വിശ്വസിക്കാൻ കഴിയുന്നില്ല'. മാഗി അർഥം വെച്ച് പറഞ്ഞു.

'വാട്ട്?'

'ഐ ഡോണ്ട് നോ'. നിഷേധാർഥത്തിൽ ചുമൽ ഒന്ന് കുലുക്കി മാഗി പോയി.

ദിവസങ്ങൾ കഴിഞ്ഞു പോയി. ഓഫീസ് തിരക്കുകളിൽ മുങ്ങിയവർ മൈക്കിൻറെ പ്രശ്നങ്ങൾ മറന്നു. അല്ല, അതൊന്നും ഓർക്കാൻ അവർക്കു സമയം ഇല്ലായിരുന്നു.

ലിസയ്ക്ക് അങ്ങനെ മറക്കാൻ



ആവുമായിരുന്നില്ല. അവൾ വീട്ടിൽ ഉണ്ടാക്കിയ ഭക്ഷണം അയാൾക്കായി പൊതിഞ്ഞുകൊണ്ടുപോയി കൊടുത്തു.

'ഡോണ്ട് കിൽ യൂർസെൽഫ് ഓൺ ഫാസ്റ്റ് ഫുഡ്'. അവൾ അയാളോട് പറഞ്ഞു.

'ഇയാൾ ഇത് എന്ത് ഭാവിച്ചാ?' ഒരു ദിവസം മൈക്കിനുള്ള ഭക്ഷണം പാക്ക് ചെയ്യുന്നത് നോക്കി നിൽക്കുകയായിരുന്ന എറിക് അവളോട് ചോദിച്ചു.

'എനിക്കറിയില്ല'.

'നീ അറിയാതെയിരിക്കില്ലല്ലോ... ' എറിക് വീണ്ടും പറഞ്ഞു.

അവൾ ഒന്നും മിണ്ടാതെയിരുന്നപ്പോൾ അയാൾ നീട്ടി മൂളി.

'ങ്ങും...'

പിറ്റേന്ന് അവൾ മൈക്കിനോട് ചോദിച്ചു: 'എന്താണ് നിങ്ങൾക്കിടയിൽ സംഭവിച്ചത്? ഞാൻ ഡെബിയോട് സംസാരിക്കട്ടെ?'

'നോ. സ്റ്റേ ഔട്ട് ഓഫ് ദിസ് ', മൈക്ക് കടുപ്പിച്ചു പറഞ്ഞു. അയാളുടെ സ്വരത്തിലെ കാർക്കശ്യം തിരിച്ചറിഞ്ഞ ലിസ പിന്നെ ഒന്നും പറഞ്ഞില്ല.

ആഘോഷ ദിവസങ്ങളിൽ ലിസ, അയാൾ തനിച്ചായി പോകാതെയിരിക്കാൻ, അയാളെ തൻറെ വീട്ടിലേക്കു ക്ഷണിച്ചു. പക്ഷെ ആ ക്ഷണങ്ങൾ നന്ദിപൂർവം നിരസിച്ചിട്ടു അയാൾ ഡെൻവറിലേക്കു പറന്നു. അസ്ഥികോച്ചുന്ന തണുപ്പിലും അയാൾ അവിടേക്കു പോയി.

ഒരു ദിവസം തികച്ചും അവിചാരിതമായി അവൾ ഡെബിയെ കണ്ടു. ഓഫിസിലെ ലഞ്ച് ബ്രേക്കിന് അല്പം ഷോപ്പിംഗ് നടത്താനായി ഇറങ്ങിയതായിരുന്നു അവൾ.

ഡെബിയെ കാണാത്ത ഭാവത്തിൽ കടന്നു പോകാൻ ലിസയ്ക്ക് ആയില്ല. ഡെബിയെ തടഞ്ഞു നിർത്തി അവൾ ചോദിച്ചു:

'ഡെബി, വാട്ട് ഹാപ്പെൻഡ്? ടെൽ മി'.

'നിനക്കറിയില്ല, അല്ലെ?' ഡെബി അവളുടെ നേരെ ചീറി.

ലിസ പകച്ചു പോയി. അങ്ങനെ ഒരു ഭാവം ഡെബിയിൽ നിന്നും അവൾ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.

ഡെബിയുടെ കണ്ണുകളിലെ ക്രൗര്യം അവളെ വല്ലാതെ കുത്തി നോവിച്ചു എങ്കിലും അവൾ മൈക്കിനോടോ ആരോടെങ്കിലുമോ ആ കൂടിക്കാഴ്ചയെക്കുറിച്ചു പറഞ്ഞില്ല.

മൈക്കിന് ഭക്ഷണം കൊണ്ടു പോയി കൊടുക്കുന്നതും, അയാൾക്ക് വേണ്ടി ചില്ലറ ഷോപ്പിംഗ് നടത്തുന്നതും പതിവായപ്പോൾ എറിക് പൊട്ടിത്തെറിച്ചു.

'വൈ ... വൈ ആർ യു സൊ മച്ച് ഇൻവോൾവ്ഡ് ഇൻ ഹിസ് ലൈഫ്?'

'ഹി ഈസ് മൈ ബെസ്ററ് ഫ്രണ്ട് ,' ലിസ പറഞ്ഞു.

'ബെസ്ററ് ഫ്രണ്ട്?!'

എറിക്കിൻറെ ശബ്ദത്തിലെ ദേഷ്യം ലിസയെ അമ്പരപ്പിച്ചുകളഞ്ഞു. ഒരു സുഹൃത്തിൻറെ ദൗർഭാ

ഗ്യത്തിൽ അനുകമ്പ കാണിക്കാൻ കഴിയാത്ത അയാളോട് അവൾക്കു അവജ്ഞ തോന്നി.

എന്നിരുന്നാലും പിന്നെയുള്ള നാളുകളിൽ മൈക്കിനെക്കുറിച്ചുള്ള പരാമർശങ്ങൾ സംഭാഷണത്തിൽ കടന്നു കൂടാതെയിരിക്കാൻ ലിസ ശ്രദ്ധിച്ചു തുടങ്ങി. പക്ഷെ എവിടെയോ അവൾ അറിയാതെ എറിക്കിനോട് ഒരു അകലം അവളുടെ മനസ്സിൽ ഉണ്ടായി. മറ്റൊരാളുടെ ആപത്തിൽ സഹായിക്കാനോ, ചേർത്ത് പിടിക്കാനോ ഒരുക്കമില്ലാത്ത ആ മനസ്സിനോട് ഒരു നീരസം.

അധികം താമസിക്കാതെ, ഉദ്യോഗം രാജി വെച്ച് മൈക്ക് കൊളറാഡോ സ്പ്രിങ്സിലേക്കു പോയി. അവിടെ പുതുതായി വാങ്ങിയ ഫാമിലേക്ക്. മൈക്കിൻറെ സെൻറ് ഓഫ് പാർട്ടിയിൽ വെച്ച് തൻറെ പുത്തൻ വിലാസം കുറിച്ച കാർഡ് ലിസയ്ക്ക് നീട്ടിക്കൊണ്ട് അയാൾ പറഞ്ഞു:

'കം. വെൻ എവർ യു വാണ്ട് .'

'ങ്ങും... ഐ വിഷ്. പക്ഷെ, നടക്കുമെന്ന് തോന്നുന്നില്ല. എനിക്ക് തനിക്കുള്ള സമ്പത്തൊന്നും ഇല്ല. ജോലി ചെയ്തേ ജീവിക്കാൻ പറ്റൂ.'

മൈക് മറുപടി പറഞ്ഞില്ല, അവളുടെ കണ്ണുകളിലേക്കു നോക്കി ചിരിച്ചതല്ലാതെ. പിന്നെയുള്ള ദിവസങ്ങളിൽ വല്ലപ്പോഴും വരുന്ന ഫോൺ കോളിലേക്കും, ടെക്സ്റ്റ് മെസേജുകളിലേക്കും , വിശേഷാവസരങ്ങളിൽ കൈമാറുന്ന കാർഡുകളിലേക്കും ഒതുങ്ങി അവരുടെ സൗഹൃദം.

എങ്കിലും ലിസ അയാളെ മറന്നില്ല.

ഓഫീസിലെ എല്ലാ തിരിവിലും അവൾ അയാളെ കണ്ടു. ഒന്നിന് പുറകെ ഒന്നായുള്ള മീറ്റിംഗുകളിലും, ഡിസ്ക്കഷനുകളിലും അവൾ അയാളുടെ ശബ്ദം കേട്ടു . റിപ്പോർട്ടുകളുടെയും ഡ്രോയിങ്ങുകളുടെയും ഡെഡ്‌ലൈനുകളിൽ പെട്ടുഴറുമ്പോൾ സഹായിക്കാൻ അയാൾ ഉണ്ടായിരുന്നെങ്കിൽ എന്നവൾ ആശിച്ചു. ഓഫീസ് പാർട്ടികളും ഗെറ്റ് ടുഗെതറും മുഷിപ്പനായി. എന്തെങ്കിലും കാരണങ്ങൾ കണ്ടു പിടിച്ച് അതിൽ നിന്നെല്ലാം ഒഴിവാകുന്നത് പതിവായി. ജോലിക്കു പോകുന്നത് തന്നെ ഭാരമായി തോന്നിത്തുടങ്ങി. ഒരു ആവശ്യം വന്നാൽ സഹായിക്കാൻ ആരുമുണ്ടാവില്ലല്ലോ എന്നവൾ കുണ്ഠിതപ്പെട്ടു.

**യു മിസ് ഹിം?' അതൊരു ചോദ്യമായിരുന്നില്ല; മാഗി ഉറപ്പിച്ചു പറയുകയായിരുന്നു. 'എത്ര നാൾ നീ നിന്നെ തന്നെ കബളിപ്പിക്കും'. ഞെട്ടലോടെ ലിസ മുഖം ഉയർത്തി. ആ ചോദ്യം അവളിൽ എന്തുകൊണ്ടാണ് എന്നറിയില്ല ഒരു വല്ലാത്തൊരു നടുക്കമാണ് ഉണ്ടാക്കിയത്. മനസ്സിൽ മുളപൊട്ടുന്ന അസുഖകരമായ വിശദീകരണങ്ങൾക്കു ചങ്ങലയിട്ടുകൊണ്ടു, വേഗം ഭക്ഷണം കഴിക്കുന്നത് നിർത്തി, പണം കൊടുത്തതിനു ശേഷം അവർ ഓഫീസിലേക്ക് മടങ്ങി. അന്ന് വീട്ടിലെത്തിയിട്ടും, മാഗിയുടെ ചോദ്യം ലിസയെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു.**

ആകെ ഒരു ഉന്മേഷമില്ലായ്മ.

മാഗിയും റിച്ചാർഡും എന്ന് വേണ്ട, ഓഫീസിലെ സഹപ്രവർത്തകർ പലരും ചോദിച്ചു:

'എന്താടോ, എന്ത് പറ്റി തനിക്കു?'

'ഏയ് നതിങ്...'

'എവെരിതിങ് ഓകെ അറ്റ് ഹോം? '

'യെസ് ' ലിസ പ്രതിവചിച്ചു .

പക്ഷെ, വീട്ടിൽ എല്ലാം അത്ര നന്നായിരുന്നില്ല.

ഓഫീസിൽ മാത്രമായിരുന്നില്ല ലിസയുടെ സ്വഭാവത്തിലെ മാറ്റങ്ങൾ. എന്തിനും ഏതിനും ദേഷ്യം. അല്ലെങ്കിൽ മുഷിച്ചിൽ. സുന്ദരമായി എന്നും അലങ്കരിച്ചിട്ടിരുന്ന വീട് അലങ്കോലമായിട്ടും അവൾ അതൊന്നും ശ്രദ്ധിച്ചതേയില്ല.

എറിക് പലപ്രാവശ്യം ചോദിച്ചു: 'നിനക്ക് ഇത് എന്ത് പറ്റി?'

'ഏയ്. ഒന്നുമില്ല. എനിക്ക് ഇത്തിരി സ്വൈര്യം തരൂ.' അവൾ എറിക്കിനോട് പറഞ്ഞു.

'അസുഖം വല്ലതും ആണോ? ഡോക്ടറെ കാണണോ?'

വേണ്ടെന്ന് ലിസ ചുമൽകുലുക്കി .

'ദിവസങ്ങൾ കഴിയുംതോറും ആ മടുപ്പും വിരസതയും എറിയേറി വരികയായിരുന്നു. ഒന്നിനോടും ഒരു താല്പര്യം ഇല്ലായ്മ. കൂടുതൽ സമയവും അവൾ തനിച്ചിരിക്കാൻ ഇഷ്ടപ്പെട്ടു. ആരുടേയും സാമീപ്യം ഇഷ്ടപ്പെടാതെ.

ദിവസങ്ങളും, ആഴ്ചകളും കഴിഞ്ഞപ്പോൾ എറിക് ചോദ്യങ്ങൾ നിർത്തി. അവളെ അവളുടെ വഴിക്കു വിട്ടുകൊണ്ട് അയാൾ അയാളുടെ ജീവിതത്തിൽ മുഴുകി. ഓഫീസിൽ നിന്ന് അയാൾ അയാളുടെ സുഹൃത്തുക്കൾക്കൊപ്പം ക്ലബിലേക്കു പോയി, വാരാന്ത്യങ്ങളിൽ ഗോൾഫ് കളിയ്ക്കാൻ പോയി. അത്താഴസമയം ആയാലും വീട്ടിലേക്കു പോകാതെ ആയി. ചില ദിവസങ്ങളിൽ വീട്ടിലേക്കു പോയതേയില്ല. എപ്പോഴോ അയാൾ ഒരു പുതിയ കൂട്ടുകാരിയേയും കണ്ടെത്തി. ഓഫീസിൽ സുഹൃത്തുക്കൾ തെളിഞ്ഞും മറഞ്ഞും അവൾക്കു മുന്നറിയിപ്പ് നൽകി: എറിക്കിൻറെ പോക്കത്ര ശരിയല്ലെന്ന്.

ലിസ അതൊന്നും ശ്രദ്ധിക്കുന്നതേ ഇല്ലായിരുന്നു. അവർ ഓരോരുത്തരും അവരവരുടേതായ സ്വന്തം ലോകത്തായിരുന്നു.

ഒരു ദിവസം, വളരെ നിർബന്ധിച്ചാണ് മാഗി അവളെ ലഞ്ചിന് കൂട്ടിക്കൊണ്ടു പോയത്. മിണ്ടാതെയിരുന്നു ഭക്ഷണം കഴിക്കുന്ന

ലിസയോട് മാഗി ചോദിച്ചു:

'യു മിസ് ഹിം?' അതൊരു ചോദ്യമായിരുന്നില്ല; മാഗി ഉറപ്പിച്ചു പറയുകയായിരുന്നു.

'എത്ര നാൾ നീ നിന്നെ തന്നെ കബളിപ്പിക്കും '. ഞെട്ടലോടെ ലിസ മുഖം ഉയർത്തി. ആ ചോദ്യം അവളിൽഎന്തുകൊണ്ടാണ് എന്നറിയില്ല ഒരു വല്ലാത്തൊരു നടുക്കമാണ് ഉണ്ടാക്കിയത്. മനസ്സിൽ മുളപൊട്ടുന്ന അസുഖകരമായ വിശദീകരണങ്ങൾക്കു ചങ്ങലയിട്ടുകൊണ്ടു, വേഗം ഭക്ഷണം കഴിക്കുന്നത് നിർത്തി, പണം കൊടുത്തതിനു ശേഷം അവർ ഓഫീസിലേക്ക് മടങ്ങി.

അന്ന് വീട്ടിലെത്തിയിട്ടും, മാഗിയുടെ ചോദ്യം ലിസയെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു.

'എന്താണ്, എന്താണ് എനിക്ക്?' അവൾ അവളോട് തന്നെ ചോദിച്ചു.

ശരിയാണ്, മൈക് ഒരു നല്ല സുഹൃത്തായിരുന്നു. എന്തും പറയാനും ചോദിക്കാനും ഉള്ള ആത്മാർത്ഥ സുഹൃത്ത്. 'മൈ ബെസ്റ്റി', അവൾ അവളോട് തന്നെ പറഞ്ഞു.

എത്രയോ പ്രാവശ്യം അയാളുടെ അഭാവം തന്നെ വിഷമിപ്പിച്ചിരിക്കുന്നു. ജോലികാര്യങ്ങളിൽ മാത്രമല്ലാ, ജീവിതത്തിൻറെ എല്ലാ തുറയിലും ആ അസാന്നിധ്യം തുറന്നിരിക്കുന്ന ഒരു മുറിവ് പോലെ അവളെ അസ്വസ്ഥയാക്കി. ചിലപ്പോഴൊക്കെ അയാളുടെ നനുത്ത ചിരിയുടെ ഓർമയിൽ അവൾ പുഞ്ചിരിച്ചു. അയാൾ സ്ഥിരമായി പറയാറുണ്ടായിരുന്ന തമാശകൾ ഓർത്തു പൊട്ടിച്ചിരിച്ചു. പിന്നെ, അയാൾ അടുത്തില്ലല്ലോ എന്നോർത്ത് കണ്ണുകൾ നനഞ്ഞു.

അയാൾ തനിക്ക് ആരായിരുന്നു? അവൾ തന്നോടുതന്നെ ചോദിച്ചു. ഒരു സുഹൃത്ത് മാത്രമായിരുന്നോ അയാൾ ? അതോ അതിലുപരി എന്തെങ്കിലും ഒക്കെ ആയിരുന്നോ? എറിക് എന്ന

**പല പല ടുറിസ്റ് കേന്ദ്രങ്ങളുടെ വിവരങ്ങൾ അടങ്ങിയ ബ്രോഷറുകൾ സൂക്ഷിച്ചിരുന്ന ഡിസ്പ്ലേ ബോക്സിൽ നിന്നും ഒരു ബ്രോഷർ തിരഞ്ഞെടുത്ത് അയാൾ അവളുടെ നേരെ നീട്ടി. 'കുറച്ചു നാളായി ഈ വരവ് ഞാൻ പ്രതീക്ഷിച്ചിരുന്നു.' അയാൾ പറഞ്ഞു. അയാളുടെ കയ്യിൽ നിന്നും ആ ബ്രോഷർ വാങ്ങിയ ലിസ അത്ഭുതപ്പെട്ടു പോയി.'കൊളറാഡോ സ്പ്രിങ്സ്...' ഒരു മഞ്ഞു കണത്തിൻറെ കുളിർമ ആ പേരിനൊപ്പം നെഞ്ചിലേക്ക് കിനിഞ്ഞിറങ്ങി. കാലങ്ങളായി തിരഞ്ഞു നടന്ന എന്തിനെയോ കണ്ടെത്തിയ സന്തോഷം.**

ബന്ധനത്തിൽ കുടുങ്ങി കിടന്ന നാളുകളിൽ അംഗീകരിക്കാൻ കൂട്ടാക്കാതിരുന്ന, സദാചാരത്തിൻറ വേലിക്കെട്ടുകൾ പൊട്ടിക്കാൻ വിസമ്മതിച്ച മനസ്സിൻറെ കപട നിലപാടായിരുന്നുവോ അയാളെ 'ബെസ്റ്റി ' എന്ന് ഓമനപ്പേരിട്ട് വിളിക്കാൻ പ്രേരിപ്പിച്ചിരുന്നത്? ആരുമറിയാതെ, താൻ പോലും സ്വയം അംഗീകരിക്കാതെ, ഉള്ളിൽ അടക്കിവെച്ചിരുന്നതെന്തൊക്കെയോ കെട്ട് പൊട്ടിച്ചു പുറത്തേക്കു തുള്ളിത്തെറിക്കുന്നതുപോലെ ...

'എത്ര നാൾ നീ നിന്നെ തന്നെ കബളിപ്പിക്കും?' ആരോ അവളുടെ ഉള്ളിൽ ഇരുന്നു അവളോട് തന്നെ ചോദിച്ചു.

ഡെബിയുടെ ക്രുദ്ധമായ ചോദ്യം അവളുടെ ഉള്ളിൽ മുഴങ്ങി : 'യു ഡോണ്ട് നോ?'

എറിക്കിൻറെ ദേഷ്യവും, അവജ്ഞ നിറഞ്ഞ വാക്കുകളും : 'ബെസ്ററ് ഫ്രണ്ട് പോലും...'

ഒപ്പം, മാഗിയുടെ,'യു മിസ് ഹിം' എന്ന പ്രഖ്യാപനവും.

ഒരു തേങ്ങൽ ചുണ്ടോളമെത്തി. ആ രാത്രി ലിസയ്ക്കു ഉറങ്ങാൻ കഴിഞ്ഞില്ല.

രാവിലെ ഓഫീസിലേക്ക് ഇറങ്ങുമ്പോഴും ആ അസ്വസ്ഥത അവളെ വിട്ടു മാറിയിരുന്നില്ല.

യാന്ത്രികം എന്ന വണ്ണം കാറിൽ കയറി സ്റ്റാർട്ട് ചെയ്തു. എതിലെയൊക്കെയോ ഓടി ആ കാർ ചെന്ന് നിന്നത് ലിസയുടെ വളരെ അടുത്ത ഒരു സുഹൃത്തിൻറെ ട്രാവൽ ഏജൻസിയുടെ മുന്പിലായിരുന്നു.

ലിസയെ കണ്ടപ്പോൾ അയാൾ ഇറങ്ങി വന്നു.

'വരൂ'. മുഖവുര കൂടാതെ അയാൾ പറഞ്ഞു. ' നിന്നെ ഞാൻ പ്രതീക്ഷിച്ചിരുന്നു. ഒരു യാത്ര ... യു നീഡ് ദാറ്റ് .'

പല പല ടുറിസ്റ് കേന്ദ്രങ്ങളുടെ വിവരങ്ങൾ അടങ്ങിയ ബ്രോഷറുകൾ സൂക്ഷിച്ചിരുന്ന ഡിസ്പ്ലേ ബോക്സിൽ നിന്നും ഒരു ബ്രോഷർ തിരഞ്ഞെടുത്ത് അയാൾ അവളുടെ നേരെ നീട്ടി.

'കുറച്ചു നാളായി ഈ വരവ് ഞാൻ പ്രതീക്ഷിച്ചിരുന്നു.' അയാൾ പറഞ്ഞു.

അയാളുടെ കയ്യിൽ നിന്നും ആ ബ്രോഷർ വാങ്ങിയ ലിസ അത്ഭുതപ്പെട്ടുപോയി.

'കൊളറാഡോ സ്പ്രിങ്സ് ...'

ഒരു മഞ്ഞു കണത്തിൻറെ കുളിർമ ആ പേരിനൊപ്പം നെഞ്ചിലേക്ക് കിനിഞ്ഞിറങ്ങി. കാലങ്ങളായി തിരഞ്ഞു നടന്ന എന്തിനെയോ കണ്ടെത്തിയ സന്തോഷം.

നീണ്ട, വളരെ നീണ്ട യാത്രക്ക് ശേഷം വീടണയുമ്പോൾ ഉണ്ടാകുന്ന ആശ്വാസം പോലെ ഒന്ന് ഉള്ളിൽ നിറയുന്നത് അവൾ അറിഞ്ഞു. ആശ്വാസത്തിൻറെ ദീർഘനിശ്വാസം അവളിൽ നിന്ന് ഉയർന്നു

ലിസ മുഖം ഉയർത്തി. ഉറപ്പിച്ച സ്വരത്തിൽ പറഞ്ഞു.

' അതെ . എനിക്ക് അവിടേക്കാണ് പോകേണ്ടത് . കൊളറാഡോ സ്പ്രിങ്സ്...

'അവിടേക്ക് ഒരു വൺ വേ ടിക്കറ്റ് ബുക് ചെയ്തോളൂ ...'


JOSCO TOURS & TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL & ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/ DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com

ചെറുകഥ



വര: പി ആർ രാജൻ

# ഡിറ്റൻഷൻ സെന്റർ

ഷജിബുദീൻ ബി



ഇളയകുഞ്ഞ് കടുത്ത പനിയിൽ ആശുപത്രിയിൽ കിടപ്പിലായതു കാരണം സമയത്തു മാറ്റി എടുക്കാനാകാത്ത അഞ്ഞൂറിന്റെ നാലു നോട്ടുകളെ തിരിച്ചും മറിച്ചും നോക്കി അതീവ രഹസ്യമായി വീണ്ടും പേഴ്സിനുള്ളിൽ തിരുകി, പേഴ്സ് ദ്രവിച്ചു തീരാറായ മേശയ്ക്കുള്ളിൽ വച്ച് ആസാദ് പുറത്തിറങ്ങി.അതിനു ജീവനുണ്ടായിരുന്നെങ്കിൽ കഴിഞ്ഞ നാലു ദിവസമായുള്ള പട്ടിണിക്കൊരു പരിഹാരമുണ്ടായേനെ. ഇന്നലത്തെ അധ്വാനം ഇന്നത്തെ രാജ്യദ്രോഹമാണ്. ക്യൂ നിൽക്കാൻ പറഞ്ഞാൽ ക്യൂ നിൽക്കണം. നടക്കരുത് എന്നു പറഞ്ഞാൽ അരുത്. നിൽക്കരുത് എന്നു പറഞ്ഞാൽ അരുത്. എല്ലാം രാജ്യരക്ഷയ്ക്കാണ്.രാജ്യരക്ഷയ്ക്കായ് പൗരൻമാർ ചിലതു സഹിക്കേണ്ടി വരും. ചിലതു ത്യജിക്കേണ്ടി വരും. നീ എന്നെ ത്യജിക്കുക .

പേഴ്സിനുള്ളിലിരുന്ന നോട്ടുകൾ പറഞ്ഞു. എന്റെ വിയർപ്പുതുള്ളികളാണ് നിങ്ങൾ. അല്ല. എന്റെ രക്തമാണ് നോട്ടുകളേ നിങ്ങൾ .കവലയിലേയ്ക്കുള്ള നടത്തത്തിനിടയിൽ ആസാദ് നോട്ടുകളോട് പിറുപിറുത്തു.

ഇന്നെങ്കിലും ഒരു പണി കിട്ടിയില്ലെങ്കിൽ മുഴുപ്പട്ടിണി കുട്ടികളുടെ ജീവനെടുക്കും. വിശപ്പ്,ഭൂമിയിലെ ഏറ്റവും മാരക രോഗം. എന്നാൽ വലിയ മരുന്നുകൾ വേണ്ട. ഒരു പിടി ആഹാരം കൊണ്ടു മാറുകേം ചെയ്യും. പൊട്ടിയ ചട്ടിയിൽ ഇലയിട്ടു മൂടി സൂക്ഷിച്ച ഉണക്കമീനിന്റേയും മരിച്ചീനിയുടേയും ശേഖരം തീർന്നു.ഭാര്യ തലേ രാത്രി പരിതപിച്ചു. നാളെ എന്തെങ്കിലും ഒരു വഴി നോക്കട്ടെ. ഒരു നിശ്ചയവുമില്ലാത്ത ഭാവിയിലേയ്ക്കു നോക്കി അയാൾ പറഞ്ഞു.

കൺകണ്ടതും കൺ കാണാത്തതുമായ ദൈവങ്ങളെയൊക്കെ മനസിലോർത്ത് അയാൾ കവലയിലെത്തി സുകുമാരന്റെ കട വരാന്തയിൽ തനിക്കും കുടുംബത്തിനും അന്നുള്ള അന്നത്തിന്റെ ജോലിയുമായി വരുന്ന രക്ഷകനെ കാത്തിരുന്നു. ആരോ വാരി വിതറുന്ന എച്ചിലുകൾക്കു കാത്തിരിക്കുന്ന കാക്കകളെ പോലെ കടവരാന്തകളിൽ തന്നെപ്പോലെ എത്രയോ പേർ  നിൽക്കുന്നു.വെട്ടാനോ കിളക്കാനോ ചെളി കോരാനോ വേണ്ടി ഒരാൾ ഒരു വിളിയുമായി വരുന്നതും കാത്ത്.....

ഒരാൾ വരുമ്പോൾ മുന്നാൾ ഓടിച്ചെല്ലും എന്തു പണിയാ സാർ.. ഞാൻ വരാം ... കാക്കളുടെ കലപില ശബ്ദം പോലെ വ്യക്തതയില്ലാത്ത പരിദേവനങ്ങൾ .ഒരാൾ പണി കിട്ടി പോകുമ്പോൾ മറ്റുള്ളവർ ഒരു നിമിഷം അസൂയാലുക്കളായി. ചിലർ പ്രാകി. ചിലർ അവനെങ്കിലും ഒരു പണി കിട്ടിയല്ലോ എന്നു സന്തോഷിച്ചു. അവർക്കിടയിൽ, എറിഞ്ഞു കിട്ടിയ അന്നം കൃത്യമായി പിടിച്ചെടുക്കാനാകാത്ത അനാരോഗ്യം ഗ്രസിച്ച കാക്കയായി അയാൾ പലവട്ടം പുറകിലോട്ടു പോയി.

ഒടുവിൽ ഒരു ഇരുചക്ര സവാരിക്കാരൻ വന്നു. കാക്കക്കൂട്ടിൽ കല്ലിട്ട പോലെ കുറേപ്പേർ ഓടി അയാൾക്കരികിലെത്തി. പക്ഷേ എല്ലാവരേയും തഴഞ്ഞ് അയാൾ ആൾക്കൂട്ടത്തിനിടയിൽ ആരെയോ തെരഞ്ഞു. ഒടുവിൽ ആസാദിനെ കൈചൂണ്ടി വിളിച്ചു. തന്നെയാണോ ...? ആസാദ് സംശയിച്ചു. അതെ. അതാ വീണ്ടും വിളിക്കുന്നു. തന്നെത്തന്നെയാണ്.

**ഇന്നെങ്കിലും ഒരു പണി കിട്ടിയില്ലെങ്കിൽ മുഴുപ്പട്ടിണി കുട്ടികളുടെ ജീവനെടുക്കും. വിശപ്പ്,ഭൂമിയിലെ ഏറ്റവും മാരക രോഗം. എന്നാൽ വലിയ മരുന്നുകൾ വേണ്ട. ഒരു പിടി ആഹാരം കൊണ്ടു മാറുകേം ചെയ്യും. പൊട്ടിയ ചട്ടിയിൽ ഇലയിട്ടു മൂടി സൂക്ഷിച്ച ഉണക്കമീനിന്റേയും മരിച്ചീനിയുടേയും ശേഖരം തീർന്നു. ഭാര്യ തലേ രാത്രി പരിതപിച്ചു. നാളെ എന്തെങ്കിലും ഒരു വഴി നോക്കട്ടെ. ഒരു നിശ്ചയവുമില്ലാത്ത ഭാവിയിലേയ്ക്കു നോക്കി അയാൾ പറഞ്ഞു.**

ദൈവവിളി . അവനവന്റെ അന്നം അവനവനെ തേടി വരും. ദൈവം എത്ര മഹത്വമാർന്നവനാണ്. ഒരു നിമിഷം ദൈവത്തെ സ്തുതിച്ചു. എന്തുപണിയായിരിക്കും....?എന്തു പണി തന്നെയായാലും താൻ ഏറ്റെടുക്കും .പണിത്തുണി പൊതിഞ്ഞ കവറും കൈയ്യിലേന്തി ആസാദ് ഓടി അയാൾക്കരികിലെത്തി.

ഇരയെ റാഞ്ചിപ്പോകുന്ന കഴുകനെപ്പോലെ വേനലിലെ പൂഴിപടലം തുളച്ച് ഇരുചക്രവാഹനം അയാളെയും കൊണ്ട് പാഞ്ഞു. തന്നെ പരിചയമുള്ള, തനിക്കു പരിചയമുള്ള ആളായിരിക്കും. അല്ലെങ്കിൽ നേരത്തെ എപ്പോഴെങ്കിലും തന്നെ പണിക്കു കൊണ്ടു പോയിട്ടുണ്ടാകും.താൻ മറന്നു പോയതാകാം. താൻ ഇത്ര നന്ദിയില്ലാത്തവനാണോ .അയാളെ മറക്കാൻ പാടില്ലാത്തതായിരുന്നു.

സിമന്റ്,പാറ പൊടിച്ചത്, മണൽ, മൺവെട്ടി, ചട്ടി, കുട്ട, മറ്റു സാമഗ്രികൾ ഒക്കെ ദാ, ഉണ്ട്.കുഴി തയ്യാറാക്കി ചുറ്റിനും സിമൻറ് കല്ലുകൂടി കെട്ടണം. ഇല്ലെകിൽ കരയിടിഞ്ഞു വീണ് കുഴി മൂടിപ്പോയേക്കാം. സിമൻറ് ആവശ്യത്തിനു ചേർത്തു കൊള്ളണം. വശക്കെട്ടിനു നല്ല ബലം വേണം. പിന്നെ തറയിൽ ചല്ലി കുഴച്ച് കോൺക്രീറ്റ് ചെയ്യണം. കുഴി തയ്യാറാക്കേണ്ട വിധം അയാൾ വിവരിച്ചു. വീതിയും നീളവും ഒരു രണ്ടടി അടുപ്പിച്ചു മതി. നിൽക്കുന്ന ആളിനു ഇരിക്കാൻ കഴിയരുത്. ആറടി ആഴവും. ആ രീതിയിൽ

എഞ്ചിനീയറിംഗ് വൈദഗ്ധ്യം നേടിയവരാണെന്നു തോന്നിക്കുന്ന രണ്ടു മൂന്നു പേർ വന്ന് ടേപ്പിന് അളവ് കുറിച്ച് മണ്ണിൽ വരച്ചു കൊടുത്തു. ഒരടി മണ്ണും ശൂന്യമായിപ്പോകരുത്. അനാവശ്യമായി ഉപയോഗിക്കാൻ നമുക്ക് മണ്ണില്ല.അളവ് കിറുകൃത്യമായിരിക്കണം. ചരിത്രത്തിന്റെ മഹത്വമുറങ്ങുന്ന മണ്ണാണിത്. വേണ്ട നിർദ്ദേശങ്ങൾ നൽകി അവർ പോയി.

വൈകുന്നേരത്തോടെ തനിക്കിതു ചെയ്തു തീർക്കാനാകുമോ...? ആസാദ് ശങ്കിച്ചു. ഒരാളെ കൂടി സഹായത്തിന് ആവശ്യപ്പെട്ടാലോ ...? വേണ്ട. ഒരു പക്ഷേ അതിന്റെ കാരണത്താൽ ഇപ്പണി നഷ്ടമായാലോ ...? വയറിനു കനം അൽപ്പവുമില്ല.... പണി നീങ്ങുമോ ...? ആശങ്കകൾക്കിടയിൽ വെറും വെള്ളം തിളയ്ക്കുന്ന കലം വച്ച അടുപ്പ് മനസിലിരുന്ന് പുകഞ്ഞു. ആ പുകയിൽ കുട്ടികൾ ചുമച്ചു.... വൈകുന്നേരമാകുമ്പോൾ കിട്ടുന്ന പുതിയ നോട്ട്. കൃഷ്ണൻ കുട്ടിയുടെ കടയിൽ നിന്നും വാങ്ങുന്ന അരി സാധനങ്ങൾ .



ചൂടുള്ള ചോറ് മീൻ കറിയും കൂട്ടി വാരിത്തിന്നുമ്പോൾ കുഞ്ഞുങ്ങളുടെ മുഖത്തെ തെളിവ് ... അയാൾ ആഞ്ഞു വെട്ടി .വെയിൽ നീരൂറ്റിയ മണ്ണ്. മണ്ണിനെന്തൊരു ക്രൗര്യം. പിക്കാസ് തെന്നിത്തെറിച്ചു. ജീവിതത്തോട് മല്ലടിക്കാൻ തയ്യാറാണ്. മണ്ണും ആസാദും തമ്മിൽ ദ്വന്ദ്വയുദ്ധമാരംഭിച്ചു. വരണ്ടുണങ്ങിയ മണ്ണിൽ ആഴത്തിലേയ്ക്കിറങ്ങി നീരു കുടിക്കുന്ന വേരുകൾ പോലെ വരണ്ട ശരീരത്തിൽ ഞരമ്പുകൾ രക്തത്തുള്ളികൾ തേടി.

പത്തു മണി വരെയും തളർച്ചയറിഞ്ഞില്ല. ഒരു ദിവസത്തെ പണി ഈശ്വരൻ അറിഞ്ഞു തന്നിരിക്കുകയാണ്. തളർച്ച ബാധിച്ചാൽ നാളെ ഇതും ലഭിച്ചെന്നു വരില്ല.

ഒന്നിരിക്കണമെന്നു തോന്നി. കരയിലിരുന്ന് ആകാശത്തേയ്ക്ക് നോക്കി.വെയിൽ കനക്കുയാണ്. സമയം പത്തു കഴിഞ്ഞിരിക്കുന്നു. ഒരൽപം വെള്ളം ലഭിച്ചെങ്കിൽ ..... തലയിൽ ചുറ്റിയിരുന്ന തോർത്തഴിച്ച് ചൂടിനെ വീശിയകറ്റി. രാവിലെ ലഭിച്ച പഞ്ചസാരയില്ലാത്ത കട്ടൻ ചായയും അവളുടെ മുഖവും ഓർമ്മയിൽ വന്നു. വീടനുഭവിക്കുന്ന, പറഞ്ഞാൽ തീരാത്തത്രയും വിശപ്പിന്റെ കായൽ ആ മുഖത്ത് നിഴലിച്ചു.ഉത്തരത്തെ താങ്ങുന്ന, ശക്തി ക്ഷയിച്ച കവണ കമ്പിലിരുന്ന പല്ലി ഓലപ്പൊത്തിലേയ്ക്ക് ചാടി മറഞ്ഞു.

ഇങ്ങനെ ഇരുന്നാൽ പറ്റില്ല.സമയത്തിനു തീർത്തെടുക്കേണ്ട പണിയാണ്.മേൽനോട്ടത്തിന്റെ മുനയുമായി ഇരുചക്രവാഹനക്കാരൻ മുന്നിൽ വന്നു.... അധികാരത്തിന്റെ ചാട്ടവാർ വീശു കേട്ടപ്പോൾ പണിയാൾ അറിയാതെ ചാടി എണീറ്റു പോയി. ഒരൽപ്പം വെള്ളം ചോദിച്ചാലോ ... നന്നേ ദാഹിക്കുന്നുണ്ട്.... അല്ലെങ്കിൽ വേണ്ട ... ചിലപ്പോൾ അതുവരെയുള്ള സമയത്തിന്റെ കൂലിതന്ന് പറഞ്ഞു വിട്ടേക്കാം....

ഉച്ചയോടു കൂടി കുഴിഏകദേ

ശം പകുതിയായി. ആറടി താഴ്ച യാണ് പറഞ്ഞിരിക്കുന്നത്. അഞ്ചു മണിക്കു മുൻപായി കുഴി തീർത്ത് വശം കല്ലു കെട്ടി തീർക്കാനാകില്ല. താൻ ഒരു പരാജിതനായ പണിക്കാരനാണ്.മുൻകാലങ്ങളിൽ ഇതിന്റെ മൂന്നിരട്ടി വലുപ്പമുള്ള മൂന്നു കുഴികൾ വരെ ഒരു ദിവസം കൊണ്ട് ഒറ്റയ്ക്ക് തീർത്തിരുന്നു. കുറച്ചു കൂടി സമയമെടുത്താലും വേണ്ടില്ല. ചെയ്തു തീർക്കണം. പക്ഷേ ശരീരം പലവട്ടം ആവശ്യപ്പെട്ടു, 'കുറച്ചു വെള്ളം.... 'ശരീരം പലവട്ടം പറഞ്ഞു. 'ഒന്നിരിക്ക്... 'കുഴിയിൽ നിന്ന് ദൂരേയ്ക്കു നോക്കി. മനുഷ്യവാസമില്ലാത്ത, മരം കിളിർക്കാത്ത തരിശുഭൂമി. സമയം കഴിയുംതോറും വെയിലിന്റെ ഭാവം മാറുകയാണ്. ദയാരഹിതമായി കത്തുകയാണ്. കയറിൽ കെട്ടിയ മാംസപിണ്ഡത്തേയും വലിച്ചോടുന്ന കുതിരയെപ്പോലെ അയാൾ ഊർജം വറ്റിയ സ്വന്തം ശരീരത്തെ പണിയിലേക്ക് വലിച്ചു കൊണ്ടിരുന്നു.

തൊണ്ട വരണ്ട് ഞരമ്പുകൾ ക്ഷയിച്ചപ്പോൾ അയാൾ കുഴിയിൽ ചാരി നിന്നു .മനസറിയാതെ ശരീരമെപ്പോഴേ ഉറങ്ങിപ്പോയി. ഒരു മണൽപ്പരപ്പിലൂടെ തന്റെ കുഞ്ഞുങ്ങൾ ലക്ഷ്യമറിയാതെ ഓടുന്നു. ആ മണലാരണ്യത്തിന്റെ മറ്റേതോ കോണിലൂടെ മാതാവ് കുഞ്ഞുങ്ങളെ തേടി അലയുന്നു.രണ്ടു മലകൾക്കിടയിൽ വെള്ളമുള്ള പ്രദേശം തേടി അവൾ പായുന്നു.

കുഞ്ഞുങ്ങൾ മണ്ണിലിരുന്ന് എവിടെയോ ദാഹിച്ചവശരായി കരയുന്നു. തന്നെയാരോ അദൃശ്യമായ ഒരു കയറിനാൽ ബന്ധിച്ചിരിക്കുന്നു.തന്റെ കുഞ്ഞുങ്ങൾ ദിക്കറിയാതെ അമ്മയെ വിളിച്ചു കരയുന്നു. ആ നിലവിളികൾ ഒരു കർണപടുങ്ങളിലും പതിയാതെ ചക്രവാളങ്ങളിൽ ലയിച്ചു.

സ്വപ്നത്തിനിടയിൽ ശരീരം തളർന്ന് കുഴിയിൽ പതിക്കവേ അയാൾ ഉണർന്നു. ഹൃദയം അതിവേഗം മിടിച്ചു. അയാൾ മണ്ണിൽ ചാരി നിന്ന് കിതച്ചു.

സൂര്യൻ ചായാറായിട്ടും തന്റെ തോൾ പൊക്കം മാത്രമേ കുഴി

**കുഴി തയ്യാറാക്കേണ്ട വിധം അയാൾ വിവരിച്ചു. വീതിയും നീളവും ഒരു രണ്ടടി അടുപ്പിച്ചു മതി. നിൽക്കുന്ന ആളിനു ഇരിക്കാൻ കഴിയരുത്. ആറടി ആഴവും. ആ രീതിയിൽ എഞ്ചിനീയറിംഗ് വൈദഗ്ധ്യം നേടിയവരാണെന്നു തോന്നിക്കുന്ന രണ്ടു മൂന്നു പേർ വന്ന് ടേപ്പിന് അളവ് കുറിച്ച് മണ്ണിൽ വരച്ചു കൊടുത്തു. ഒരടി മണ്ണും ശൂന്യമായിപ്പോകരുത്. അനാവശ്യമായി ഉപയോഗിക്കാൻ നമുക്ക് മണ്ണില്ല. അളവ് കിറുകൃത്യമായിരിക്കണം. ചരിത്രത്തിന്റെ മഹത്വമുറങ്ങുന്ന മണ്ണാണിത്. വേണ്ട നിർദ്ദേശങ്ങൾ നൽകി അവർ പോയി.**

ആയുള്ളൂ.. ഇടയ്ക്കെപ്പോഴോ കൈ വഴക്കം വിട്ട് പിക്കാസ് കാലിൽ പതിച്ചിരുന്നു. മണ്ണുവച്ചുപൊത്തിയ ആ മുറിവിൽ നിന്നും രക്തം ഒലിക്കാൻ തുടങ്ങി.

കുഴി പൂർത്തിയായില്ലല്ലോ. ഇങ്ങനെ പറ്റില്ല.എന്തായാലും നാളെ പൂർത്തിയാക്കണം.കൂലി ഒരുമിച്ചു നാളെ തരാം. അതു പറഞ്ഞ് പണിയളവ് തിരക്കാൻ വന്ന ഇരുചക്ര വാഹനക്കാരൻ വണ്ടിയോടിച്ചു തിരിച്ചു പോയി. കൂലി ലഭിക്കാത്തതിൽ ആദ്യം വിഷമിച്ചെങ്കിലും നാളെ ഒരു പ്രതീക്ഷയായി. പതിയെപ്പതിയെ അന്നു കൂലി ലഭിക്കാതിരുന്നത് നന്നായി എന്നു തോന്നി. അടുത്ത ദിനം ഒരു പണി കൂടി കിട്ടുന്നല്ലോ. കൃഷ്ണൻകുട്ടിയോട് ധൈര്യമായി ഒരു കടം കൂടി പറയാം. എത്ര ചോദിച്ചാലും അവൻ തരും. പക്ഷേ പലപ്പോഴും മനസനുവദിക്കില്ല. വിശപ്പിനും മീതേ ചിലപ്പോൾ അഭിമാനം കയറി നിൽക്കും.

പെട്രോൾ പമ്പിനരികെ മീൻ വച്ചു വിൽക്കുന്ന ജോൺസൺ. ചുറ്റിനും മൂന്നു നാലു പേർ നിൽക്കുന്നുണ്ട്. ആളൊഴിയാൻ അൽപം അകലെയായി കാത്തു നിന്നു.കടമാണെന്നു പറയുമ്പോൾ അവൻ ചിലപ്പോൾ പരുക്കനായേക്കും. ചില വഴിയാത്രക്കാർ കൂടി വാഹനം നിർത്തി മീൻ വാങ്ങി. തിരക്കു തീർന്ന നേരം നോക്കി അടുത്തുചെന്നു. ആസാദേ പറ്റ് അധികമാണ്. ജോൺസൺ അൽപ്പം ഈർഷ്യ പ്രകടിപ്പിച്ചു.ഒരു പണി കിട്ടിയിട്ടുണ്ട്. ഒരു പരുങ്ങലിന്റെ അകമ്പടിയോടെ ആസാദ് പറഞ്ഞു.നാളെ കൂലി കിട്ടും.....ഭൂമിയിലുള്ള എല്ലാ കടവും നാളെ ഞാൻ വീട്ടും. മനസ്സ് സ്വയം പറഞ്ഞു. .മുപ്പതു രൂപയ്ക്കൊന്നും മിനില്ലെടേ. നീയിത് ഏതു ലോകത്താ ജീവിക്കണേ...? അമ്പതു രൂപയുടെ മത്തി പൊതിഞ്ഞ് കൈയ്യിൽ കൊടുത്തുകൊണ്ട് ജോൺസൺ പറഞ്ഞു. പണം നാളെ എത്തിക്കണേ. ആദ്യം പരുക്കനായ ജോൺസന്റെ ആ വാക്കുകളിൽ ദയനീയതയായിരുന്നു.

അത്യാവശ്യം വേണ്ട അരി പലവ്യഞ്ജനങ്ങൾ കൃഷ്ണൻകുട്ടിയുടെ കടയിൽ നിന്നും വാങ്ങി.ഒരു കിലോ പാളേങ്കോടൻ പഴവും പ്രത്യേകം വാങ്ങി..നേരം നന്നേ ഇരുട്ടിത്തുടങ്ങി. ശരീരത്തേയും വലിച്ച് മനസ് പാഞ്ഞു.

തേഞ്ഞു തീർന്ന ചെരുപ്പിന്റെ ഒച്ച കേട്ട് കുട്ടികൾ ഓടിയെത്തി ചുറ്റിപ്പിടിച്ചു.കനം നിറഞ്ഞ സഞ്ചി കണ്ട് അവളുടെ കണ്ണ് നനഞ്ഞു.

ഒക്കെയും വെന്തു വന്നപ്പോൾ സമയം പതിനൊന്ന് കഴിഞ്ഞിരുന്നു.ചെറിയ താലത്തിൽ ഒന്നിച്ചു വിളമ്പി ചുറ്റിനുമിരുന്നു.വാരിക്കൊടുക്കാതെ, നിർബ്ബന്ധിക്കാതെ ആറു വയസുകാരിയും എട്ടു വയസുകാരിയും ചോറുരുളുകൾ വാരിക്കഴിച്ചു. മാതാവും പിതാവും ഒരു വേള വിശപ്പു മറന്ന് നോക്കിയിരുന്നു.

മക്കൾക്കു നിറയുമ്പോൾ മനസു നിറയും.... കഴിക്ക്. ഭർത്താവ് ഭാര്യയെ ഓർമ്മിപ്പിച്ചു.

ഒരു തടസവും പറയാതെ വൈഷമ്യം തീരെയില്ലാത്ത മുഖത്തോടെ ആവശ്യത്തിന് സാധനങ്ങൾ, ദരിദ്രന്റെ വരവിൽ വിശ്വസിച്ച് കടമായി നൽകുന്ന കൃഷ്ണൻകുട്ടിയോട് എത്ര വീട്ടിയാലും തീരാത്തതാണ് കടപ്പാട്.ജോൺസണുമതേ, നമ്മൾ കൊടുത്താലേ അയാൾക്കും മറ്റാവശ്യങ്ങൾ നിറവേറ്റാനാകൂ. ആസാദ് ഭാര്യയോട് വീട്ടേണ്ട നന്ദിയുടെ കടങ്ങൾ ഓർത്തു വച്ചു.അവരുടെ കടങ്ങൾ വീട്ടാനുള്ള ആയുസു തരണേ.ഭാര്യ പ്രാർത്ഥനാപൂർവ്വം കൈകൾ കോർത്തു..നാലു നാളുകൾക്കു ശേഷം രണ്ടു ദിവസത്തെ വേല നൽകിയ ആ മനുഷ്യൻ, ആൾത്തിരക്കിനിടയിൽ നിന്നും തന്നെ മാത്രം തെരഞ്ഞെടുത്ത ആ മനുഷ്യൻ, അയാളോട് എത്ര നന്ദിയുള്ളവനായിരിക്കണം താൻ.നാലു വയറിന്റെ വിശപ്പിന്റെ വിളിക്ക് ഉത്തരം നൽകിയ മനുഷ്യനാണ്. മനുഷ്യനല്ല. ഈശ്വരനാണ്. ഈശ്വരൻ. നാളെ ആ കാൽ തൊട്ടു തലയിൽ വയ്ക്കണം. വിശപ്പേറിയ വയർ തീക്കടലാണ്. പ്രപഞ്ചത്തിലെ തീ മുഴുവൻ ഒരു വയറിൽ ഉളവായതാണ് ആഹാരം ലഭിക്കാത്ത വയറിന്റെ വിശപ്പ്.

കുറച്ചു കൂടി കഴിക്ക്. ചോറുള ഉരുട്ടി അമ്മ മക്കൾക്കു നൽകി. മതി... വയർ നിറഞ്ഞ മക്കൾ പറഞ്ഞു. പാതിരാവിന്റെ അന്ത്യത്തിൽ വിശപ്പിന്റെ ഉപ്പു ചേർന്ന അത്താഴത്തിന് രുചി അധികമായിരിന്നു.

മക്കൾ വയർ നിറഞ്ഞ് തളർന്നുറങ്ങി.

ഭാര്യയ്ക്കും ഭർത്താവിനും ഏറെ നേരം ഉറക്കം വന്നില്ല. ഒരു നേരത്തെ ആഹാരം കഴിച്ചപ്പോൾ ഇത്തിരി വെള്ളം കുടിച്ചപ്പോൾ മനസിന് വല്ലാത്തൊരു ഉൻമേഷം. ജീവിതത്തിന്റെ രുചി മനസിൽ നിറഞ്ഞു.

ഭൂമിയുടെ ഏതെങ്കിലുമൊരു കോണിൽ ഒരു പിടി മണ്ണ് സ്വന്തമാക്കണം. ഓലകൊണ്ടെങ്കിലും അതിലൊരു കൂരകുത്തണം. ചുറ്റിലും എന്തെങ്കിലും നട്ടുനനച്ച് വളർത്തണം. തീരെ ദൈർഘ്യമില്ലാത്ത പതിവുള്ള സ്വപ്നം അയാൾ ഭാര്യയോട് മെനഞ്ഞു.

പിള്ളാർക്കു രണ്ടു പാവാട വാങ്ങണം. മാറിയുടുക്കാൻ ഒന്നിനൊപ്പം മറ്റൊന്നില്ല. പിഞ്ഞിത്തുടങ്ങിയ പാവാടയിലെ ദ്വാരം പൊത്തിപ്പിടിച്ച് മൂത്തവൾ പലപ്പോഴും പയ്യാരമാണ്. അവൾ വളരുകയല്ലേ. കനത്ത ഇരുളിലേയ്ക്ക് തുറിച്ചു നോക്കി സ്വപ്നങ്ങളുടെ നിറം പുരളാത്ത ആവശ്യം ഭാര്യ പറഞ്ഞു.

മെഴുകുതിരിയുടെ ദുർബ്ബലമായ നാളത്തിൽ അയാൾ മക്കളെ നോക്കി. വിശപ്പടങ്ങി ശാന്തമായുറങ്ങുന്നു.ഉള്ളിൽ നിന്നൊരു നീരുറവ കിനിഞ്ഞൊഴുകി കണ്ണുകളിൽ വന്നു നിറഞ്ഞു. എന്റെ മക്കൾ .ഉള്ളം

**ഒന്നിരിക്കണമെന്നു തോന്നി. കരയിലിരുന്ന് ആകാശത്തേയ്ക്ക് നോക്കി. വെയിൽ കനക്കുയാണ്. സമയം പത്തു കഴിഞ്ഞിരിക്കുന്നു. ഒരൽപം വെള്ളം ലഭിച്ചെങ്കിൽ .....തലയിൽ ചുറ്റിയിരുന്ന തോർത്തഴിച്ച് ചുടിനെ വീശിയകറ്റി. രാവിലെ ലഭിച്ച പഞ്ചസാരയില്ലാത്ത കട്ടൻ ചായയും അവളുടെ മുഖവും ഓർമ്മയിൽ വന്നു. വീടനുഭവിക്കുന്ന, പറഞ്ഞാൽ തീരാത്തത്രയും വിശപ്പിന്റെ കായൽ ആ മുഖത്ത് നിഴലിച്ചു. ഉത്തരത്തെ താങ്ങുന്ന, ശക്തി ക്ഷയിച്ച കവണ കമ്പിലിരുന്ന പല്ലി ഓലപ്പൊത്തിലേയ്ക്ക് ചാടി മറഞ്ഞു.**

മന്ത്രിച്ചു. പ്രപഞ്ചത്തിൽ ഏറ്റവും സൗന്ദര്യമുള്ള വസ്തു മനുഷ്യന് അവന്റെ മക്കളാണ്. ഇളയവളുടെ കുഞ്ഞു കൈത്തലം പിടിച്ച് കവിളിൽ ചേർത്തു. വാക്കുകൾ കൊണ്ട് വിവരിക്കാനോ പ്രവൃത്തി കൊണ്ട് പ്രകടിപ്പിക്കാനോ ആകാത്ത സ്നേഹത്തിന്റെ ഒരു നനവ് മനസിൽ നിറഞ്ഞു. അസ്ഥിരമായ മനുഷ്യജീവിതത്തിന് ഭൂമിയിലെ സ്ഥിരത.

രാവിലെ നേരത്തെ ഉണർന്നു. ഉള്ളതുകൊണ്ട് ഒരു നേരത്തെ ആഹാരമുണ്ടാക്കി പൊതിയാക്കി ഒരു കുപ്പി വെള്ളവും അവൾ കൈയ്യിൽ നൽകി. അയാൾ ഉറങ്ങിക്കിടക്കുന്ന മക്കളുടെ അടുത്തെത്തി.അവരുടെ പൂങ്കവിളുകളിൽ തലോടി.ഉണർത്തേണ്ട ,അവർ ഉറങ്ങട്ടെ.അയാൾ പുലരിയുടെ മുറ്റത്തേയ്ക്കിറങ്ങി. ഇരുൾ ഇനിയും തെളിയാൻ മടിക്കുന്ന പോലെ പകൽ .കാഴ്ചക്കപ്പുറം മായുന്നതുവരെ അവർ അയാളെ നോക്കി നിന്നു.

മേൽനോട്ടക്കാരൻ എത്തിച്ചേരുന്നതിനു മുൻപ് അയാൾ പണി ആരംഭിച്ചിരുന്നു. വെയിലിനു കലി കയറും മുൻപ് പരമാവധി പണി തീർക്കണം. ആഴം കൂടുംതോറും മണ്ണിനു കട്ടിയും വർദ്ധിക്കുകയാണ്. നനവ് തീരെയില്ലാത്ത മണ്ണ്. കുഴിയിൽ ഇടയ്ക്കൊരു പാറയുടെ മുന തെളിഞ്ഞപ്പോൾ ഞെട്ടിയതാണ്. ആരുടെയോ പ്രാർത്ഥന കൊണ്ടെന്ന പോലെ അത് വെറുമൊരു ഉരുളൻ കല്ലായി ചുരുങ്ങി.

നേരത്തെ എത്തി അല്ലേ? നന്നായി. ചോദ്യവുമായി . മേൽനോട്ടക്കാരൻ എത്തിച്ചേർന്നു. ആ മുഖത്തു നോക്കി ആദരവോടെ ചിരിച്ചു.മറു ചിരിക്കു നിൽക്കാതെ അയാൾ ദൂരേയ്ക്കു നടന്നു.കൂടെ കറുത്തു മെല്ലിച്ച വേറൊരു പണിക്കാരനുമുണ്ട്. കുറച്ചു വാര അകലേയ്ക്ക് പോയി തലേന്നാൾ തനിക്കു നൽകിയതുപോലെ നിർദ്ദേശങ്ങൾ അയാൾക്കും നൽകി. സിമന്റ്, മണൽ, കല്ല്, എന്നിവ കാട്ടിക്കൊടുത്തു. പിന്നെയും കുറച്ചു നിർദ്ദേശങ്ങൾ നൽകി.ശേഷം ഇരുചക്രവാഹനത്തിൽ കയറി ഓടിച്ചു പോയി.

ഈ മൈതാനം നിറയെ കുഴികൾ എടുക്കുമായിരിക്കും. അങ്ങനെയെങ്കിൽ ഈ പണി കഴിഞ്ഞാൽ മറ്റൊന്നിന്റെ പണി തനിക്കു ലഭിക്കുമായിരിക്കും... മനസ്സിൽ നാളെയെ കുറിച്ച് പ്രതീക്ഷ നാമ്പിട്ടു.

പത്തു മണിയോടെ കുഴി തീർന്നു. ഒന്നു കരയിൽ കയറി കുപ്പിയിലെ ജലം അൽപ്പം കുടിച്ചു.അകലെ അടുത്ത കുഴി തീർക്കുന്ന ആളിനടുത്തേയ്ക്കെത്തി. അയാൾ കൊതിയോടെ വെള്ളത്തിന്റെ കുപ്പിയിലേയ്ക്ക് നോക്കി. ആസാദ് കുപ്പി വച്ചുനീട്ടി. കുഴിയിൽ ചാരി നിന്ന് അയാൾ രണ്ടു കവിൾ വെള്ളം കടിച്ചു. ലോകത്തിലേറ്റവും രുചിയുള്ള വസ്തു ദാഹജലമാണ്. ഏറ്റവും വലിയ ദാനം ദാഹജലം നൽകലാണ്.

കുഴിയിൽ നിന്ന മനുഷ്യൻ പെട്ടന്ന് ആസാദിന്റെ കാലിൽ കെട്ടിപ്പിടിച്ചു നിന്ന് തേങ്ങി. കണ്ണുകളിലെ ദൈന്യത മേഘപടലങ്ങളായി ആ തരിശുഭൂമിയിലിറ്റു. ഇന്നലെ താൻ കൊതിച്ച വെള്ളം ഇന്ന് ഒരാൾക്കു നൽകാൻ തനിക്കു കഴിഞ്ഞിരിക്കുന്നു. ആസാദ് കൃതാർത്ഥനായി. ശേഷം ചോദിച്ചു. എന്താ പേര്? ആസാദ്. അയാൾ മറുപടി പറഞ്ഞു. പേരുകേട്ട് ആസാദ് ആദ്യമൊന്ന് വിസ്മയിച്ചു.പിന്നെയത് ഞെട്ടലായി. ഒരു കണ്ണാടി തന്റെ നേരേ ആരോ പടിച്ചിരിക്കുന്ന പോലെ.വെള്ളത്തിന്റെ പാത്രം അയാൾക്കു നൽകി ആസാദ് തിരിച്ചു നടന്നു.

രണ്ടുവശച്ചുമരുകൾ കെട്ടിക്കഴിഞ്ഞപ്പോഴേയ്ക്കും മേൽനോട്ടക്കാരൻ മുന്നിലും അയാളെ പിൻതുടർന്ന് ഒരു ചെറു ലോറിയുമെത്തി. ചതുരാകൃതിയിലുള്ള കോൺക്രീറ്റ് പാളികൾ. ഏകദേശം മൂന്നടി നീളം വീതി.കുറേ അവിടെ ഇറക്കി വച്ച് ലോറി തിരികെപ്പോയി. നാലാൾ പിടിച്ചാൽ മാത്രം നീങ്ങുന്ന അത്രയും കനമുണ്ടതിന്.

ഉച്ചയാഹാരത്തിനായി പൊതി തുറന്നു. തൊട്ടടുത്ത കുഴിപണിയുന്ന ആളിനെ കൂടി വിളിച്ചു. അയാൾ നിരസിച്ചില്ല. പാത്രത്തിന്റെ അടപ്പിൽ പകർന്നു കിട്ടിയ ചോറിൽ നോക്കി നിശബ്ദനായി.' എന്താ ആലോചിക്കുന്നത്?'ആസാദ് ചോദിച്ചു.മൺചുമരു ചാരിയിരുന്ന് ഭാര്യയുടെ ഇടതടവില്ലാത്ത ചുമ മനസിലേയ്ക്ക് അടർന്നുവീണു.

**തൊണ്ട വരണ്ട് ഞരമ്പുകൾ ക്ഷയിച്ചപ്പോൾ അയാൾ കുഴിയിൽ ചാരി നിന്നു .മനസറിയാതെ ശരീരമെപ്പോഴേ ഉറങ്ങിപ്പോയി. ഒരു മണൽപ്പരപ്പിലൂടെ തന്റെ കുഞ്ഞുങ്ങൾ ലക്ഷ്യമറിയാതെ ഓടുന്നു. ആ മണലാരണ്യത്തിന്റെ മറ്റേതോ കോണിലൂടെ മാതാവ് കുഞ്ഞുങ്ങളെ തേടി അലയുന്നു. രണ്ടു മലകൾക്കിടയിൽ വെള്ളമുള്ള പ്രദേശം തേടി അവൾ പായുന്നു. കുഞ്ഞുങ്ങൾ മണ്ണിലിരുന്ന് എവിടെയോ ദാഹിച്ചവശരായി കരയുന്നു. തന്നെയാരോ അദൃശ്യമായ ഒരു കയറിനാൽ ബന്ധിച്ചിരിക്കുന്നു**

ചുള്ളിക്കമ്പു പോലെ ഒരു മനുഷ്യരൂപം. എങ്കിലും എഴുന്നേൽക്കും. തന്നാലാവുന്നത് ചെയ്യും.ഒരു ചക്ക കൊണ്ട് മൂന്നു ദിവസം കഴിഞ്ഞു. അതു കഴിഞ്ഞിട്ട് രണ്ടുനാളായി. ഒരു പണി കിട്ടിയിട്ട് ആഴ്ചകൾ കഴിഞ്ഞിരിക്കുന്നു. എന്തുപണിയും ചെയ്യാൻ തയ്യാറാണ്. പക്ഷേ ഗ്രമത്തിലിപ്പോൾ ആരും അന്യ ജാതിക്കാരെയോ മതക്കാരെയോ പണിക്കു വിളിക്കില്ല. ഈ ഭൂമി എൻറേതും കൂടിയല്ല. ആഹാരം കഴിക്കാൻ മറന്നയാൾ ഇരുന്നു. മറുവാക്കിനായി മനസിൽ പരതി ആസാദ് തോറ്റു.

നാലു മണിയോടു കൂടി വശക്കെട്ടുൾപ്പെടെ പണി തീർന്നു. മേൽനോട്ടക്കാരൻ അഞ്ചോളം ആളുകളുമായി വന്നു.നേരത്തെ കൊണ്ടിറക്കിയ കോൺക്രീറ്റ് പാളികളിലൊന്ന് കയറിന്റേയും കമ്പുകളുടേയും സഹായത്തോടെ ഉയർത്തിക്കൊണ്ടുവന്നു. ആസാദ് കുഴിയിൽ നിന്നും കയറാൻ ശ്രമിച്ചു. വേണ്ട അവിടെ നിൽക്കൂ. അടിയിൽ നിന്നും താങ്ങാൻ ആളു വേണം. നാലാള് മുകളിലും ആസാദ് താഴെയുമായി കോൺക്രീറ്റ് പാളിയെ കുഴിക്കു മുകളിലേയ്ക്കു നിരക്കി കയറ്റിക്കൊണ്ടിരുന്നു. പാളി നിരങ്ങി കയറുന്നതനുസരിച്ച് കുഴിയിൽ ഇരുട്ട് വ്യാപിച്ചു.

ആസാദ് കുഴിയിൽ നിന്നും മുകളിലേയ്ക്കു നോക്കി. വിശാലമായ, സ്വതന്ത്രമായ ആകാശം ചതുരാകൃതിയിൽ പതിയെപ്പതിയെ ചെറുതായി വരുന്നു. താനെപ്പോഴാണ് മുകളിലേയ്ക്കു കയറേണ്ടത്. ഇനിയും കോൺക്രീറ്റു പാളി നീങ്ങിയാൽ തനിക്കു കയറാനാകില്ല.തനിക്കു കയറണമെന്ന് പറഞ്ഞാലോ. വേണ്ട .തന്നെ വിളിച്ചു കയറ്റും. അയാൾക്കറിയാം.

പണ്ട് പിതാവിന്റെ മൃതശരീരവുമായി കുഴിയിലിറങ്ങിയത് ഓർമ്മ വന്നു. ആ കുഴി ആറടി നീളത്തിലായിരുന്നു.ഇത് ആറടി ഉയരത്തിൽ എന്നു മാത്രം.ഒരു വേള കണ്ണ് കുഴിയിലേയ്ക്ക് നീണ്ടു.താൻ നിൽക്കുന്നിടത്ത് ഒരു കീറുവെളിച്ചം മാത്രം. ബാക്കിയെല്ലാം ഇരുൾ. ദിശകൾ തിരിച്ചറിയാനാകാത്ത ഇരുൾ. പെട്ടന്ന് അവസാന കീറ് പ്രകാശവും മാഞ്ഞു.ആസാദ് ശിരസ്സുയർത്തി നോക്കി. കോൺക്രീറ്റ് പാളി പൂർണമായും കുഴിക്കു മുകളിലായിക്കഴിഞ്ഞിരിക്കുന്നു.യ്യോ.... താൻ കയറിയില്ല. ആസാദ് ഉറക്കെ വിളിച്ചു. സർവ്വശക്തിയുമെടുത്ത് കോൺക്രീറ്റ് പാളിയെ തള്ളി.ഒരു നൂലിട പോലും അത് അനങ്ങിയില്ല. മുകളിൽ മണ്ണു വീഴുന്നതിന്റെ ശബ്ദം. കുഴിയിൽ ചൂട് വ്യാപിച്ചു. പിറന്നമണ്ണിലെ അവകാശം ശുദ്ധീകരണത്തിലൂടെ നേടുന്നതിനായി മണ്ണടരിന്റെ അറയിൽ ലയിച്ചു ചേർന്ന ആസാദ് വെളിച്ചത്തിനായി ഉറക്കെ വിളിച്ചു.



# 'എഴുത്താണ് എന്റെ ലഹരി. കഴിവിനേക്കാൾ പത്തുമടങ്ങാണ് എഴുത്തിനോടുള്ള പാഷൻ'

## – അഭിനാഷ് തുണ്ടുമണ്ണിൽ

**ആഗോളതലത്തിൽ ഫൊക്കാന നടത്തിയ സാഹിത്യ മത്സരത്തിൽ നോവൽ വിഭാഗത്തിൽ യുവ എഴുത്തുകാർക്കുള്ള പ്രത്യേക പുരസ്കാരം നേടിയിരിക്കുന്നത് അമേരിക്കൻ മലയാളിയായ അഭിനാഷ് തുണ്ടുമണ്ണിലാണ്. ഹിറ്റ്ലർ തൂക്കിലേറ്റിയ ഏക ഇന്ത്യക്കാരനും മലയാളിയുമായ മുച്ചിലോട്ട് മാധവനെ കേന്ദ്രകഥാപാത്രമാക്കിയെഴുതിയ 'പരന്ത്രീസ് കുഴൽ' എന്ന നോവലിനാണ് പുരസ്കാരം. പെൻസിൽവേനിയയിൽ കുടുംബസമേതം താമസിക്കുന്ന ഇദ്ദേഹം, എട്ട് പുസ്തകങ്ങളുടെ രചയിതാവാണ്. അമേരിക്കയിൽ കൗൺസിലിംഗ് രംഗത്ത് ജോലി ചെയ്യുന്നതിനിടയിലും മലയാള സാഹിത്യത്തെ നെഞ്ചോട് ചേർക്കുന്ന അഭിനാഷ് തുണ്ടുമണ്ണിൽ, പുരസ്ക്കാരനിറവിൽ ഇ – മലയാളിയോട് സംസാരിക്കുന്നു...**

മീട്ടു റഹ്മത്ത് കലാം

**എഴുത്തിന്റെയും വായനയുടെയും ലോകത്തേക്ക്...**

പത്തനംതിട്ട കുമ്പനാടാണ് സ്വദേശം.പമ്പയാറിനോട് തീരം ചേർന്നുകിടക്കുന്ന പൂവത്തൂർ എന്ന കൊച്ചുഗ്രാമത്തിലാണ് വളർന്നത്. ജാതിയുടെയോ മതത്തിന്റെയോ വേലിക്കെട്ടില്ലാതെയുള്ള കുട്ടിക്കാല ഓർമ്മകൾ മനസ്സിലിന്നും കുളിർമഴ പെയ്യിക്കും.ആറന്മുള വള്ളംകളിയും അമ്പലങ്ങളിലെ പരിപാടികളും ക്രിസ്മസ് കരോളും എല്ലാം പരസ്പരം സഹകരിച്ച് ഒന്നിച്ചാഘോഷിച്ചിരുന്ന കാലഘട്ടം വ്യക്തി എന്ന നിലയിൽ എന്നെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.നാടകങ്ങളും പാട്ടുകളും എഴുതിയിരുന്ന പപ്പയാണ്

**മാർട്ടിൻ ലൂഥർ ക്രിസ്ത്യൻ കോളജിൽ എംഫിൽ ചെയ്തു. പഠിച്ചിറങ്ങിയ ഉടൻ എയ്ഡ്സ് കണ്ട്രോൾ സൊസൈറ്റിയിൽ കൗൺസിലറായി ജോലിക്കുകയറി. തെരുവുവേശ്യകൾക്കിടയിലായിരുന്നു പ്രവർത്തനം. ഒരു ദശകകാലത്തോളം എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്, നമ്മൾ വായിച്ചറിഞ്ഞ കഥകളേക്കാൾ വിചിത്രമായ ജീവിതങ്ങൾ ചുറ്റുമുണ്ടെന്ന ബോധ്യമുണ്ടാക്കി.**

വായനയോടും എഴുത്തിനോടും അഭിനിവേശം തോന്നാനുള്ള കാരണം. വായിക്കണമെന്ന് ഒരിക്കൽ പോലും പറഞ്ഞിട്ടില്ല,അതൊക്കെ അറിയാതെ നമ്മളിലേക്ക് കയറിക്കൂടിയതാണ്.


**ജീവിതാനുഭവങ്ങൾ കാഴ്ചപ്പാടിനെ എങ്ങനെയൊക്കെ സ്വാധീനിച്ചിട്ടുണ്ട്?**

കോഴഞ്ചേരി കോളജിലാണ് ഡിഗ്രി പഠിച്ചത്.അവിടെ സംഘടനാ പ്രവർത്തനത്തിൽ സജീവമായിരുന്നു. അടിച്ചുതാഴ്ത്തപ്പെടുന്നവന്റെ ശബ്ദമാകണമെന്ന രാഷ്ട്രീയബോധം എന്നും ഉള്ളിലുണ്ട്. അത്തരക്കാർക്കു വേണ്ടിയുള്ള സമരങ്ങളിൽ പങ്കെടുത്തത് വ്യക്തമായ ഒരു കാഴ്ചപ്പാടിന് വഴിയൊരുക്കി. യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറായി അന്നത്തെ റെക്കോർഡ് ഭൂരിപക്ഷത്തിലാണ്

ജയിച്ചത്.കോയമ്പത്തൂർ ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്ന് എംഎസ്ഡബ്ല്യു പാസായി.തമിഴ്നാട്ടിലെയും വാളയാർ അടക്കമുള്ള പ്രദേശങ്ങളിലെയും കുഗ്രാമങ്ങളിലായിരുന്നു ആ സമയത്തെ പ്രവർത്തനങ്ങൾ.പിന്നീട് മാർട്ടിൻ ലൂഥർ ക്രിസ്ത്യൻ കോളജിൽ എംഫിൽ ചെയ്തു.പഠിച്ചിറങ്ങിയ ഉടൻ എയ്ഡ്സ് കണ്ട്രോൾ സൊസൈറ്റിയിൽ കൗൺസിലറായി ജോലിക്കുകയറി. തെരുവുവേശ്യകൾക്കിടയിലായിരുന്നു പ്രവർത്തനം.

പിന്നീട് മൈഗ്രന്റ്സിനിടയിൽ പ്രോഗ്രാം ഓഫീസറായി സ്ഥാനക്കയറ്റം ലഭിച്ചു. പാലക്കാട്, മലപ്പുറം, കോഴിക്കോട്, മലപ്പുറം എന്നീ നാല് ജില്ലകളുടെ ചാർജുള്ള കോ–.ഓർഡിനേറ്ററായി 2019 വരെ പ്രവർത്തിച്ചു.ഒരു ദശകകാലത്തോളം എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്, നമ്മൾ വായിച്ചറിഞ്ഞ കഥകളേക്കാൾ വിചിത്രമായ ജീവിതങ്ങൾ ചുറ്റുമുണ്ടെന്ന ബോധ്യമുണ്ടാക്കി.

**2014 ൽ ഇരുപത്തിയെട്ടാം വയസ്സിൽ 'കളിമണ്ണിന്റെ കാലൊച്ച' എന്ന ആദ്യ നോവൽ വെളിച്ചം കണ്ടു. ക്രിസോസ്റ്റം തിരുമേനിയുടെ നൂറാം ജന്മദിനത്തോടനുബന്ധിച്ച് ഒരു പുസ്തകം പുറത്തിറക്കാൻ സാധിച്ചതും സാർത്ഥകമായ അനുഭവമാണ്. ഇതുവരെ അൻപതോളം പാട്ടുകൾ എഴുതി. മാരാമൺ കൺവൻഷനിലേക്കും ഞാൻ രചിച്ച പാട്ടുകൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ലേഖനങ്ങളും കഥകളും ആനുകാലികങ്ങളിൽ എഴുതാറുണ്ട്.**




**ആദ്യ രചന,ആദ്യ പുസ്തകം,ആദ്യ നോവൽ...**

കുട്ടികൾക്കുള്ള ക്രിസ്തീയ മാസികയായ 'തളിരുകളിൽ' എന്റെ ആദ്യകഥ പ്രസിദ്ധീകൃതമാകുമ്പോൾ പത്ത് വയസ്സേ ഉണ്ടായിരുന്നുള്ളു. അതിനും മുൻപേ എഴുതിത്തുടങ്ങിയിരുന്നു.2013 ലാണ് ആദ്യ പുസ്തകം പുറത്തിറങ്ങിയത്. ആത്മീയ പുസ്തകമായിരുന്നു അത്.ആ ശ്രേണിയിൽ നാല് പുസ്തകങ്ങൾ ഇറക്കി. 2014 ൽ ഇരുപത്തിയെട്ടാം വയസ്സിൽ 'കളിമണ്ണിന്റെ കാലൊച്ച' എന്ന ആദ്യ നോവൽ വെളിച്ചം കണ്ടു.ക്രിസോസ്റ്റം തിരുമേനിയുടെ നൂറാം ജന്മദിനത്തോടനുബന്ധിച്ച് ഒരു പുസ്തകം പുറത്തിറക്കാൻ സാധിച്ചതും സാർത്ഥകമായ അനുഭവമാണ്.ഇതുവരെ അൻപതോളം പാട്ടുകൾ എഴുതി.മാരാമൺ കൺവൻഷനിലേക്കും ഞാൻ രചിച്ച പാട്ടുകൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ലേഖനങ്ങളും കഥകളും ആനുകാലികങ്ങളിൽ എഴുതാറുണ്ട്.

**എങ്ങനെയാണ് ഒരുകഥ രൂപപ്പെടുന്നത്? ക്ഷമ ഏറെ ആവശ്യമുള്ള ഒരു സങ്കേതമല്ലേ നോവൽ?**

ജീവിതത്തിൽ കാണുന്നതും കേൾക്കുന്നതുമായ ഓരോ വ്യക്തിയെയും നമ്മൾ അറിഞ്ഞോ അറിയാതെയോ പഠിക്കാറുണ്ട്.ഇവരൊക്കെയും ഒരു കഥാപാത്രത്തെ രൂപപ്പെടുത്തുമ്പോൾ സ്വാധീനിക്കും. ക്ഷമ വളരെയധികം വേണമെന്നത് സമ്മതിക്കുന്നു. എന്നാൽ,എഴുത്ത് എനിക്ക് അത്രമാത്രം ഇഷ്ടമായതുകൊണ്ട് എങ്ങനെയെങ്കിലും സമയം കണ്ടെത്തും.ലഹരിക്കുവേണ്ടി ചിലർ ഏതറ്റംവരെയും പോകുന്നതുപോലെയൊരു മാനസികാവസ്ഥയാണ്. അമേരിക്കയിലെ ജീവിതസാഹചര്യങ്ങളിൽ എഴുത്ത് പ്രയാസമേറിയ ഒന്നാണ്. നാലുവയസ്സും രണ്ടുവയസ്സുമുള്ള രണ്ട് ആൺമക്കളുണ്ട്.

ജോലി,കുഞ്ഞുങ്ങളെ നോട്ടം,വീട്ടു കാര്യങ്ങൾ... ഇതിനിടയിൽ വേണം എഴുതാൻ.ഉറക്കം ത്യജിച്ചുകൊണ്ടാണ് എഴുത്തിനായി സമയം കണ്ടെത്തുന്നത്. അതിന്റേതായ ആരോഗ്യ പ്രശ്നങ്ങളുമുണ്ടായിട്ടുണ്ട്.

**നോവലുകൾക്ക് വിചിത്രമായ പേരുകൾ നൽകുന്നതിന് പിന്നിൽ?**

വർണ്ണക്കടലാസിൽ ഒളിപ്പിച്ച മിഠായികളുമായി അതിനെ ഉപമിക്കാം. പരന്ത്രീസ് എന്നത് പഴയകാലത്ത് ഫ്രഞ്ചുകാരെ വിളിച്ചിരുന്ന പേരാണ്.ഇന്ത്യയെ ബ്രിട്ടൺ ഭരിച്ചുകൊണ്ടിരിക്കെ തന്നെ പോണ്ടിച്ചേരി അടക്കമുള്ള പ്രദേശങ്ങൾ ഫ്രഞ്ചുകാരുടെ കീഴിലായിരുന്നു. 1947ൽ ബ്രിട്ടീഷുകാർ രാജ്യംവിട്ടതെങ്കിൽ 1954 ലാണ് ഫ്രഞ്ചുകാർ ഇന്ത്യയിൽ നിന്ന് പോയത്.അവരുടെ രാജ്യത്തിന്റെ സർവ്വസന്നാഹവും സൈന്യവും കുഴലുകളും അതുവരെയും പോണ്ടിച്ചേരിയിലും മയ്യഴിയിലുമൊക്കെ ഉണ്ടായിരുന്നു. ഹിറ്റ്ലർ ഫ്രാൻസിനെ അതിക്രമിച്ചു കടന്ന് അവിടം കീഴ്പ്പെടുത്തുമ്പോൾ പഠനത്തിനായി കേരളത്തിൽ നിന്നെത്തിയ മുച്ചിലോട്ട് മാധവനും അവിടുണ്ടായിരുന്നു.റെസിസ്റ്റൻസ് ആർമിയിൽ ജോയിൻ ചെയ്ത് അദ്ദേഹം ഹിറ്റ്ലർക്കെതിരെ പോർമുഖം തുറന്നുവയ്ക്കുകയും അക്ഷരാർത്ഥത്തിൽ വിറപ്പിക്കുകയും ചെയ്തിരുന്നെന്നാണ് ചരിത്രരേഖകളിൽ നിന്ന് ലഭ്യമാകുന്ന വിവരം. ഫ്രഞ്ചുകാരുടെ പീരങ്കിയേക്കാൾ ശക്തമാണ് മാധവൻ അവർക്കുനേരെ പിടിച്ച കുഴൽ എന്ന ചിന്തയിലൂടെയാണ് 'പരന്ത്രീസ് കുഴൽ' എന്നുള്ള പേര് വീണുകിട്ടിയത്. മൂന്നുവർഷത്തെ ഗവേഷണം ഈ നോവലിനുപിന്നിലുണ്ട്.

**അമേരിക്കയിലെ ജീവിതസാഹചര്യങ്ങളിൽ എഴുത്ത് പ്രയാസമേറിയ ഒന്നാണ്. നാലുവയസ്സും രണ്ടുവയസ്സുമുള്ള രണ്ട് ആണ്മക്കളുണ്ട്.ജോലി,കുഞ്ഞുങ്ങളെ നോട്ടം,വീട്ടുകാര്യങ്ങൾ... ഇതിനിടയിൽ വേണം എഴുതാൻ.ഉറക്കം ത്യജിച്ചുകൊണ്ടാണ് എഴുത്തിനായി സമയം കണ്ടെത്തുന്നത്. അതിന്റേതായ ആരോഗ്യപ്രശ്നങ്ങളുമുണ്ടായിട്ടുണ്ട്.**



**'മുച്ചിലോട്ട് മാധവൻ' എന്നായിരുന്നു നോവലിന്റെ പേരെങ്കിൽ വായനക്കാർക്ക് അതിന്റെ ഉള്ളടക്കത്തെക്കുറിച്ച് കൂടുതൽ വ്യക്തത ലഭിക്കുമായിരുന്നെന്ന് തോന്നിയിട്ടുണ്ടോ?**

വായനാലോകത്തിന്റെ ചിന്ത മാറിയിട്ടുണ്ട്. ഫ്രഞ്ചുകാർ ഭരിച്ചിരുന്ന കാലഘട്ടത്തിലേക്ക് വായനക്കാരെ പൂർണ്ണമായും കൂട്ടിക്കൊണ്ടുപോവുക എന്നുള്ള ഉദ്ദേശത്തോടെയാണ് 'പരന്ത്രീസ് കുഴൽ' എന്ന പേര് സ്വീകരിച്ചത്.1940 കളിൽ നിന്നുകൊണ്ടാണ് കഥ പറയുന്നത്.ഇത് മാധവന്റെ മാത്രം കഥയല്ല.മുച്ചിലോട്ട് മാധവനെക്കുറിച്ച് നിലവിൽ ഇന്ത്യയിൽ രേഖകളൊന്നുമില്ല.ഹിറ്റ്ലർ തൂക്കിലേറ്റിയ ഏക മലയാളിയാണ് അദ്ദേഹമെന്നുള്ളത് എവിടെയെങ്കിലും പരാമർശിക്കപ്പെട്ടിരിക്കാം എന്നതല്ലാതെ വിശദാംശങ്ങൾ യാതൊന്നുമില്ല.നാസീപ്പടയ്ക്കെതിരെ പ്രവർത്തിച്ച നാല്പത്തിയാറോളം പേരെ തൂക്കിലേറ്റിയപ്പോൾ അതിലൊരാളായിരുന്നു മാധവൻ.45 പേരുടെയും മൃതശരീരങ്ങൾ സ്വീകരിക്കാൻ അവരുടെ കുടുംബത്തേക്ക് നാസി സൈന്യം

കത്തയച്ചിരുന്നു.മാധവന്റെ വീട്ടിലേക്ക് മാത്രം കത്തയച്ചില്ല.ആ ശരീരം അവിടെ അനാഥമായി കിടക്കുകയും നാസിസൈന്യം തന്നെ പിന്നീട് അവിടത്തെ ഏറ്റവും വലിയ ശ്മശാനത്തിൽ(110 ഏക്കറോളം വ്യാപിച്ച് കിടക്കുന്ന പെഹ്ലെഷേയ്സ് ശ്മശാനത്തിൽ )അദ്ദേഹത്തെ അടക്കം ചെയ്യുകയും ചെയ്തു. സോർബൺ യൂണിവേഴ്സിറ്റിയിൽ പഠിക്കാൻ വേണ്ടിയാണ് മയ്യഴിയിൽ നിന്ന് മാധവൻ ഫ്രാൻസിലേക്ക് പോയത്. നാട്ടിലുള്ള ഉറ്റവർ അദ്ദേഹമെവിടെ പഠിക്കുകയാണെന്ന് തന്നെ കരുതിയിരിക്കാം. വർഷങ്ങൾക്ക് ശേഷമാണ് മാധവൻ മരിച്ചതായി അവർ അറിയുന്നത്.ഇന്ത്യയോ കേരളമോ ആ ധീരരക്തസാക്ഷിയെ ഓർത്തിട്ടില്ല എന്നുള്ളത് ചരിത്രവസ്തുത തന്നെയാണ്.മയ്യഴിയുടെ കഥ പറഞ്ഞുകൊണ്ട് ഫ്രാൻസിലേക്കും ഫ്രാൻസിന്റെ കഥ പറഞ്ഞുകൊണ്ട് മയ്യഴിയിലേക്കും സഞ്ചരിക്കുന്ന ആഖ്യാനരീതിയാണ് സ്വീകരിച്ചിരിക്കുന്നത്.എഴുപത് ശതമാനത്തോളം ഭാവന ഇടകലർത്തിയാണ് എഴുതിയിരിക്കുന്നത്.

**ചിലവഴിക്കുന്ന ഓരോ മണിക്കൂറിനും പണം ലഭിക്കുന്ന അമേരിക്ക പോലൊരു രാജ്യത്തിരുന്നുകൊണ്ട് ഒരു നോവലിനുവേണ്ടി ഇത്രയധികം സമയം നീക്കിവച്ചതിന് പിന്നിൽ?**

മൂത്ത മകന് രണ്ടുവയസുള്ളപ്പോഴാണ് അടിമക്കപ്പൽ എഴുതിയത്.അലർജി മൂലം ആ സമയത്ത് കുഞ്ഞിന് കൈകളുടെയും കാലുകളുടെയും മടക്കുകൾ ചൊറിഞ്ഞ് പൊട്ടിയിരുന്നു.അവനെ നെഞ്ചിൽ കിടത്തിക്കൊണ്ട് എന്റെ ഫോണിലാണ് ആ നോവൽ എഴുതിത്തീർത്തതെന്ന് പറഞ്ഞാൽ ആളുകൾ വിശ്വസിക്കുമോ എന്നറിയില്ല. ആ സമയത്ത് കൈകൾക്കും വിരലുകൾക്കും വേദനകലശലായിട്ട് ചികിത്സ തേടേണ്ടി വന്നിട്ടുണ്ട്.

മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് സ്മാരക സാഹിത്യ പുരസ്കാരം(2023),ഗാന്ധി സേവാഗ്രാം യുവപ്രതിഭാ പുരസ്കാരം(2024),എംഡിഎൽഎഫ് പുരസ്കാരം എന്നിങ്ങനെ മൂന്ന് പുരസ്കാരങ്ങൾ നോവലിന് ലഭിച്ചു. എസ് 21 പ്രിസൺ എന്ന നോവലിന് സി.കെ.കൊച്ചുകോശി സ്മാരക സാഹിത്യ പുരസ്കാരവും ലഭിച്ചു. പുസ്തകം സ്വീകരിക്കപ്പെടുമ്പോഴും അംഗീകരിക്കപ്പെടുമ്പോഴും നമ്മൾ സഹിച്ച ക്ലേശങ്ങൾ വെറുതെ

**ഹിറ്റ്ലർ ഫ്രാൻസിനെ അതിക്രമിച്ചു കടന്ന് അവിടം കീഴ്പ്പെടുത്തുമ്പോൾ പഠനത്തിനായി കേരളത്തിൽ നിന്നെത്തിയ മുച്ചിലോട്ട് മാധവനും അവിടുണ്ടായിരുന്നു. റെസിസ്റ്റൻസ് ആർമിയിൽ ജോയിൻ ചെയ്ത് അദ്ദേഹം ഹിറ്റ്ലർക്കെതിരെ പോർമുഖം തുറന്നുവയ്ക്കുകയും അക്ഷരാർത്ഥത്തിൽ വിറപ്പിക്കുകയും ചെയ്തിരുന്നെന്നാണ് ചരിത്രരേഖകളിൽ നിന്ന് ലഭ്യമാകുന്ന വിവരം. ഫ്രഞ്ചുകാരുടെ പീരങ്കിയേക്കാൾ ശക്തമാണ് മാധവൻ അവർക്കുനേരെ പിടിച്ച കുഴൽ എന്ന ചിന്തയിലൂടെയാണ് 'പരന്ത്രീസ് കുഴൽ' എന്നുള്ള പേര് വീണുകിട്ടിയത്. മുന്നുവർഷത്തെ ഗവേഷണം ഈ നോവലിനുപിന്നിലുണ്ട്.**

ആയില്ലെന്ന ആശ്വാസം തോന്നും.

എഴുത്തിനോടുള്ള തീവ്രമായ അഭിനിവേശമാണ് എല്ലാം അതിജീവിക്കാൻ കരുത്താകുന്നത്.എനിക്ക് എന്നെ സ്വതന്ത്രമാക്കാൻ സാധിക്കുന്നത് വായനയിലൂടെയും എഴുത്തിലൂടെയുമാണെന്ന് ഞാൻ വിശ്വസിക്കുന്നു.എല്ലാ സൗഭാഗ്യങ്ങളും എല്ലാ നന്മകളും വേണ്ടെന്നുവച്ചുകൊണ്ടായിരിക്കും ഒരുവൻ ലഹരിക്ക് പിന്നാലെ ഓടുന്നത്.എഴുത്താണ് എന്റെ ലഹരി. കഴിവിനേക്കാൾ പത്തുമടങ്ങാണ് എഴുത്തിനോടുള്ള പാഷൻ.

**ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് മോഡേൺ മാസ്റ്റർ പീസ് ഓഫ് വേൾഡ് ലിറ്ററേച്ചർ പഠനം പൂർത്തീകരിച്ചത്, എഴുത്തുകാരൻ എന്ന നിലയിൽ പ്രയോജനപ്പെട്ടിട്ടുണ്ടോ?**

വായിക്കാത്ത കുറേ മനുഷ്യരെ വായിച്ചു എന്നതാണ് അതിലൂടെ ഉണ്ടായ നേട്ടം.ആ അറിവുകളൊക്കെ വിത്തുകളായി മനസിലെവിടെയെങ്കിലും ഉണ്ടാകും.എഴുത്തിലേക്ക് ആ ഭാഷ വരാതിരിക്കാൻ ശ്രമിക്കുമെങ്കിലും വായനയും നിരീക്ഷണപാടവവും ജീവിതാനുഭവങ്ങളും നമ്മളെ നല്ലൊരു എഴുത്തുകാരനാക്കും.

**റീൽസിന്റെ ഇന്നത്തെ കാലത്ത്,സുദീർഘമായ ഒരു നോവൽ എങ്ങനെ വായനക്കാരെ പിടിച്ചിരുത്തും?**

കണക്കറ്റ് സ്വയവിമർശനം നടത്തിക്കൊണ്ടാണ് ഏറ്റവും മികച്ചത് വായനക്കാരന് സമർപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത്. ആദ്യ അൻപത് പേജ് വരെ ഒരു വായനക്കാരനെ പിടിച്ചിരുത്താൻ കഴിഞ്ഞില്ലെങ്കിൽ പിന്നീട് അയാൾ ആ പുസ്തകം തൊടാൻ പോകുന്നില്ലെന്ന് ബെന്യാമിൻ പറഞ്ഞിട്ടുണ്ട്.എന്റെ കാഴ്ചപ്പാടിൽ അഞ്ച് പേജിൽ തന്നെ വായനക്കാരന്റെ മനസിനെ കീഴ്പ്പെടുത്തിയെങ്കിലേ കാര്യമുള്ളൂ. ആറാമത്തെ പേജ് വായിച്ചേ തീരൂ എന്ന തോന്നൽ ഉണ്ടാക്കുന്നതൊരു മാജിക്കാണ്.സമൂഹമാധ്യമങ്ങളിലൂടെ നമ്മുടെ രചനകളെ കൃത്യമായി വിലയിരുത്തുകയും അഭിപ്രായം പറയുകയും ചെയ്യുന്ന ഒരു തലമുറ കൂടുതൽ എഴുതാനുള്ള പ്രചോദനമാണ്. ചിലർ പറയുംപോലെ വായന മരിച്ചിട്ടൊന്നുമില്ല.'അടിമക്കപ്പൽ' ഇപ്പോൾ മൂന്നാം പതിപ്പായി.

**ഒരു കഥ രൂപപ്പെടുമ്പോൾ അതെത്ര പേജിൽ ഉൾകൊള്ളിക്കാമെന്ന ധാരണ ഉണ്ടായിരിക്കുമോ?**

പെട്ടെന്ന് തീർക്കാം എന്ന ഉദ്ദേശത്തോടെയാണ് എഴുതാൻ ഇരിക്കുന്നത്.തുടങ്ങിക്കഴിഞ്ഞാൽ അതുപിന്നെ




നമ്മുടെ കയ്യിലല്ല.കാള നുകംകെട്ടി വലിച്ചുകൊണ്ട് ഓടുന്നതുപോലെയാണ് ആ പ്രക്രിയ.ടിസ്റ്റും ടേണുമൊന്നും നമ്മുടെ നിയന്ത്രണത്തിലല്ല,താനേ സംഭവിക്കുന്നതാണ്.ആദ്യ രണ്ടുനോവലുകൾ 100 -110 പേജിൽ തീർന്നു.എന്നാൽ, മൂന്നാമത്തെ നോവലായ 'അടിമക്കപ്പൽ' 329 പേജുണ്ട്.

**സ്വാധീനിച്ച എഴുത്തുകാരൻ?**

ഖലീൽ ജിബ്രാനോടാണ് ഏറ്റവും കൂടുതൽ ആരാധന.താഴ്‌വരയിലെ അപ്സരസ്സുകൾ,ഒടിഞ്ഞ ചിറകുകൾ,പുരോഗാമി,ഭൂദൈവങ്ങൾ തുടങ്ങിയ പുസ്തകങ്ങളൊക്കെ കോളജ് കാലത്തുതന്നെ വായിച്ചിരുന്നു.

**കുടുംബത്തിന്റെ പിന്തുണ?**

പപ്പ റ്റി.വി.ജേക്കബ്,മമ്മ മേരി ജേക്കബ്.ഏക സഹോദരി അബീന കുടുംബസമേതം അമേരിക്കയിലാണ്. ഭാര്യ നീതു രജിസ്റ്റേർഡ് നഴ്സാണ്.മക്കൾ:ജോനാഥൻ,കേലബ്.

പെൻസിൽവേനിയയിലെ കോളജ് പോയിന്റിലാണ് ഞങ്ങൾ താമസിക്കുന്നത്.നമ്മുടെ മാനസിക സംഘർഷം മുഴുവൻ പ്രകടിപ്പിക്കുന്നത് ഭാര്യയോടായിരിക്കും.പൂർണമായും ജോലിക്ക് പോകാതെ പാർട്ട് ടൈം ചെയ്യുമ്പോൾ അതിന്റെതായ സാമ്പത്തിക ഞെരുക്കം ഉണ്ടാകും.ഭാര്യയും

**എന്റെ കാഴ്ചപ്പാടിൽ അഞ്ച് പേജിൽ തന്നെ വായനക്കാരന്റെ മനസിനെ കീഴ്‌പ്പെടുത്തിയെങ്കിലേ കാര്യമുള്ളൂ. ആറാമത്തെ പേജ് വായിച്ചേ തീരു എന്ന തോന്നൽ ഉണ്ടാക്കുന്നതൊരു മാജിക്കാണ്. സമൂഹമാധ്യമങ്ങളിലൂടെ നമ്മുടെ രചനകളെ കൃത്യമായി വിലയിരുത്തുകയും അഭിപ്രായം പറയുകയും ചെയ്യുന്ന ഒരു തലമുറ കൂടുതൽ എഴുതാനുള്ള പ്രചോദനമാണ്.**

ഭർത്താവും പൂർണസമയം ജോലി ചെയ്താൽ മാത്രമേ അമേരിക്കയിൽ നല്ല രീതിയിൽ മുന്നോട്ടുപോകാനാകൂ.അതൊക്കെയും നേരിടാനാകുന്നത് ഭാര്യയുടെ പിന്തുണകൊണ്ടാണ്.

നീതുവാണ് എന്റെ ആദ്യ വായനക്കാരി.നമ്മൾ കൊടുക്കുന്നതുമാത്രം വായിക്കുന്ന ഒരു സാധാരണക്കാരിയാണ്.'കൊള്ളാം ഇച്ചായാ' എന്ന് മാത്രം പറയുമ്പോൾ ഞാൻ വഴക്കുണ്ടാക്കും.അടുത്ത അദ്ധ്യായം എഴുതാനുള്ള പ്രചോദനം ഉണ്ടാകുന്ന വാക്കുകളാണ് വേണ്ടതെന്ന് പറയും.അങ്ങനെ വളരെ കഷ്ടപ്പെട്ട് ചില നിർദ്ദേശങ്ങളൊക്കെ തരും. ആ രീതിയിൽ ചിന്തിക്കാൻ ശ്രമിക്കുന്നതുതന്നെ നമുക്കുവേണ്ടിയുള്ള ത്യാഗമാണെന്ന് മനസിലാക്കുന്നു.

**അടുത്ത നോവൽ?**

ഡിസി ബുക്സിന്റെ 'കരിങ്കാലിക്കുന്ന് സേവ'യാണ് പ്രസിദ്ധീകരണത്തിന് തയ്യാറെടുക്കുന്നത്.

**നല്ല എഴുത്തുകാർ നല്ല മനുഷ്യരായിരിക്കണമെന്നുണ്ടോ?**

അങ്ങനെ നിർബന്ധമില്ല. അല്ലാത്ത എഴുത്തുകാരുമുണ്ട്. എന്നാൽ, ദുർബലനോട് ചേർന്നുനിൽക്കാനുള്ള വ്യഗ്രത ബഹുഭൂരിപക്ഷം എഴുത്തുകാരിലുമുണ്ട്. ആ മനസില്ലാത്തവൻ നല്ല എഴുത്തുകാരനല്ല എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം.

**പരന്ത്രീസ് കുഴലിന് ഫൊക്കാനയുടെ അവാർഡ് ലഭിച്ചിരിക്കുകയാണല്ലോ,എന്ത് തോന്നുന്നു?**

കൂടുതൽ പേർ വായിക്കാനും പുസ്തകം ശ്രദ്ധിക്കപ്പെടാനും അവാർഡുകൾ സഹായകമാണ്. കെ.വി. മോഹൻകുമാർ (ഐഎഎസ്) ചെയർമാൻ ആയി ജൂറിയാണ് അവാർഡ് നൽകിയിരിക്കുന്നത്. അമേരിക്കയിലേക്ക് വരുമ്പോൾ ഇവിടുള്ള സാമൂഹിക-സാംസ്കാരിക സംഘടനകളെക്കുറിച്ച് മനസിലാക്കാൻ ശ്രമം നടത്തിയപ്പോൾ 'ഫൊക്കാന' എന്നുള്ള പേര് ശ്രദ്ധിച്ചിരുന്നു.

കോവിഡ് മഹാമാരി താണ്ഡവമാടുന്ന സമയമായിരുന്നു അത്.ലോക്ഡൗൺ മൂലം എങ്ങും പോകാൻ കഴിയാതെ വന്നു.ഗ്രീൻ കാർഡ് പോലും താമസിച്ചാണ് കിട്ടുന്നത്.പിന്നെ ജോലിയും എഴുത്തും വായനയും രണ്ടുകുഞ്ഞുങ്ങൾ ജനിച്ചശേഷമുള്ള തിരക്കുകളുമായി സംഘടനകളിൽ സഹകരിക്കാൻ സമയമില്ലാതെ വന്നു. ഫൊക്കാനയുടെ അവാർഡ് ലഭിച്ചത് ഒരോർമ്മപ്പെടുത്തലായി കാണുന്നു. നോർത്ത് അമേരിക്കയിലെ 105 സംഘടനകളെ പ്രതിനിധാനം ചെയ്യുന്ന മാതൃസംഘടന, മലയാള ഭാഷയ്ക്കും എഴുത്തുകാർക്കും നൽകുന്ന ആദരവിന് അങ്ങേയറ്റം വിലമതിക്കുന്നു.

# MUKKUT
## MONUMENTS INC.





**PHONE (C)**
**972-342-0041**

**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**








**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.**

**WE SERVICE ALL OVER USA, CANADA & INDIA**

ചെറുകഥ



സിന്ധു തോമസ്

# ഹു????



വര:
അമീൻ ഖലീൽ

'ഹേ മനുഷ്യാ, ദൈവം ദാനമായി തന്ന ജീവൻ നശിപ്പിക്കാൻ നിനക്കവകാശമില്ല, ആത്മഹത്യ ഒന്നിനും പരിഹാരവുമല്ല'.

കെ.എസ്.ആർ.ടി.സി ബസിന്റെ സൈഡ് സീറ്റിൽ ദീർഘദൂര ടിക്കറ്റ് എടുത്ത് പുറത്തേക്ക് നോക്കി ഇരിക്കുമ്പോളാണ് അവളത് കേട്ടത്. വഴിയരികിൽ പാർക്ക് ചെയ്ത വെള്ള മാരുതി വാനിനരുകിൽ നിന്ന് ഒരു പാസ്റ്റർ പ്രസംഗിക്കുന്നു. ജീവിതം, മരണം, മരണനാന്തര ജീവിതം..സ്വർഗ്ഗം/നരകം.

പാസ്റ്ററിന്റെ പ്രസംഗം കത്തിക്കയറുകയാണ്. കേൾവിക്കാർ കുറവാണ്. ബസ്സ് പോകുന്നതോടെ ഒരു പക്ഷേ പാസ്റ്റർ പ്രസംഗം നിർത്തേണ്ടി വരും. പ്രസംഗം എല്ലാവരേയും ഉദ്ദേശിച്ചാണ്. ബസ്സ് ഓടിത്തുടങ്ങിയെങ്കിൽ എന്നവളാഗ്രഹിച്ചു.

പാസ്റ്റർ ആത്മഹത്യയേപ്പറ്റി വീണ്ടും വീണ്ടും പറയുന്നത് കേട്ട് അവൾ ഊറിച്ചിരിച്ചു.

ജീവനൊടുക്കാനുള്ള ശക്തമായ ഉൾപ്രേരണയെ എത്രയോ തവണ താൻ മറികടന്നിരിക്കുന്നു.

**ജീവനൊടുക്കാനുള്ള ശക്തമായ ഉൾപ്രേരണയെ എത്രയോ തവണ താൻ മറികടന്നിരിക്കുന്നു. ആശ്വാസം ,ഡബിൾ ബെല്ലടിച്ചു ബസ്സ് നീങ്ങി ത്തുടങ്ങിയിരിക്കുന്നു. തനിച്ചുള്ള ഈ യാത്രകൾ എന്നുമുതൽ ആണ് താൻ ഇഷ്ടപ്പെട്ടുതുടങ്ങിയതെന്ന് അവൾ ആലോചിച്ചു. കല്യാണത്തിന് ശേഷം എന്ന ഉത്തരവും അവൾക്ക് കിട്ടി.**

ആശ്വാസം ,ഡബിൾ ബെല്ലടിച്ചു ബസ്സ് നീങ്ങി ത്തുടങ്ങിയിരിക്കുന്നു.

തനിച്ചുള്ള ഈ യാത്രകൾ എന്നുമുതൽ ആണ് താൻ ഇഷ്ടപ്പെട്ടുതുടങ്ങിയതെന്ന് അവൾ ആലോചിച്ചു. കല്യാണത്തിന് ശേഷം എന്ന ഉത്തരവും അവൾക്ക് കിട്ടി.

ബസ്സ് അപ്പോൾ ശ്വാസം എടുക്കാൻ ബുദ്ധിമുട്ടുന്ന ആസ്മരോഗിയെപ്പോലെ മെല്ലെ കിതച്ചുകൊണ്ട് കയറ്റം കയറുകയായിരുന്നു. കയറ്റങ്ങളും ഇറക്കങ്ങളും വളവുകളും നിറഞ്ഞ വഴി. രാവിലെ തന്നെ വെയിൽ കത്തിയാളാൻ തുടങ്ങിയിരിക്കുന്നു. ചുരമിറങ്ങിവരുന്ന തണുത്ത കാറ്റിനോട് അവൾക്ക് വല്ലാത്ത കൊതി തോന്നി.

ബസിന്റെ ഏതാണ്ട് മധ്യ ഭാഗത്തായിട്ടാണ് ഇരിക്കുന്നത്.

യാത്രക്കാർ തീരെ കുറവ്. പൊതുവെ ഒച്ചയനക്കങ്ങൾ കുറഞ്ഞ ബസിനകം ഇടയ്ക്കിടെ ഉണർത്തിക്കൊണ്ട് ആരുടെയൊക്കെയോ മൊബൈലിന്റെ റിങ്ടോണുകൾ.

കുറച്ചു മുന്നിലെ സീറ്റിലിരിക്കുന്ന യുവാവിനേയും യുവതിയേയും അവൾ ശ്രദ്ധിച്ചു. അവർ പരിസരം മറന്ന് വർത്തമാനം പറയുകയും പൊട്ടിച്ചിരിക്കുകയുമാണ്. ഇടക്കിടെ അവൻ അവളെ ചേർത്തു പിടിക്കുന്നു.

ഭാര്യാഭർത്താക്കൻമാരാണോ? അതോ.... എന്തായാലും അവർ സന്തോഷത്തിലാണ്. താനോ? ആത്മപീഡ താങ്ങാനാകാതെ വരുമ്പോൾ  ജീവിതീ തിരിച്ചു പിടിക്കാൻ നടത്തുന്ന ഒളിച്ചോട്ടങ്ങളാണ് തന്റെയീ യാത്രകൾ !

ബസ്സ്  ഹെയർപിൻവളവ് തിരിഞ്ഞ് ഒരു നാൽക്കവലയിലെത്തി. ഒരു മലയോര ഗ്രാമത്തിന്റെ എല്ലാ സവിശേഷതകളുമുള്ള പ്രദേശം. കവലയിൽ ബസ്സ് നിർത്തി. ചിലർ ഇറങ്ങി. ആരൊക്കെയോ കുറച്ചു പേർ ബസിലേക്ക് കയറി.

പെട്ടെന്നാണത് സംഭവിച്ചത്. മുമ്പിലും പുറകിലും ഉള്ള ഒഴിഞ്ഞ സീറ്റുകൾ ഒഴിവാക്കി തന്റെ സീറ്റിന്റെ പകുതിക്ക് ഒരു അവകാശി ഉണ്ടായിരിക്കുന്നു.

ഏതോ വില കൂടിയ പെർഫ്യൂമിന്റെ മണം മൂക്കിൽ അടിച്ചതും അവൾ ആ ദിശയിൽ നോക്കി. താനിരിക്കുന്ന  സീറ്റിന്റെ ഒഴിഞ്ഞ പകുതിക്ക് അവകാശിയായത് ഒരു പുരുഷനാണെന്ന്  തിരിച്ചറിഞ്ഞവൾ മുഖം തിരിച്ചു.

അവളുടെ കണ്ണുകൾ അടിമുടി ബസിനകം ഉഴിഞ്ഞു. പകുതിയിലധികം സീറ്റുകളും ഒഴിഞ്ഞുകിടക്കുന്നു. അയാളുടെ പ്രവൃത്തിയിൽ അവൾക്ക് അസ്വാഭാവികത തോന്നി.

ബസ്സ് കയറ്റം കയറും തോറും വെയിലിന് ശക്തി കുറഞ്ഞു വന്നു. കടും പച്ചപ്പണിഞ്ഞ ചുറ്റുപാടുകളിൽ കാറ്റിന്റെ സഞ്ചാരം ഒരു നല്ല കാഴ്ചയാണ്. ഇങ്ങനെയുള്ള യാത്രകളിൽ പുറം കാഴ്ചകളിലേക്ക് മിഴികളയച്ച് മനോരാജ്യങ്ങളിൽ മുഴുകി സ്വയം നഷ്ടപ്പെടാറാണ് പതിവ്. ഇന്നതിന് കഴിയുന്നില്ല. അയാളുടെ സാന്നിധ്യമാണ് പ്രശ്നം.

അയാൾ പുറം കാഴ്ചകളിൽ ലയിച്ചിരിക്കുകയാണ്.

അവൾ തന്റെ കൈയിൽ ഇരുന്ന ഹാൻഡ് ബാഗ് ഭദ്രമായി പിടിച്ചു. ഒഴിഞ്ഞുകിടന്ന സീറ്റുകൾ ഒഴിവാക്കി തന്റെയടുത്ത് സ്ഥാനം പിടിച്ച മനുഷ്യന്റെ ഉദ്ദേശം അത്ര നല്ലതായിരിക്കില്ലെന്ന് അവൾ കരുതി.

**ബസ്സ് കയറ്റം കയറും തോറും വെയിലിന് ശക്തി കുറഞ്ഞു വന്നു. കടും പച്ചപ്പണിഞ്ഞ ചുറ്റുപാടുകളിൽ കാറ്റിന്റെ സഞ്ചാരം ഒരു നല്ല കാഴ്ചയാണ്. ഇങ്ങനെയുള്ള യാത്രകളിൽ പുറം കാഴ്ചകളിലേക്ക് മിഴികളയച്ച് മനോരാജ്യങ്ങളിൽ മുഴുകി സ്വയം നഷ്ടപ്പെടാറാണ് പതിവ്. ഇന്നതിന് കഴിയുന്നില്ല. അയാളുടെ സാന്നിധ്യമാണ് പ്രശ്നം.**

മുതിർന്നവരുടെ സീറ്റ്, അംഗപരിമിതരുടെ സീറ്റ് അങ്ങനെ ഏതെങ്കിലും സ്പെഷൽ സീറ്റിൽ ആണോ തന്റെ ഇരിപ്പ്? അവൾ തലയുയർത്തി  മുകൾ ഭാഗത്തേക്ക് നോക്കി.

പ്രത്യേകിച്ചൊന്നും എഴുതിയിട്ടില്ല.പൊതുവായ സീറ്റാണ്, നാശം...അയാൾക്ക് സീറ്റ് മാറി ഇരുന്ന് കൂടെ??

ബസ് പെട്ടെന്ന് ഒരു വളവ് ശക്തിയിൽ തിരിഞ്ഞതും അവൾ അയാളുടെ ദേഹത്തേക്ക് ചാഞ്ഞു.

അവളുടെ ഹെയർപിൻ ഇട്ടു ബന്ധിക്കാത്ത ഷാമ്പൂതേച്ച  മുടി അയാളുടെ മുഖത്ത് ഉമ്മ വച്ചു.

അനുഭവിക്കട്ടെ! അവൾ സീറ്റിൽ നിവർന്നിരുന്നു മനസ്സിൽ പ്രാകി.

അയാൾ അതൊന്നും ശ്രദ്ധിക്കാതെ ആ യുവമിഥുനങ്ങളേത്തന്നെ നോക്കിയിരിക്കുകയാണ്. അയാളേയും ഒരു നഷ്ടബോധം വലയം ചെയ്തിട്ടുണ്ടോ?

പെണ്ണിന്റെ മണമടിച്ചുള്ള ഇരുപ്പും, സ്പർശനവും കൊതിക്കുന്ന ഒരാളാകാനാണ് സാധ്യത. തന്റെ യാത്രകളിലെപ്പോഴെങ്കിലും ഒരാണിന്റെ സാമീപ്യം കൊതിച്ചിട്ടുണ്ടോ?

ഇല്ല! വേണുവേട്ടന്റെ മടുപ്പിക്കുന്ന അവഗണന പോലും തന്നെ അങ്ങനെയൊന്നും ചിന്തിപ്പിച്ചിട്ടില്ല.

കണ്ടക്ടർ ബസിന്റെ അവസാന സീറ്റിൽ ആരോടോ നിർത്താതെയുള്ള രസം പിടിച്ച സംസാരത്തിലാണ്.

കണ്ടക്ടറെ തിരിഞ്ഞു നോക്കിയ അവളുടെ പാതി ശരീരം വീണ്ടും അയാളുടെ ദേഹത്തുരുമ്മി.

അയാൾക്ക് പ്രത്യേകിച്ചെന്തെങ്കിലും ഭാവമാറ്റമുള്ളതായി കണ്ടില്ല. അയാൾ കൈകൾ മുമ്പിലെ സീറ്റിന്റെ പിടിയിൽ ഒന്നുകൂടെ ആഞ്ഞു മുറുകെ പിടിച്ചു.

അങ്ങനെ ഇയാൾ സുഖിക്കേണ്ട, അവൾ മനസ്സിൽ കരുതിക്കൊണ്ട് തൊട്ടു മുമ്പിലെ ഒഴിഞ്ഞ സീറ്റ് ലക്ഷ്യമാക്കി എണീക്കാൻ ഭാവിച്ചു.

അപ്പോഴാണ് കണ്ടക്ടർ ടിക്കറ്റ് കൊടുക്കാൻ അയാൾക്കരികിൽ എത്തിയത്.

ഒരു..... അയാൾ പറഞ്ഞ സ്ഥലപ്പേര് അവൾ ശ്രദ്ധിച്ചു. തനിക്ക് ഇറങ്ങേണ്ട അതേ സ്റ്റോപ്പ്.

പെണ്ണിന്റെ സഹജമായ ആകാംക്ഷയോടെ അവൾ മുമ്പിലെ ഒഴിഞ്ഞ സീറ്റിലേക്കുള്ള മാറ്റം തത്കാലം വേണ്ടന്ന് വച്ച് അവിടെ ത്തന്നെ  ഇരുന്നു. അയാളെ അവൾ കൗതുകത്തോടെ നോക്കി. അയാളാകട്ടെ ടിക്കറ്റിന്റെ ബാക്കി കിട്ടിയ നോട്ടുകൾ സൂക്ഷ്മതയോടെ എണ്ണി തിട്ടപ്പെടുത്തി പോക്കറ്റിൽ സുരക്ഷിതമായി നിക്ഷേപിക്കുന്ന തിരക്കിലായിരുന്നു.

അയാൾ തന്നെ ഒരിക്കൽ പോലും ശ്രദ്ധിക്കുന്നില്ല എന്നത് അവളെ അസ്വസ്ഥയാക്കി. അയാൾ ശല്യക്കാരൻ അല്ല എന്നവൾ സ്വയം



പറഞ്ഞു, ഒരു തോണ്ടലിന്റെ സമയം അതിക്രമിച്ചിരിക്കുന്നു.

ബസ്സിപ്പോൾ ഒരു വനപ്രദേശത്തിന് നടുവിലൂടെയാണ് പോകുന്നത്. വല്ലപ്പോഴും കടന്നുപോകുന്ന വാഹനങ്ങൾ ഒഴിച്ചാൽ, റോഡ് വിജനം. ഇടയ്ക്കിടെ  വഴിയരികിൽ ദൂരം കാണിക്കുന്ന മൈൽക്കുറ്റികൾ. മൈൽക്കുറ്റികൾ യാത്ര ചെയ്യാറുണ്ടോ? അവൾ സ്വയം ചോദിച്ചു.

തുടർച്ചയായ മൂന്നു കൊടും വളവുകൾക്ക് ശേഷം വണ്ടി നിവർന്നു കിടക്കുന്ന വഴിയിലേക്ക് കയറിയതും അവളുടെ മൊബൈൽ ശബ്ദിച്ചു. ഇത്തരം യാത്രകളിൽ ഉണ്ടാകുന്ന  ഒത്തിരി ചോദ്യങ്ങൾക്ക് മറുപടി ഒഴിവാക്കാൻ സാധാരണ മൊബൈൽ സ്വിച്ച്ഓഫ് ചെയ്യാറാണ് പതിവ്. ഇന്ന് എന്തോ മറന്നു!?

ഫോൺ എടുക്കുന്ന  വെപ്രാളത്തിൽ  ഹാൻഡ് ബാഗ് നിലത്തേക്ക്.

പകുതി തുറന്ന് കിടന്ന ബാഗിനുള്ളിലെ രണ്ടാമത്തെ കള്ളിയിൽ നിന്ന് അഞ്ഞൂറിന്റെ രണ്ടു നോട്ടുകളുീ ഏതാനു ചില്ലറകളുീ പുറത്തേക്ക് തെറിച്ചു. അവൾ കുനിഞ്ഞെടുക്കും മുൻപ് അയാൾ അതെല്ലാം സൂക്ഷ്മതയോടെ ശേഖരിച്ച് അവൾക്ക് നേരെ നീട്ടി.

'താങ്ക്സ് 'ഒരു ചെറിയ ചിരി അയാൾക്ക് സമ്മാനിച്ച് അവൾ ബാഗ് കൈപ്പറ്റി. പിശുക്കിയ ഒരു ചിരി മാത്രം അയാൾ തിരികെ നൽകി. മൊബൈൽ സ്വിച്ച് ഓഫ് ചെയ്തു ബാഗിൽ തിരുകി പുറത്തേക്ക് നോക്കിയപ്പോൾ ദേ, അടുത്ത മൈൽക്കുറ്റി.  ഇനി എറെ ദൂരം യാത്ര ബാക്കി കിടക്കുന്നു എന്ന് മൈൽക്കുറ്റി അവളോട് പറഞ്ഞു.

ബസിന്റെ സൈഡ്സീറ്റിൽ ഇരുന്ന് കാറ്റടിയേറ്റ് നിശബ്ദമായി നടത്താറുള്ള തന്റെ  പതിവ്  യാത്രയിൽ നിന്ന് വ്യത്യസ്തമായി, അവൾക്ക് പാതി സീറ്റിന്റെ അവകാശിയോട്  എന്തെങ്കിലുമൊക്കെ സംസാരിക്കാൻ തോന്നി.

'ഫാമിലി അവിടെയാണോ? ' അവൾ  ആദ്യ ചോദ്യമെറിഞ്ഞു.

അവളുടെ ചോദ്യം കേട്ടതും ചൂണ്ടയിൽ അറിയാതെ ഇര കൊത്തിയ മീനിനെ പോലെ അയാൾ ഉത്തരം നൽകി

'അല്ല '

'ജോലി സ്ഥലം???

'അല്ല ''

പിന്നെ?'

'തന്റെ ഫാമിലി അവിടെയാണോ?' മറു ചോദ്യം പെട്ടെന്നായിരുന്നു.

'അല്ല '

'ജോലി'

അവൾ നിഷേധാർത്ഥത്തിൽ തലകുലുക്കി.

'പിന്നെ?'

ഒരു നിമിഷം അപൂർവ്വമായി മാനത്ത് തെളിയുന്ന മഴവില്ല് പോലെ രണ്ടാളും പരസ്പരം  ചിരിച്ചു.

'ലാസ്റ്റ്സ്റ്റോപ്പിൽ എന്റെ യാത്ര വീണ്ടും തുടങ്ങും' അവൾ പറഞ്ഞു.

'ജീവിതം  വല്ലാതെ ബോർ ആകുന്നു എന്ന് തോന്നുമ്പോൾ മൈൻഡ് ഒന്ന് സെറ്റ് ചെയ്യാൻ  ഒരു വൺഡേ ട്രിപ്പ്' അവൾ മനസ്സ് തുറന്നു.

'ടെൻഷൻ കുറക്കാൻ ഞാൻ സ്വയം കണ്ടുപിടിച്ച മാർഗ്ഗം '

അവൾക്കെന്തോ അയാളോട് അങ്ങനെ പറയാൻ തോന്നി. അയാൾ തന്നെക്കുറിച്ചു എന്ത് വിചാരിച്ചാലും തനിക്ക് ഒന്നുമില്ല.

'ഡിപ്രഷന് കുറച്ചുനാൾ മരുന്നു കഴിച്ചു. പിന്നെ യോഗ, വായന, സംഗീതം,ആത്മീയത. മനസ് ഒന്നിനും പിടി തരാതെ അസ്വസ്ഥമാകുമ്പോൾ ഒടുവിൽ സ്വയം കണ്ടു പിടിച്ച മാർഗ്ഗം. യാത്രകൾ...

തനിച്ചുള്ള യാത്രകൾ.'

അവൾ അയാൾക്ക് എന്തെങ്കിലും പറയുവാനായി ഒന്ന് നിർത്തി.

അയാൾ കേട്ടിരിക്കുന്നതല്ലാതെ ഒരക്ഷരം മിണ്ടുന്നില്ല.

' ഞാൻ നടത്തുന്നത് യാഥാർത്ഥ്യങ്ങളിൽ നിന്നുള്ള ഒരു കുതറിയോട്ടമാണ്. മരുന്നുകൾക്കും മന്ത്രങ്ങൾക്കും വഴങ്ങാത്ത മനസ്സുമായി ' അവൾ സംസാരം നിർത്തി അയാളുടെ കണ്ണുകളിലേക്ക് നോക്കി.

'ഇന്നലെ ഓഫീസിൽ നിന്ന് മേലധികാരിയുടെ ചീത്ത കേട്ടു.

വൈകിട്ട് വീട്ടിലെത്തിയപ്പോൾ അവിടെയും സമാധാനക്കേട്.

എങ്ങനെയൊക്കെയോ രാത്രി കഴിച്ചു കൂട്ടി.

**'ജീവിതം വല്ലാതെ ബോർ ആകുന്നു എന്ന് തോന്നുമ്പോൾ മൈൻഡ് ഒന്ന് സെറ്റ് ചെയ്യാൻ ഒരു വൺഡേ ട്രിപ്പ്' അവൾ മനസ്സ് തുറന്നു. 'ടെൻഷൻ കുറക്കാൻ ഞാൻ സ്വയം കണ്ടുപിടിച്ച മാർഗ്ഗം'**

ഒരു പകൽ മുഴുവൻ മറ്റൊന്നും ചിന്തിക്കാതെ തനിയെ എങ്ങോട്ടെങ്കിലും ഒരു യാത്ര.സർക്കാർ ബസ് ആകുമ്പോൾ പ്രൈവറ്റ് ബസ് പോലെ തിരക്കും ആരവങ്ങളുമില്ല. വീട്ടിൽ ബൈക്കു കാറും ഒക്കെ ഉണ്ട്, ഡ്രൈവിംഗ് ലൈസൻസുീ ഉണ്ട്. പക്ഷെ...ചില ദിവസങ്ങളിൽ ഒരേ സമയം വാഹനത്തെയും മനസ്സിനെയും കൺട്രോൾ ചെയ്യാൻ പാടാണ്. ഇന്ന് അങ്ങനെ ഒരു ദിവസം.' അവൾ പറഞ്ഞു നിർത്തി.

'ഇനിയും കുറച്ചു ദൂരം കൂടി പോകാനുണ്ട്. പറഞ്ഞോളൂ മതിയാവോളം, ഞാൻ കേൾക്കാം.' അയാൾ സീറ്റിൽ ഒന്നുകൂടി നിവർന്നിരുന്നു.

'ദാരിദ്ര്യവും രോഗവുീ മാത്രമല്ല ജീവിതത്തിലെ ഏറ്റവും ഭീകരമായ അവസ്ഥ....' അവൾക്ക് ശബ്ദം ഇടറി. 'ഒറ്റപ്പെടൽ, കേൾക്കാൻ ഒരാളില്ലാതെ വരുക, ആ അവസ്ഥ ഭയങ്കരമാണ്.'

'ആത്മഹത്യ ചെയ്യാൻ പലപ്പോഴും തോന്നിയിട്ടുണ്ട്, പക്ഷെ...ഞാൻ ഒരാൾ ഇല്ലാതെയാലും ഈ ലോക



ത്ത് ഒന്നും സംഭവിക്കില്ല. ജീവിക്കണം എന്നത് എന്റെ മാത്രം ആവശ്യമാണ്.'

അവൾ പുറത്തേക്ക് നോക്കി. ബസ്സ് ഇപ്പോൾ തിരക്കുള്ള വഴിയിലേക്ക് കയറിരിക്കുന്നു.

'മഞ്ഞു കാലത്തിന്റെ ആരംഭം ആണെന്ന് തോന്നുന്നു,' അവൾ ചുരിദാറിന്റെ ഷാൾ കൊണ്ട് ശരീരം നന്നായി മറച്ചു. അതുവരെ മനസ്സിൽ ഒതുക്കി വച്ചതെല്ലാം അവൾ അയാൾക്ക് മുൻപിൽ തുറന്നു. ഭർത്താവിന്റെ അവഗണന, ജോലിയുടെ ടെൻഷൻ അങ്ങനെ അങ്ങനെ.

'ഞാൻ ബോറാക്കിയോ?' ഒടുവിൽ അവൾ അല്പം ജാള്യതയോടെ ചോദിച്ചു. ജീവിതത്തിൽ ആദ്യമായി കാണുന്ന ഒരാളുടെ മുന്പിൽ താൻ എന്തൊക്കെയാണ് വായ് കൊണ്ട് വിളമ്പിയത്!'എയ്'. അയാൾ വാച്ചിലേക്ക് നോക്കി,'ഈ യാത്ര തീരാറായി.' ബസ്സ് അപ്പോൾ ബസ്സ്റ്റാൻഡിലേക്ക് പ്രവേശിച്ചിരുന്നു.

ഒരു ഞരക്കത്തോടെ യാത്ര അവസാനിപ്പിച്ച് ബസ്സ് ഇരമ്പി നിന്നു, നിശ്ചലമായി.

ഹിൽ ടോപ്പാണ്. അവൾ ബസിൽ നിന്നു ഇറങ്ങി ചുറ്റു പാടും കണ്ണോടിച്ചു. അത്രയൊന്നും വികസിച്ചിട്ടില്ലാത്ത ഒരു ടൂറിസ്റ്റ് കേന്ദ്രം. മൂടൽമഞ്ഞ് പരക്കുന്നുണ്ട്. യാത്രക്കാർ പല വഴിക്ക് പിരിയുന്നു.. യുവാവും യുവതിയും മലഞ്ചെരുവിലുള്ള റിസോർട്ട് എന്ന് എഴുതിയ ബോർഡ് ലക്ഷ്യമാക്കി നടക്കുന്നു.

'ഇനി?'അയാൾ ചോദിച്ചു

'ഒരു ചൂടുകോഫി കുടിച്ചാലോ?' പുറത്തു മഴ നേർത്തു പെയ്യാൻ തുടങ്ങുന്നു.

തണുത്ത കാറ്റ്.

''ഓ, ആവാം ' അയാൾ സമ്മത ഭാവത്തിൽ തല കുലുക്കി. സപ്ലൈയറോട് 'ബ്രൂ കോഫി ' എന്ന് അവർ ഒരുമിച്ചാണ് പറഞ്ഞത്.

മനോഹരമായി പണി കഴിപ്പിച്ച ഒരു റെസ്റ്ററന്റ് ആയിരുന്നു അത്.

അവിടെയിരുന്ന് നേരെ നോക്കിയാൽ ബസ്സ്സ്റ്റാന്റ് കാണാം. പുറകുവശത്തായി ചെറിയ ഒരു മൊട്ടക്കുന്നും.

'ദേ നോക്കിക്കേ' അവൾ പുതിയ കളിപ്പാട്ടം കാണുന്ന കുട്ടിയെപ്പോലെ പുറത്തേക്ക് വിരൽ ചൂണ്ടി.

മഞ്ഞിന്റെ അകമ്പടിയോടെ ഒരു മഴ കുന്നിറങ്ങുന്നു. 'മഴ ഇഷ്ടമാണോ?' അയാൾ ചോദിച്ചു.

ഇഷ്ടം.ശാന്തമായി അലിഞ്ഞിറങ്ങുന്ന ഈ മഴയെ ആർക്കാണ് ഇഷ്ടം തോന്നാതെ വരുക??

**'മഴ ഇഷ്ടമാണോ?' അയാൾ ചോദിച്ചു.'ഇഷ്ടം'.ശാന്തമായി അലിഞ്ഞിറങ്ങുന്ന ഈ മഴയെ ആർക്കാണ് ഇഷ്ടം തോന്നാതെ വരുക?? അവൾ നോട്ടം അയാളിൽ നിന്ന് പറിച്ചെടുത്ത് പുറത്തെ നൂൽ മഴയിലേക്ക് എറിഞ്ഞു. എനിക്കിഷ്ടം മഴയെ പ്രണയത്തോടെ കാണാൻ ആണ്, അയാൾ അതിമനോഹരമായി ഒന്ന് ചിരിച്ചിട്ട് ചൂട് കാപ്പി മെല്ലെ ഊതി കുടിക്കാൻ തുടങ്ങി.**

അവൾ നോട്ടം അയാളിൽ നിന്ന് പറിച്ചെടുത്ത് പുറത്തെ നൂൽ മഴയിലേക്ക് എറിഞ്ഞു.

എനിക്കിഷ്ടം മഴയെ പ്രണയത്തോടെ കാണാൻ ആണ്, അയാൾ അതിമനോഹരമായി ഒന്ന് ചിരിച്ചിട്ട് ചൂട് കാപ്പി മെല്ലെ ഊതി കുടിക്കാൻ തുടങ്ങി.

'കോഫിക്ക് അല്പം മധുരം കൂടുതൽ ആണോ?' അവൾ വിഷയം ഊതി മാറ്റി.

എനിക്ക് പാകം, 'അയാൾ തൃപ്തിയിൽ പറഞ്ഞു കപ്പ് കാലിയാക്കി.

'ഇങ്ങനെ ഇരുന്നാൽ മതിയോ, തിരിച്ചു പോകേണ്ടേ?' അയാൾ ചോദിച്ചു.

'തീർച്ചയായും .. വീട് ഉപേക്ഷിച്ചിറങ്ങിയതല്ലല്ലോ '

അവൾ ചിരിച്ചു. രണ്ടുപേർ ഒരേമനസ്സോടെ ഒരുമിച്ചു കാണുന്ന കാഴ്ചകൾക്ക് ഭംഗി കൂടുീ അല്ലേ?' അവൾ വീണ്ടും കുന്നിൻ ചെരുവിലേക്ക് നോക്കി. 'പിന്നല്ലാതെ.' അയാൾ കസേര നീക്കി എണിറ്റു.

കൗണ്ടറിൽ ബില്ല് പേ ചെയ്യാൻ ഒരുങ്ങിയതു അവൾ തടഞ്ഞു.

'ലേഡീസ് ഫസ്റ്റ് '

ബസ്സ്റ്റാൻഡിൽ എത്തിയതും തങ്ങൾ വന്ന ബസ്സ് മടക്കയാത്രക്കായി കാത്ത് കിടക്കുന്നത് അവർ കണ്ടു.

'എനിക്ക് ധൃതി ഇല്ല. അടുത്ത ബസ്സ് ഉടനെ ഉണ്ട്, ഞാൻ അതിന് വന്നോളാം.' അയാൾ കൈകൾ കൂട്ടി തിരുമ്മി കൊണ്ടു പറഞ്ഞു, 'എന്തൊരു തണുപ്പ്!'

'എനിക്ക് ധൃതി ഉണ്ട്.' വീടിനെക്കുറിച്ചുള്ള ഓർമ്മ തിളച്ച എണ്ണയിൽ വീണു ചീർത്ത പപ്പടം പോലെ അവളിൽ പൊങ്ങി വന്നു.

ബസിൽ കയറി ഡ്രൈവറിന്റെ സീറ്റിന് തൊട്ട് പുറകിൽ ആയി പുതിയൊരു ഇരിപ്പിടം കണ്ടുപിടിച്ച് അവൾ അയാൾക്ക് നേരെ കൈ വീശി.

ബസ് മെല്ലെ ചലിച്ചു തുടങ്ങി. അപ്പോളാണ് അവൾ ഓർത്തത്, അയാളുടെ പേരോ, അയാളെ സംബന്ധിച്ച മറ്റൊന്നും തനിക്കറിയില്ലല്ലോ എന്ന്.

ഇനി ഒരു കണ്ടുമുട്ടൽ ഉണ്ടാകുമോ! ആർക്കറിയാം.

പുറത്ത് നേർത്തു പെയ്യുന്ന മഴക്ക് ഇപ്പോൾ പ്രണയ ഭാവമോ??? ഒരു നഷ്ടബോധത്തിന്റെ പേരറിയാത്തൊരുറവ മനസിന്റെ ഏതോ കോണിൽ നിന്ന് മെല്ലെ പനിച്ചിറങ്ങുന്നു.

അല്പം മുൻപോട്ട് നീങ്ങിയതുീ അവൾ തിരിഞ്ഞു നോക്കി.

ഇല്ല..അയാളെ കാണാനേ ഇല്ല! കുന്നിറങ്ങി വന്ന മൂടൽ മഞ്ഞ് ബസ്സ്സ്റ്റാൻഡിനെ ആകപ്പാടെ വിഴുങ്ങി കളഞ്ഞിരിക്കുന്നു!



# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

State Farm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm

State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company

1601489 Bloomington, IL

● കോളം /റോസി തമ്പി



# കൂട്ടൂകാരില്ലാത്ത കളിമുറ്റം



## കുട്ടികളുടെ കണ്ണിലൂടെ ഒരു കാഴ്ച

ഒറ്റയായിരിക്കുന്നതാണ് നരകം; കൂട്ടായിരിക്കുന്നതാണ് സ്വർഗ്ഗം റോസി തമ്പി എന്ന കവിയുടെതാണി വരികൾ.എന്നാൽ ഈ വരികൾ നമുക്ക് ഓരോരുത്തർക്കും സത്യമായി തീരുന്നത് കൂട്ടുകാരില്ലാതെ നമ്മൾ ഒറ്റക്കായി പോകുമ്പോഴാണ്. നമ്മൾ കൂട്ടൂകാരുമായി കളിക്കുകയും പിന്നങ്ങുകയും പിന്നെയും കൂട്ടാവുകയും ചെയ്യുന്ന കളിമുറ്റം ഏറ്റവും ആഹ്ലാദകരമായിരുന്നു.

പിന്നീടൊരിക്കൽ അവിടെ നമ്മൾ ഒറ്റക്കു വരുമ്പോൾ പഴയ ഓർമ്മകളെല്ലാം നമ്മിലക്ക് ഓടിയെത്തും.ഒ.എൻ.വി പാടിയതുപോലെ എത്രയൊക്കെ വളർന്നാലും എവിടെയൊക്കെ പോയാലും നമുക്ക് നമ്മടെ വിദ്യാലയ കളി മുറ്റത്തേക്ക് ഓടിയെത്താൻ കൊതിയാണ്. അവിടെ വന്ന് ചെയ്യാനായി ഒരുപാടു മോഹങ്ങളുണ്ട്. അതിരിലെ നെല്ലിമരം ഒന്നുകുലുക്കണം. ഉതിരുന്ന നെല്ലിക്ക കടിച്ച്  കയ്ക്കുമ്പോൾ കിണറ്റിൽ നിന്നു വെള്ളം കോരി കുടിക്കണം. പിന്നെ മുറ്റത്തിന്റെ ഓരോ മുക്കിലും മൂലയിലും ചെന്ന് അവിടങ്ങളിൽ കൂട്ടുകാരൊത്തു കളിച്ചു നടന്നതും അപ്പോഴുണ്ടായതുമായ കാര്യങ്ങൾ ഓരോന്നായി ഓർത്തെടുത്ത് ആനന്ദിക്കുകക്കണ് ആ വലിയ കുട്ടി. കുട്ടിക്കാലം വിട്ടു പോകാൻ നമുക്ക് ആഗ്രഹമില്ല. കാരണം കുട്ടിക്കാലത്തു മാതമേ നമുക്ക് എല്ലാം മറന്നു കളിക്കാനാകൂ. കളികളിലൂടെയാണ് നമ്മൾ നമുക്കു ഏറെ പ്രിയപ്പെട്ട ബന്ധങ്ങളും ആവശ്യമുള്ള അറിവുകളും നേടിയെടുക്കുന്നത്.

ഇക്കാലം നമ്മൾ കുട്ടികൾ പോലും കളികൾ മറന്നു.അഥവകളി മുറ്റം നമുക്കിന്ന് മൊബൈൽ സ്ക്രീൻ ആയി മായി. അവിടെ തനിച്ചിരുന്ന് സോഫ്റ്റ് വെയർ സംവിധത്തോട്


**കുട്ടികൾ നിറഞ്ഞ കളിമുറ്റങ്ങൾ പൂക്കളമിട്ട തിരുമുറ്റത്തേക്കാൾ സുന്ദരവും ജൈവികവുമാണ്. കുഞ്ഞുങ്ങൾക്ക് അവരുടെ കളിമുറ്റം തിരിച്ചു കൊടുക്കുക. അതാണ് ഞങ്ങൾ കുട്ടികൾ ഉയർത്തുന്ന മുദ്രാവാക്യം.**

കളിക്കുകക്കണ്. അമ്മേ കൂട്ടുകാർ വന്നു ഞാൻ കളിക്കാൻ പോകട്ടെ എന്നു ചോദിക്കുന്നതിനു പകരം അമ്മേ ഹോം വർക്ക് കഴിഞ്ഞു. ഫോൺ തരൂ എന്നാണ് കുട്ടികൾ വാശി പിടിക്കുന്നത്. എത്ര നേരം വേണമെങ്കിലും ആ ഇത്തിരി പോന്ന വസ്തുവുമായി ഇന്ന് കുട്ടികൾക്ക് കളിക്കാൻ കഴിയും.വീഡിയോ ഗെയിംസ് .എന്നാൽ ഈ കളി നമ്മെ രസിപ്പിക്കുന്ന ന്നായിരിക്കും. എന്നാൽ അത് മുറ്റത്തെ കളിക്കളത്തിലും മാവിൻ ചോട്ടിലും കുട്ടികൾ കൂട്ടമായി കളിക്കുന്ന മനുഷ്യ സൗഹൃദങ്ങളോ പാരിസ്ഥിതിക സൗഹൃദങ്ങളോ ഉണ്ടാക്കുന്നില്ല. നമ്മൾ ഓടിയും ചാടിയും ഇരുന്നും കളിക്കുമ്പോൾ നമ്മുടെ മനസ്സ് മാത്രമല്ല ശരീരവും ഉല്ലാസ ഭരിതവും പൂർണ്ണ ആരോഗ്യം ഉള്ളതുമായി തീരുന്നു. ഇന്ന് ഒരു വീട്ടുമുറ്റത്തും കളിക്കാൻ കുട്ടികളില്ല. ഓണക്കാലത്തെ വല്ല മത്സരങ്ങളിലല്ലാതെ അത്തരം കളികളും നമ്മൾ കാണുന്നില്ലകളിമുറ്റമെല്ലം കുട്ടികളില്ലാതെ ഒഴിഞ്ഞുകിടക്കുന്നു ’കുട്ടികൾ മോബൈൽ ഫോൺ കളി സ്ഥലമാക്കിയിക്കുന്നു. മാതുലതീർന്നു മാമ്പഴക്കാലം എന്നു വിലപിക്കാൻ ഇനി ഒരു കുട്ടിയും ഉണ്ടാകില്ല. കാരണം മാവിൻ ചോട്ടിലെ കളികളും മാമ്പഴം വീഴുമ്പോൾ ഓടിച്ചെന്ന് എടുക്കാനുള്ള മത്സരമൊന്നും കുട്ടികൾക്കറിയില്ല. ഇന്നവർക്ക് മാമ്പഴ രുചിയെന്നാൽ ഫ്രൂട്ടിയുടെ രുചിയാണ്. മാമ്പഴം ചപ്പി തിന്ന ഒരു കാലത്തു നിന്നു മാമ്പഴ ചാർ പേപ്പർ കുപ്പിയിൽ നിന്ന് ചെറിയ കുഴലുപയോഗിച്ച് വലിച്ചു കുടിച്ച് കവർ വലിച്ചെറിയുകയാണ്. കുട്ടികളില്ലാത്ത കളിമുറ്റം സിമത്തേരി പോലെ ശോകമാണ്. നമ്മുടെ കേരളത്തിൽ ഇന്ന് അത് യാഥർത്ഥമായിക്കൊണ്ടിരിക്കുന്നു. കുട്ടികൾ നിറഞ്ഞ കളിമുറ്റങ്ങൾ പൂക്കളമിട്ട തിരുമുറ്റത്തേക്കാൾ സുന്ദരവും ജൈവികവുമാണ്. കുഞ്ഞുങ്ങൾക്ക് അവരുടെ കളിമുറ്റം തിരിച്ചു കൊടുക്കുക. അതാണ് ഞങ്ങൾ കുട്ടികൾ ഉയർത്തുന്ന മുദ്രാവാക്യം. അതു കുട്ടികൾക്കു മാത്രമല്ല മുതിർന്നവർക്കും പുതുജീവൻ നൽകും. അതിനാൽ നമ്മുടെ മുദ്രാവാക്യം കളിമുറ്റം തിരിച്ചുപിടിക്കുക എന്നതായിരിക്കട്ടെ.


the cotillion
Authentic Indian Cuisine & Asian Fusion Rich in Flavor and Taste
Celebrate Your Precious Wedding and Any Gatherings at Cotillion, Where Timeless Elegance Meets Modern Luxury. Book Your Party today with Us!
The Cotillion is Guaranteed to be a Great Dine Experience
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300

● ചെറുകഥ





പി വി വിശ്വനാഥൻ

വര :മറിയം ജാസ്മിൻ

# കൊട്ടേഷൻ ദാമുവും വിമലാമ്മയും

അരമണിക്കൂറിനിടെ നാലാമതും മൊബൈൽ ശബ്ദിച്ചതോടെ ആരോ അത്യാവശ്യത്തിന് വിളിക്കുന്നതാണെന്ന് ദാമോദരന് തോന്നിത്തുടങ്ങി. അതേസമയം, പുതിയ എന്തെങ്കിലും ‘പണി’ക്കാവുമോ അത് ശബ്ദിക്കുന്നത് എന്നും അവൻ ഭയന്നു.

അവൻ വീട്ടിൽത്തന്നെ അടങ്ങികൂടിയിട്ട് ഒരു മാസത്തിലേറെയായി. എട്ടുമണിയോടെ ഗീതാമണി രാവിലത്തെ ഭക്ഷണവും ഉച്ചത്തേക്കുള്ള

ചോറുംകറിയും വെച്ച് പടിയിറങ്ങും. രണ്ടുപേർക്കുള്ള ഭക്ഷണത്തിനായുള്ള അദ്ധ്വാനത്തിന് അവൾക്ക് ഒട്ടും മടിയില്ല. മൂന്നാമതൊരു അംഗം വീട്ടിലെത്തുമെന്ന പ്രതീക്ഷയും അവർക്കു രണ്ടുപേർക്കുമില്ല. അവൻ ഒരു ജോലിക്കും പോകരുതേ എന്ന പ്രാർഥനയാണ് ഗീതക്ക്. വൈകിട്ട് മടങ്ങുമ്പോൾ ദൂരെനിന്നുതന്നെ അവളുടെ കണ്ണുകൾ അവനെ തിരയും.

ദാമോദരൻ ജോലിയൊന്നും 'ഏറ്റുപിടിക്കരു'തെന്ന് അവൾ ആഗ്രഹിക്കുന്നതിനു പ്രധാന കാരണം അവൻ ഒരു വാടക ഗുണ്ടയാണ് എന്നതാണ്. ''കൊട്ടേഷൻ ദാമു'' എന്നാണ് അവനെ എല്ലാവരും വിളിക്കുന്നതെന്ന് അവൾക്കറിയാം. അവൻ അങ്ങിനെയായതിന്റെ ചരിത്രമൊക്കെ ഗീതയും ഇപ്പോൾ ഓർക്കാറില്ല. പുതിയ പണിയൊന്നും അയാളിലേക്ക് എത്തരുതെന്നുമാത്രമേ അവൾക്കുള്ളു. എന്നും പടിയിറങ്ങുമ്പോൾ അപേക്ഷപോലെ അവൾ പറയുകയും ചെയ്യും ''അണ്ണാ, ചോറും കറിയുമൊക്കെ അടച്ചുവെച്ചിട്ടുണ്ട്. അറിയാത്ത നമ്പറിലെ ഫോണൊന്നും എടുക്കല്ലേ ...'

ഗീതയെ എന്തിനും മേലെ അവനിഷ്ടമാണ്. അവനെ പലതിൽനിന്നും തടഞ്ഞു നിർത്തുന്നതും അതു തന്നെയാണ്. എല്ലാ ദിവസവും പതിവ് മറുപടി ആത്മാർത്ഥമായിത്തന്നെ അവൻ പറയും ''ഞാനിവിടൊക്കെത്തന്നെ ഉണ്ടാവും പെണ്ണേ,നീ സമാധാനമായിട്ടു പോ''.

അന്ന് രാവിലെയും അവൻ അതാവർത്തിച്ചിരുന്നു. അതായിരുന്നു പരിചയമില്ലാത്ത നമ്പറിൽ നിന്നുള്ള ഫോൺ എടുക്കാനുള്ള പ്രധാന തടസ്സം.

വീണ്ടും ഫോൺ ശബ്ദിച്ചത്തോടെ ദാമോദരൻ ഫോണിലേക്കു നോക്കി ഒന്ന് രണ്ടു നിമിഷമിരുന്നു. ''ഞാനൊന്നെടുത്തു നോക്കുന്നേയുള്ളു'' എന്ന് മനസ്സുകൊണ്ട് ഗീതയോട് പറഞ്ഞുകൊണ്ട് അവൻ ഫോൺ കയ്യിലെടുത്തു.

''നീ ദാമുവല്ലേ മോനെ...?'' വയസ്സായ ഒരു സ്ത്രീയുടെ വിറയാർന്ന ശബ്ദം അവൻ തീരെ പ്രതീക്ഷിച്ചതല്ലായിരുന്നു. അവന്റെ മറുപടി താമസിച്ചിട്ടെന്നപോലെ വീണ്ടും മറുതല

**ദാമോദരൻ ജോലിയൊന്നും 'ഏറ്റുപിടിക്കരു'തെന്ന് അവൾ ആഗ്രഹിക്കുന്നതിനു പ്രധാന കാരണം അവൻ ഒരു വാടക ഗുണ്ടയാണ് എന്നതാണ്. ''കൊട്ടേഷൻ ദാമു'' എന്നാണ് അവനെ എല്ലാവരും വിളിക്കുന്നതെന്ന് അവൾക്കറിയാം. അവൻ അങ്ങിനെയായതിന്റെ ചരിത്രമൊക്കെ ഗീതയും ഇപ്പോൾ ഓർക്കാറില്ല. പുതിയ പണിയൊന്നും അയാളിലേക്ക് എത്തരുതെന്നുമാത്രമേ അവൾക്കുള്ളു. എന്നും പടിയിറങ്ങുമ്പോൾ അപേക്ഷപോലെ അവൾ പറയുകയും ചെയ്യും ''അണ്ണാ, ചോറും കറിയുമൊക്കെ അടച്ചുവെച്ചിട്ടുണ്ട്. അറിയാത്ത നമ്പറിലെ ഫോണൊന്നും എടുക്കല്ലേ ...'**

ക്കൽ നിന്നും ശബ്ദം തുടർന്നു. ''ഇത് ഗീതയുടെ ദാമുവിന്റെ നമ്പറല്ലേ മോനെ...അല്ലെ?''

''അതെ..ദാമുവാണ്... ആരാണ് മനസ്സിലായില്ല..'' അവൻ മറുപടി പറഞ്ഞു. ഗീതയെ അറിയുന്നവരാരോ എന്നത് കൂടുതൽ ആകാംഷയായി.

''ഓ... നിന്റെ കഥയൊക്കെ അവൾ എന്നും പറയും. കുറേ നാളായി വിളിക്കണമെന്ന് വിചാരിച്ച് തുടങ്ങിയിട്ട്...' വിറശബ്ദം തുടർന്നു.

'' മനസ്സിലായില്ല.....ഇത്...ഇത് വിമലാമ്മയാണോ?''

തന്നെപ്പറ്റി 'അവൾ എന്നും പറയും' എന്നു പറഞ്ഞതോടെ, ഗീത പണിക്കു പോകുന്ന വീട്ടിലെ വിമലകുമാരി എന്ന റിട്ടയർചെയ്ത വില്ലേജ് ഓഫിസറാവും മറുതലക്ക് എന്ന ഊഹത്തിലാണ് അവൻ ചോദിച്ചത്.

''ഓ...നീ എങ്ങനെയറിഞ്ഞു ? അവൾ എന്നെപ്പറ്റി പറയാറുണ്ടല്ലേ ? ഞാൻ പെട്ടന്ന് കാര്യം പറയാം. എനിക്ക് അത്യാവശ്യമായി നിന്നെയൊന്നു കാണണം. ഗീത അറിയണ്ട. അവളോട് ഒന്നും പറയണ്ട. എന്തെങ്കിലും കാരണം പറഞ്ഞു നീ ഈ യാഴ്ച ഒരു ദിവസം ഇവിടം വരെ വരണം... '

ഗീതയായിരിക്കുമല്ലോ നമ്പർ കൊടുത്തത് എന്ന് ദാമോദരൻ ചിന്തിക്കുന്നത് അറിഞ്ഞിട്ടെന്നപോലെ മറുതലക്കലുള്ള ശബ്ദം തുടർന്നു ''എന്തെങ്കിലും അത്യാവശ്യത്തിന് നിന്റെ നമ്പറിരിക്കട്ടെ എന്നുപറഞ്ഞ് നമ്പർ വാങ്ങിയതാ.... നീ വരാതിരിക്കരുത്''

എന്തായാലും കാര്യം എന്നറിയാനായില്ലെങ്കിലും ''ഞാൻ വരാമമ്മേ'' എന്നാണ് അവന് മറുപടി വന്നത്. ഗീതയെപ്പറ്റി എന്തോ പറയാനാവുമെന്ന് അവന്റെ മനസ്സ് പറയുകയും ചെയ്തു.

''നീ നേരിട്ട് വാ... അപ്പോൾ സംസാരിക്കാം....ന്നാ ശരി'' അതോടെ, അവൻ പ്രതീക്ഷിക്കാതെ, ഫോൺ നിശ്ശബ്ദമായി.

വൈകിട്ട് ഗീത വന്നതും വിമലാമ്മ വിളിച്ചതു ചോദിക്കണമെന്നു കരുതിയെങ്കിലും, അവരുടെ വാക്കുകൾ അവനെ അതു വിലക്കി. അവളായിട്ട് എന്തെങ്കിലും പറയുമോ എന്നറിയാൻ അവൻ കുറേ കാത്തു. കഞ്ഞികുടി സമയം അവൻ അവളോട് ചോദിച്ചു ''എന്ത് പറയുന്നു നിന്റെ വിമലാമ്മ ?''

''ഓ എന്ത് പറയാൻ... എല്ലാം പഴയപോലെതന്നെ... അധികവും കിടന്ന കിടപ്പ്...ലോകത്തുള്ളതെല്ലാം അറിയാം, അറിയണം... വേദന കൂടുന്നതല്ലാതെ കുറയുന്നേയില്ല..സഹിക്കാനാവുന്നില്ല എന്ന് പറഞ്ഞു കൊണ്ടേയിരിക്കും.... എല്ലാ ദിവസവും ഒരേ പോലെ..അല്ലാതെന്താ ...'

'അവരുടെ മോനില്ലേ അവിടെ? ഭാര്യയും കുട്ടികളുമൊക്കെ അവിടെയില്ലേ ? '

'അവരൊക്കെയുണ്ട്...താഴത്തെ നിലയില്. എല്ലാവരും ഒമ്പതുമണിയോടെ വീടൊഴിയും....പിന്നെ വൈ



കിട്ടാവും മടക്കം. അവരാരും അമ്മയുടെയടുത്ത് പോകാറില്ല. മോൻ രാവിലെയും വൈകിട്ടും ഒന്ന് പോയി നോക്കും. അത്രേയുള്ളു..അവർ തമ്മിൽ സംസാരമൊന്നുമില്ല.''

'' പിള്ളേര്? അവരും പോകില്ലേ?''

''അവരും പോകില്ല. ആ മാഡം സമ്മതിക്കില്ല. പിന്നെ, ആ മകനുണ്ടല്ലോ, അതവരുടെ ആദ്യത്തെ ഭർത്താവിലുള്ളതാ. അയാള് മരിച്ചപ്പോ അവര് ഓഫീസിൽ കൂടെയുണ്ടായിരുന്ന ഒരാളുടെ കൂടെയായി പിന്നീട്. നേരത്തെതന്നെയുള്ള അടുപ്പമായിരുന്നുവെന്നും, വലിയ നാണക്കേടുണ്ടാക്കിയ  കഥയാണെന്നും കേട്ടിട്ടുണ്ട്. പിന്നെ കുറേക്കാലമുള്ള കഥയൊന്നും ആർക്കുമറിയില്ല. മോൻ പഠിച്ചതും ജോലി കിട്ടിയതുമൊക്കെ അവന്റെ അച്ഛന്റെ വീട്ടിൽ നിന്നാ. റിട്ടയർ ചെയ്ത്

ഒറ്റക്കായി എവിടെയോ കിടപ്പിലായപ്പോ, മോൻ കൂട്ടിക്കൊണ്ടുവന്നതാ. അവനും അമ്മയെ ഇഷ്ടമൊന്നുമല്ല.. പിന്നെ...വയസ്സായതു കൊണ്ടാ...'

ദാമോദരൻ കഥ കേൾക്കുന്നപോലെ ഇരുന്നു.

''ഞാൻ വൈകിട്ട് വന്നാൽ അടുത്ത ദിവസം തിരിച്ചെത്തുന്നവരെ, ഞാമ്പറഞ്ഞില്ലേ, മോൻ ഒന്ന് പോയി നോക്കും....അല്ലാത്തപ്പോഴൊക്കെ അങ്ങിനെതന്നെ...ചിലപ്പോൾ കഷ്ടം തോന്നും. അമ്മക്ക് ആകെയുള്ളതു ടെലിവിഷനും മൊബൈൽ ഫോണും. ആരെയും അധികം വിളിച്ച് കണ്ടിട്ടില്ല. അവർക്ക് എത്രയും പെട്ടന്ന് മരിച്ചാൽ മതിയെന്നാണ്....''

ദാമോദരൻ അവളെ നോക്കാതെ തന്നെ അവൾ പറയുന്നത് ശ്രദ്ധിച്ചു.. അവന്റെ മനസ്സിലേക്ക് ഒന്നും തെളിഞ്ഞു വന്നില്ല. അവരെന്തിനാവും കാണണമെന്നു പറഞ്ഞതെന്നും. ഗീത അറിയേണ്ട എന്നു പറഞ്ഞതിന് എന്താവും കാരണമെന്നും അവന് ഊഹിക്കാൻ കഴിഞ്ഞില്ല. ആകാംക്ഷ എറിയതോടെ അവരെ കാണാമെന്ന് അവൻ തീരുമാനിച്ചു. അതിനായി ഒരു കാരണം കണ്ടുപിടിക്കാനും.

''വിമലാമ്മേ, എന്റെ ഭർത്താവ് ഇവിടെ അടുത്ത് വന്നപ്പോ ഞാൻ മറന്ന കുടയുമായി വന്നിട്ടുണ്ട്. വൈകിട്ട് ചിലപ്പോ മഴ പെയ്തേക്കുമെന്ന്. അമ്മയെയും കണ്ടിട്ട് പോകാമെന്ന് പറയുന്നു... ഇതുവരെ കണ്ടിട്ടില്ലല്ലോ...പറഞ്ഞു കേട്ടിട്ടല്ലേയുള്ളൂ... അകത്തേക്ക് വരാൻ പറയട്ടെ? '

ഗീതയുടെ ചോദ്യത്തിന് ഒരു ഭാവവ്യത്യാസവും ഇല്ലാതെയാണ് അവർ മറുപടി പറഞ്ഞത്. ''എന്നെ എന്ത് കാണാനാ മോളെ...ന്നാലും ഇവിടം വരെ വന്നതല്ലേ...വരാൻ പറയൂ....പുറമേന്ന് ഒരാളെ കണ്ട കാലം മറന്നു...'

കട്ടിലിൽ കിടക്കുന്ന, അല്പം തടിയുള്ള, പ്രായമായ ഒരു സ്ത്രീരൂപത്തെ മനസ്സിൽ സങ്കല്പിച്ചുകൊണ്ടാണ് അവൻ മുറിക്കുള്ളിലേക്ക് കടന്നത്. എന്നാൽ ഒരു ചക്രക്കസേരയിൽ, മുടി തീർത്തും കൊഴിഞ്ഞ ഒരു മെലിഞ്ഞ രൂപം കണ്ടപ്പോൾ ത്തന്നെ, ദാമോദരന് പരിതാപം തോന്നി.

**ദാമോദരൻ അവളെ നോക്കാതെ തന്നെ അവൾ പറയുന്നത് ശ്രദ്ധിച്ചു.. അവന്റെ മനസ്സിലേക്ക് ഒന്നും തെളിഞ്ഞു വന്നില്ല. അവരെന്തിനാവും കാണണമെന്നു പറഞ്ഞതെന്നും. ഗീത അറിയേണ്ട എന്നു പറഞ്ഞതിന് എന്താവും കാരണമെന്നും അവന് ഊഹിക്കാൻ കഴിഞ്ഞില്ല. ആകാംക്ഷ എറിയതോടെ അവരെ കാണാമെന്ന് അവൻ തീരുമാനിച്ചു. അതിനായി ഒരു കാരണം കണ്ടുപിടിക്കാനും.**

''അമ്മെ..ഇതാണ് ...' ഗീതയുടെ ശബ്ദം കേട്ടതും അവർ മുഖംതിരിച്ചു. അവരുടെ കുഴികളിലേക്കു മുങ്ങിയ കണ്ണുകളിൽ തുടർച്ചയായി നോക്കാൻ അവൻ മടിച്ചു.

''ങാ...ദാമോദരൻ...അതല്ലേ പേര്...കാണാൻ കഴിഞ്ഞതിൽ സന്തോഷം. ആരെങ്കിലും ഈ മുറിയിൽ വന്ന കാലം മറന്നു...' അവർ ഒന്ന് ചിരിക്കാൻ ശ്രമിച്ചുകൊണ്ട് തുടർന്നു ''നീയൊരു കാര്യം ചെയ്യൂ ഗീതേ... കുറേ നാളുകഴിഞ്ഞ് ഒരാളു വന്നതല്ലേ. താഴെ പോയി ഒരു ചായ തിളപ്പിക്ക്. ഞാൻ അതുവരെ ഇയാളോട് സംസാരിച്ചിരിക്കാം...അത്രയും സമയം പോകുമല്ലോ...'

'വീട്ടിൽനിന്നും ചായ കുടിച്ചാണ് ഇറങ്ങിയത്'' എന്ന് ഗീത പറയുമോ എന്ന് അവൻ ഭയപ്പെട്ടു.

''നീ ഇങ്ങടുത്തു വാ...അവൾ വരും മുമ്പേ നിന്നോട് ഒരു കാര്യം പറയാനുണ്ട്...' അവർ മെല്ലെ പറഞ്ഞു.

അനുസരണയുള്ള ഒരു ബാലനെപ്പോലെ അവൻ അടുത്തു ചെന്നു.

''നിന്റെ ജോലിയൊക്കെ എനിക്കറിയാം...അവൾ പറഞ്ഞിട്ടുണ്ട്. പിന്നെ, ഞാൻ നിന്നെ കാണണമെന്ന് പറഞ്ഞത് സത്യത്തിൽ നിനക്കെന്നെ കാണാനാണ്. ഇപ്പോൾ മനസ്സിലായിരിക്കുമല്ലോ എന്റെ അവസ്ഥ. പുറമേക്ക് കാണുന്നതിന്റെ ആയിരം മടങ്ങു വേദനയാണ് ഉള്ളിൽ. കാണുന്നവർക്കറിയാൻ പറ്റില്ല, എനിക്കതൊന്നും പറഞ്ഞറിയിക്കാനുമാവില്ല. ...'

ഒരു നിമിഷം നിറുത്തിയ ശേഷം, ഗീത വരുന്നുണ്ടോ എന്നുറപ്പാക്കി, അല്പം ധൃതിയിൽ അവർ തുടർന്നു ' അത് പോട്ടെ. നീ ഇപ്പൊ എന്നെ കണ്ടല്ലോ. അതായിരുന്നു ആവശ്യം. അവളിപ്പോ ചായയുമായി വരും. അതിനു മുന്നേ ഞാൻ പറയട്ടെ, നിന്റെ ഫോൺ നമ്പർ എന്റെ കയ്യിലുണ്ട്. എനിക്കൊരാവശ്യം ഉണ്ട്. നിന്റെ ജോലിയൊക്കെ എനിക്കറിയാം. നീ എന്നെ ഒന്നു സഹായിക്കണം...'.

അവർ എന്താണ് പറയുന്നത് എന്നറിയാതെ അവൻ കുഴഞ്ഞു. തന്റെ ''ജോലി'' ഗീത പറഞ്ഞറിഞ്ഞിരിക്കും. അങ്ങിനെ വല്ല പണിയും അവർ മനസ്സിൽ കണ്ടിരിക്കുമോ എന്നവൻ ഭയന്നു. ' അമ്മെ...ഞാനിപ്പോ ഒരു പണിക്കും പോകാറില്ല... അമ്മ എന്താണുദ്ദേശിച്ചത് എന്ന് മനസ്സിലായില്ല...'

'അതൊക്കെ ഞാൻ സമയം പോലെ പറയാം. നീ എന്നെ നന്നായി കണ്ടല്ലോ. അത് മതി. ഇവിടേക്ക് ആരും വരാറില്ല. ആരോടും ഒന്നും ആവശ്യപ്പെടാനും എനിക്ക് പറ്റില്ല. നീ ഏതായാലും വന്നല്ലോ...ബാക്കി ഞാൻ പിന്നെ ഫോണിൽ പറയാം.... അവളിപ്പോ വരും..'' അവർ വീണ്ടും ധൃതിയിൽ പറഞ്ഞു. അവൾ വരുന്നതു കണ്ടതും അവർ തുടർന്നു ''അതുകൊണ്ട് നീ ഇവളെ നന്നായി ത്തന്നെ നോക്കണം...വേണ്ടാത്ത പണിക്കൊന്നും പോകരുത്. നാളെ ഒരു കുഞ്ഞിക്കാല് വരില്ലാ എന്ന് പറയാനാവില്ല. എന്ത് കാര്യമാ ഇവൾക്ക് നിന്നോടെന്നോ? നിന്നെ കണ്ടപ്പോ അത് പറയണം എന്ന്

തോന്നി. എന്നോടിവളെല്ലാം പറയാറുണ്ട്. അതാണ്....''

അവർ പെട്ടന്ന് വിഷയം മാറ്റിയതിൽ ദാമോദരന് അത്ഭുതം തോന്നി. ശോഷിച്ച ശരീരത്തിലും അതിബുദ്ധിയുള്ള ഒരു സ്ത്രീ ഒളിച്ചിരിക്കുന്നതായി അവനു തോന്നി. ഗീത ഒന്നും അറിയരുത് എന്ന് അവർ ആഗ്രഹിക്കുന്നു എന്നതും അവനു മനസ്സിലായി...

അവൻ മറുപടിയൊന്നും പറഞ്ഞില്ല.

''നീ ചായ കുടിക്കു... ഞാൻ അവനെ ഒന്നുപദേശിക്കുകയായിരുന്നു ഗീതേ.... വേണ്ടാത്തപണിക്കൊന്നും പോകരുതെന്ന്... ' അവരുടെ ശുഷ്കിച്ച മുഖത്ത് ചെറു ചിരി തെളിയുന്നത് അവൻ അറിഞ്ഞു.

യാത്ര പറഞ്ഞു പോകുമ്പോഴും അവരുടെ കണ്ണുകളിൽ കണ്ട പ്രതീക്ഷയോടെയുള്ള നോട്ടം ദാമോദരന്റെ കൂടെത്തന്നെ തുടർന്നു.

അടുത്ത ഒന്ന് രണ്ടു ദിവസങ്ങൾ പതിവുപോലെ തുടർന്നു. മൂന്നാം ദിവസം ദാമോദരന്റെ ഫോണിലേക്ക് വീണ്ടും വിമലാമ്മയുടേ വിളിയെത്തി.

''എന്താണ് വിമലാമ്മേ...വെറുതെ വിളിച്ചതാണോ...' ആകാംക്ഷ പുറത്തുകാണിക്കാതെ അവൻ ചോദിച്ചു. ഗീതയില്ലാത്ത സമയം നോക്കി വിളിക്കുന്നതാണെന്ന് അവനു മനസ്സിലായി.

''വെറുതെ ആരെങ്കിലും വിളിക്കുമോ...ആവശ്യമുണ്ട്'' മറുപടി അല്പം പ്രതീക്ഷിക്കാത്ത രീതിയിലായിരുന്നു. അവൻ മൗനം തുടർന്നു.

''വളച്ച് കെട്ടില്ലാതെ കാര്യം പറയാം...എനിക്ക് നിന്റെ ജോലി നന്നായറിയാം... കാശു കിട്ടിയാൽ സൂത്രത്തിൽ കാര്യം നടത്തിക്കൊടുക്കും... ശരിയല്ലേ... എനിക്കൊരു കാര്യം നടത്താനുണ്ട്...നീ എന്നെ സഹായിക്കണം.''

''ഞാനാ പണിയൊക്കെ നിറുത്തി വിമലാമ്മേ. ഗീത പറഞ്ഞിരിക്കുമല്ലോ. ഇപ്പൊ അടിപിടിയും കേസുമൊന്നും ഇല്ലാതെ ഒതുങ്ങിയതാ. ഞാനാ പണി നിറുത്തി'' പലതും മനസ്സിൽ കണ്ടിട്ടെന്നപോലെ അവൻ പെട്ടന്ന് മറുപടി പറഞ്ഞു. അവരുടെ മനസ്സിലെ ശത്രു ആരാവുമെന്ന് അവൻ ആലോചിച്ചു...മകനും, മരുമകളും എല്ലാം അവന്റെ മനസ്സിലൂടെ പാഞ്ഞു.

''അതിന് അടിപിടിയും കുത്തുമൊന്നും ഞാൻ പറഞ്ഞില്ലല്ലോ... ഒരു സഹായം മാത്രമല്ലേ ചോദിച്ചുള്ളൂ...' പെട്ടന്നായിരുന്നു മറുപടി.

ദാമോദരൻ ഒരു നിമിഷം കാത്തു.... അടുത്ത നിമിഷം അവരുടെ ശബ്ദം വീണ്ടും തുടർന്നു.

''മോനെ, നിനക്കറിയാമല്ലോ ഞാൻ ഇവിടെ എങ്ങിനെ കഴിയുന്നുവെന്ന്. സഹിക്കാവുന്നതിലധികം വേദന ഞാൻ ഇപ്പൊത്തന്നെ അനുഭവിച്ചു കഴിഞ്ഞു. അതിലും എത്രയോ ഏറെ മനോവേദനയും. ഇവൾ ദിവസവും വരുന്നത് കൊണ്ട് വൃത്തിയും വെടിപ്പുമായി കഴിയുന്നവെന്നു മാത്രം...'

അവരുടെ മൗനത്തിന് ഒരു നിമിഷം അവനും കൂട്ടുപിടിച്ചു.

**അവർ എന്താണ് പറയുന്നത് എന്നറിയാതെ അവൻ കുഴഞ്ഞു. തന്റെ "ജോലി" ഗീത പറഞ്ഞറിഞ്ഞിരിക്കും. അങ്ങിനെ വല്ല പണിയും അവർ മനസ്സിൽ കണ്ടിരിക്കുമോ എന്നവൻ ഭയന്നു. ' അമ്മെ... ഞാനിപ്പോ ഒരു പണിക്കും പോകാറില്ല... അമ്മ എന്താണുദ്ദേശിച്ചത് എന്ന് മനസ്സിലായില്ല...'**

''നീ എന്നെ ഒന്ന് സഹായിക്കണം, നിങ്ങടെ ഭാഷയിൽ കൊട്ടേഷൻ. അങ്ങിനെയല്ലേ ? കൊല്ലും കൊലയും അടിപിടിയും ഒന്നുമില്ല. അതുകൊണ്ടു ഗീതയുമൊന്നും പറയില്ല. അല്ലെങ്കിലും അവൾ അറിയേണ്ട. സഹായിക്കുമോ?''

''അമ്മ പറയുന്നതൊന്നും എനിക്ക് മനസ്സിലാവുന്നില്ല'' അവൻ പറഞ്ഞു.

അവരുടെ മകനെ അവർക്കിഷ്ടമല്ലായെന്നും, മരുമകളെ അത്രപോലും പ്രിയമല്ലെന്നും അവനറിയാം. അതിലാരെയോ ഉപദ്രവിക്കാൻ അവർ ആലോചിക്കുന്നുവെന്ന് അവനു പെട്ടന്ന് തോന്നി. പെട്ടന്ന് തന്നെ അവൻ മറുപടി പറഞ്ഞു ' ഇല്ല അമ്മെ, ഞാൻ വലിയ വാടക ഗുണ്ടയൊന്നും അല്ല. ചില കേസിൽ പെട്ടുവെന്ന് മാത്രം. പക്ഷെ ഞാനെല്ലാം നിറുത്തി... അമ്മ..'' അവനെ മുഴുമിപ്പിക്കാൻ അനുവദിക്കാതെ അവർ ഇടയ്ക്കു കയറി.

''ഞാൻ പറയുന്നത് കേൾക്ക്. നിന്നോട് ഞാൻ അടിപിടിക്കൊന്നും പറഞ്ഞില്ലല്ലോ. നീ ആരെയും ഉപദ്രവിക്കുകയും വേണ്ട. നിനക്കറിയാമല്ലോ, എനിക്കിവിടെ നിന്നും പുറത്തിറങ്ങാനാകില്ല. ആകെ വരുന്നത് നിന്റെ ഭാര്യയാണ്. അവൾക്കിത് ചെയ്യാനുമാകില്ല, നിനക്ക് നിസ്സാരവും. അതാണ് നിന്നോട് സഹായം ചോദിച്ചത്''

''അമ്മ എന്താണ് പറയുന്നത്... ഞാൻ എങ്ങിനെ സഹായിക്കണമെന്ന്..'' അവൻ അറിയാതെ ചോദിച്ചു.

' നീ ചോദിക്കുന്ന കാശു ഞാനെത്തിക്കും. നിനക്ക്, എന്നെ ഒന്ന് തീർത്തു തരാമോ... എങ്ങിനെയെങ്കിലും. നിന്റെ പണിയിതൊക്കെയായതു കൊണ്ടാണ് ഞാൻ നിന്നെത്തന്നെ വിളിച്ചത്. ആലോചിച്ചു തന്നെയാ വിളിച്ചത്. നിനക്ക് കോടി പുണ്യവും കിട്ടും. എനിക്കീ വേദനയുമായി ജീവിക്കാൻ വയ്യ. എനിക്കിത് ആരോടും പറയാനും വയ്യ. നിന്റെ ഭാര്യയോടു പോലും ..അതാ''

ദാമോദരൻ ശരിക്കും ഭയന്നു. തീരെ പ്രതീക്ഷിക്കാത്ത ആവശ്യമായിരുന്നു മുന്നിൽ. ഒരാളെ കൊല്ലണം. അതിനയാൾതന്നെ ''കൊട്ടേഷൻ''. ആദ്യമായാണ് അവൻ അങ്ങിനെ ഒരു കൊട്ടേഷനു മുന്നിൽ പെട്ടത്.

''നിന്നെ ബുദ്ധിമുട്ടിക്കുന്നതൊന്നും ഞാൻ ചോദിക്കുന്നില്ല. നീ ഇവിടെ വരികയോ എന്നെ ബുദ്ധിമുട്ടിച്ച് കൊല്ലുകയോ ഒന്നും വേണ്ട. എനിക്ക് സ്വാധീനമില്ലാത്തതു കൊണ്ടും പുറത്തേക്കു പോകാനൊന്നും വയ്യാത്തത് കൊണ്ടുമാണ്. '

എന്ത് മറുപടിപറയണം എന്നറിയാതിരുന്ന ദാമോദരനോടായി അവർ തുടർന്നു. ''മരുന്നിന്റെ പേരൊക്കെ ഞാൻ പറയാം. ഉറക്ക ഗുളികയാണ്. അത് കൂടുതൽ കഴിച്ചാൽ മതി. വേദന അറിയാതെ മരിക്കും. ആരും അറിയുകയുമില്ല. പ്രത്യേകിച്ചും ഈ കിടപ്പിൽ ആരും ഒന്നും സംശയിക്കുകയുമില്ല. പരാതിയുമുണ്ടാവില്ല. നിനക്കെന്നെ ഒന്ന് സഹായിച്ചുകൂടെ?''

'''അയ്യോ...എന്നെ ദയവായി ഒഴിവാക്കൂ..എനിക്കിതൊന്നും ആവില്ല. മാത്രമല്ല...'

'നീ അങ്ങിനെ പറയരുത്. മരുന്നിന്റെ പേര് ഞാൻ തരാം. നീ പല കടകളിൽ പോയി വാങ്ങിയാൽ മതി, ഒരമ്പതെണ്ണം. ആരും സംശയിക്കാതെ നിനക്കതു വാങ്ങാനാകും. നീ തന്നാലും ഉടനെയൊന്നും ഞാൻ കഴിക്കില്ല. ഒന്നോ രണ്ടോ ആഴ്ച കഴിഞ്ഞേ ഞാൻ പോകൂ... ആരും നിന്നെ സംശയിക്കുകില്ല. ഒരു കേസും ഉണ്ടാവില്ല.'' അവർ എല്ലാം തീരുമാനിച്ച പോലെ അവനെ അറിയിക്കുകയായിരുന്നു. അവരുടെ കൊലുന്ന ശരീരത്തിൽ ഇത്രയെല്ലാം ആലോചന നടക്കുന്നതിൽ അവൻ അത്ഭുതപ്പെട്ടു.

എന്ത് മറുപടി നൽകുമെന്ന് അവൻ ഒരു നിമിഷം ആലോചിച്ചു. ഫോൺ സംഭാഷണം മുറിച്ചാലോ എന്നും. പല കുരുത്തക്കേടുകളിൽ തലവെച്ചിട്ടുണ്ടെങ്കിലും, ഇതുപോലെ ഒന്നിൽ എത്തിയിട്ടേയില്ലന്നവനറിയാമായിരുന്നു. പുറമെ പലരും വട്ടപ്പേരായി ''കൊട്ടേഷൻ ദാമു'' എന്നൊക്കെ പറയുമ്പോഴും, ഒരാളുടെ ജീവൻ കളയുന്നപോലെയുള്ള കളികൾ ഒന്നും കളിച്ചിട്ടില്ല എന്നും.

''നീ ഒന്നും പറഞ്ഞില്ല. വെറുതെ വേണ്ട. ഞാൻ ഗീതയുടെ കയ്യിൽ നിങ്ങൾക്കായി ഒരുലക്ഷം രൂപ കൊടുത്തിട്ടുണ്ട്. കുറെ നാളായില്ലേ എന്നെ നോക്കുന്നു. എന്റെ സന്തോഷത്തിനു തരുന്നതാണ് എന്നാണവളോട് പറഞ്ഞിട്ടുള്ളത്. മോനോട് പറയരുതെന്നും നിന്നോട് പറയണം എന്നും ഞാൻ പറഞ്ഞിട്ടുണ്ട്. അവൾ സന്തോഷത്തോടെ ഇപ്പോൾ ഇറങ്ങിയതേയുള്ളു. നീ

**എല്ലാം കൃത്യമായി ആസൂത്രണം ചെയ്തു നടപ്പാക്കുന്ന ഒരു കൊട്ടേഷൻ നേതാവിനെപ്പോലെയുള്ള അവരുടെ സംസാരത്തിൽ അവന് അത്ഭുതമായി. അവൻ മറുപടി പറയും മുമ്പേ അവർ ഫോൺ താഴെ വെച്ചു. താമസിയാതെ ദാമോദരന്റെ ഫോണിലേക്ക് ഒരു മരുന്നിന്റെ പേര് തെളിഞ്ഞു വന്നു.... അധികം താമസിയാതെ തെളിഞ്ഞ മുഖവുമായി ഗീതയും.**

ഇത് ചെയ്തു തരണം. മരുന്നിന്റെ പേര് ഞാൻ നിനക്കയച്ചുതരാം. ഞാനും നീയും മാത്രം അറിഞ്ഞാൽ മതി. ടൗണിൽ നാലഞ്ച് കടയിൽ പോയി മേടിക്കണം. മനസ്സിലായല്ലോ. അവൾ അറിയാതെ എനിക്കെത്തിച്ചു തന്നാൽ മതി.. പിന്നെ നീ എല്ലാം മറന്നോളൂ. ഒരു പണി നീ ഏറ്റാൽ പിന്നെ മാറില്ല എന്നാണു ഗീത പറഞ്ഞിട്ടുള്ളത്. ശരിയല്ലേ, പറ്റിക്കില്ലല്ലോ...'

എല്ലാം കൃത്യമായി ആസൂത്രണം ചെയ്തു നടപ്പാക്കുന്ന ഒരു കൊട്ടേഷൻ നേതാവിനെപ്പോലെയുള്ള അവരുടെ സംസാരത്തിൽ അവന് അത്ഭുതമായി. മരിക്കാൻ ഉറക്ക മരുന്നും, സംശയം തോന്നാതെ പല കടകളിൽ നിന്നും മേടിക്കണം എന്നതുമെല്ലാം ഇതേ വഴിയിലൂടെ കാര്യങ്ങൾ ചെയ്യുന്ന ഒരാളെപ്പോലെ കൃത്യമായിരുന്നു.

അവൻ മറുപടി പറയും മുമ്പേ അവർ ഫോൺ താഴെ വെച്ചു. താമസിയാതെ ദാമോദരന്റെ ഫോണിലേക്ക് ഒരു മരുന്നിന്റെ പേര് തെളിഞ്ഞു വന്നു....അധികം താമസിയാതെ തെളിഞ്ഞ മുഖവുമായി ഗീതയും.

തിങ്ങിക്കൂടിയ ആൾക്കൂട്ടത്തിനിടയിലൂടെ ദാമോദരൻ മരണ വീടിന്റെ മുറ്റത്തേക്ക് നീങ്ങി. ഒന്ന് രണ്ടാഴ്ച മുൻപേ അവരുടെ വീട്ടിലേക്കു, തന്റെ തൊഴിലിനോട് നീതിപുലർത്തി, ഗീത മറന്നു പോയ കുടയുമായി ഒരിക്കൽക്കൂടി കയറി ചെന്നത് അവന്റെ മനസ്സിൽ തെളിഞ്ഞു. അവരും പറഞ്ഞ പോലെ അവരുടെ വാക്കുപാലിച്ചു എന്ന് അവനു മനസ്സിലായി.

ഒരു മരണ വീട്ടിലെ ബഹളവും നിലവിളിയുമൊന്നുമില്ലാതെ വിമലാമ്മയെ നിലത്ത് കിടത്തിയിരുന്നതവൻ കണ്ടു. കരഞ്ഞ കണ്ണുമായി ഗീത മാത്രം. എല്ലാവർക്കും സമാധാനം നൽകിയ ഒരു കൊട്ടേഷൻ തീർന്ന പോലെ ദാമോദരനും തോന്നി.

''ഒരുകണക്കിന് അവർ നല്ല ഭാഗ്യം ചെയ്തതാ....ഉറക്കത്തിൽ തന്നെ മരണം. അവസാനം മകന്റെ വീട്ടിൽത്തന്നെ കിടന്നായല്ലോ. വേദന കുറേ തിന്നെങ്കിലും ഭാഗ്യം തന്നെയാണ്. വിമലാമ്മയുടെ ആദ്യ ഭർത്താവും ചെറു പ്രായത്തിലാണെങ്കിലും ഉറക്കത്തിൽ മരിച്ചത് ഓർമവരുന്നു..അതേപോലെ വിമലാമ്മയും. ഏതായാലും വലിയ ഒരു കഥ അവസാനിച്ചിരിക്കുന്നു. മരണം എല്ലാത്തിനും ഒരു മോക്ഷംതന്നെ. നല്ലതിനും ചീത്തക്കും എല്ലാം...'

കൂടി നിന്നവരിൽ തലനരച്ച ഒരു മനുഷ്യന്റെ സംസാരത്തിനു പിന്നിലെ പഴയ കഥയും പുതിയ കഥയും ദാമോദരന് മാത്രം തെളിഞ്ഞു മനസ്സിലായി. അവൻ മെല്ലെ, തെല്ലും കുറ്റബോധമില്ലാതെ, ആൾക്കൂട്ടത്തിനു പുറകിലേക്ക് വലിഞ്ഞു.



# ശ്രീമദ് ഭഗവത് ഗീത
## ഒരു ആമുഖം

**ഗീത പദാനുപദം പരിഭാഷ ചെയ്യുകയല്ല ഇവിടെ. ഗീത എന്താണെന്ന് ഒരു സാമാന്യജ്ഞാനം താൽപ്പര്യമുള്ളവർക്ക് പകരാനുള്ള ശ്രമമാണ് സുധീർ പണിക്കവീട്ടിൽ ഈ പരമ്പരയിലൂടെ നടത്തുന്നത്**

**സുധീർ പണിക്കവീട്ടിൽ**

മതവിശ്വാസങ്ങൾ പലർക്കും പലതാണ്. ഓരോരുത്തരും അവരവരുടെ വിശ്വാസങ്ങളിൽ ജീവിക്കുന്നു. എന്നാൽ സ്വന്തം മതം മാത്രം സത്യമെന്നു ശഠിക്കുന്ന സങ്കുചിതമനോഭാവമുള്ള ഒരു വ്യക്തി ഒരിക്കൽ ഈ ലേഖകനോട് ചോദിച്ചു. 'നിങ്ങളുടെ ഗീതയിൽ (ആ പ്രയോഗം തന്നെ തെറ്റ്. ഗീത ആരുടെ?) കൊല്ലും കൊലയും ഭസ്മം എറിയലുമല്ലാതെ എന്താണുള്ളത്? മതഭ്രാന്ത് കൊണ്ട്അജ്ഞത അനുഭവിക്കുന്ന ആ സാധു മനുഷ്യനെപ്പോലെ അനേകരുണ്ട്. അങ്ങനെയുള്ളവരുടെ ചോദ്യങ്ങൾക്ക് മുമ്പിൽ അറിവില്ലായ്മകൊണ്ട് മറുപടി പറയാനറിയാതെ മിഴിച്ചു നിൽക്കേണ്ടിവരുന്ന ഹൈന്ദവവിശ്വാസികളുണ്ട്. ഹൈന്ദവവിശ്വാസത്തിൽ നിന്നും മാറിപ്പോയവരിൽ ഭൂരിപക്ഷം പേർക്കും ഗീത കേട്ടറിവുപോലുമില്ലായിരുന്നു എന്ന സത്യം ഭാരതീയരെ ഞെട്ടിക്കുന്നതാണ്.

**ഭഗവത്ഗീത ഒരു പുണ്യ വേദപുസ്തകമാണ്. എന്നാൽ അത് ഒരു മതഗ്രന്ഥമല്ല. ഈ ഗ്രന്ഥം മാനവരാശിക്ക് കിട്ടിയ ഒരു സന്ദേശമാണ്. ഇന്നത്തെ പ്രശ്നങ്ങളെ പരിഹരിച്ചുകൊണ്ട് ഭാവിയിലേക്ക് പുരോഗമിക്കാനുള്ള സഹായക ഗ്രന്ഥമാണ് ഗീത. ബന്ധനങ്ങളിൽ നിന്ന് മനുഷ്യരെ സ്വതന്ത്രമാക്കാൻ ഗീത പാരായണം സഹായിക്കുന്നു.**

ഗീത ഭാരതത്തിന്റെ പവിത്രമണ്ണിൽ പിറന്നുവീണിട്ടും അതെന്താണെന്നു അറിയാത്തവരും അറിയാൻ ശ്രമിക്കാത്തവരുമായ ഭാരതീയരുണ്ട്. ഭഗവത്ഗീത ഒരു പുണ്യ വേദപുസ്തകമാണ്. എന്നാൽ അത് ഒരു മതഗ്രന്ഥമല്ല. ഈ ഗ്രന്ഥം മാനവരാശിക്ക് കിട്ടിയ ഒരു സന്ദേശമാണ്. ഇന്നത്തെ പ്രശ്നങ്ങളെ പരിഹരിച്ചുകൊണ്ട് ഭാവിയിലേക്ക് പുരോഗമിക്കാനുള്ള സഹായക ഗ്രന്ഥമാണ് ഗീത. ബന്ധനങ്ങളിൽ നിന്ന് മനുഷ്യരെ സ്വതന്ത്രമാക്കാൻ ഗീത പാരായണം സഹായിക്കുന്നു.

ഉപനിഷത്തുകളാകുന്ന പശുക്കളിൽ നിന്ന് കറവക്കാരനായ ഗോപാലകൃഷ്ണൻ കറന്നെടുത്ത പാലാണ് ഗീതയെന്നു വിശ്വസിച്ചുവരുന്നു.ഗീത ഉപനിഷത്തുക്കളുടെ സാര സംഗ്രഹമാണെന്നു വിവക്ഷ. ഗുരുവും ശിഷ്യനുമായുള്ള സംഭാഷണ രൂപത്തിലാണ്. ഉപനിഷത്തുക്കൾ രേഖപ്പെടുത്തിയിട്ടുള്ളത്.

ഉപനിഷത്ത് എന്ന വാക്കിനു താഴെ അടുത്തിരിക്കുക എന്ന അർത്ഥമാണ്. (അടുത്തിരുന്നു കേൾക്കുക എന്നുകൂടി അർത്ഥമുണ്ടെന്നു പണ്ഡിതർ) ചിരന്തനഭാരതത്തിന്റെ അമൂല്യ സമ്പത്താണ് ഉപനിഷത്തുക്കൾ.

ഭഗവത്ഗീതയുടെ പഴക്കത്തെ ച്ചൊല്ലി തർക്കങ്ങൾ ഉണ്ട്. ക്രിസ്തുവർഷത്തിനു നൂറു വർഷം മുമ്പേയാണതിന്റെ ഉത്ഭവമെന്നു ചിലർ വിശ്വസിക്കുമ്പോൾ ഇതിനു അയ്യായിരത്തിൽപരം വർഷങ്ങളുടെ പഴക്കമുണ്ടെന്ന് ചിലർ വാദിക്കുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ ഗീത ഉപനിഷത്തുക്കളുടെ സാരമാകുമ്പോൾ അതിന്റെ പഴക്കം ഊഹിക്കാവുന്നതാണ്.

യുദ്ധഭൂമിയിൽ അർജ്ജുനനെ യുദ്ധസന്നദ്ധനാക്കാൻ അവിടെ ഉണ്ടാക്കിയ ഒരു തത്ത്വശാസ്ത്രമാണ് ഗീതയെന്ന് ധരിച്ചിട്ടുള്ളവർ അനവധി പേരുണ്ടാകും. എന്നാൽ അതല്ല വാസ്തവമെന്ന് ഗീത തന്നെ പറയുന്നു.

ഇമം വിവസ്വതേ യോഗം
പ്രോക്താവനഹമവ്യയം
വിവസ്വാൻ മനവേ പ്രാഹ
മനരീക്ഷാകവബ്രവീത് (4:1)

ഈ യോഗശാസ്ത്രം, പണ്ട് ഞാൻ സൂര്യന് ഉപദേശിച്ചു. സൂര്യൻ സ്വപുത്രനായ മനുവിനും, മനു അവന്റെ പുത്രനായ ഇക്ഷ്വാകുവിനും അത് കൈമാറി. ഇങ്ങനെ പരമ്പരയാ തുടർന്നുപോയ യോഗം രാജർഷിമാർക്കും ലഭിച്ചു. അതു തന്നെയാണു ഞാനിപ്പോൾ നിനക്കും പറഞ്ഞുതരുന്നത്.ഇതിൽ നിന്നും നാം എന്താണു മനസിലാക്കേണ്ടത്?ഭഗവത് ഗീതയുടെ ദർശനം ഒട്ടും പുതിയതല്ല.

യാഥാർത്ഥഭക്തന് ഉണ്ടാകേണ്ട ഗുണത്തെക്കുറിച്ച് ഗീത പറയുന്നത് വിവേചനം, അതായത് നല്ലതും ചീത്തയും തിരിച്ചറിയൽ, ഇന്ദ്രിയ സംയമനം വൈരാഗ്യം, മനഃസംയമനം, ലൗകികവും ഭൗതികവുമായ

**ഈ യോഗശാസ്ത്രം, പണ്ട് ഞാൻ സൂര്യന് ഉപദേശിച്ചു. സൂര്യൻ സ്വപുത്രനായ മനുവിനും, മനു അവന്റെ പുത്രനായ ഇക്ഷ്വാകുവിനും അത് കൈമാറി. ഇങ്ങനെ പരമ്പരയാ തുടർന്നുപോയ യോഗം രാജർഷിമാർക്കും ലഭിച്ചു. അതു തന്നെയാണു ഞാനിപ്പോൾ നിനക്കും പറഞ്ഞുതരുന്നത്. ഇതിൽ നിന്നും നാം എന്താണു മനസിലാക്കേണ്ടത്? ഭഗവത് ഗീതയുടെ ദർശനം ഒട്ടും പുതിയതല്ല.**

കാര്യങ്ങളിൽ ആകർഷിക്കപ്പെടാതിരിക്കൽ തുടങ്ങിയവയാണ് തത്വജ്ഞാനങ്ങൾ അനുസരിച്ച് ജീവിക്കാൻ വേണ്ടി ഒരാൾ അനുഷ്ഠിക്കുന്ന പ്രായോഗിക മാർഗ്ഗങ്ങളെ യോഗശാസ്ത്രങ്ങൾ എന്ന് പറയുന്നു. വർത്തമാനകാലത്തെ മാതൃകാപരമായ ഔന്നത്യത്തിലേക്ക് ഉയർത്താൻ ഒരാൾ ശ്രമിക്കുന്നതിനെ യോഗ എന്ന് പറയുന്നു. ക്രോധത്തിൽ നിന്നും കാമം ഉണ്ടാകുന്നു. വിഷയാസക്തിയിൽ നിന്നും കാമം ഉണ്ടാകുന്നു. ക്രോധത്തിൽ നിന്നും അവിവേകം ഉണ്ടാകുന്നു. അവിവേകത്തിൽ നിന്നും സ്മൃതിഭ്രംശം ഉണ്ടാകുന്നു. സ്മൃതിഭ്രംശത്തിൽ നിന്നും ബുദ്ധിനാശം ഉണ്ടാകുന്നു. ബുദ്ധിനാശത്തിന്റെ ഫലം അവനവനെ തന്നെ നശിപ്പിക്കുന്നു,

ഗീതയിലെ അദ്ധ്യായങ്ങളെ യോഗ എന്നാണു വിശേഷിപ്പിക്കുന്നത്. ഗീത പദാനുപദം പരിഭാഷ ചെയ്യുകയല്ല. ഈ ലേഖകനെറെ ഉദ്ദേശ്യം എന്നാൽ ഗീത എന്താണെന്ന് ഒരു സാമാന്യജ്ഞാനം താൽപ്പര്യമുള്ളവർക്ക് പകരാനുള്ള എളിയ ശ്രമമാണിത്. ഉറ്റവരും പ്രിയപ്പെട്ടവരും വളരെ കാലമായി എന്നോട് ആവശ്യപ്പെട്ട ഒരു കാര്യത്തിന്റെ പൂർത്തീകരണമാണിത്. ഇങ്കളീഷിൽ പലരും എഴുതിയിട്ടുള്ള ഗീത വായിച്ചുണ്ടാക്കിയ ഒരു സരളസംഗ്രഹമാണിത്. ഇത് ഗീതയുടെ പൂർണ്ണമായ പരിഭാഷയോ, വ്യാഖ്യാനമോ ആണെന്ന് അവകാശപ്പെടുന്നില്ല. പക്ഷെ ഒരു സാധാരണക്കാരന് ആവശ്യം മനസ്സിലാക്കാൻ വേണ്ടി വളരെ ലളിതമായ തയ്യാറാക്കിയ വിവരങ്ങൾ ആണ്. നിങ്ങൾ അടുത്ത ലക്കങ്ങളിലായി ഇ-മലയാളിയിൽ വായിക്കാൻ പോകുന്നത്. ഈ ലേഖകന്റെ സംസ്കൃതഭാഷയിലുള്ള പരിജ്ഞാനം വളരെ പരിമിതമാണ്. എങ്കിലും സംസ്കൃതത്തിലുള്ള പ്രധാനപ്പെട്ട ശ്ലോകങ്ങൾ അർഥം വ്യക്തമാക്കി വായനക്കാരുടെ സൗകര്യത്തിനായി കൊടുത്തിട്ടുണ്ട്.

കർമ്മം എന്ന് കേൾക്കുമ്പോൾ എല്ലാവരും ധരിക്കുന്നത് പ്രവർത്തിയെന്നാണ്. പ്രവർത്തി ചെയ്യാൻ പ്രേരിപ്പിക്കുന്ന ആഗ്രഹത്തെയാണത്രെ കർമ്മം എന്ന് പറയുന്നത്. കർമ്മത്തിന്റെ അനന്തര ഫലങ്ങൾ അതു ചെയ്യാനുണ്ടായ ഉദ്ദേശ്യത്തെ ആശ്രയിച്ചിരിക്കും. ഭക്ഷണം പാകം ചെയ്യുന്നതിന് കർമ്മഫലമില്ല. വിശന്നിരിക്കുന്നവർക്ക് വേണ്ടി ഭക്ഷണം പാകം ചെയ്യുന്നത് സത്കർമ്മമാണ്. ഭക്ഷണത്തിൽ വിഷം കലർത്തി ആളുകൾക്ക് കൊടുക്കാൻ വേണ്ടി പാകം ചെയ്യുന്നത് ദുഷ്കർമ്മമാണ്. പ്രവർത്തിയുടെ പിറകിലുള്ള ഉദ്ദേശ്യമാണ് പ്രധാനം, തെളിഞ്ഞതും നേരായതുമായ ചിന്തയെപ്പറ്റിയാണ് ഗീത പ്രതിപാദിക്കുന്നത്.

ആഗ്രഹം ഒരു മാനസിക പ്രവർത്തിയാണ്. അതു ചിലപ്പോൾ ഒരു പ്രവർത്തിചെയ്യാൻ നമ്മെ പ്രേരിപ്പിക്കാം അല്ലെങ്കിൽ ചെയ്യാതിരിക്കാൻ വിലക്കാം. മനസ്സിൽ ഒരു പാട വീഴ്ത്തികൊണ്ട് ആ ചിന്ത ഒരു കർമ്മമുണ്ടാക്കുന്നു. ഭൂതകാലത്തിലെ ആ ചിന്ത വർത്തമാനകാലത്തിൽ ആകൃതി വയ്ക്കുന്നു. അത് ഭാവിയെ തീരുമാനിക്കുന്നു. വർത്തമാനം

മാറ്റാൻ പ്രയാസമാണ് പക്ഷെ കർമ്മങ്ങളിലൂടെ ഭാവിയെ രൂപീകരിക്കാൻ നമുക്ക് കഴിയും.

മനുഷ്യശരീരത്തിൽ ബുദ്ധി, അഹം, ബോധം, മനസ്സ് എന്നിവ ആന്തരിക ഇന്ദ്രിയങ്ങളായി വർത്തിക്കുന്നു. നല്ല ബുദ്ധി, തെറ്റും ശരിയും തിരിച്ചറിയുന്നു. അത് ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നു. ഉപനിഷത്ത് ഈ കാര്യം ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കുന്നു. ശരീരത്തെ ഒരു തേരിനോട് ഉപമിക്കുന്നു. ബുദ്ധിയാണ് തേരാളി അത് കുതിരകളെ അതായത് ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നു. മനസ്സാകുന്ന കടിഞ്ഞാൺ പിടിച്ചുകൊണ്ട് ബുദ്ധി ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടാൽ അത് തേരിനെയും (ശരീരം) അതിന്റെ യജമാനനെയും (ആത്മാവ്) കുഴിയിൽ ചാടിക്കും. ഇന്ദ്രിയങ്ങളെ നിയന്ത്രണത്തിൽ വച്ചിട്ടുള്ള ബുദ്ധികൊണ്ട് ലക്ഷ്യസ്ഥാനത്തെത്താം. മനസ്സ് എപ്പോഴും ബാഹ്യ ലോകവുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. മനസ്സ് ദുർബലമാണെങ്കിൽ ആഗ്രഹങ്ങളെ അടക്കാൻ അശക്തമാകുന്നു.

ശരിയും തെറ്റും തിരിച്ചറിയാൻ ബുദ്ധിയുള്ളവർക്ക് കഴിയുന്നു. ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സിൽ ശരിയായ ബുദ്ധി സ്ഥിതി ചെയ്യുന്നു . തപസ്സ്, ദാനം, യജ്ഞം എന്നിവയിലൂടെ അത് മനുഷ്യന് നേടാൻ കഴിയും. നമ്മളിലുള്ള ഒരു കുരുക്ഷേത്രമുണ്ട്. ഒരു മഹാഭാരതയുദ്ധം ദിനംപ്രതി അവിടെ ഒരുങ്ങുന്നു. നമ്മുടെ അജ്ഞതയാണ് അന്ധനായ ധൃതരാഷ്ട്രർ നമ്മടെ ആത്മാവ് ആണ് അർജുനൻ നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന ഈശ്വരനാണ് തേരാളി. നമ്മുടെ ശരീരം രഥവും. ഇന്ദ്രിയങ്ങളാണ് കുതിരകൾ. നമ്മുടെ അഹംഭാവം, അഹങ്കാരം, കാപട്യം, കാമം, അസൂയ, ഇഷ്ടാനിഷ്ടങ്ങൾ തുടങ്ങിയവ നമ്മുടെ ശത്രുക്കളും ദൈനംദിന ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യാമെന്ന് ഗീത പഠിപ്പിക്കുന്നു. ജ്ഞാനമാർഗ്ഗം, ഭക്തിമാർഗ്ഗം, കർമ്മമാർഗ്ഗം എന്നീ മൂന്നു തത്വങ്ങൾ ഗീത വിവരിക്കുന്നു. താമരയിതൾ വെള്ളം തൊടാതെ വെള്ളത്തിൽ നിൽക്കുന്നപോലെ കർമ്മബന്ധത്തിൽ നിന്നു മുക്തരായി ജീവിതം തുടരാൻ ഗീതാ പാരായണം ഒരാളെ പ്രാപ്തമാക്കുന്നു.

ഹിമാലയസാനുക്കളുടെ പ്രശാന്തതയിൽ ധ്യാനനിമഗ്നരായിരുന്ന മഹർഷിമാരിൽ നിന്നും വേദങ്ങളും ഉപനിഷത്തുക്കളും ഉണ്ടായി. ഉപനിഷത്ത്തത്വങ്ങൾ ഉൾക്കൊള്ളുന്ന ഗീത മനുഷ്യരുടെ യഥാർത്ഥ ജീവിതത്തിലേക്ക് വെളിച്ചം വീശുന്നു.

മനുഷ്യന്റെ സങ്കടങ്ങളും സംശയങ്ങളും സംഘർഷങ്ങളും അവനെ കുഴയ്ക്കുന്ന സമ്മർദ്ദങ്ങളും അവനെ നിരുന്മേഷനാക്കുമ്പോൾ ഗീതാ പാരായണം അവനെ ഉയർത്തെഴുന്നേൽപ്പിക്കുന്നു. അജ്ഞതയുടെ അന്ധകാരത്തിലുഴലുന്ന മനുഷ്യരാശിക്ക് ശരിയായ പാന്ഥാവും വെളിച്ചവും നൽകാൻ ഭഗവാൻ പാടിയ ഗീത ശ്രദ്ധാപൂർവം വായിക്കാതെയും വായിച്ചത് മനസ്സിലാകാതെയും ഗീതയിലെ ശ്ലോകങ്ങളെ പലരും തെറ്റായി

**മനുഷ്യശരീരത്തിൽ ബുദ്ധി, അഹം, ബോധം, മനസ്സ് എന്നിവ ആന്തരിക ഇന്ദ്രിയങ്ങളായി വർത്തിക്കുന്നു. നല്ല ബുദ്ധി, തെറ്റും ശരിയും തിരിച്ചറിയുന്നു. അത് ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നു. ഉപനിഷത്ത് ഈ കാര്യം ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കുന്നു. ശരീരത്തെ ഒരു തേരിനോട് ഉപമിക്കുന്നു. ബുദ്ധിയാണ് തേരാളി അത് കുതിരകളെ അതായത് ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നു.**

വ്യാഖ്യാനിക്കാറുണ്ട്. അത്തരം തെറ്റിധാരണകൾ തീർക്കാൻ ശരിയായ പഠനം ശരിയായ ഉൾക്കാഴ്ച അത്യാവശ്യമായി വരുന്നു. പലരും വാക്കുകളെ അതിന്റെ ഉപരിപ്ലവമായ അർത്ഥത്തിൽ മാത്രം ഊന്നിനിന്നുകൊണ്ട് എടുക്കുന്ന നിലപാടുകൾ പലപ്പോഴും അവർക്കും അത് ശ്രദ്ധിക്കുന്നവർക്കും അനർത്ഥങ്ങളാണ് ഉണ്ടാക്കുക. ബുദ്ധികൊണ്ടും മനസ്സുകൊണ്ടും കാര്യങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കേണ്ടത് ആവശ്യമാണ്.

ഹതാവോ പ്രാപ്യസ്യ സ്വർഗ്ഗം
അവ ഭോക്ഷ്യസേ മഹീം
തസ്മാദ്യത്തിഷ്ഠ കൗന്തേയ
യുദ്ധായകൃത നിശ്ച്ചയ (2:37)

വധിക്കപ്പെട്ടാൽ സ്വർഗ്ഗപ്രാപ്തി ഉണ്ടാകും വിജയിച്ചാൽ നീ ഭൂമിയെ സ്വന്തമാക്കും. അതുകൊണ്ട് യുദ്ധത്തിന് ദൃഢനിശ്ച്ചയം ചെയ്തു നീ എഴുന്നേൽക്കുക കൗന്തേയ എന്ന് ശ്രീകൃഷ്ണൻ അർജ്ജുനനോട് പറയുന്നുണ്ട്. ഈ ഭാഗം വായിച്ച് ഗീത മനുഷ്യരെ യുദ്ധം ചെയ്യാൻ പ്രേരിപ്പിക്കുന്നു എന്നു വിശ്വസിക്കുന്നത് അജ്ഞതയാണ്.

അർജുനനും കൃഷ്ണനും നിൽക്കുന്നത് ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിലാണ് തിന്മക്കെതിരേയുള്ള ധർമ്മയുദ്ധത്തിലാണ് അർജുനൻ പോരാടേണ്ടത് ഭഗവൻ കൃഷ്ണൻ അർജുനനോട് കർമ്മനിരതനാകാനാണ് ഉദ്ഘോഷിക്കുന്നത്. ജീവിതത്തോടാണ് നമുക്ക് യുദ്ധം ചെയ്യേണ്ടത് പ്രയാസങ്ങൾ കണ്ട് തളർന്നിരിക്കാതെ ആത്മധൈര്യത്തോടെ വെല്ലുവിളികളെ നേരിടാനുള്ള കരുത്താർജ്ജിക്കയാണ് വേണ്ടത്.

ഗീത അമൃതാണ്. അനശ്വരത പ്രാപിക്കാൻ നിത്യവും ഇത് പഠനം ചെയ്യുക. ഗീത നിങ്ങളുടെ സന്തത സഹചാരിയും അഭ്യുദയകാംക്ഷിയുമാണ്. ഗീത നിത്യപാരായണം ചെയ്യുന്നവർക്ക് പരിപൂർണ്ണജ്ഞാനവും പരമോന്നതമായ സമാധാന

വും ശാശ്വതമായ സ്വർഗീയ അനുഭൂതിയും അമരത്വവും ലഭിക്കുന്നു. അർജുനനും കൃഷ്ണനും തമ്മിലുള്ള സംവാദത്തിലൂടെ ജീവിതത്തിന്റെ സത്യങ്ങൾ വ്യാസൻ നമുക്കായി വെളിപ്പെടുത്തിത്തരുന്നു. മനുഷ്യൻ എപ്പോഴും തെറ്റും ശരിയും അന്വേഷിച്ച്  വലയുന്നു. തിന്മകളുടെ എണ്ണവും കരുത്തും (101 പേര്) എപ്പോഴും നന്മയെക്കാൾ (5 പേര്) കൂടുതലാവുന്നതും തന്മൂലം മനുഷ്യമനസ്സുകളിൽ ഭീതി പരക്കുന്നതും സ്വാഭാവികം. എന്നാൽ നന്മയുടെ ഭാഗത്ത് എപ്പോഴും ഈശ്വരനുണ്ടെന്ന വിശ്വാസമുണ്ടായിരിക്കണം. (ശ്രീ കൃഷ്ണ ഭഗവാൻ പാണ്ഡവപക്ഷത്തായിരുന്നു.)

നൂറ്റൊന്നു പേരായ കൗരവരും അഞ്ചുപേരായ പാണ്ഡവരും സഹോദരന്മാരായ ധൃതരാഷ്ട്രരുടെയും പാണ്ഡുവിന്റെയും മക്കളാണ്. പാണ്ഡുവിന്റെ മരണത്തിനു ശേഷം ജന്മനാൽ അന്ധനായ ധൃതരാഷ്ട്രർ രാജ്യാധികാരം ഏറ്റെടുത്തു. അദ്ദേഹത്തിന്റെ മൂത്തപുത്രനായ ദുര്യോധനൻ സൂചികുത്താനുള്ള സ്ഥലംപോലും പാണ്ഡവർക്ക് വിട്ടുകൊടുക്കുവാൻ തയ്യാറായില്ല. ഭഗവൻ കൃഷ്ണൻ  മധ്യസ്ഥത വഹിച്ച് അനേകം ചർച്ചകൾ നടന്നെങ്കിലും ഒന്നും ഫലപ്രദമാകാതെ യുദ്ധം എന്ന അവസാന തീരുമാനത്തിൽ എത്തുകയായിരുന്നു. പാണ്ഡവർക്ക് രാജ്യത്തിൻറെ പകുതി, അല്ലെങ്കിൽ അഞ്ചുപേർക്ക് താമസിക്കാനുള്ള സ്ഥലം അതുമല്ലെങ്കിൽ ഒരിടം എന്നീനിർദേശങ്ങൾ ദുര്യോധനൻ പരിഗണിക്കാതെ തള്ളിക്കളയുകയായിരുന്നു. മഹാഭാരതത്തിലെ ഭീഷ്മപർവം 25 മുതൽ 42 വരെയുള്ള പതിനെട്ട് അദ്ധ്യായങ്ങളിലായി ഗീത ഉൾക്കൊള്ളുന്നു. മഹാഭാരതത്തിന്റെ വിശിഷ്ടമായ സംഭാവനയാണ് ഭഗവത്ഗീതയും വിഷ്ണുസഹസ്രനാമവും ഇതിൽ ഭഗവത് ഗീത യുദ്ധത്തിന് മുമ്പും

**നമ്മളിലുള്ള ഒരു കുരുക്ഷേത്രമുണ്ട്. ഒരു മഹാഭാരതയുദ്ധം ദിനംപ്രതി അവിടെ ഒരുങ്ങുന്നു. നമ്മുടെ അജ്ഞതയാണ് അന്ധനായ ധൃതരാഷ്ട്രർ നമ്മടെ ആത്മാവ് ആണ് അർജുനൻ നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന ഈശ്വരനാണ് തേരാളി. നമ്മുടെ ശരീരം രഥവും. ഇന്ദ്രിയങ്ങളാണ് കുതിരകൾ. നമ്മുടെ അഹംഭാവം, അഹങ്കാരം, കാപട്യം, കാമം, അസൂയ, ഇഷ്ടാനിഷ്ടങ്ങൾ തുടങ്ങിയവ നമ്മുടെ ശത്രുക്കളും**



വിഷ്ണുസഹസ്രനാമം യുദ്ധത്തിനുശേഷവും അവതരിക്കപ്പെട്ടു.

ജാത്യാന്ധനായ ധൃതരാഷ്ട്രർക്ക് ഹസ്തിനപുരിയിലെ രാജധാനിയിലിരുന്നുകൊണ്ട് ദൂരെ കുരുക്ഷേത്രത്തിൽ നടക്കുന്ന സംഭവങ്ങൾ കാണാനാഗ്രഹമുണ്ടെങ്കിൽ യോഗശക്തിയാൽ കാഴ്ച്ച നൽകാമെന്ന് ഭാരതയുദ്ധം ആരംഭിക്കുന്നതിനു മുമ്പ് വ്യാസമഹർഷി പറഞ്ഞിരുന്നു. എന്നാൽ യുദ്ധം നേരിട്ടു കാണണമെന്നില്ല യുദ്ധ വിവരങ്ങൾ പറഞ്ഞു കേട്ടാൽ മതിയെന്നാണ് ധൃതരാഷ്ട്രർ പറഞ്ഞത്. അതനുസരിച്ച് ധൃതരാഷ്ട്രരുടെ മന്ത്രിയായ സഞ്ജയനു ആ ശക്തി വ്യാസമഹർഷി കൊടുക്കുകയുണ്ടായി. വളരെ അധികം നാശനഷ്ടങ്ങൾ ഇരുഭാഗത്തും വരുത്തിക്കൊണ്ട് യുദ്ധം തുടർന്നു. പത്താം ദിവസം ഭീഷ്മർ അർജുനന്റെ ശരം തറച്ച് നിലം പറ്റിയെന്നു ദുഃഖവാർത്ത കേട്ട ധൃതരാഷ്ട്രർ മോഹാലസ്യപ്പെട്ടു. ബോധം വീണു കിട്ടിയപ്പോൾ യുദ്ധത്തിന്റെ പൂർണ്ണ വിവരങ്ങൾ തുടക്കം മുതലേ അറിയണമെന്ന് ധൃതരാഷ്ട്രർ ആവശ്യപ്പെട്ടു. ഈ ആഗ്രഹത്തോടെ ധൃതരാഷ്ട്രർ ചോദിക്കുന്ന ചോദ്യവും സഞ്ജയൻ നൽകുന്ന മറുപടി വിവരണവുമാണ് ഭഗവത്ഗീത. യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോഴല്ല ഭഗവൻ കൃഷ്ണൻ അർജുനന് ഗീത ഉപദേശിച്ചത്. യുദ്ധാരംഭത്തിനു മുമ്പ് ഗീതോപദേശം കഴിഞ്ഞിരുന്നു..

കർമ്മം, ജീവാത്മാവ്, പരമാത്മാവ്, ബന്ധങ്ങൾ, ശരീരം, ജ്ഞാനം, ഭക്തി, മോക്ഷം, എന്നിവയെക്കുറിച്ചുള്ള അർജുനനറെ സംശയങ്ങൾ തീർത്തു കൊടുക്കുകയും അതിനായി താൻ ആരെന്നു വിശ്വരൂപത്തിലൂടെ അർജുനന് കാണിച്ചുകൊടുക്കുകയും ചെയ്യുന്നു ഭഗവൻ കൃഷ്ണൻ. സംശയം തീർന്നപ്പോൾ അർജുനൻ യുദ്ധത്തിന് തയ്യാറായി, ഭഗവൻ പറഞ്ഞു.


സർവ ധർമാൻ പരിത്യജ്യ
മാമേകം ശരണം വ്രജ
അഹം ത്വാ സർവപാപേഭ്യോ
മോക്ഷയിഷ്യാമി മാ ശു ച:
(18:66)

(സർവ്വ ധർമ്മങ്ങളും പരിത്യജിച്ചിട്ട് എന്നെ മാത്രം ശരണം പ്രാപിക്കുക. ഞാൻ നിന്നെ സകല പാപങ്ങളിൽ നിന്നും മുക്തനാക്കും. വ്യസനിക്കേണ്ട. (ഗീത 18:66 )

**അടുത്ത ലക്കത്തിൽ ഗീതയുടെ ഒന്നാം അദ്ധ്യായമായ 'അർജുന വിഷാദയോഗം' ആരംഭിക്കുന്നു.**

ചെറുകഥ

# സാബി



ബാബു പാറയ്ക്കൽ

കാർ കമാലക്കടവിലെ ജങ്കാർ ജെട്ടി കഴിഞ്ഞു കുറച്ചുകൂടി മുൻപോട്ടു പോയി. ഡച്ചുകാരുടെ സെമിത്തേരിയും കഴിഞ്ഞു ബീച്ച് റോഡിലേക്കു കയറി.

ഇതിനടുത്ത് ഇടതു വശത്തായിട്ടായിരുന്നു കുറെയധികം ചെറിയ വീടുകൾ അടുത്തടുത്തുള്ള ഒരു ചെറിയ കോളനി. അതിലൊന്നിലായിരുന്നു അയാൾ കുടുംബസമേതം താമസിച്ചിരുന്നത്. പക്ഷേ, കുറച്ചുകൂടി മുൻപോട്ടു പോയിട്ടും അവിടെ അങ്ങനെയൊരു കോളനി കാണാനായില്ല.

കാർ നിർത്താൻ സണ്ണി ഡ്രൈവറോടാവശ്യപ്പെട്ടു. അവിടെ അടുത്തെങ്ങും ഒരു വീടുപോലും കാണാനായില്ല. അയാൾ കാറിനു വെളിയിലിറങ്ങി ചുറ്റും നിരീക്ഷിച്ചു. റോഡിനപ്പുറം ഇന്ത്യൻ നേവിയുടെ‘നിരോധിതമേഖല‘;യാണെന്നുള്ള ബോർഡ് വായിച്ചയാൾ കാറിലേക്കു തിരിച്ചുകയറി.

‘ഇവിടമെല്ലാം വളരെ മാറിയിരിക്കുന്നല്ലോ.‘; സണ്ണി ആരോടെന്നില്ലാതെ പറഞ്ഞു.

‘അച്ചായൻ എന്നാണ് ഇതിനു മുൻപ് അയാളുടെ വീട്ടിൽ പോയത്‘; ഡ്രൈവർ സീറ്റിലിരിക്കുന്ന സണ്ണിയുടെ അനന്തരവൻ കെവിൻ ചോദിച്ചു. ‘മുപ്പതു വർഷങ്ങൾ കഴിഞ്ഞു.‘ ‘അയാളുടെ ഫോൺ നമ്പരും അഡ്ര



വര: പി ആർ രാജൻ

സ്സും ഒന്നും കയ്യിലില്ലേ?', 'എല്ലാം എൻറെ കയ്യിൽ നിന്നും നഷ്ടപ്പെട്ടു പോയി. ഇത്രയും നാളായില്ലേ?'

'ഒന്നുമില്ലാതെ ആരെ എവിടെ ചെന്ന് കണ്ടുപിടിക്കാനാ? നമുക്ക് തിരിച്ചു വിട്ടേക്കാം.'

'ഏയ്, ഏതായാലും ഒന്ന് ശ്രമിച്ചു നോക്കാം. ഈ അടുത്ത ഏരിയായിൽ എവിടെയെങ്കിലും കാണുമായിരിക്കും. ഇവിടെ വരെ വന്നിട്ട് കാണാതെ പോകുന്നതു ശരിയല്ലല്ലോ.'

'ഇയാൾ ആരാണ്? എന്താ ഇത്ര കാണണമെന്ന് നിർബ്ബന്ധം?'

'എന്റെ ജീവിതത്തിൽ പരിചയപ്പെട്ടിട്ടുള്ളതിൽ ഏറ്റവും ആത്മാർത്ഥതയുണ്ടായിരുന്ന ഒരു ചങ്ങാതി. ഞങ്ങൾ ഒന്നിച്ചു ഗൾഫിൽ ജോലി ചെയ്തതാണ്.'

'എങ്കിൽ നമുക്കു തിരിച്ചു ജെട്ടിയിൽ പോയി അവിടെയുള്ള കടയിൽ ആരോടെങ്കിലും ചോദിക്കാം. ഒരു പക്ഷേ അവർക്കറിയാമായിരിക്കും';

കാർ തിരിച്ചു വിട്ടു. ജെട്ടിയിലുള്ള ഒരു ചെറിയ ചായക്കടയുടെ മുൻപിൽ കാർ നിർത്തി. സണ്ണി ഇറങ്ങിച്ചെന്ന് കടക്കാരനോട് അന്വേഷിച്ചു.

'ഇവിടെയടുത്തു ഹുസൈൻ എന്നു പേരുള്ള ഒരാൾ ഉണ്ടായിരുന്നു. ഗൾഫിൽ ജോലി ചെയ്തതാണ്. 30 വർഷങ്ങൾ മുൻപ് ഞാൻ ഇവിടെ അവരുടെ വീട്ടിൽ വന്നിട്ടുണ്ട്. ഈ റോഡിൽ കൂടി മുൻപോട്ടു ചെല്ലുമ്പോൾ ഇടതു വശത്തായി ഒരു കോളനി പോലെ കുറെ വീടുകളുണ്ടായിരുന്നു. അതിൽ ഒന്നിലായിരുന്നു അദ്ദേഹത്തിൻെറ വീട്'

'ഓഹോ, അവിടെയായിരുന്നോ? ആ സ്ഥലമെല്ലാം പൊന്നുംവില കൊടുത്തു നേവി വാങ്ങിയില്ലേ. ഇപ്പോൾ അവിടെയെങ്ങും ആരുമില്ല. അവരെല്ലാം കിട്ടിയ കാശും കൊണ്ട് പല വഴിക്കു പോയി. കുറച്ചു പേർ മട്ടാഞ്ചേരിയിൽ പുല്ലുപാലത്തിന്റെ അടുത്തുണ്ട്. കുറച്ചു പേർ ഫോർട്ട് കൊച്ചിയിൽ കുന്നുംപുറത്തുണ്ട്. രണ്ടോ മൂന്നോ കുടുംബങ്ങൾ ഇവിടെയടുത്തു കോട്ടപ്പള്ളിയുടെ പുറകിൽ താമസിക്കുന്നുണ്ട്.'

'നന്ദി. എങ്കിൽ അങ്ങനെയാവട്ടെ.'

'നിങ്ങൾ ആരാ, ചങ്ങാതിയാ?'

'അതെ.'

'നിങ്ങൾ എവിടെ നിന്നു വരുന്നു?'

'കുറച്ചു തെക്കുന്നാ.'

ഇറങ്ങുവാൻ തുടങ്ങുമ്പോൾ കടക്കാരൻ പറഞ്ഞു, 'ഇരിക്കിൻ, ഒരു ചായ കുടിച്ചിട്ടു പോയാ മതി.';

അയാൾ രണ്ടു ചായ എടുത്തു നീട്ടി. എന്നിട്ടു പറഞ്ഞു, 'എന്റെ പേര് സുലൈമാൻ.' അകത്തേക്കു നോക്കി അയാൾ നീട്ടി വിളിച്ചു, ';ബഷീറേ.'

**'ഇയാൾ ആരാണ്? എന്താ ഇത്ര കാണണമെന്ന് നിർബ്ബന്ധം?' ' എന്റെ ജീവിതത്തിൽ പരിചയപ്പെട്ടിട്ടുള്ളതിൽ ഏറ്റവും ആത്മാർത്ഥതയുണ്ടായിരുന്ന ഒരു ചങ്ങാതി. ഞങ്ങൾ ഒന്നിച്ചു ഗൾഫിൽ ജോലി ചെയ്തതാണ്.'**

ഒരു മിനിറ്റിനു ശേഷം അയാൾ കുറച്ചുകൂടി ഉച്ചത്തിൽ വിളിച്ചു,';എടാ ബഷീറേ.'കാഴ്ചയിൽ ഇരുപതു വയസ്സ് തോന്നിക്കുന്ന ഒരു ചെറുപ്പക്കാരൻ പുറത്തേക്കു വന്നു.

'എന്തെടുക്കുവാരുന്നെടാ ഹിമാറേ?'

'നാളത്തെ ദോശയ്ക്ക് അരി അരയ്ക്കുവാരുന്നിക്കാ.'

'നിന്നോടു ഞാൻ പറഞ്ഞിട്ടില്ലേ, ഈവക പണിയൊന്നും നീ ചെയ്യേണ്ടെന്ന്?'

'മകനാ.' സണ്ണിയെ നോക്കി സുലൈമാൻ പറഞ്ഞു. ';കോളേജിൽ പഠിക്കുന്ന പയ്യനാ. എന്നാലും ഈ വക പണിയൊക്കെ ഓൻ ചെയ്തോളും.'

'അത് നല്ലതാ. അങ്ങനെ വേണം പിള്ളാരായാൽ.'സണ്ണി പറഞ്ഞു.

'ബഷീറേ, ആ ടവ്വൽ ഇങ്ങെടുത്തോളിൻ. ഞാൻ ഇവരുടെ കൂടെ ഒന്നു കറങ്ങി നോക്കട്ടെ, ആ പഹയനെ എവിടെങ്കിലും കണ്ടുപിടിക്കാമോന്ന്.'

ബഷീർ അകത്തുനിന്നും എടുത്തു കൊണ്ടുവന്ന ടവ്വൽ വാങ്ങി തോളിൽ മടക്കിയിട്ടിട്ടു സുലൈമാൻ സണ്ണിയോടുകൂടെ കാറിൽ കയറി.

'ആദ്യം കുന്നിൻപുറത്തോട്ടു വിട്ടോളിൻ. കുറേപ്പേർ അവിടെയാണ് താമസം. ഈ റോഡിൽക്കൂടി തന്നെ നേരെ പൊക്കോട്ടെ.'

അവർ കുന്നിൻപുറത്തും പിന്നീട് പുല്ലുപാലത്തിങ്കലുമുള്ള വീട്ടുകാരുടെ അടുത്തും അന്വേഷിച്ചു.

'രണ്ടോ മൂന്നോ കുടുംബങ്ങൾ വൈപ്പിനിലേക്ക് പോയിട്ടുണ്ട്. ബാക്കിയുള്ളവർ ചേർത്തല ഭാഗത്ത് എവിടെയോ ആണ്.' അവരിലൊരാൾ പറഞ്ഞു.

'അപ്പോൾപിന്നെ പടം മടക്കാം. എന്നെ കടയിലോട്ടു വിട്ടിട്ടു നിങ്ങൾ മടങ്ങിക്കോളിൻ.'സുലൈമാൻ പറഞ്ഞു. 'ഇല്ല സുലൈമാനിക്കാ. എവിടെയെങ്കിലും പുള്ളിയെ കണ്ടു പിടിക്കണം.

ഏതായാലും ഇതിനുവേണ്ടി ഇറങ്ങിയതല്ലേ?'.

'ഇതാരപ്പാ, നിങ്ങടെ ചെങ്ങാതിയാ? നിങ്ങൾ ഇത്ര പെരുത്ത ചെങ്ങാതിമാരാരുന്നോ?'

'അതേ, ഇക്കാ. അതൊരു കഥയാണ്.''മോനേ, കാറു നിർത്തിക്കേ.'; റോഡിന്റെ ഒരു വശം ചേർന്നു നടന്നു പോകുന്ന ഒരാളെ ശ്രദ്ധിച്ചുകൊണ്ടു സുലൈമാൻ ആവശ്യപ്പെട്ടു.

കെവിൻ അയാളുടെ അടുത്തേക്കു നീക്കി കാർ നിർത്തി. അയാൾ തിരിഞ്ഞു നോക്കിയപ്പേഴേയ്ക്കും സുലൈമാൻ വണ്ടിയിൽ നിന്നും ഇറങ്ങി. സണ്ണിയും ഇറങ്ങി.


'ഇത് ക്ലമെന്റ്. ഇദ്ദേഹം അറിയാത്ത ആരും ഈ കൊച്ചിയിൽ ഉണ്ടാവില്ല. സുലൈമാൻ പറഞ്ഞു. എന്നിട്ട് അദ്ദേഹത്തോട് ഹുസൈനെ പറ്റി ചോദിച്ചു.

അൽപ്പനേരം ആലോചിച്ചിട്ട് ക്ലമന്റ് പറഞ്ഞു, 'അങ്ങനെയൊരാളെപ്പറ്റി അറിയില്ലല്ലോ'

'ഗൾഫിൽ എവിടെയാരുന്നു നിങ്ങൾ ജോലി ചെയ്തത്?'

'യമനിലായിരുന്നു. ഞങ്ങൾ ഒന്നിച്ചു ജോലി ചെയ്തതാ'

'യമനിലോ? അത് നമ്മടെ മെറ്റൽ ബോക്സിൽ ജോലി ചെയ്തിരുന്ന സാബി ആയിരിക്കുമല്ലോ.'



‘അതെ. അദ്ദേഹം മെറ്റൽ ബോക്സിൽ ജോലിചെയ്തതാ. ‘സാബി‘ എന്ന് അടുത്ത കൂട്ടുകാർ വിളിക്കും. യഥാർത്ഥ പേര് ‘ഹുസൈൻ സാഹിബ് ജാൻ’ എന്നായിരുന്നു.‘,സണ്ണി പറഞ്ഞു.

അൽപ്പ നേരത്തേക്ക് ക്ലമന്റ് ഒന്നും മിണ്ടിയില്ല. സണ്ണിയുടെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി ഒരു നിമിഷം നിന്നു.

‘എന്താ നിങ്ങളുടെ പേര്? സണ്ണി എന്നാണോ?‘

‘അതെ. എങ്ങനെ മനസ്സിലായി?‘

‘ഞാൻ ഊഹിച്ചു. നിങ്ങളെപ്പറ്റി സാബി എല്ലാം എന്നോടു പറഞ്ഞിട്ടുണ്ട്. നിങ്ങൾ യമനിൽ നിന്നും അമേരിക്കയ്ക്ക് പോയി, അല്ലേ?‘

‘അതെ.‘

‘സാബി പിന്നീട് സൗദിയ്ക്കു പോയി.‘

‘അവധിക്കു വരാറുണ്ടോ?‘

‘മൂന്നു വർഷം മുൻപാണ് അവധിക്കു വന്നത്. പിന്നെ തിരിച്ചു പോയില്ല.‘

‘ഇപ്പോൾ ഓൻ എവിടെയാ താമ

**കെവിൻ റോഡിന്റെ ഒരു വശത്തായി കാർ പാർക്ക് ചെയ്തു. എന്നിട്ടവർ ആ ഇടവഴിയിൽ കൂടി ബീച്ചിലേക്ക് നടന്നു. അവിടെ ഒരു ബഞ്ചിൽ അവർ ഇരുന്നു. സണ്ണി അൽപ്പനേരം അറബിക്കടലിന്റെ വിശാലമായ ജലപ്പരപ്പിലൂടെ അനന്തതയിലേക്കു മിഴിനട്ടിരുന്നു. സാബി തങ്ങളെ വിട്ടുപിരിഞ്ഞത് അയാൾക്കിനിയും ഉൾക്കൊള്ളാനായില്ല. നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങി.**

സിക്കുന്നത്? ഞങ്ങൾ പുല്ലുപാലത്തിലും കുന്നുംപുറത്തുമൊക്കെ പോയിട്ടാ വരുന്നത്.‘സുലൈമാൻ ചോദിച്ചു.

‘അവർ ഇപ്പോൾ വൈപ്പിനിലാണ് താമസിക്കുന്നത്. പക്ഷേ ......‘;

ക്ലമന്റ് അൽപ്പ നേരം സണ്ണിയെത്തന്നെ നോക്കി നിന്നു.

‘എന്താണൊരു പക്ഷേ?‘

‘സാബി മരിച്ചു പോയി!‘

സണ്ണിക്കു തന്റെ കാതുകളെ വിശ്വസിക്കാനായില്ല.

‘ഇപ്പോൾ ഏതാണ്ട് മൂന്നു വർഷത്തോളമായി.‘ ക്ലെമെന്റ് കൂട്ടിച്ചേർത്തു.

‘എന്ത് പറ്റി? എങ്ങനെയാണ് മരിച്ചത്?‘ സണ്ണി ചോദിച്ചു.

‘വരൂ. നമുക്ക് അൽപ്പം അങ്ങോട്ട് നടന്നാൽ ബീച്ചിലെത്താം. അവിടെയിരുന്നു സംസാരിക്കാം. ക്ലമന്റ് തൊട്ടടുത്തുള്ള ഇടവഴിയിലേക്കു ചൂണ്ടിക്കൊണ്ടു പറഞ്ഞു.

‘എങ്കിൽ പിന്നെ, ഞാനും വരാം. നല്ല ചെങ്ങാതിമാർക്കു വേണ്ടി അല്പസമയം ചെലവഴിക്കുന്നത് ജീവിതത്തിൽ ഒരു മുതൽക്കൂട്ടാണ്.‘ സുലൈമാൻ ഇടവഴിയിലേക്കു തിരിഞ്ഞുകൊണ്ടു പറഞ്ഞു.

കെവിൻ റോഡിന്റെ ഒരു വശത്തായി കാർ പാർക്ക് ചെയ്തു. എന്നിട്ടവർ ആ ഇടവഴിയിൽ കൂടി ബീച്ചിലേക്ക് നടന്നു. അവിടെ ഒരു ബഞ്ചിൽ അവർ ഇരുന്നു.

സണ്ണി അൽപ്പനേരം അറബിക്കടലിന്റെ വിശാലമായ ജലപ്പരപ്പിലൂടെ

അനന്തതയിലേക്കു മിഴിനട്ടിരുന്നു. സാബി തങ്ങളെ വിട്ടുപിരിഞ്ഞത് അയാൾക്കിനിയും ഉൾക്കൊള്ളാനായില്ല. നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങി.

അവർക്കിടയിലെ മൗനത്തിനു വിരാമമിട്ടുകൊണ്ട് സുലൈമാൻ ചോദിച്ചു,

'നിങ്ങൾ പെരുത്ത ചെങ്ങാതിമാരായിരുന്നതിനു പുറകിൽ എന്തോ കഥയുണ്ടെന്നു പറഞ്ഞല്ലോ. എന്താണത്?'

'ഇക്കാ, യമനിലെത്തിയ ആദ്യകാല മലയാളികളിൽ ഒരാളായിരുന്നു ഹുസൈൻ.

അധികം താമസിയാതെ ഞങ്ങളും എത്തി. എന്റെ ഒരു കൂട്ടുകാരൻ, മാവേലിക്കരക്കാരനായ രാമചന്ദ്രൻ നായർ, ഞങ്ങളുടെ സ്ഥലത്തു നിന്നും 250 കിലോമീറ്റർ ദൂരെയുള്ള 'ഹുദെയ്ദ' എന്ന തുറമുഖ നഗരത്തിലേക്ക് സ്ഥലം മാറിപ്പോയി.

അവനെ കാണാനായി ഞാനും ഹുസൈനും കൂടി ഒരു ';ഷെയർ ടാക്സി'യിൽ അവിടേയ്ക്കു പോയി. ഹുദെയ്ദായിലെ ടാക്സി സ്റ്റാൻഡിൽ കാർ നിർത്തി. അവർ അവിടെ വരെയേ പോകുകയുള്ളൂ. അവിടെ നിന്നും ഒരു മൈലിൽ കൂടുതൽ നടക്കണം രാമചന്ദ്രന്റെ സ്ഥലത്തെത്താൻ. റോഡിൽക്കൂടി നടക്കാതെ കടൽത്തീരത്തെ മണൽപ്പരപ്പിലൂടെ നടന്നാൽ വേഗമെത്താമെന്ന് ആരോ പറഞ്ഞപ്പോൾ ഞങ്ങൾ ആ വഴി തെരഞ്ഞെടുത്തു. ചെങ്കടലിലേക്കു നോക്കി അതിന്റെ മണൽപ്പരപ്പിലൂടെ ഞങ്ങൾ നടന്നു. ഏതാനും മിനിറ്റുകൾ മാത്രം നടന്നപ്പോൾ ആരോ ഉച്ചത്തിൽ എന്തോ അലറി വിളിക്കുന്നതു കേട്ടു ഞങ്ങൾ തിരിഞ്ഞു നോക്കി. മെഷീൻ ഗൺ ഞങ്ങളുടെ നേരെ ചൂണ്ടിക്കൊണ്ട് ഏതാനും പട്ടാളക്കാർ പാഞ്ഞടുക്കുന്നു! ഞങ്ങൾ സ്തബ്ധരായി നിന്നു. അവർ ഞങ്ങളെ കൂട്ടി അവരുടെ താവളത്തിലേക്കു പോയി. ഞങ്ങൾ നടന്നു പോയത് അവരുടെ മിലിട്ടറി ബേസിന്റെ ഏരിയയിൽ കൂടിയായിരുന്നുവത്രേ!

ആ കെട്ടിടത്തിലേക്ക് കയറിയ ഞങ്ങളെ അതിനുള്ളിലുള്ള ഒരു മുറിയിൽ കൊണ്ടുപോയി അവിടെ ഇരിക്കാൻ ആവശ്യപ്പെട്ടു. രണ്ടുപേർ തോക്കുമായി ഞങ്ങളുടെ രണ്ടു വശത്തും നിലയുറപ്പിച്ചു. അൽപ്പം കഴിഞ്ഞപ്പോൾ ഇംഗ്ലീഷ് സംസാരിക്കുന്ന ഒരു ഓഫീസർ വന്ന് ഞങ്ങളുടെ തിരിച്ചറിയൽ കാർഡ് ആവശ്യപ്പെട്ടു. ഞാൻ കാർഡ് കൊടുത്തു. അയാൾ ആ കാർഡിലേക്കും എന്റെ മുഖത്തേക്കും മാറിമാറി നോക്കി.

'യു ക്രിസ്ത്യൻ ഓർ ഹിന്ദു?' അയാൾ ചോദിച്ചു.

'ക്രിസ്ത്യൻ.' ഞാൻ മറുപടി നൽകി. തുടർന്ന്, എന്തിനാണ് അവിടെ

**ചെങ്കടലിലേക്കു നോക്കി അതിന്റെ മണൽപ്പരപ്പിലൂടെ ഞങ്ങൾ നടന്നു. ഏതാനും മിനിറ്റുകൾ മാത്രം നടന്നപ്പോൾ ആരോ ഉച്ചത്തിൽ എന്തോ അലറി വിളിക്കുന്നതു കേട്ടു ഞങ്ങൾ തിരിഞ്ഞു നോക്കി. മെഷീൻ ഗൺ ഞങ്ങളുടെ നേരെ ചൂണ്ടിക്കൊണ്ട് ഏതാനും പട്ടാളക്കാർ പാഞ്ഞടുക്കുന്നു! ഞങ്ങൾ സ്തബ്ധരായി നിന്നു. അവർ ഞങ്ങളെ കൂട്ടി അവരുടെ താവളത്തിലേക്കു പോയി. ഞങ്ങൾ നടന്നു പോയത് അവരുടെ മിലിട്ടറി ബേസിന്റെ ഏരിയയിൽ കൂടിയായിരുന്നുവത്രേ!**

വന്നതെന്നും ആരെ കാണാനാണ് പോകുന്നതെന്നും ചോദിച്ചു. അയാളുടെ പേരും അഡ്രസ്സും വേണമെന്നും പറഞ്ഞു.

ചോദ്യങ്ങൾക്കെല്ലാം ഞാൻ വ്യക്തമായ മറുപടി നൽകി.

അത് കഴിഞ്ഞപ്പോൾ സാബിയോട് തിരിച്ചറിയൽ കാർഡ് കൊടുക്കാൻ പറഞ്ഞു.

പക്ഷേ, സാബി കാർഡ് കൊണ്ടുവന്നിട്ടില്ലായിരുന്നു. പിന്നെ സാബിയോട് ഒന്നും ചോദിക്കാതെ എന്നോട് അകത്തെ ഒരു മുറിയിലേക്ക് ചെല്ലുവാൻ പറഞ്ഞു.

എന്റെ തൊട്ടുപിറകെ ആ ഓഫീസറും എത്തി.

'അവന്റെ പേരെന്താണ്?'

'ഹുസൈൻ'; ഞാൻ പറഞ്ഞു.

'എവിടെ നിന്നു വരുന്നു?'

ഞാൻ ടൗണിന്റെ പേര് പറഞ്ഞു.

'എവിടെയാണവൻ ജോലി ചെയ്യുന്നത്?'

ഞാൻ കമ്പനിയുടെ പേരു പറഞ്ഞു.

'അവൻ മുസ്ലിം ആണോ?'

'അതെ.'

എന്നോട് പഴയ മുറിയിലേക്ക് പൊയ്ക്കൊള്ളാൻ പറഞ്ഞു. പുറകെ ആ ഓഫീസറും എത്തി.

'നിന്റെ പേരെന്താണ്?', അയാൾ സാബിയോട് ചോദിച്ചു.

'ഹുസൈൻ' സാബി മറുപടി നൽകി.

'നീ മുസ്ലിം ആണോ?'

'അതെ.'

'നീ സുന്നത്തു ചെയ്തിട്ടുണ്ടോ?'

'ഉണ്ട്.'

'എന്താണ് തിരിച്ചറിയൽ കാർഡ് കൊണ്ടുവരാതിരുന്നത്?'

'മറന്നു പോയി.'

'എന്റെ കൂടെ വരൂ.'

സാബിയെ അയാൾ മറ്റൊരു മുറിയിലേക്ക് കൊണ്ടുപോയി.

അവിടെവച്ചു സാബിയോട് ഉടുത്തിരുന്ന പാന്റും അടിവസ്ത്രവും അഴിക്കാൻ ആവശ്യപ്പെട്ടു. ഹുസൈൻ സുന്നത്തു ചെയ്തിട്ടുള്ളവനാണെന്ന് ഉറപ്പുവരുത്താൻ വേണ്ടി ആയിരുന്നു അത്. തുടർന്ന് സാബിയെ ഞാനിരുന്ന മുറിയിലേക്കു തന്നെ കൊണ്ടുവന്നു.

'ഇനി നിനക്കു പോകാം.'ഓഫീസർ എന്നോടു പറഞ്ഞു.

'ഞാനോ?'സാബി ചോദിച്ചു.

'നീ ഇവിടെ നിൽക്കണം. തിരിച്ചറിയൽ കാർഡ് കാണാതെ വിടാനാവില്ല. അത് നിയമമാണ്. വൈകിട്ട് ആറു മണി വരെ സമയമുണ്ട്. അതു കഴിഞ്ഞാൽ പിന്നെ ജയിലിലേക്ക് മാറ്റും. പിന്നെ ഞങ്ങൾ നിന്റെ ഫോട്ടോയുമായി നീ പറഞ്ഞ കമ്പനിയിൽ പോയി അന്വേഷിക്കും. അവർ തിരിച്ചറിഞ്ഞാൽ നിന്നെ പറഞ്ഞു വിടും. ഇല്ലെങ്കിൽ പിന്നെ മിലിട്ടറി കോടതി പറയുന്ന ശിക്ഷ നൽകും.

ചാരവൃത്തി തെളിഞ്ഞാൽ വെടിവച്ചു കൊല്ലും.' പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ ഞങ്ങൾക്കു മനസ്സിലായി. സാബിയുടെ തിരിച്ചറിയൽ കാർഡ് വച്ചിരിക്കുന്ന സ്ഥലം പറഞ്ഞു. വൈകിട്ട് ആറു മണിക്ക് മുൻപ് തിരിച്ചു വരുമെന്ന് പറഞ്ഞു ഞാൻ സാബിയുടെ മുറിയുടെ താക്കോലും വാങ്ങി പുറപ്പെട്ടു. തോക്കുധാരികളായ രണ്ടു പട്ടാളക്കാർ റോഡ് വരെ എന്നെ അനുഗമിച്ചു. അവിടെ നിന്നും ടാക്സിയിൽ ഞങ്ങളുടെ ടൗണിൽ എത്തി.

സാബിയുടെ മുറിയിൽ നിന്നും തിരിച്ചറിയൽ കാർഡുമെടുത്ത് വൈകിട്ട് അഞ്ചുമണി കഴിഞ്ഞപ്പോൾ ഞാൻ മിലിട്ടറി ബേസിൽ തിരിച്ചെത്തി.

കാർഡ് പരിശോധിച്ച ഓഫിസർ ഹുസൈനെ ശകാരിച്ചു.

'ഇതിലേ അനധികൃതമായി കടന്നു വരുന്നവരൊക്കെ ചാരന്മാരാണെന്നാണ് ഞങ്ങൾ കരുതുന്നത്. പ്രത്യേകിച്ച്, മുസ്ലിം ആണെങ്കിൽ ശിക്ഷ കൂടുതലാണ്.

ഓടാൻ ശ്രമിച്ചാൽ പട്ടാളക്കാർ വെടി വയ്ക്കും. അതുകൊണ്ട് ഇനി ഒരിക്കലും ഇതുവഴി വരരുത്'

ഞങ്ങൾ അദ്ദേഹത്തോട് നന്ദി പറഞ്ഞിറങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു, 'നിങ്ങൾ നല്ല ചങ്ങാതിമാരാണ്. മനുഷ്യരായാൽ ഇങ്ങനെ വേണം' രാമചന്ദ്രന്റെ കൂടെ അന്നു താമസിച്ചിട്ടു പിറ്റേ ദിവസമാണ് മടങ്ങിയത്.

അതിനു ശേഷം ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ എനിക്കൊരു പനി പിടിച്ചു.

അൽപ്പം കൂടുതലായപ്പോൾ കൂടെ നിൽക്കാൻ ആരുമില്ലാതെ ഗുരുതരാവസ്ഥയിലേക്കു മാറി. ഹുസൈൻ അവധിയെടുത്തു ഞാൻ പൂർണ്ണമായി സുഖമാകുന്നതു വരെ കൂടെ നിന്ന് ശുശ്രൂഷിച്ചു.

അങ്ങനെ ഞങ്ങൾ കടമയും കടപ്പാടും എഴുതിക്കൂട്ടി വയ്ക്കാത്ത രണ്ട് ആത്മസുഹൃത്തുക്കളായിട്ടാണ് കഴിഞ്ഞത്.' സണ്ണി പറഞ്ഞു നിർത്തിയപ്പോൾ സുലൈമാന്റെ ഫോൺ ശബ്ദിച്ചു.

'ബഷീറാ, എന്താന്നു ചോദിക്കട്ടെ.',; സുലൈമാൻ ഫോണെടുത്തു.

'ങ്ഹാ, ഒരു പത്തുമിനിറ്റിലെത്തും.' അയാൾ ഫോൺ ഓഫ് ചെയ്തു.

'അല്ല, പട്ടാളക്കാരൻ ഹുസൈന്റെ സുന്നത്തു പരിശോധിച്ചെന്നു പറഞ്ഞപ്പോൾ ഞാൻ ഓർക്കുകാരുന്നു, ആ സ്ഥാനത്ത് എന്റെ ബഷീർ പെട്ടിരുന്നെങ്കിൽ പണിയായേനെ.' സുലൈമാൻ പറഞ്ഞു.

'അതെന്താ ഇക്കാ?' സണ്ണി ചോദിച്ചു.

'അവനെ ഞാൻ സുന്നത്തു ചെ



യ്തിട്ടില്ല. ചിലപ്പോൾ ലോകത്തിലെ തന്നെ സുന്നത്തു ചെയ്യാത്ത ഒരേ യൊരു മുസ്ലിം എൻറെ ബഷീർ ആയി രിക്കും.'

'അതെന്താ, ഇക്കാ അങ്ങനെ?'

'അവൻ എൻറെ രക്തത്തിൽ പി റന്നവനല്ല. ഇവിടെയടുത്ത് ഒരു ആം ഗ്ലോ ഇന്ത്യൻ സ്ത്രീക്ക് ആരിലോ ജനിച്ചതാണ്. അവിഹിതമായിരുന്നു. കുട്ടിയുണ്ടായി ഒരാഴ്ച്ച കഴിഞ്ഞ പ്പോൾ കായലിൽ എറിഞ്ഞു കൊ ല്ലാൻ പോയതാണ്. പക്ഷേ, അവൾ ക്കു മനസ്സ് വന്നില്ല. എന്റെ കടയിൽ കൊണ്ടുവച്ചിട്ട്, 'ഇക്ക എന്റെ മോനെ നോക്കിക്കോണേ'എന്ന് പറഞ്ഞിട്ട് അവൾ എങ്ങോട്ടോ പോയി.

പിന്നെ ഞാനും എന്റെ ബീവി ഫാത്തിമയും കൂടിയാണ് അവനെ വളർത്തിയത്.

അവൻ ജനിച്ചത് ക്രിസ്തു മതത്തി ലാണ്. പിന്നെ ഞാൻ അവനെ സു ന്നത്തു ചെയ്തു മുസ്ലിം ആക്കുന്നതു ശരിയാണോ? അതുകൊണ്ടു മാമോ ദീസ നൽകി ക്രിസ്ത്യാനിയായിട്ടു തന്നെ വളർന്നോട്ടെ എന്ന് കരുതി ഞാൻ പള്ളിയിലെ അച്ചനോടു സം സാരിച്ചു. അച്ചൻ ചിരിച്ചുകൊണ്ടു പറ ഞ്ഞു, 'അപ്പനും അമ്മയും ആരാണെ ന്നറിയാതെ ഒരു മുസ്ലിം വളർത്തുന്ന കുട്ടിയെ മാമോദീസാ മുക്കാൻ സഭ യിൽ നിയമമില്ല.' അപ്പോൾ പി ന്നെ എന്ത് ചെയ്യാൻ? എന്നിരുന്നാ ലും അവൻ പള്ളിയിലും പോകും മോസ്കിലും പോകും. എന്നെ സംബ ന്ധിച്ചിടത്തോളം അന്ന് ഒരു ജീവൻ രക്ഷിക്കുക എന്നത് മാത്രമായിരുന്നു. അതിനു പ്രത്യുപകാരമായി മതത്തി ന്റെ ലേബൽ ഒട്ടിച്ചു വില പേശുന്നതു മനുഷ്യത്വമല്ലല്ലോ.',സുലൈമാൻ പറഞ്ഞു.

'എങ്ങനെയാണ് സാബി മരിച്ചത്?' ജിജ്ഞാസ അടക്കാനാവാതെ സണ്ണി ക്ലമെന്റിനെ നോക്കി ചോദിച്ചു.

'സാബി ഇവിടെയുള്ളപ്പോൾ എന്നും വൈകിട്ട് ഇവിടെ ബീച്ചിൽ വന്നിരിക്കും.

അറബിക്കടലിന്റെ അങ്ങേ ചരുവി ലേക്ക് സൂര്യൻ ആകാശവിതാനത്തു ചായം പൂശി മറയുന്നതു കാണാൻ



എന്നും ഇവിടെയുണ്ടാകും. ആ സമ യത്ത് ഇവിടെ വളരെയധികം പേർ കാണും. കുട്ടികളെ മണൽപ്പുറത്തു കളിക്കാൻ കൊണ്ടുവരുന്ന മാതാപി താക്കളും, ലഹരിയും മയക്കുമരുന്നും ഉപയോഗിച്ച് കിറുങ്ങിയിരിക്കാൻ വരു ന്ന ചെറുപ്പക്കാരും ഒക്കെ കാണും. അവർ മടങ്ങുമ്പോൾ ധാരാളം പ്ലാസ്റ്റി ക് ബാഗുകളും കുപ്പികളും മറ്റും ഇവി ടെ ഉപേക്ഷിച്ചിട്ടാണ് മടങ്ങുക. അത് സാബിക്കു സഹിക്കില്ല. കഴിവതും അവരെക്കൊണ്ട് അത് എടുപ്പിച്ചിട്ടാ ണ് മടങ്ങുക. ചിലർ സാബി പറയുന്ന ത് വകവയ്ക്കാതെ അവിടെ ഇട്ടിട്ടു പോകും. അതെല്ലാം പെറുക്കി ചവറ്റു കൊട്ടയിലിട്ടിട്ടേ സാബി മടങ്ങൂ.

പ്ലാസ്റ്റിക് ഉത്പന്നങ്ങൾ മണൽപ്പര പ്പിൽ കിടന്നാൽ അത് തിരയെടുത്തു കടലിന്റെ ആഴങ്ങളിലേക്ക് കൊ ണ്ടുപോകുകയും മത്സ്യങ്ങൾ അത് തീറ്റയാണെന്നു കരുതി ഭക്ഷിക്കയും ചെയ്യും. അത് ആ ജീവജാലങ്ങളോടു ചെയ്യുന്ന വലിയ അപരാധമായിട്ടാ ണ് സാബിക്കു തോന്നിയിരുന്നത്. കുറച്ചു നാൾ മുൻപ് കടൽത്തീരത്ത് ചത്തടിഞ്ഞ ഒരു തിമിംഗലത്തിന്റെ കുഞ്ഞിന്റെ വയറ്റിൽ നിന്നും കണ്ടെ ടുത്തത് പത്തു കിലോയിൽ കൂടുതൽ

പ്ലാസ്റ്റിക്കായിരുന്നു എന്നത് സാബി യുടെ വാദത്തെ ശരിവയ്ക്കുന്നതായിരുന്നു.'' ക്ലമന്റ് ഒന്ന് നിർത്തിയിട്ട് പടിഞ്ഞാറൻ ചക്രവാളത്തിലേക്ക് നോക്കി നെടുവീർപ്പിട്ടിട്ടു തുടർന്നു.

'അന്നൊരു ദിവസം ഹർത്താലായിരുന്നു. സന്ധ്യയായപ്പോൾ ഹർത്താൽ ആഹ്വാനം ചെയ്ത സംഘാടകർ';ആഘോഷിക്കാനായി'; മണൽപ്പുറത്തെത്തി.

അവർ പിരിയാൻ തുടങ്ങിയപ്പോൾ കുറെ പ്ലാസ്റ്റിക് ബാഗുകളും കുപ്പികളും ഇവിടെ ഉപേക്ഷിച്ചു. ആ മാലിന്യങ്ങൾ എടുത്തുകൊണ്ടു പോകാൻ അവരോടു സാബി ആവശ്യപ്പെട്ടു. എന്നാൽ അവർ കൂട്ടാക്കിയില്ലെന്നു മാത്രമല്ല, സാബിയെ അവർ ചോദ്യം ചെയ്യുകയും ചെയ്തു. ഇക്കാര്യം സാബി പോലീസിൽ അറിയിക്കുമെന്നു പറഞ്ഞത് അവരെ കുപിതരാക്കി.

അതോടെ അവിടെയുണ്ടായിരുന്ന മറ്റു ചിലർ സ്ഥലം വിട്ടു. അൽപ്പം കഴിഞ്ഞപ്പോൾ സാബിയും മടങ്ങിപ്പോയി. എന്നാൽ, എന്തുകൊണ്ടോ സാബി വീട്ടിലെത്തിയില്ല.

പതിവിലും വളരെ വൈകിയിട്ടും കാണാഞ്ഞപ്പോൾ സാബിയെ തിരക്കി ഭാര്യയും മകനും മണൽപ്പുറത്തെത്തി.

അവിടെയൊരു ബെഞ്ചിൽ സാബി പടിഞ്ഞാറോട്ടു നോക്കി ചേതനയറ്റ് ഇരിക്കുന്നുണ്ടായിരുന്നു. പോസ്റ്റ്മോർട്ടത്തിൽ ഹൃദയസ്തംഭനം എന്നാണെഴുതിരുന്നത്'ക്ലെമന്റിന്റെ കണ്ണുകൾ ഈറനണിഞ്ഞപ്പോൾ സണ്ണിയുടെ കവിളിൽ കൂടി കണ്ണീർ ചാലുകളായി ഒഴുകി.

നിശബ്ദത കീഴടക്കിയ നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങിയപ്പോൾ ക്ലമന്റ് തുടർന്നു.

'സാബിയുടെ നെഞ്ചിൽ ഒരു വലിയ ചുവന്ന പാടുണ്ടായിരുന്നു. ആരോ ചവിട്ടിയതായിരിക്കാമെന്നാണ് സംശയം.'

'ആരും അന്വേഷിച്ചില്ലേ?'. സണ്ണി ചോദിച്ചു.

'ആരന്വേഷിക്കാൻ? ഹർത്താൽ സംഘടിപ്പിക്കുന്നവരൊക്കെ അവരുടെ പാർട്ടികളിൽ സ്വാധീനമുള്ളവരല്ലേ!' സുലൈമാൻ പറഞ്ഞു.

അൽപ്പം കഴിഞ്ഞപ്പോഴേക്കും അവർ അവിടെനിന്നും എഴുന്നേറ്റു.

'എനിക്ക് വൈപ്പിനിലുള്ള അവരുടെ വീട്ടിൽ ഒന്നു പോകണം.' സണ്ണി പറഞ്ഞു.

'ഞാനും വരാം.'; സുലൈമാൻ അൽപ്പ നേരത്തെ പരിചയം കൊണ്ട് ഒരു നല്ല സുഹൃത്തായി.

ജങ്കാറിൽ കയറി അവർ വൈപ്പിനിലെത്തി. ക്ലമന്റാണ് ഡോർബെല്ലടിച്ചത്.

**ഞങ്ങൾ അദ്ദേഹത്തോട് നന്ദി പറഞ്ഞിറങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു, 'നിങ്ങൾ നല്ല ചങ്ങാതിമാരാണ്. മനുഷ്യരായാൽ ഇങ്ങനെ വേണം' രാമചന്ദ്രന്റെ കൂടെ അന്നു താമസിച്ചിട്ടു പിറ്റേ ദിവസമാണ് മടങ്ങിയത്.**

സാബിയുടെ മകൾ വന്നു കതകു തുറന്നു.

'അങ്കിൾ, കയറി വാ.' അവൾ ക്ലമന്റിനെ സ്വാഗതം ചെയ്തു കഴിഞ്ഞപ്പോഴാണ് പുറകിൽ നിൽക്കുന്നവരെ കണ്ടത്.

'കയറി വരൂ.'അവൾ എല്ലാവരോടുമായി പറഞ്ഞു.

'ഉമ്മയെവിടെ?'; ക്ലമന്റ് ചോദിച്ചു.

'അകത്തുണ്ട്. കയറി ഇരിക്കൂ.' അവൾ പറഞ്ഞു.

എല്ലാവരും ഇരുന്നപ്പോഴേയ്ക്കും ഉമ്മ അകത്തു നിന്നും വന്നു. ക്ലമന്റ് സണ്ണിയെ ചൂണ്ടിക്കൊണ്ടു പറഞ്ഞു, 'സാബിയുടെ കൂടെ യമനിൽ ജോലി ചെയ്തിട്ടുള്ളതാ.

സാബിയെ അന്വേഷിച്ചു വന്നതാ.'.;

'സണ്ണിയല്ലേ?' അവർ ചോദിച്ചു.

'എങ്ങനെ മനസ്സിലായി?'

'അറിയാം. സാബി എപ്പോഴും പറയുമായിരുന്നു. നിങ്ങൾ അമേരിക്കയിൽ പല സ്ഥലങ്ങൾ മാറിയപ്പോൾ പിന്നെ അഡ്രസ്സും ഫോൺ നമ്പറുമൊന്നും അറിയാതെയായി. കാണാൻ കഴിയാതിരുന്നതിൽ ദു:ഖമുണ്ടായിരുന്നു.'

'സണ്ണി പിന്നെ നാട്ടിൽ വന്നിട്ടില്ലേ?'

'പല വട്ടം വന്നിരുന്നു. പക്ഷെ, തിരക്കു കാരണം ...... സമയം കിട്ടിയില്ല.'

കുറ്റ ബോധം വേട്ടയാടിയ നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങി.

'തിരക്കിൻറെ ഒഴുക്കിൽപ്പെട്ട് ഒലിച്ചു പോകുന്നത് പലപ്പോഴും നമുക്കു വിലപ്പെട്ട ബന്ധങ്ങളാണ്. ഒന്നിനും ആർക്കും ഇന്ന് സമയമില്ല. എല്ലാവരും ഓട്ടമാണ്.

എന്തിനു വേണ്ടി ഓടുന്നു, എന്ത് നേടുന്നു എന്നാരും ചിന്തിക്കാറില്ല.

നഷ്ടപ്പെടുന്നതിന്റെ വില മനസ്സിലാക്കുമ്പോൾ വളരെ വൈകിപ്പോയിരിക്കും.'

വീടിന്റെ വാരാന്തയിലിരുന്ന് നിറം മാറുന്ന പടിഞ്ഞാറൻ ചക്രവാളത്തിലേക്കു നോക്കി സണ്ണി അറിയാതെ സംസാരിക്കുകയായിരുന്നു.

'സാബിയെ അവർ കൊന്നതാണ്. എനിക്കുറപ്പാ.' സാബിയുടെ ഭാര്യ പറഞ്ഞതു കേട്ട് സണ്ണി ഞെട്ടി.


'അതെന്താ, അങ്ങനെ പറയാൻ കാര്യം?'

'സാബി രാത്രിയിൽ ബീച്ചിൽ നിന്നും വീട്ടിലേക്കു വന്നതാണ്.


വീടിനടുത്തായപ്പോൾ സാബി വിളിച്ചിട്ടു പറഞ്ഞു, ';ബീച്ചിൽ കുറെ പേർ പാർട്ടി നടത്തുന്നുണ്ടായിരുന്നു. അവർക്കെന്തോ സഹായം വേണമെന്ന് പറയുന്നു.

ഞാൻ അങ്ങോട്ടു പോയിട്ട് വരാം. താമസിക്കയില്ല.'രാത്രി വളരെ വൈകിയിട്ടും കാണാഞ്ഞിട്ടാണ് ഞങ്ങൾ ബീച്ചിലേക്കു പോയത്. ഹർത്താലുകാർ പകരം വീട്ടിയതാണ്.'

യാത്ര പറഞ്ഞിറങ്ങി തിരികെ ജങ്കാറിൽ കമാലക്കടവിലേക്കു തിരിക്കുമ്പോൾ പടിഞ്ഞാറൻ ചക്രവാളത്തിന്റെ സ്വർണ്ണനിറം ആഴിയുടെ പരപ്പിലൂടെ അതിവേഗം തീരത്തോടടുക്കുകയായിരുന്നു. സണ്ണിയുടെ ചിന്തകൾ ആ പഴയ സുഹൃത്തിനൊപ്പം അന്നു രാത്രിയിലെ ആ ബീച്ചിലേക്കും.



FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14
YEARS OF
TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555

നോവൽ/
# ഒന്നാമത്തെ ദിവ്യ രഹസ്യം



ജോസഫ് എബ്രാഹം

**ഹേറോദോസ് രാജാവിൻറെ ഭീഷണിയെ തുടർന്നു ബേതലഹേമിൽ നിന്ന് ഈജിപ്തിൽ അഭയം തേടുന്ന ഇശോയുടെയും മിറിയാമിന്റെയും കുടുംബം അനുഭവിച്ച കഠിന യാതനകളാണ് ജോസഫ് എബ്രഹാം എഴുതുന്ന നോവൽ ഒന്നാമത്തെ ദിവ്യ രഹസ്യം 11 ,12 അധ്യായങ്ങളിൽ . ഈജിപ്തിൻറെ ദൂരക്കാഴ്ച ഈ നോവലിലെ സവിശേഷ അനുഭവമാണ് . ജോസഫ് അനുഭവിക്കുന്ന സംഘർഷങ്ങൾ നോവലിന് പുതിയ മാനം നൽകുന്നു . അടുത്ത ലക്കത്തിൽ നോവൽ അവസാനിക്കും.**



വര:
മറിയം ജാസ്മിൻ

### അധ്യായം –11

# കള്ളന്മാരുടെ ഗ്രാമത്തിലൂടെ

വീട്ടിലേക്കു കയറിച്ചെന്നപ്പോൾ മിരിയാം ആകാംഷയോടെ വാതിൽക്കൽ നിൽക്കുന്നുണ്ടായിരുന്നു. കുഞ്ഞിനെ വകവരുത്താൻ ഹേറോദോസ് രാജാവ് വിചാരിക്കുന്നുവെന്ന് രാജാക്കന്മാർ അറിയിച്ച കാര്യം പറഞ്ഞപ്പോൾ അവൾ വല്ലാതെ പരിഭ്രമിച്ചു.

കുറച്ചുനേരം കഴിഞ്ഞപ്പോഴേക്കും ഇടയന്മാരുടെ താഴ്വാരത്ത് രാജഭടന്മാർ വന്നു പരിശോധന നടത്തിയെന്നും രാജാക്കന്മാരുടെ സംഘം തമ്പടിച്ചതിന്റെ അടയാളങ്ങൾ പടയാളികൾ കണ്ടതിനാൽ ഇടയന്മാരുടെ അടുക്കൽ അന്വേഷണങ്ങൾ നടത്തിയെന്നുമൊക്കെ ഇടയന്മാർ വന്നറിയിച്ചു. ഭടന്മാർക്ക് അറിയേണ്ടതു ആയിടെ ജനിച്ച ഒരു ശിശുവിനെക്കുറിച്ചായിരുന്നു. പ്രത്യേകമായി അന്വേഷിച്ചത് ഒരു യഹൂദസ്ത്രീ പ്രസവിച്ച കുഞ്ഞിനെക്കുറിച്ചായിരുന്നു.

പടയാളികളുടെ അന്വേഷണം നടക്കുന്നതിനെക്കുറിച്ച് മുതിർന്ന ചില ആട്ടിടയർ വന്നു ഉപദേശിച്ചതനുസരിച്ച് ഞങ്ങൾ കുഞ്ഞിനേയും എടുത്തു മലഞ്ചെരിവിലെ കുറ്റികാടുകളുടെ മറപറ്റി മലയുടെ മറുവശത്തുള്ള ‘മറാഹ’ എന്ന ശ്മശാനത്തിലെ ഗുഹയിലേക്ക് നീങ്ങി. ഞങ്ങൾക്കുവേണ്ട അത്യാവശ്യ സാധങ്ങൾ ചുമന്നും വഴികാട്ടിയായും രണ്ടു ചെറുപ്പക്കാരായ ആട്ടിടയർ ഞങ്ങൾക്കൊപ്പം ഉണ്ടായിരുന്നു. ഞങ്ങൾ ഒരു ഗുഹയിൽ ഒളിച്ചു. പടയാളികൾ ശിശു ജനിച്ച ഗുഹയിൽ പോയി നോക്കിയിരുന്നു.

അപ്പോളവിടെ പാവപ്പെട്ട ഒരു കുടുംബമായിരുന്നു താമസിച്ചിരുന്നത്. അവർ അന്വേഷിക്കുന്ന തരത്തിലുള്ള ശിശുവിനെയൊ ആൾക്കാരയോ അവിടെ കാണാത്തതിനാൽ പടയാളികൾ തിരിച്ചുപോയി. സന്ധ്യയോടെ രണ്ടാട്ടിടയർ വന്നു. ഞങ്ങൾക്ക് കിടക്കാനുള്ള സാമഗ്രികളും അത്യാവശ്യം വേണ്ടുന്ന സാധങ്ങളുമായിട്ടായിരുന്നു അവരുടെ വരവ്. പടയാളികൾ വന്നതും അവർ തിരച്ചിൽ നടത്തിയതും ആട്ടിടയന്മാരെ ചോദ്യം ചെയ്തതുമൊക്കെ വിശദമായി അവർ പറഞ്ഞറിഞ്ഞതോടെ മിരിയാം കൂടുതൽ പരിഭ്രാന്തയായി. ഇനിയെന്തു ചെയ്യുമെന്നോർത്ത് അവൾ വിഷമിച്ചു.

ഹേറോദോസിൻറെ ഭരണത്തിനു പുറത്തുള്ള സ്ഥലമായ റോമൻ ഭരണത്തിലുള്ള ഈജിപ്റ്റായിരുന്നു ഏറ്റവും അടുത്തുള്ള സുരക്ഷിത ദേശമായി തോന്നിയത്. ഹേറോദോസിൻറെ ചാരൻമാർ ഒരുപക്ഷെ അവിടെയും എത്തിയേക്കാമെങ്കിലും പാലസ്തീനയിലെ ഏതു ദേശത്തേക്കാളും സുരക്ഷിതമാണ് ഈജിപ്റ്റ്ദേശം. അതുകൊണ്ടുതന്നെ അവിടേയ്ക്കു കടക്കാൻ തീരുമാനിച്ചു. യുദയായും ഈജിപ്റ്റ്ദേശവും റോമൻ സീസറിൻറെ അധികാരസീമയിൽ ആയതിനാൽ ഈജിപ്റ്റ് ദേശത്തേക്ക് യാത്ര ചെയ്യുന്നതിനോ അവിടെ വസിക്കുന്നതിനോ വിലക്കുകൾ ഒന്നുമില്ലായിരുന്നു.

പിറ്റേന്ന് രാവിലെ മറ്റൊരു യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തു. നസറത്തിൽ നിന്നു കൊണ്ടുവന്ന കഴുതയും, കഴുതക്കുട്ടിയും വഴിയിൽ വച്ചു ഞങ്ങളുടെ കൂടെ ചേർന്ന പെൺകഴുതയും ഇപ്പോഴും ഞങ്ങളുടെ കൂടെയുണ്ട്. കഴുതക്കുട്ടി ഇപ്പോൾ വളർച്ചയെത്തി. വിറ്റാൽ വഴിച്ചെലവിനുള്ള പണം കണ്ടെത്താൻ ബുദ്ധിമുട്ടില്ല. ഇടയന്മാർ വഴി കഴുതക്കുട്ടിയെയും, രാജാക്കന്മാർ നൽകിയ ദ്രവ്യത്തിൽ കുറച്ചു ഭാഗവും ചന്തയിൽ വിറ്റ് യാത്രക്കുള്ള പണം സ്വരൂപിച്ചു. രാജാക്കന്മാർ നൽകിയ വിലപിടിച്ച ദ്രവ്യത്തിൽ

**പടയാളികളുടെ അന്വേഷണം നടക്കുന്നതിനെക്കുറിച്ച് മുതിർന്ന ചില ആട്ടിടയർ വന്നു ഉപദേശിച്ചതനുസരിച്ച് ഞങ്ങൾ കുഞ്ഞിനേയും എടുത്തു മലഞ്ചെരിവിലെ കുറ്റികാടുകളുടെ മറപറ്റി മലയുടെ മറുവശത്തുള്ള 'മറാഹ' എന്ന ശ്മശാനത്തിലെ ഗുഹയിലേക്ക് നീങ്ങി. ഞങ്ങൾ ഒരു ഗുഹയിൽ ഒളിച്ചു. പടയാളികൾ ശിശു ജനിച്ച ഗുഹയിൽ പോയി നോക്കിയിരുന്നു. അപ്പോളവിടെ പാവപ്പെട്ട ഒരു കുടുംബമായിരുന്നു താമസിച്ചിരുന്നത്. അവർ അന്വേഷിക്കുന്ന തരത്തിലുള്ള ശിശുവിനെയൊ ആൾക്കാരയോ അവിടെ കാണാത്തതിനാൽ ടയാളികൾ തിരിച്ചുപോയി.**

കുറച്ചുഭാഗം ആട്ടിടയർക്കു നൽകി, ശേഷം ഇനിയും കുറച്ചു ബാക്കിയുണ്ട്. അത് ഭദ്രമായി കയ്യിൽ കരുതി. അന്യദേശത്തു ജീവിതം തുടങ്ങുമ്പോൾ അതൊരു സഹായമാകും.

അന്നു രാത്രിയിൽ തന്നെ രഹസ്യമായി യാത്രതുടങ്ങി.

മലമ്പാതകൾ കടന്നു ബെത്‌ലഹേമിന്റെ അതിർത്തികൾ താണ്ടുന്നത് വരെ രണ്ടു ഇടയയുവാക്കൾ കൂടെ അനുഗമിച്ചു. നേരം വെളുക്കുന്നതിനു മുൻപു തന്നെ കഴിയുന്നത്രയും ദൂരം താണ്ടണം. രാത്രിമുഴുവനും നിർത്താതെ യാത്ര ചെയ്തു. രാവിലെയായപ്പോഴേക്കും ഒരു ചെറിയ അരുവിയുടെ അടുത്തെത്തി. നല്ല തെളിഞ്ഞ വെള്ളം ഒഴുകുന്ന അരുവി. ഓരത്തായി കാട്ടുചെറികൾ കായ്ച്ചു നിൽക്കുന്നുണ്ടായിരുന്നു. അരുവിയിലെ വെള്ളം കുടിച്ചും ചെറിപ്പഴങ്ങൾ പറിച്ചുതിന്നും അവിടെ കുറെയേറെനേരം വിശ്രമിച്ചു. ഞങ്ങൾ നിൽക്കുന്നിടത്തു നിന്നു നോക്കിയാൽ ദൂരെ പിന്നിലായി ജറുസലേം കുന്നുകൾ ദൃശ്യമായിരുന്നു. രാവിലത്തെ വെള്ളിവെയിലിൽ വിളങ്ങുന്ന ജറുസലേം കുന്നുകൾ വളരെ മനോഹരമായ കാഴ്ചയായിരുന്നുവെങ്കിലും വിഷാദത്തിന്റെ വെള്ളിടിയായിട്ടാണ് അത് കരളിൽ പതിച്ചത്. എല്ലാം വിട്ടെറിഞ്ഞ് എത്രകാലത്തേക്ക് എന്നറിയാത്ത ഒരു ദുരിതയാത്രയുടെ തുടക്കമാണതെന്നു മനസ്സ് പറഞ്ഞു.

ജീവിതത്തെ ഒരു കരയ്ക്കടിപ്പിച്ചുകൊണ്ട് മക്കളെയും കൂടെചേർത്തുള്ള ഒരു പുതിയ ജീവിതത്തിനു വേണ്ടുന്ന കോപ്പുകൾ കൂട്ടിവരെവേ പെട്ടന്നതെല്ലാം വലിച്ചെറിഞ്ഞൊരു പലായനം. ഇനി എൻറെ മക്കളെ ഒരിക്കൽ കൂടി കാണുവാനൊക്കുമോ? അപ്പനില്ലാതെ എൻറെ മക്കൾ, എൻറെ രക്തത്തിൽ പിറന്ന, എൻറെ പ്രാണപ്രിയയായിരുന്ന മെൽക്ക പ്രസവിച്ചു പാലൂട്ടി വളർത്തിയ കുഞ്ഞുങ്ങൾ എത്രമാത്രം ദുരിതപ്പെടുന്നുണ്ടാകാം. കാലുകൾ മുന്നോട്ടു പോകുമ്പോഴും മനസ്സു പക്ഷെ കൂട്ടാക്കുന്നില്ല. മനസ്സിൽ നിരാശയും ദേഷ്യവും നിറഞ്ഞു. ജീവിതത്തിൽ വന്നുഭവിച്ച വലിയൊരു വിഡ്ഢിത്തമായിപ്പോയി ഈ രണ്ടാംവിവാഹം എന്നുള്ള ചിന്ത വീണ്ടും മനസ്സിനെ കീഴടക്കി. അങ്ങിനെയൊന്നു സംഭവിച്ചില്ലായിരുന്നെങ്കിൽ ജീവിതത്തിൽ ഇത്രയധികം ദുരിതവും അലച്ചിലും ഉണ്ടാകില്ലായിരുന്നു. ഇതിപ്പോൾ ഉള്ള സമാധാനവും സന്തോഷവും പൊയ്പ്പോയി എന്ന മട്ടിലായി കാര്യങ്ങൾ. ഇനി എന്തെല്ലാം ദുരിതങ്ങൾ താണ്ടേണ്ടി വരുമെന്ന് ഒരു നിശ്ചയവുമില്ല. പക്ഷേ കൂടെയുള്ള രണ്ടു ജീവനുകൾ ഇപ്പോൾ തന്നെ ആശ്രയിച്ചാണ് നിലനിൽക്കുന്നത് എന്നുള്ള ബോധ്യം എന്നിൽ കർത്തവ്യബോധം വീണ്ടും നിറച്ചു. കൂടുതൽ ദുരിതങ്ങൾ സ്വീകരിക്കാൻ തയ്യാറാവാനായി മനസിനെ പറഞ്ഞു പാകപ്പെടുത്തി.

പിറ്റേന്ന് ഹെബ്രോൺ താഴ്‌വാരം പിന്നിട്ട് യാത്ര സീനായ് ലക്ഷ്യമാക്കി തുടർന്നു. ചുറ്റിനും കണ്ണെത്താത്ത മരുഭൂമിമാത്രം. യാത്രക്കിടയിൽ കയ്യിലെ വെള്ളം തീർന്നു പോയി. കുടിക്കാൻ കയ്യിൽ ജലമില്ല എന്ന ചിന്ത തൊണ്ടയെ

ഓട്ടുകലം പോലെ വരണ്ടതാക്കി. അടുത്തെങ്ങും ജലസാന്നിധ്യം ഉള്ള തിൻറെ യാതൊരു ലക്ഷണവുമില്ല. കത്തുന്ന വെയിലിൽ ഒരു പറവയെ പ്പോലും തലയ്ക്കു മീതെ കാണുവാ നില്ലായിരുന്നു. കടുത്ത ദാഹത്താൽ ഞങ്ങൾ വലഞ്ഞു. മിരിയാമും കുഞ്ഞു യേഷുവായും ദാഹത്താൽ വലഞ്ഞാർത്തരായി. വഴിയിലെങ്ങും യാത്രക്കാരെയോ വർത്തക സംഘ ത്തെയോ ഒന്നും കാണുവാനുമില്ല.

'മരുഭൂമിയിൽ ദാഹിച്ചു വലഞ്ഞു മരിച്ചു വീഴുവാനാണോ ദൈവമേ നീ ഇവിടേയ്ക്ക് ഞങ്ങളെ കൊണ്ടുവന്ന ത് ? ഇതിലും ഭേദം ഹേറോദോസി ന്റെ വാളായിരുന്നു.'

ഞാൻ ദൈവത്തോട് മറുതലിച്ചു കോപിച്ചു.

യാത്രയുടെ തുടക്കംമുതൽ തന്നെ, എന്നെ ദുരിതങ്ങളിലേക്ക് മാത്രം തള്ളിവിടുന്ന ദൈവത്തോ ട് എനിക്ക് അതൃപ്തിയായിരുന്നു. അതുവരെയുള്ള ജീവിതകാലം മുഴുവൻ പ്രാർത്ഥനയിൽ മുഴുകിയും ദൈവകല്പനകൾ അനുസരിച്ചും ജീവിച്ചുവന്നിരുന്ന എൻറെ ജീവിത ത്തിൽ അതുവരേയ്ക്കും വന്നതും വീണ്ടും വരുന്നതുമായ ദുരിതങ്ങൾ ഒരു വിശ്വാസത്തിൻറെ പേരിലും എനിക്കു ന്യായീകരിക്കാൻ ആവുന്നി ല്ലായിരുന്നു. പ്രാർത്ഥനകളല്ല ഉത്തര മാകുന്നത്, ദൈവത്തിൻറെ ഹിതമാ ണ് നടപ്പിലാവുന്നത്. അധരങ്ങളുടെ പ്രാർത്ഥന വെറും നിഷ്ഫലമാണെ ന്നും ജീവിതം തന്നെയാണ് ദൈവ ത്തിനു സ്വീകാര്യമായ പ്രാർത്ഥ നയെന്നുമുള്ള ബോധ്യത്തിലേക്ക് ഞാൻ അക്കാലത്തു തന്നെ നടന്നടു ക്കാൻ തുടങ്ങിയിരുന്നു.

ദൈവത്തോടുള്ള എൻറെ കോ പവാക്കുകൾ കേട്ട മിരിയാം എന്നെ ശാസിച്ചു

''നിങ്ങൾ ഇങ്ങിനെ ദൈവദോ ഷം കിട്ടുന്ന വാക്കുകൾ പറയാതെ''

മരുഭൂമിയിൽ ശിശുവുമായി ദാ ഹിച്ചു വലഞ്ഞ ഹാഗാർ വെള്ളത്തി നു വേണ്ടി പ്രാർഥിച്ച പോലെ മിരി യാം മകനെയും ചേർത്തു പിടിച്ചു പ്രാർത്ഥിച്ചു.

ദാഹം ശമിപ്പിക്കാനായി എന്തു ചെയ്യണമെന്നറിയാതെ തളർന്നു നിൽക്കവേയാണ് ആ ദൃശ്യം എൻ റെ കണ്ണിൽപ്പെട്ടത്.

രണ്ടരയോ മൂന്നോ വയസുമാ ത്രമുള്ള ഒരു ബാലൻ അതിശയ കരമായ കായബലത്തോടെ ഒരു തോൽക്കുടം നിറയെ വെള്ളവുമായി ഞങ്ങൾക്ക് അരികിലേക്ക് നടന്നു വരുന്നു....

തോളറ്റംവരെ നീണ്ട മുടിയുള്ള അവൻറെ തലയിൽ ചുമക്കുന്ന തോൽക്കുടത്തിൽ നിന്നും ഇടയ്ക്കി ടെ തുളുമ്പിത്തെറിക്കുന്ന ജലകണ ങ്ങൾ സ്ഫടികം പോലെ വായുവിൽ വെട്ടിത്തിളങ്ങി. വരണ്ട തൊണ്ടയു മായി നിൽക്കുന്നവന് അതിൽപരം മനോഹരമായ ഒരു കാഴ്ച വേറെന്തു ണ്ട്?

ചെമ്മരിയാടിൻറെ തോൽകൊ ണ്ടുള്ള ഒരു കുപ്പായമായിരുന്നു അവൻ ധരിച്ചിരുന്നത്. അവൻ ഞങ്ങ ളുടെ മുൻപിൽ കുടത്തിലെ ജലം ഇറ ക്കി വച്ചിട്ട് വണങ്ങി തിരികെ പോകാനൊരുങ്ങി.

ഒന്നും മിണ്ടാതെ തിരികെ നട ക്കാൻ തുടങ്ങിയ അവനെ പുറകിൽ നിന്നും വിളിച്ചു ചോദിച്ചു

''മകനെ ...നീ ആരാണ് , എവിടെ യാണ് താമസം?''

അവൻ തിരിഞ്ഞു നോക്കാതെ ദൂ രേക്ക് വിരൽ ചൂണ്ടിക്കാട്ടി പറഞ്ഞു.

''ഞാൻ യോഹന്നാൻ.

വരുവാനുള്ള മിശിഹായ്ക്ക് വഴിയൊരുക്കുവാൻ വന്നവൻ. ദാ അവിടെയൊരു ഗുഹയിലാണ് ഞാൻ താമസിക്കുന്നത്''

ഒരു ബാലനു യോജിക്കാത്ത ഭാഷയും, സ്വരവുമായിരുന്നു അവൻ റെത്. കാരിരുമ്പിന്റെ കരുത്തുള്ള സംസാരം. അപ്പോഴും ഞങ്ങളുടെയാ ത്ര യൂദയായുടെയും ഹേറോദോ സിൻറെയും അധികാരപ്രദേശത്ത് കൂടിയായിരുന്നുവെന്നത് ഞങ്ങളെ അലട്ടിക്കൊണ്ടിരുന്നു.

അന്നു സന്ധ്യയോടെ 'അനേം' എന്നൊരു സ്ഥലത്ത് എത്തിച്ചേർന്നു. രണ്ടരുവികൾ എന്നാണ് ആ പേരി നർത്ഥം. അവിടെ കുന്നിൻചരുവു കളിൽ ധാരാളം ചെറിയ വീടുകളും പച്ചപ്പുകളും ഉണ്ടായിരുന്നു. മരുഭൂമി യിലെ യാത്രക്കാർ സത്രം പോലെ ഉപയോഗിക്കുന്ന ഒരു ഒറ്റപ്പെട്ട വീടിൻറെ മുൻപിൽ ഞങ്ങൾ എത്തിച്ചേർന്നു.

കുഞ്ഞുമായി രക്ഷപ്പെടാൻ കഴിയുമെന്ന ഉറപ്പ് ഞാൻ മരിയാ മിനു കൊടുക്കുമ്പോഴും എന്റെ മനസ് അസ്വസ്ഥമായിരുന്നു. പാവം, അവളുടെ മുഖത്തെ പേടി ഇപ്പോൾ വിട്ടുമാറിയിട്ടുണ്ട്. യാത്രക്കിടയിലും കുഞ്ഞുയേഷുവായേ അവൾ കൊ ഞ്ചിക്കുന്നുണ്ട്. പക്ഷെ അതൊക്കെ കണ്ടിട്ടും എനിക്കു സന്തോഷിക്കാ നാകുന്നില്ലായിരുന്നു. കൂടുതൽ അനർത്ഥങ്ങൾ വരുവാനുണ്ടെന്നു ഞാൻ സദാ ആശങ്കപ്പെട്ടുകൊണ്ടിരു ന്നു. എന്നും വേവലാധികൾ നിറ ഞ്ഞതായിരുന്നു എന്റെ ജീവിതം. ജീവിതം ഒരു കരയിൽ അടുത്തു വെന്നു കരുതി സന്തോഷിച്ചിരുന്ന നാളുകളിലാണ് മെൽക്ക എന്നെയും മക്കളെയും തനിച്ചാക്കി ഈ ലോകം വിട്ടുപോയതു. അതിനുശേഷം വീ ണ്ടും അലച്ചിലായി മാറി ജീവിതം. അതൊരു നിഴൽ പോലെ വിടാതെ പിൻതുടരുന്നുണ്ടിപ്പോഴും. മകൻ ഡാ

**മലമ്പാതകൾ കടന്നു ബെത്ലഹേമിന്റെ അതിർത്തികൾ താണ്ടുന്നത് വരെ രണ്ടു ഇടയയുവാക്കൾ കൂടെ അനുഗമിച്ചു. അരുവിയിലെ വെള്ളം കുടിച്ചും ചെറിപ്പഴങ്ങൾ പറിച്ചുതിന്നും അവിടെ കുറെയേറെനേരം വിശ്രമിച്ചു. ഞങ്ങൾ നിൽക്കുന്നിടത്തു നിന്നു നോക്കിയാൽ ദൂരെ പിന്നിലായി ജറുസലേം കുന്നുകൾ ദൃശ്യമായിരുന്നു. രാവിലത്തെ വെള്ളിവെയിലിൽ വിളങ്ങുന്ന ജറുസലേം കുന്നുകൾ വളരെ മനോഹരമായ കാഴ്ചയായിരുന്നുവെങ്കിലും വിഷാദത്തിന്റെ വെള്ളിടിയായിട്ടാണ് അത് കരളിൽ പതിച്ചത്.**

നിയലിന്റെ കുറ്റപ്പെടുത്തലിന്റെയും വെറുപ്പിന്റേയും മുമ്പിൽ പതറി നിന്ന നിമിഷങ്ങളുടെ വ്യഥ, അതൊരിക്കലും മനസ്സിൽ നിന്നും വിട്ടൊഴിയില്ല. വീടുവിട്ടുപോയ ഡാനിയലിനെ ഇതുവരെ കണ്ടെത്താനായിട്ടില്ല ഇനിയതിനു കഴിയുമോന്നറിയില്ല.

ഒരോ യഹൂദജന്മവും ശപിക്കപ്പെട്ടതാണ്. ജൂതൻ എന്നും എവിടെ നിന്നും ആട്ടിയോടിക്കപ്പെട്ട് ചിതറിക്കപ്പെടുന്നവനാണ്. സമാധാനം എന്ന വാക്ക് ഒരിക്കലും അവന്റെ ജീവിതത്തിലേയില്ല. ഉള്ളിലും പുറത്തും സമരമൊഴിഞ്ഞൊരു നിമിഷം അവൻറെ ജിവിതത്തിൽ അസാധ്യമായിരിക്കുന്നു.

ദൂരെ നിന്നും ഒരു സംഘം ഒട്ടകങ്ങൾ കടന്നു വരുന്ന കാഴ്ച ....

അതിനെ മുന്നോട്ടു തെളിച്ചു കൊണ്ടു വരുന്നവരുടെ കൂട്ടത്തിൽ ഒരാൾ, അത് മകൻ ഡാനിയൽ ആയിരിക്കുമോ? സൂക്ഷിച്ചു നോക്കി.

ഇല്ല. അവൻ ഒരിക്കലും തന്റെ മുമ്പിൽ വരില്ല.

പഴയതെല്ലാം മറക്കാൻ ശ്രമിച്ചു.

ഇനി അഭയം ഇവിടെ എവിടെയെങ്കിലുമാക്കാം.

ആ പ്രദേശത്തെ ആളുകളുടെ പ്രധാനതൊഴിൽ ഒട്ടകങ്ങളെ തെളിക്കുക എന്നതാണ്. ചരക്കുകളും യാത്രക്കാരുമായി അവരുടെ ഒട്ടകങ്ങൾ മരുഭൂമിയിലെ വിവിധ ലക്ഷ്യങ്ങളിലേക്ക് സഞ്ചരിച്ചു. അവിടുത്തെ പച്ചപ്പിലൂടെ ധാരാളം ഒട്ടകങ്ങൾ മേഞ്ഞു നടക്കുന്നുണ്ടായിരുന്നു.

പരുക്കൻമാരായ അവിടുത്തെ ആളുകളിൽ ചിലർ മരുഭൂമിയിൽ കവർച്ച പതി വാക്കിയവരായിരുന്നു. സമീപപ്രദേശങ്ങളിൽ താമസിച്ചിരുന്നവരിൽ പലരും മറ്റുസ്ഥലങ്ങളിലെ തെമ്മാടികളും അടിപിടിക്കാരും അവിടെനിന്നും തുരത്തി നാടുകടത്തപ്പെട്ടവരുമായിരുന്നു. എന്നിരുന്നാലും സത്രം സൂക്ഷിപ്പുകാരനായ റൂബൻ എന്ന ചെറുപ്പക്കാരൻ വളരെ വിനയമുള്ളവനായിരുന്നു. അവൻ ഞങ്ങളോട് ആദരവോടെ പെരുമാറി.

പിറ്റേന്നുള്ള യാത്രയും മരുഭൂമിയിലൂടെത്തന്നെയായിരുന്നു. കൃത്യ

**യാത്രയുടെ തുടക്കംമുതൽ തന്നെ, എന്നെ ദുരിതങ്ങളിലേക്ക് മാത്രം തള്ളിവിടുന്ന ദൈവത്തോട് എനിക്ക് അതൃപ്തിയായിരുന്നു. അതുവരെയുള്ള ജീവിതകാലം മുഴുവൻ പ്രാർത്ഥനയിൽ മുഴുകിയും ദൈവകല്പനകൾ അനുസരിച്ചും ജീവിച്ചുവന്നിരുന്ന എൻറെ ജീവിതത്തിൽ അതുവരേയ്ക്കും വന്നതും വീണ്ടും വരുന്നതുമായ ദുരിതങ്ങൾ ഒരു വിശ്വാസത്തിൻറെ പേരിലും എനിക്കു ന്യായീകരിക്കാൻ ആവുന്നില്ലായിരുന്നു. പ്രാർത്ഥനകളല്ല ഉത്തരമാകുന്നത്, ദൈവത്തിൻറെ ഹിതമാണ് നടപ്പിലാവുന്നത്. അധരങ്ങളുടെ പ്രാർത്ഥന വെറും നിഷ്ഫലമാണെന്നും ജീവിതം തന്നെയാണ് ദൈവത്തിനു സ്വീകാര്യമായ പ്രാർത്ഥനയെന്നുമുള്ള ബോധ്യത്തിലേക്ക് ഞാൻ അക്കാലത്തു തന്നെ നടന്നടുക്കാൻ തുടങ്ങിയിരുന്നു.**

മായ വഴികളോ അടയാളങ്ങളോ ഒന്നും ഇല്ലാതെയുള്ള യാത്ര. ദൂരെ ചിലപ്പോൾ അവ്യക്തമായി കാണുന്നതും ചിലപ്പോൾ കാഴ്ചയിൽനിന്നും മറഞ്ഞു പോകുന്നതുമായ സീനായ് മലയുടെ ദിക്ക് നോക്കി തന്നെ യാത്ര തുടർന്നു.

മരുഭൂമിയുടെ ഒരു ഭാഗം മുറിച്ചു കടന്ന ഞങ്ങൾ ഒരു ചെറിയ വനപ്രദേശത്ത് എത്തിച്ചേർന്നതോടെ സൂര്യൻ അസ്തമിക്കാൻ തുടങ്ങി. അന്നു രാത്രിയോടെ ഞങ്ങൾ ചെറിയൊരു ഗ്രാമത്തിൽ എത്തിച്ചേർന്നു. ഈജിപ്റ്റിലേക്കുള്ള പലായനത്തിനിടയിൽ ഞങ്ങൾ കടന്നുപോയ ഗ്രാമങ്ങളിൽ വച്ച് തികച്ചും വിത്യസ്തവും വിചിത്രവുമായ ഒരു ഗ്രാമമായിരുന്നത്. ഒപ്പം അപകടം നിറഞ്ഞതും.

ആ വനപ്രദേശത്ത് എത്തിയപ്പോൾ നന്നായി ഇരുട്ടി. ഒട്ടുമേ പരിചിതമല്ലാത്ത ഇടം. ഇരുട്ടിൽ അവിടം താണ്ടുക എന്നത് അത്ര എളുപ്പമായിരുന്നില്ല. വഴിയിൽ നിന്നും അൽപ്പം മാറി ഒരു ചെറിയ കുടിൽ കാണാം, അതിൽ നിന്നും അധികം ദൂരെയല്ലാതെ ഒരു മരക്കൊമ്പിൽ ഒരു റാന്തൽ വിളക്ക് തൂക്കിയിട്ടിട്ടുണ്ടായിരുന്നു. വഴിയാത്രക്കാരുടെ ശ്രദ്ധ ആകർഷിക്കാൻ വേണ്ടി സത്രം നടത്തിപ്പുകാർ കൊളുത്തിവച്ച ഒരു വിളക്കാകും അതെന്നു അനുമാനിക്കാൻ വിഷമമുണ്ടായിരുന്നില്ല.

ആ ഭാഗത്തെ വഴി വളരെ ആപത്ത് നിറഞ്ഞതായിരുന്നു. വഴിയിൽ പലയിടത്തായി കിടങ്ങുകൾ കുഴിച്ചിട്ടുണ്ടായിരുന്നു. അവിടെയുള്ള കുടിലുകൾക്ക് മുൻപിലും കിടങ്ങുകൾ കണ്ടു. വഴിയുടെ സഞ്ചാരയോഗ്യമായ ഭാഗത്ത് ചരടുകൾ വലിച്ചുകെട്ടിയിരുന്നു. വഴി യാത്രക്കാർ കിടങ്ങുകളിൽ വീഴാതെ നല്ലഭാഗം നോക്കി ഇരുളിൽ തപ്പിത്തടഞ്ഞു നടക്കുമ്പോൾ അവരറിയാതെ അവരുടെ കാലുകൾ വലിച്ചു കെട്ടിയിരിക്കുന്ന ചരടുകളിൽ ഉടക്കും. അപ്പോൾ ആ ചരടിൻറെ മറുതലയ്ക്കൽ കുടിലിനുള്ളിലായി കെട്ടിയിരിക്കുന്ന മണിമുഴങ്ങും. മണിമുഴക്കം കേൾക്കുമ്പോൾ കുടിലിൽ വസിക്കുന്ന കവർച്ചക്കാർ ഓടിയെത്തി വഴിയാത്രക്കാരെ കവർച്ചചെയ്യും. അത്തരം കുടിലുകൾ എന്നും ഒരു സ്ഥലത്തായിരിക്കില്ല, അതിലെ താമസക്കാരായ കവർച്ചക്കാർ കുടിലുകളെ ഒരിടത്തു നിന്നും അവർക്കിഷ്ട്ടമുള്ള മറ്റൊരിടത്തേക്ക് നീക്കിക്കൊണ്ടിരിക്കുമായിരുന്നു.

ഇക്കാര്യമൊന്നും അറിയാതെയായിരുന്നു ഞങ്ങളുടെ യാത്ര. ഞങ്ങൾ റാന്തൽ വിളക്ക് തൂക്കിയിട്ടിരിക്കുന്ന മരത്തിനെ സമീപിക്കവേ, കവർച്ചക്കാരുടെ നേതാവെന്നു തോന്നിക്കുന്ന ഒരാളെയും അയാൾക്ക് ചുറ്റും മറ്റഞ്ചുപേരെയും കണ്ടു. അവർ ഞങ്ങൾക്ക് അഭിമുഖമായി നിലകൊണ്ടു. അവരുടെ മുഖം ക്രൂരവും പരുക്കനുമായിരുന്നു. കൊല്ലാനും കവർച്ചചെയ്യാനും അവരുടെ കൈകൾ എപ്പോഴും കൊതിച്ചു. സംഘത്തലവൻ മിരിയാമിൻറെ കയ്യിലിരിക്കുന്ന കുഞ്ഞു യേഷുവായെ സൂക്ഷിച്ചു നോക്കി. എന്നാൽ

കുഞ്ഞിനെ നോക്കിയതോടെ അയാളുടെ മുഖഭാവം തന്നെ മാറി ശാന്തമായി. ഞങ്ങളെ ഒരു തരത്തിലും ഉപദ്രവിക്കരുതെന്ന് അയാളുടെ കൂട്ടാളികൾക്കയാൾ നിർദേശം നൽകി. അപകടം നിറഞ്ഞ ആ വഴിയിൽ വഴി കാട്ടിയായി സുരക്ഷിതമായി അയാളുടെ കുടിലിലേക്ക് ഞങ്ങളെ അയാൾ കൊണ്ടുപോയി.

ആ കുടിലിൽ അയാളുടെ ഭാര്യയും കുട്ടികളും ഉണ്ടായിരുന്നു. അയാൾ യേഷുവായെ ഭാര്യക്ക് ചൂണ്ടിക്കാട്ടിയിട്ട് പറഞ്ഞു.

''നോക്കൂ, ഇതൊരു അത്ഭുതശിശുവാണ്. ഈ ശിശുവിൻറെ മുഖത്തുനിന്നും ഒരു അത്ഭുത പ്രകാശം എൻറെ ഹൃദയത്തിൽ പതിച്ചു. അതുകൊണ്ട് ഇവരെ ഉപദ്രവിക്കാനോ കവർച്ചചെയ്യാനോ എനിക്കു കഴിയാതെ പോയി.''

ഒരു കവർച്ചക്കാരൻറെ ഭാര്യായി ഞങ്ങളുടെ മുൻപിൽ നിൽക്കുന്നതിൽ അവർ ലജ്ജിക്കുന്നുണ്ടെന്ന് അവരുടെ മുഖംഭാവം കണ്ടപ്പോൾ മനസിലായി.

ഞങ്ങൾ ആ കുടിലിൻറെ ഒരു മൂലയിലിരുന്നുകൊണ്ട് കയ്യിലുണ്ടായിരുന്ന ഭക്ഷണം എടുത്തു കഴിച്ചു. എതോ വിചിത്രജീവികളെ കാണുന്ന വികാരത്തോടെയായിരുന്നു ആ കുടിലിലെ ആളുകൾ ഞങ്ങളെ നോക്കിക്കണ്ടത്. പതിവായി ആളുകളെ ഉപദ്രവിക്കയും കവർച്ചചെയ്യുകയും ചെയ്യുന്ന അവർ, അവരുടെ ക്രൂരസ്വഭാവം വിട്ട് പതിയെ പതിയെ ഞങ്ങളോടടുത്തു.

അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരാൾ ഞങ്ങളുടെ കഴുതകളെ ആലയിൽ കൊണ്ടുപോയി കെട്ടി അവയ്ക്കു വെള്ളവും ഭക്ഷണവും നൽകി. അവരുടെ സങ്കോചം പതിയെ മാറിവന്നു അവർ ഞങ്ങളോട് സംസാരിക്കാൻ തുടങ്ങി.

ആ കുടിലിലെ സ്ത്രീ ഒന്നുരണ്ടു അപ്പങ്ങളും തേനും കുറച്ചു പഴങ്ങളും മിരിയാമിനു കൊണ്ടുവന്നു നൽകി. അതിൻറെ കൂടെ ഒരു പാനപാത്രത്തിൽ കുറച്ചു വീഞ്ഞും കൊണ്ടുവന്നു. മുറിയുടെ ഒരു മൂലയിലായി നെരിപ്പോട് എരിയുന്നുണ്ടായിരുന്നു. അതിനടുത്തായി മിരിയാമിനു കിടക്കാനായി ഇടം ഒരുക്കിനൽകി.

മിരിയാം ആവശ്യപ്പെട്ട പ്രകാരം യേഷുവായെ കുളിപ്പിക്കാൻ ഒരു തൊട്ടിയിൽ വെള്ളവും അവൾ കൊണ്ടുവന്നു കൊടുത്തു. വേണ്ടായെന്നു വിലക്കിയിട്ടും അവൾ മിരിയാമിൻറെ മുഷിഞ്ഞ വസ്ത്രങ്ങൾ കഴുകിക്കൊടുത്തു. മിരിയാം ബാലനെ കുളിപ്പിക്കുന്ന സമയത്ത് ഗൃഹനാഥൻ അയാളുടെ ഭാര്യയോടു സംസാരിക്കുന്നതു ഞങ്ങൾക്ക് കേൾക്കാമായിരുന്നു.

''നോക്കൂ, ആ യഹൂദബാലൻ ഒരു സാധാരണ കുട്ടിയല്ല. അവൻ ഒരു ദിവ്യകുഞ്ഞാണ്. നീ അകത്തുപോയി അവൻറെ അമ്മയോട് ചോദിച്ചു നോക്കൂ. അവനെ കുളിപ്പിച്ച വെള്ളത്തിൽ നമ്മുടെ ഇളയ പുത്രനെ കുളിപ്പിക്കാൻ സമ്മതിക്കുമോയെന്ന്. ഒരു പക്ഷെ അതുകൊണ്ട് അവൻറെ രോഗം സൗഖ്യമായേക്കും''

മിരിയാമിനോട് അനുമതി ചോദിയ്ക്കാൻ ആ സ്ത്രീ കടന്നു വന്നു. പക്ഷെ അവർ എന്തെങ്കിലും പറയും മുൻപേ മിരിയാം പറഞ്ഞു .

''നിൻറെ രോഗിയായ മകനെ കൊണ്ടുവന്നു ഈ വെള്ളത്തിൽ കുളിപ്പിക്കൂ സഹോദരി''

അവൾ ചെന്നു അവളുടെ മൂന്ന് വയസുള്ള മകനെ എടുത്തുകൊണ്ടു വന്നു. കുഷ്ഠം ബാധിച്ചതുമൂലം ബാലൻറെ ദേഹത്തിനൊട്ടും മൃദുലതയുണ്ടായിരുന്നില്ല. ശരീരമാസകാലം ചുണങ്ങുകൾ നിറഞ്ഞിരുന്നു.

**ഒരോ യഹൂദജന്മവും ശപിക്കപ്പെട്ടതാണ്. ജൂതൻ എന്നും എവിടെ നിന്നും ആട്ടിയോടിക്കപ്പെട്ട് ചിതറിക്കപ്പെടുന്നവനാണ്. സമാധാനം എന്ന വാക്ക് ഒരിക്കലും അവന്റെ ജീവിതത്തിലേയില്ല. ഉള്ളിലും പുറത്തും സമരമൊഴിഞ്ഞൊരു നിമിഷം അവൻറെ ജിവിതത്തിൽ അസാധ്യമായിരിക്കുന്നു.**

കുട്ടിയെ തൊട്ടിയിലെ വെള്ളത്തിൽ മുക്കിയ ഉടൻ തന്നെ ശരീരത്തിലെ പൊറ്റലുകൾ ചെതുമ്പൽ പോലെ ഇളകി വീണ് കുട്ടി രോഗവിമുക്തിനേടി ശുദ്ധനായി.

''നിൻറെ മകൻറെ പേരെന്താണ് സഹോദരി''

മിരിയാം അവളോട് ചോദിച്ചു.

''ഇവന്റെ പേര് ഡിസ്മസ് '

'നല്ലത്. ലോകം ഉള്ളിടത്തോളം കാലം ഇവൻറെ വാക്കുകൾ ഓർമ്മിക്കപ്പെടും''

മിരിയാം പറഞ്ഞതിൻറെ പൊരുളെന്തെന്ന് എനിക്കോ ആർക്കുമോ മനസിലായില്ലായെങ്കിലും ആരും തന്നെ ഒന്നും ചോദിച്ചില്ല. അവിടെ അപ്പോൾ നടന്ന കാര്യത്തിൽ ആളുകൾ പകച്ചു നില്ക്കുകയായിരുന്നു. ആ രാത്രിയിൽ ഗ്രാമത്തിലെ കവർച്ചക്കാരുടെ വീടുകളിൽ നിന്നും ധാരാളം ആളുകൾ അതിശയകരമായ വർത്തമാനം കേട്ടറിഞ്ഞെത്തി. അവർ മിരിയാമിനെയും യേഷുവായേയും അത്ഭുതത്തോടെ നോക്കി നിന്നു.

അന്നുരാത്രിയിൽ ഞങ്ങൾ ശരിക്കുറങ്ങിയില്ല. കവർച്ചക്കാർക്കിടയിൽ സുരക്ഷിതരായി ഞങ്ങൾ കഴിഞ്ഞെങ്കിലും ആ രാത്രിയിൽ മറ്റു ചില വഴിയാത്രക്കാർ കവർച്ചക്കാരുടെ ചതിയിൽപ്പെട്ടതും കവർച്ച ചെയ്യപ്പെട്ടതുമായ വിവരങ്ങൾ അറിയാൻ കഴിഞ്ഞു.

പിറ്റേന്ന് അതിരാവിലെ തന്നെ ഞങ്ങൾ അവിടെനിന്നും പുറപ്പെട്ടു. ഞങ്ങൾ സുരക്ഷിതമായ വഴിയിലെത്തുന്നതുവരെ കുറച്ചാളുകൾ ഞങ്ങളെ അനുധാവനം ചെയ്തു. വഴികളിലെ ചതിക്കുഴികളിൽ വീഴാതെ അവർ ഞങ്ങളെ പ്രധാനനിരത്തിൽ എത്തിച്ചു. യാത്ര പറയാൻ നേരം സൗഖ്യം കിട്ടിയ കുട്ടിയുടെ പിതാവ് കൈകൾ കൂപ്പി വികാരാധീനനായി പറഞ്ഞു.

''നിങ്ങൾ എവിടെപ്പോയാലും ഞങ്ങളെ ഓർക്കണമേ''

ഒരു നല്ല കള്ളൻറെ ഉള്ളിലെ പ്രാർത്ഥനകളായിരുന്നു ആ വാക്കുകൾ. ഞങ്ങൾ അവരോട് വിടചൊല്ലി യാത്ര തുടർന്നു.

അധ്യായം –12

# പരദേശി

അനേക ദിവസങ്ങൾ മരുഭൂമിയിലൂടെ അലഞ്ഞുതിരിഞ്ഞു. വഴിതെറ്റിയും ദാഹിച്ചും വിശന്നും നരകയാതനകൾ അനുഭവിച്ചെങ്കിലും അവസാനം ലക്ഷ്യസ്ഥാനം കണ്ടു. അങ്ങ് ദൂരെയായി അതു കൺമുമ്പിൽ വെളിപ്പെട്ടു.

ഇനി ഒരു നദി കടക്കണം, നൈൽ നദിയുടെ കൈവഴി.

ആളുകളെയും അവരുടെ മൃഗങ്ങളെയും അക്കരെയിക്കരെ കടത്തുന്ന ഒരു ചങ്ങാടത്തിൽ ഞങ്ങൾ കയറി. ചങ്ങാടം തുഴയുന്നവർ ഒരു കനിവോ, സൗഹൃദമോയില്ലാതെ രൂക്ഷമായി ഞങ്ങളെ നോക്കുന്നുണ്ടായിരുന്നു. തീർത്തും അപരിഷ്കൃതരായ ആളുകളുടെ മട്ടും ഭാവവുമായിരുന്നു അവർക്കുണ്ടായിരുന്നത്.

കടത്ത് കടന്നു ഈജിപ്റ്റിൻറെ മണ്ണിൽ കാലുകുത്തി. ഇനി എങ്ങോട്ടെന്ന് ചുറ്റും നോക്കി. എങ്ങും ശത്രുത സ്ഫുരിക്കുന്ന കണ്ണുകളോടെ നോക്കുന്ന ആളുകൾ. സൗഹൃദം മനസ്സിൽ നിന്നും വറ്റിപ്പോയ ജനങ്ങൾ. ചരിത്രത്തിൻറെ ഏതോ നൂറ്റാണ്ടിൽ അനേക തലമുറകൾക്ക് മുൻപേ യഹൂദജനതയോട് അവരുടെ പൂർവികർക്കു തോന്നിയ ശത്രുതയും ഭയവും മുൻവിധിയും അവരപ്പോഴും തുടർന്നുകൊണ്ടിരുന്നു. ഒരുപക്ഷെ മനുഷ്യവർഗ്ഗത്തിന്റെ അവസാനത്തിനുപോലും ഇത്തരം ഭയവും ശത്രുതയും കാരണമായി തീർന്നേക്കുമെന്നു തോന്നിപ്പോവുകയായിരുന്നു.



പ്രത്യേക ലക്ഷ്യമില്ലാതെ നടന്നു. ഒപ്പമുള്ള മൃഗങ്ങൾ നിശബ്ദമായി പിന്തുടർന്നു. കഴുതകൾ എന്ന വാക്ക് ആളുകളുടെ ബുദ്ധിശൂന്യത കാണിക്കാനായി പറയുമെങ്കിലും വളരെ വിവേകമുള്ള മൃഗങ്ങളാണവ. മറ്റു വളർത്തുമൃഗങ്ങളെക്കാൾ ഓർമ്മയും ബുദ്ധി

ശക്തിയുമുള്ള അവറ്റകൾക്ക് ചുറ്റും എന്താണ് നടക്കുന്നതെന്ന് മനസ്സിലാക്കാൻ പ്രത്യേകമായ കഴിവുണ്ട്. ആലോചനയോടെ പ്രവർത്തിക്കാൻ കഴിവുള്ള മൃഗങ്ങളായതു കൊണ്ടാണ് രാത്രികാലങ്ങളിൽ ആടുകളേയും ചെമ്മരിയാടുകളെയുമൊക്കെ നായ്ക്കളിൽ നിന്നും കുറുനരികളിൽ നിന്നും രക്ഷിക്കാൻ ഇടയന്മാർ കഴുതകളെ നിയോഗിക്കാറുള്ളത്. ആളുകളുടെ പെരുമാറ്റരീതികളിൽ നിന്നും തങ്ങൾ വന്നുപെട്ട ചുറ്റുപാട് സുരക്ഷിതമല്ലെന്ന് അവർ മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടാവണം അതിലെയും ഇതിലെയുമൊക്കെ പച്ചതലപ്പുകൾ കണ്ടെങ്കിലും അതൊന്നും ശ്രദ്ധിക്കാതെ അവർ ഞങ്ങൾക്കൊപ്പം ജാഗ്രതയോടെ നടന്നത്.

കുറച്ചാളുകൾ അല്പം ദൂരെ നിന്നും ഞങ്ങളെ പിന്തുടർന്ന് വന്നു. എന്താണ് അവരുടെ ലക്ഷ്യമെന്നറിയാത്തതിനാൽ അവരിൽ നിന്നും രക്ഷപ്പെടാനായി വേഗത്തിൽ നടന്നുചെന്ന് സമീപത്തുള്ള ഒരു ചെറിയ വനത്തിൽ കയറി ഒരു മരത്തിൻറെ ചുവട്ടിൽ ഒളിച്ചു. ഞങ്ങളെ പിന്തുടർന്നവർ കടന്നുപോകുന്നത് വരെ മരങ്ങൾക്ക് പിന്നിൽ മറഞ്ഞുനിന്നു. മനസിൽ ഭയം തോന്നിയിരുന്നു. മിരിയാമിൻറെ മുഖത്തും ഭയം നിഴലിക്കുന്നുണ്ട്. അവൾ മകനെ മാറോടു ചേർത്തുപിടിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എങ്ങിനെ ഈ നാട്ടിൽ കഴിഞ്ഞു കൂടുമെന്നോർത്തു ശരീരവും മനസ്സും തളർന്നു. ദൈവം ഞങ്ങളെ ഉപേക്ഷിച്ചുവോ എന്നുപോലും സന്ദേഹപ്പെട്ടു. ദൈവപുത്രനുമായുള്ള യാത്രയിൽ ദൈവം അത്ഭുതകരമായി ഇടപെട്ടുകൊണ്ട് ഇസ്രയേലിനെ ഈജിപ്റ്റിൽ നിന്നും മരുഭൂമിയിലൂടെ വഴിനടത്തിയ പോലെ, അന്നവും അഭയവും

**മിരിയാം ആവശ്യപ്പെട്ട പ്രകാരം യേഷുവായെ കുളിപ്പിക്കാൻ ഒരു തൊട്ടിയിൽ വെള്ളവും അവൾ കൊണ്ടുവന്നു കൊടുത്തു. വേണ്ടായെന്നു വിലക്കിയിട്ടും അവൾ മിരിയാമിൻറെ മുഷിഞ്ഞ വസ്ത്രങ്ങൾ കഴുകിക്കൊടുത്തു. മിരിയാം ബാലനെ കുളിപ്പിക്കുന്ന സമയത്ത് ഗൃഹനാഥൻ അയാളുടെ ഭാര്യയോടു സംസാരിക്കുന്നതു ഞങ്ങൾക്ക് കേൾക്കാമായിരുന്നു. "നോക്കൂ, ആ യഹൂദബാലൻ ഒരു സാധാരണ കുട്ടിയല്ല. അവൻ ഒരു ദിവ്യകുഞ്ഞാണ്. നീ അകത്തുപോയി അവൻറെ അമ്മയോട് ചോദിച്ചു നോക്കൂ. അവനെ കുളിപ്പിച്ച വെള്ളത്തിൽ നമ്മുടെ ഇളയ പുത്രനെ കുളിപ്പിക്കാൻ സമ്മതിക്കുമോയെന്ന്. ഒരു പക്ഷെ അതുകൊണ്ട് അവൻറെ രോഗം സൗഖ്യമായേക്കും"**

പൊരിവെയിലിൽ തണലുമായി വഴിനടത്തുമെന്നാണ് ഞാൻ കരുതിയത്. വിശന്നും ദാഹിച്ചും വെയിലിൽ കരിഞ്ഞും മണൽക്കാറ്റിൽ ഉലഞ്ഞും അലഞ്ഞപ്പോൾ കരിഞ്ഞതും ഉലഞ്ഞതും എൻറെ വിശ്വാസവും ഭക്തിയും കൂടിയായിരുന്നു. അന്നുരാത്രി ആ വനത്തിൽ തന്നെ കഴിഞ്ഞു കൂടി. ആരെങ്കിലും കണ്ടുപിടിച്ചു ഉപദ്രവിക്കുമെന്ന ഭയത്താൽ വിളക്കുപോലും കത്തിച്ചില്ല. മൃഗങ്ങളും നിശബ്ദരായിരുന്നു. വലിയൊരു മരത്തിൻറെ ചുവട്ടിൽ ചാരിയിരുന്നു പരസ്പരം ചേർന്നിരുന്നുകൊണ്ട് നേരം വെളുപ്പിച്ചു.

പിറ്റേന്ന് രാവിലെ തന്നെ യാത്ര തുടർന്നു.

അങ്ങിനെ പ്രത്യേകമായ ലക്ഷ്യം ഒന്നുമില്ലാതെയുള്ള യാത്ര.

എന്താണ് എവിടെയ്ക്കാണ് എന്നൊന്നും ലക്ഷ്യമോ നിശ്ചയമോ ഇല്ലാതെ മരുഭൂസമാനമായ ആ ഭൂമികയിലൂടെയുള്ള യാത്ര മനസിനെ തളർത്തിക്കൊണ്ടിരുന്നു. അശുഭകരമായ ചിന്തകൾ ശരീരത്തെയും തളർത്തി. ജീവിക്കാൻ പറ്റിയ ഒരിടം കണ്ടെത്താൻ പറ്റുമെന്ന തോന്നൽ പോലുമില്ലാതെ ആശയറ്റുതുടങ്ങി. യാത്രയിൽ ഉടനീളം മിരിയാം മൗനമായിരുന്നു. ഇടതടവില്ലാതെ അവൾ മൗനമായി പ്രാർത്ഥനയിൽ മുഴുകിയിരിക്കുകയായിരുന്നു.

കുറെദൂരം പിന്നിട്ടപ്പോൾ, ഒരു ലക്ഷ്യസ്ഥാനം ദൂരെ മുന്നിലായി തെളിഞ്ഞു വന്നു. 'ഹേലിയൊപൊളിസ്' എന്ന വലിയൊരു നഗരമായിരുന്നത്. ഒരുകാലത്ത് എമ്പാടും വലിയ കെട്ടിടങ്ങൾ നിറഞ്ഞു നിന്നിരുന്ന ഒരു ഇടമായിരുന്നത്. പൂർവികരായ ഇസ്രയേൽ ജനം അടിമകളായി നൂറ്റാണ്ടുകൾ കഴിഞ്ഞിരുന്ന പട്ടണം. അതിൻറെ ഏറെ ഭാഗവുമിപ്പോൾ ജനവാസമില്ലാതെ കാടുപിടിച്ച് കിടക്കുകയാണ്. ഹേലിയോപോളിസ് എന്നു പറഞ്ഞാൽ സൂര്യദേവൻറെ പട്ടണമെന്നാണ് അർത്ഥം. പേരു പോലത്തന്നെ ഈജിപ്റ്റ് ദേശത്തു സൂര്യനെപ്പോലെ വിളങ്ങിനിന്നിരുന്ന പട്ടണമായിരുന്നു ഹേലിയോപോളിസ്. യുദ്ധങ്ങൾക്കൊണ്ട്, പ്രധാനമായും പേർഷ്യാക്കാരുടെ കടന്നു കയറ്റവും പടയോട്ടങ്ങളും കൊണ്ടും ആ പട്ടണം ഏറക്കുറെ പൂർണ്ണമായും നാശമടഞ്ഞുകഴിഞ്ഞിരുന്നു. യുദ്ധങ്ങൾക്കും അധിനിവേശത്തിനുമൊടുവിൽ അതൊരു ദരിദ്രരുടെ പട്ടണമായി മാറി. ഭാഗികമായി നശിച്ചുപോയ ചില കെട്ടിടങ്ങളിൽ ദരിദ്രരായ ജനങ്ങൾ പാർത്തിരുന്നു.

പട്ടണം ലക്ഷ്യമാക്കി നടന്നു. നടപ്പിനിടയിൽ വഴിയാത്രക്കാരനായ ഒരാൾ ചിരിയോടെ സംസാരിച്ചു. ഈജിപ്റ്റിൻറെ മണ്ണിൽ കാലുകുത്തിയതിനുശേഷം സൗഹൃദത്തോടെ പെരുമാറിയ ഒരു മനുഷ്യജീവിയെ കണ്ടുമുട്ടിയ

തിൽ സന്തോഷിച്ചു. അയാൾക്കും ഞങ്ങൾ പോകുന്ന പട്ടണത്തിലേക്കായിരുന്നു പോകേണ്ടിരുന്നത്. ഒരു നദിയുടെ മേലെയുള്ള പാലം കടന്നു തുറസായ ഒരു സ്ഥലത്ത് എത്തിച്ചേർന്നു. അവിടെ ഒരു പീഠത്തിന്മേൽ വലിയൊരു വിഗ്രഹം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിന്റെ തലയിൽ കാളക്കൊമ്പ് പോലെ തോന്നിക്കുന്ന വലിയൊരു കൊമ്പുണ്ടായിരുന്നു. പീഠത്തിനു ചുറ്റും വൃത്താകൃതിയിൽ കല്ലുകൾ കൊണ്ടുള്ള ഇരിപ്പടങ്ങളും കൽമേശകളും പണിതുവച്ചിരുന്നു. നേർച്ചകാഴ്ചകൾ സമർപ്പിക്കാൻ വേണ്ടിയുള്ള സൗകര്യമായിരുന്നത്.

വിഗ്രഹത്തിൽനിന്നും അധികം അകലെയല്ലാതെ വലിയൊരു വൃക്ഷത്തിൻറെ ചുവട്ടിൽ ഞങ്ങൾ വിശ്രമത്തിനായിരുന്നു. അവിടെയിരുന്നിട്ട് അധികനേരം കഴിയും മുൻപായി ഒരു ഭൂകമ്പമുണ്ടായി. വിഗ്രഹവും അതിരുന്ന പീഠവും കീഴ്മേൽ മറിഞ്ഞുവീണു. അതോടെ പട്ടണത്തിൽ വലിയ കുഴപ്പങ്ങളും ബഹളവുമായി. പാലത്തിൻറെ അടിയിലായി നീർത്തോടിൻറെ നിർമ്മാണം നടക്കുന്നുണ്ടായിരുന്നു. ആ നിർമ്മാണ ജോലിയിൽ ഏർപ്പെട്ടിരുന്ന ജോലിക്കാരും ആളുകളും അവിടേയ്ക്കു ഓടികൂടി. വഴിയിൽ കുറച്ചുദൂരം ഞങ്ങളോടൊപ്പം സഞ്ചരിച്ച ആ നല്ല മനുഷ്യനും മരത്തിനു സമീപമിരുന്നുകൊണ്ട് ക്ഷീണം തീർക്കുകയായിരുന്നു. അയാളും നീർത്തോടിൻറെ നിർമ്മാണ ജോലിയിൽ ഏർപ്പെട്ടിരുന്ന ഒരാളായിരുന്നു.

അയാൾ ഞങ്ങളെയും കൂട്ടി പട്ടണത്തിൻറെ ഭാഗത്തേയ്ക്ക് ഓടി. അവിടെ ഓടിക്കൂടിയ ആളുകൾ വിഗ്രഹത്തിൻറെ ഭാഗത്തുനിന്നും ഞങ്ങൾ ഓടിപ്പോകുന്നതു കണ്ടതിനാൽ ഞങ്ങളെ ശപിക്കാനും പഴിക്കാനും തുടങ്ങി. അന്യമതക്കാരായ ഞങ്ങളുടെ സാന്നിധ്യം മൂലമാണ് വിഗ്രഹം മറിഞ്ഞു വീണതെന്നു പറഞ്ഞവർ കുപിതരായി. അവർ ഞങ്ങളെ വകവരുത്തുമെന്ന് പറഞ്ഞു ഭീഷിണിപ്പെടുത്തി. പക്ഷെ അത് നടപ്പിലാക്കാനായി അവർക്കൊട്ടും സമയം കിട്ടിയില്ല. അതിനു മുൻപേ വലിയൊരു ഭൂചലനം കൂടി അവിടെ അനുഭവപ്പെട്ടു. ഞങ്ങൾ ഏതു വലിയ മരത്തിൻറെ ചുവട്ടിൽ ആയിരുന്നുവോ വിശ്രമിച്ചിരുന്നത് ആ മരം കടപുഴകി വീണു. മരത്തിൻറെ വേരുകൾ പോലും മുകളിൽ വന്നു. മരം നിന്നിരുന്ന ഇടത്തിനും വിഗ്രഹത്തിനും ഇടയിലായി ഒരു ഗർത്തം രൂപപ്പെട്ടു. അതിൽ നിന്നും നിർമ്മാണം നടന്നുകൊണ്ടിരുന്ന നീർത്തോട്ടിലെ കറുത്ത അഴുക്കുവെള്ളം പുറത്തേക്കൊഴുകി. വിഗ്രഹവും കുറച്ചാളുകളും ആ ഗർത്തത്തിൽപ്പെട്ടു. വിഗ്രഹത്തിൻറെ കൊമ്പുകൾ മാത്രം പുറത്തേക്ക് കാണാമായിരുന്നു. ഈ ബഹളത്തിനിടയിൽ ഞങ്ങൾ ഓടി പട്ടണത്തിൻറെ ഉപേക്ഷിക്കപ്പെട്ട ഭാഗത്ത് എത്തിച്ചേർന്നു. അവിടെ കാടുപിടിച്ച് കിടന്നിരുന്ന ഒരു ക്ഷേത്രമതിൽക്കെട്ടിനു മറുവശം ധാരാളം ഇടമുള്ള ഒരു ഗുഹയുണ്ടായിരുന്നു. അതിൽ ഞങ്ങൾ കടന്നു കൂടി. കുറച്ചുകാലം ആളുകളുടെ കണ്ണിൽ പെടാതെ ജീവിക്കണം. ഇപ്പോൾ തന്നെ ബഹളം മൂലം ഞങ്ങളുടെ സാന്നിധ്യം കുറച്ചുപേരെങ്കിലും ശ്രദ്ധിച്ചിരിക്കാനിടയുണ്ട്. ഹേറോദോസിൻറെ ചാരൻമാർ എവിടെയും ഉണ്ടാകാം.

മൂന്നുമാസത്തോളം ആ ഗുഹയിൽ രഹസ്യമായി താമസിച്ചു. അത് കഴിഞ്ഞപ്പോൾ പട്ടണത്തിൻറെ മറ്റൊരു ഭാഗത്തുള്ള ഉപേക്ഷിക്കപ്പെട്ട വീടുകളിൽ ഒരെണ്ണം വൃത്തിയാക്കിയെടുത്ത് അവിടെ താമസമാക്കി. അത്തരം വീടുകളിൽ താമസിക്കുന്ന അനേകം പാവപ്പെട്ടയാളുകൾ സമീപ പ്രദേശത്തുണ്ടായിരുന്നു. ഞങ്ങൾ ചെറിയ ചെറിയ മരസാമാനങ്ങൾ ഉണ്ടാക്കി വിറ്റു ചെറിയതോതിൽ വരുമാനമുണ്ടാക്കി. മിരിയാം പരവതാനികൾ നെയ്യുമായിരുന്നു. അവൾ തുന്നലും നെയ്ത്തു പണികളും ചെയ്തുകൊണ്ട് ചില്ലറ വരുമാനങ്ങൾ ഉണ്ടാക്കി. എങ്കിലും ദാരിദ്ര്യത്തെ അതിജീവിക്കാനുള്ള വരുമാനമൊന്നും കണ്ടെത്താനാവുമായിരുന്നില്ല. പട്ടിണിയും പരിവട്ടവുമായി അരിഷ്ടിച്ചു നീങ്ങുമ്പോൾ വേലചെയ്തു കുടുംബം പോറ്റിയിരുന്ന നല്ലനാളുകളെ ഓർക്കുമ്പോൾ മനസ്സിൽ നിരാശയും ദേഷ്യവും തോന്നി. മക്കളുടെയൊപ്പം മെൽക്കയുടെ ഓർമ്മകളെ താലോലിച്ചുകൊണ്ട് കഴിഞ്ഞിരുന്നപ്പോൾ മനസ്സിൽ സമാധാനം എന്നൊന്നുണ്ടായിരുന്നു. രണ്ടാമത്തെ വിവാഹം മനസമാധാനം കളയുകയും ജീവിതം ദുരിതമാക്കുകയും ചെയ്തുവെന്നു പറഞ്ഞുകൊണ്ട് മനസ്സാക്ഷി സദാകുത്തിനോവിച്ചുകൊണ്ടിരുന്നു. എങ്കിലും സംയമനവും ശാന്തിയും കൈവരിക്കാൻ സദാപരിശ്രമിച്ചുകൊണ്ടിരുന്നു. കോപത്തെയും നിരാശയെയും വളരാൻ അനുവദിച്ചാൽ അതുണ്ടാക്കുന്ന പരിണതഫലം ചിലപ്പോൾ വലുതായിരിക്കും. എന്നെമാത്രം ആശ്രയിച്ചു പരദേശികളായി കഴിയുന്ന രണ്ടു മനുഷ്യാത്മാക്കളെ ജീവൻ നൽകിയും സംരക്ഷിക്കാനുള്ള ഉത്തരവാദിത്തത്തിൽ നിന്നും ഒളിച്ചോടാൻ കഴിയുമായിരുന്നില്ല.

അടുത്ത വീട്ടിലെ ആളുകൾ ഇടയ്ക്കൊക്കെ ഞങ്ങളുടെ വീട്ടിൽ വരാൻ തുടങ്ങി. അങ്ങിനെ പുതിയ നാട്ടിലെ ജീവിതം ഒരു വിധം പരിചിതമായി തീർന്നു.

ഹേലിയോപോളിസിൽ എത്തിയിട്ടു ഒന്നര വർഷത്തോളമായി.

ജീവിക്കാൻ ആവശ്യമുള്ള വരുമാനത്തിനു ഉതകുന്ന ജോലികൾ അവിടെങ്ങും ലഭ്യമല്ലാത്ത അവസ്ഥയായിരുന്നു മാത്രവുമല്ല വിഗ്രഹം തകർന്നതും, മരം കടപുഴകിയതും അതുപോലെ ആദ്യം ഞങ്ങൾ താമസിച്ചിരുന്ന ഗുഹയുടെ സമീപമുള്ള 'ഹീതെൻ' ക്ഷേത്രത്തിൻറെ പ്രവേശനകവാടത്തിൽ വച്ചിരുന്ന കാലപഴക്കമുള്ള ഒന്നുരണ്ടു വിഗ്രഹങ്ങൾ ഞങ്ങളവിടെ താമസിച്ചിരുന്ന നാളുകളിൽ തകർന്നു വീണിരുന്നു. അതെല്ലാം ഞങ്ങളുടെ കുഴപ്പം കൊണ്ടോ, അല്ലെങ്കിൽ ഞങ്ങളുടെ മന്ത്രവാദ ശക്തികൾ കൊണ്ടോ ആണെന്ന് ക്ഷേത്ര പുരോഹിതർ വിശ്വസിച്ചു. അതിനാൽ ഞങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള ആലോചനകൾ അവർക്കുണ്ടായി. എന്നാൽ പൂർവികരായ ഇസ്രയേൽ ജനതയോട് ഫറവോ ചെയ്ത തെറ്റുകൾക്ക് അവർക്ക് അനുഭവിക്കേണ്ടിവന്ന കഷ്ടനഷ്ടങ്ങൾ അവരുടെ ഓർമ്മയിൽ നിന്നും മാഞ്ഞു പോകാത്തതിനാൽ പുരോഹിതർ ജനങ്ങളെ തടഞ്ഞു. അതുകൊണ്ട് ആരും ഞങ്ങളുടെ മേൽ കൈവയ്ക്കാൻ ധൈര്യപ്പെട്ടില്ല. ഞങ്ങളുടെ മേൽ കൈവെച്ചാൽ യഹൂദൻറെ ദൈവം അവനുവേണ്ടി പ്രതികാരം ചോദിക്കുമെന്ന് അവർ ഭയപ്പെട്ടു. എന്നാൽ ജനങ്ങൾ എപ്പോഴും ഞങ്ങളെ കാണുമ്പോൾ ശപിക്കുകയും പഴിക്കുകയും ചെയ്തു. അത്തരം ഒരു അവസ്ഥയിൽ ജോലികണ്ടെത്താൻ വിഷമമായതിനാൽ പട്ടണത്തിൽനിന്നും തെക്കോട്ട്, മെംഫിസ് നഗരത്തിൻറെ ദിശയിലേക്ക് ലക്ഷ്യം വെച്ചുള്ള അടുത്ത യാത്രയ്ക്കായി ഒരുങ്ങി. എൻറെ യാത്രകൾ അങ്ങിനെ ഈജിപ്റ്റ് ദേശത്തും അനസ്യൂതം തുടർന്നുകൊണ്ടിരുന്നു.

ഞങ്ങൾ 'ട്രോജ' എന്ന പട്ടണത്തിലെത്തി. നൈൽ നദിയുടെ കിഴക്കേ കരയിൽ മെംഫിസ്


**ഹേലിയോപോളിസിൽ എത്തിയിട്ടു ഒന്നര വർഷത്തോളമായി. ജീവിക്കാൻ ആവശ്യമുള്ള വരുമാനത്തിനു ഉതകുന്ന ജോലികൾ അവിടെങ്ങും ലഭ്യമല്ലാത്ത അവസ്ഥയായിരുന്നു മാത്രവുമല്ല വിഗ്രഹം തകർന്നതും, മരം കടപുഴകിയതും അതുപോലെ ആദ്യം ഞങ്ങൾ താമസിച്ചിരുന്ന ഗുഹയുടെ സമീപമുള്ള 'ഹീതെൻ' ക്ഷേത്രത്തിൻറെ പ്രവേശനകവാടത്തിൽ വച്ചിരുന്ന കാലപഴക്കമുള്ള ഒന്നുരണ്ടു വിഗ്രഹങ്ങൾ ഞങ്ങളവിടെ താമസിച്ചിരുന്ന നാളുകളിൽ തകർന്നു വീണിരുന്നു. അതെല്ലാം ഞങ്ങളുടെ കുഴപ്പം കൊണ്ടോ, അല്ലെങ്കിൽ ഞങ്ങളുടെ മന്ത്രവാദശക്തികൾ കൊണ്ടോ ആണെന്ന് ക്ഷേത്ര പുരോഹിതർ വിശ്വസിച്ചു. അതിനാൽ ഞങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള ആലോചനകൾ അവർക്കുണ്ടായി.**


നഗരത്തിനു എതിരായുള്ള ഒരു പട്ടണമായിരുന്നത്. വലിയൊരു പട്ടണമായിരുന്നെങ്കിലും മാലിന്യങ്ങൾ നിറഞ്ഞതും വൃത്തിഹീനവുമായിരുന്നവിടം. അവിടെ താമസമാക്കിയാലോ എന്നു ആലോചിച്ചുവെങ്കിലും അവിടെയും ഞങ്ങൾ സ്വീകാര്യരായിരുന്നില്ല. അല്പം കുടിവെള്ളമോ ഏതാനും ഈന്തപ്പഴങ്ങളോ വിലയ്ക്കു പോലും തരുവാൻ ആരും തയ്യാറായില്ല. ജൂതന്മാരെ സ്വീകരിക്കാൻ തയ്യാറല്ലാത്ത അങ്ങിനെയൊരിടത്ത് എങ്ങിനെ താമസിക്കാനും ജോലി കണ്ടെത്താനും കഴിയും?.

ജൂതൻറെമേൽ കൈവച്ചാൽ മഹാമാരി ഉണ്ടാകുമെന്ന അന്ധമായ ഭയമുണ്ടായിരുന്നതിനാൽ ആരും കല്ലെറിഞ്ഞില്ലെന്നു മാത്രം. എന്തുകൊണ്ടാണ് ദൈവത്തിൻറെ തിരഞ്ഞെടുക്കപ്പെട്ടവരെന്നു കരുതുന്ന ജനത മറ്റുജനതകളാൽ ഇങ്ങനെ വെറുക്കപ്പെടുന്നത്? എനിക്കറിയില്ല ജൂതനായതുകൊണ്ട് എനിക്കെന്ത് മേന്മയാണുള്ളതെന്നും എനിക്കറിയില്ല. വിജാതീയർക്ക് എന്തെങ്കിലും പോരായ്മകൾ ഉള്ളതായി തോന്നിയിട്ടില്ല. ജൂതനെയും വിജാതീയരെയും ഞാൻ ഒരുപോലെയാണ് കാണുന്നത്. എല്ലാവരും മനുഷ്യർ, ദൈവത്തിൻറെ രൂപത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ടവർ. ജൂതനായി പിറന്നതിനാൽ ഞാൻ കല്പനകൾ ശീലിച്ചു, ബലികൾ അർപ്പിച്ചു. യഹോവയുടെ തിരുവിഷ്ടമനുസരിച്ച് ജീവിക്കാനാണ് ഞാനെന്നും ആഗ്രഹിച്ചിട്ടുള്ളത്. അതിനിയും തുടരാൻ കഴിയണേ എന്ന പ്രാർത്ഥന മാത്രമായിരുന്നു എപ്പോഴുമുള്ളിൽ. ഞാനൊരു വിജാതീയനായിട്ടാണ് പിറന്നിരുന്നെങ്കിൽ യഹോവയുടെ കല്പനകൾ ശീലിക്കുമായിരുന്നില്ല, വിഗ്രഹങ്ങൾക്ക് ഞാൻ ബലിയർപ്പിക്കുമായിരുന്നു. അങ്ങിനെ സംഭവിച്ചിരുന്നെങ്കിൽ എൻറെ ദൈവവും, കല്പനകളും എവിടെപ്പോകുമായിരുന്നു? അപ്പോൾ അതൊന്നും എൻറെ തിരഞ്ഞെടുപ്പല്ല. ഏതു മാതാവിൻറെ ഗർഭത്തിലാണോ ഞാൻ ഉത്ഭവിക്കുന്നത് അവിടമാണ്, ആ ഉദരമാണ് നിശ്ചയിക്കുന്നത് എൻറെ മതവും ജാതിയും കുലവും ദൈവവുമെല്ലാം.

ഇല്ല. എനിക്കൊന്നും അതിനെക്കുറിച്ച് പറയാൻ അറിയില്ല....

ഉത്തരം കിട്ടാത്ത ഈ ചോദ്യങ്ങൾ ഞാൻ പലവട്ടം പ്രാർത്ഥനയിൽ ചോദിച്ചു നോക്കിയിട്ടുണ്ട്. അതൊക്കെ ഉത്തരം കിട്ടാത്ത ദൈവീക രഹസ്യങ്ങളായി ഇന്നും തുടരുന്നു.

നൈൽനദിയുടെ പടിഞ്ഞാറെ തീരത്തുള്ള മെംഫിസ് നഗരത്തിലേക്ക് പോകണമോ എന്നാലോചിച്ചു നോക്കി. വളരെ വലിയ പട്ടണമാണ് മെംഫിസ്. ഫറവോമാരുടെ കാലംതൊട്ടേ വലിയ

കൊട്ടാരങ്ങളും രാജവീഥികളും അവിടെയുണ്ട്. പൂന്തോട്ടങ്ങളും വലിയ ഗോപുരങ്ങളും നിറഞ്ഞ പട്ടണം. അത്തരം ഒരു ഗോപുരത്തിൻറെ മുകളിൽ നിന്നും ഫറവോയുടെ മകൾ പതിവായി രാജ്യത്തെ വീക്ഷിക്കാറുണ്ടായിരുന്നുവെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. ഫറവോമാരുടെ കാലത്ത് വൃത്തിയിലും വെടിപ്പിലും ഏറെ കേൾവിപ്പെട്ടിരുന്ന പട്ടണങ്ങളായിരുന്നു മെംഫിസ്, ബാബിലോൺ, ഹേലിയൊപോളിസ് എന്നിവ. നീർത്തോടുകളും, അഴുക്കു ചാലുകളും സഞ്ചാരപാതകളുമെല്ലാം നന്നായി ക്രമീകരിച്ച മനോഹരമായ പട്ടണങ്ങൾ. പക്ഷെ അതൊക്കെ ഇല്ലാതായിക്കഴിഞ്ഞു. എങ്ങും മാലിന്യങ്ങൾ നിറഞ്ഞിരിന്നു. റോമാക്കാരുടെ ഭരണം എല്ലാം താറുമാറാക്കി. അവർക്ക് വേണ്ടത് റോമിലേക്ക് കൊണ്ടു പോകാനുള്ള ധനവും ചുങ്കവും മാത്രമായിരുന്നു. സമ്പത്തുകൾ റോമിലേക്ക് ഒഴുകി. പടയോട്ടങ്ങൾക്കും പട്ടിണിക്കും ഇടയിൽ വലയുന്ന സാധാരണക്കാരെക്കുറിച്ച് അവർക്ക് ആകുലത ഒന്നുമില്ല. റോമിനും ചക്രവർത്തിക്കും വേണ്ടിയുള്ള ഭരണം മാത്രം രാജ്യത്തു നടക്കുന്നു.

വലിയ നഗരമായ മെംഫിസ് ആൾതിരക്കിൽ ശ്വാസം മുട്ടിച്ചേക്കാം. അങ്ങനെ ഉള്ളവയോടെന്നും ഉള്ളിൽ ഭയമാണ്. തിരക്കൊഴിഞ്ഞ ചെറിയ പട്ടണങ്ങളോടും ഗ്രാമവീഥികളോടുമാണിഷ്ടം ശാന്തമായ ജീവിതം, അതു തന്നെയാണ് മിരിയാമിനും താല്പര്യം. പോയവഴി തിരികെ നടന്നു, പിന്നെ നൈൽ നദി ഒഴുകുന്ന ദിശയിലേക്കു നടന്നു. നടപ്പിനൊടുവിൽ എത്തിപ്പെട്ടത് മുൻപ് താമസിച്ചിരുന്ന ഹേലിയോപൊളിസിന് അടുത്തുള്ള ഒരു ചെറിയ പട്ടണത്തിലാണ്.

'എൽ-മറ്റെറിയ' എന്നായിരുന്നു ആ പട്ടണത്തിൻറെ പേര്. തലസ്ഥാന നഗരത്തിൽ നിന്നും അധികം അകലെയല്ലാതെ, ഇരുവശത്തുകൂടിയും വെള്ളം ഒഴുകുന്ന പ്രശാന്തമായ ഒരിടം. താമസിക്കുന്നവർ മിക്കവാറും പാവപ്പെട്ട കൃഷിക്കാർ. ഒരു വശത്ത് നൈൽ നദിയും മറ്റൊരു വശത്ത് കൂടി അതിൻറെ കൈവഴിയും ഒഴുകുന്നതിനാൽ പച്ചപ്പും ജലവും ധാരാളമുള്ള ഒരിടം. പനയുടെ തടികളും മണ്ണും കൊണ്ട് നിർമിച്ചതും ഈറ്റ കൊണ്ട് മേഞ്ഞതുമായ വീടുകളായിരുന്നു അവിടെ പ്രധാനമായും. ദുർബലമായ ഇത്തരം വീടുകൾ ബലപ്പെടുത്തി കൊടുക്കാനായി ധാരാളം ജോലികൾ ലഭിച്ചിരുന്നു. ജോലികൾ ധാരാളം ഉണ്ടായിരുന്നെങ്കിലും ജോലികൾ നൽകാനോ, ചെയ്ത ജോലികൾക്ക് പ്രതിഫലം നൽകാനോ വളരെ ഉദാസീനരായിരുന്നു ആ ഗ്രാമവാസികൾ. പലപ്പോഴും അവരുടെ കാർഷിക ഉൽപന്നങ്ങൾ മാത്രമായിരുന്നു ജോലിക്കുള്ള പ്രതിഫലം. അപൂർവ്വം ചിലർ മാത്രമാണ് പണം നൽകിയത്.

രണ്ടുവശവും നദി ഒഴുകുന്നുണ്ടെങ്കിലും കുടിക്കാൻ പറ്റിയ ശുദ്ധജലത്തിന് ദൗർലഭ്യമായിരുന്നു. നൈൽ എപ്പോഴും കലങ്ങി മറിഞ്ഞു ഒഴുകിയിരുന്നു. ആ ഭാഗത്തെ നദിയിലെ ജലത്തിൽ ചെളി കലർന്നിരുന്നതിനാൽ കുടിക്കാൻ കൊള്ളുമായിരുന്നില്ല. ആ ഗ്രാമത്തിൽ വളരെയേറെ ക്ഷാമം ഉണ്ടായിരുന്ന മറ്റൊന്ന് വിറകായിരുന്നു. ഉണങ്ങിയ പുല്ലുകളും പുഴയോരത്തെ ഈറ്റയുമായിരുന്നു വിറകിനുപയോഗിച്ചിരുന്നത്, അതുകൊണ്ടുതന്നെ ഒരിക്കൽ വേവിച്ചത് തണുത്തു പോയാൽ വീണ്ടും ചൂടാക്കുന്ന പതിവൊന്നും ആർക്കുമില്ലായിരുന്നു. മറ്റു വഴികൾ ഇല്ലാത്തതിനാൽ തണുത്ത ഭക്ഷണം തന്നെ കഴിക്കും.

ഞങ്ങളുടെ വീടിൻറെ പുറകിൽ അല്പംമാറി ഒരു സിക്കമൂർ മരമുണ്ടായിരുന്നു. വളരെ പ്രായമുള്ള മരമായിരുന്നു. ആ മരത്തിൻറെ ചുവട്ടിലായി ഈർപ്പം പൊടിയുന്നണ്ടെന്ന് മിരിയാം പറഞ്ഞതനുസരിച്ചു അവിടം കുഴിച്ചു നോക്കിയപ്പോൾ അവിടെ ഒരു ചെറിയ നീരുറവ പൊട്ടുന്നത് കണ്ടു. ഉറവയുടെ മുഖം തെളിച്ച്, ചെറിയ കല്ലുകൾ കൊണ്ട് ചുറ്റുംകെട്ടി. അതോടെ ഞങ്ങൾക്കാവശ്യത്തിനുള്ള ജലം അവിടെ നിന്നു കിട്ടിയതോടെ മിരിയാമിനാശ്വാസമായി. ചിലപ്പോൾ യേഷുവാ അവൾക്കു വേണ്ടി വെള്ളം കൊണ്ടുവന്നു കൊടുക്കും. മിരിയാം തുന്നൽപണികളിൽ തിരക്കിലായി. കുറച്ചുമാറി യഹൂദരുടെ ഒരു ഗ്രാമമുണ്ട്. വളരെ പാവങ്ങളായ അവരാണ് പ്രധാനമായും അവൾക്കു ജോലി നൽകുന്നത്. പലപ്പോഴും പണിപൂർത്തിയായ വസ്ത്രങ്ങൾ കൊണ്ടുപോയി കൊടുക്കുന്നതും, പ്രതിഫലം കിട്ടുന്ന പണം കൊണ്ട് കടയിൽ നിന്നും അപ്പം വാങ്ങികൊണ്ട് വരുന്നതും യേഷുവാ ആയിരുന്നു.

കഷ്ടതകൾക്കിടയിലും മിരിയാം അതീവ ലാവണ്യവതിയായി കാണപ്പെട്ടു. ചില രാത്രികളിൽ അവൾ സുഗന്ധം പടർത്തിയും, ഒരുങ്ങിയും എന്നെ പ്രണയത്തോടെ കടാക്ഷിച്ചുവെങ്കിലും എനിക്കവളെ എപ്പോഴും നിരാശപ്പെടുത്തേണ്ടിവന്നു. ഒരിക്കൽ ഞാൻ അവളെ അതിയായി ആഗ്രഹിച്ചിരുന്നെങ്കിലും യേഷുവാ ദൈവപുത്രനെന്നറിഞ്ഞതു മുതൽ അവളെ മോഹിതനായി സമീപിക്കാൻ എനിക്കായില്ല. അതേസമയം മെൽക്കയെക്കുറിച്ചുള്ള ഓർമ്മകളും കുട്ടികളെക്കുറിച്ചുള്ള ആകുലതകളും എന്നിൽ നിറയുവാൻ തുടങ്ങി അല്ലെങ്കിൽ ഞാൻ മന:പൂർവ്വം തന്നെ അത്തരം ചിന്തകളിൽ മുഴുകി എന്നു പറയുന്നതാ

യിരിക്കും കൂടുതൽ ശരി.

''ഞാൻ നിങ്ങളുടെ ഭാര്യയും, ചെറുപ്പവുമാണെന്ന് നിങ്ങൾ മറക്കുന്നു''

ഒരു രാത്രിയിൽ മിരിയാം എന്നോട് പ്രതികരിച്ചു.

എനിക്ക് മറുപടി ഉണ്ടായിരുന്നില്ല, അല്ലെങ്കിൽ തന്നെ ഞാൻ എന്താണ് അവളോട് പറയുക. ഞാൻ അവളോട് കാണിക്കുന്ന ദാസ്യമനോഭാവത്തിൽ അവൾക്കു എതിർപ്പായിരുന്നു. പക്ഷെ എനിക്ക് അതല്ലാതെ മറ്റൊന്നും ആവില്ലായിരുന്നു. ഉള്ളിലെ മോഹങ്ങൾക്ക് അറുതിയായിരുന്നില്ലെങ്കിലും മിരിയാമിലുള്ള ദൈവീക ചൈതന്യത്തോടുള്ള ഭയംമൂലം അവളുടെ സാമീപ്യത്തിൽ ഞാൻ എപ്പോഴും തണുത്തുറഞ്ഞവനായി മാറി. മിരിയാം മുറിയിൽ നിന്നും പിറുപിറുത്തുകൊണ്ട് ഇറങ്ങിപ്പോയി യേഷുവായുടെ അടുക്കൽ പോയികിടന്നുറങ്ങി.

രാത്രിയിൽ ഉറക്കം വരാതെ കിടക്കുമ്പോൾ മെൽക്ക മനസ്സിൽ ഓടിയെത്തും. സമരിയായുടെ അരികിലുള്ള ഗ്രാമത്തിലെ കൊച്ചരുവിയുടെ കരയിൽ അവളുടെ കൈകൾ പിടിച്ചിരുന്നതും നിലാവുള്ള രാത്രിയിൽ അവളുടെ നഗ്നതയിൽ ചേർന്നു പിടിച്ചു അരുവിയിലെ ഇളം ചൂടുള്ള വെള്ളത്തിൽ ചേർന്നു കിടന്നതുമെല്ലാം ഓർക്കുമ്പോൾ ഉടലിനെ തീപിടിപ്പിച്ചിരുന്നു. എങ്കിലും ശാന്തമായി കിടന്നുറങ്ങുന്ന മിരിയാമിന്റെ മുഖം കാണുന്ന മാത്രയിൽ അഗ്നിയിലേക്ക് പകർന്ന ജലംപോലെ അവൾ എന്നിൽ നനഞ്ഞിറങ്ങി. സകല അഗ്നിയും കെടുത്തുന്ന ജലത്തിൻറെ വിശുദ്ധമായ തണുപ്പായിരുന്നു എനിക്കവൾ.

അങ്ങിനെ മൂന്നര വർഷങ്ങൾ കഴിഞ്ഞു.

ഈജിപ്റ്റിലെ പ്രവാസജീവിതം ദുരിതവും പ്രയാസങ്ങളും സങ്കടങ്ങളും മാത്രമാണ് നൽകിയത്. തദ്ദേശവാസികളുടെ ശത്രുതാ മനോഭാവമായിരുന്നു പ്രധാനമായും സങ്കടപ്പെടുത്തിക്കൊണ്ടിരുന്നത്. അവിടെ പ്രവാസികളായി കഴിഞ്ഞിരുന്ന ജൂതന്മാർ പലരും അതീവ ദരിദ്രരായിരുന്നു. അവരിൽ പലരും തദ്ദേശിയരുടെ ആചാരങ്ങളെയും ദൈവങ്ങളെയും സ്വീകരിച്ച് അവരിൽ ഒരാളായി ജീവിക്കാൻ

**ഹേറോദോസ് രാജാവ് രണ്ടുവയസിനു താഴെയുള്ള ആൺപിഞ്ചു കുഞ്ഞുങ്ങളെ ശിരഛേദനം ചെയ്യണമെന്ന് കല്പിച്ചനാൾ മുതലുള്ള ഒളിച്ചോട്ടമാണ്. പിടിക്കപ്പെടാതെ എത്രനാൾ ഒളിച്ചോടും. ഭീതിയുടെ, ഒരിക്കലും രക്ഷപ്പെടാത്ത പൊട്ടക്കിണറിൽ വീണുപോയ പോലെയായി ജീവിതം. യഹോവേ ഇനി എത്ര നാൾ.**

തുടങ്ങിക്കഴിഞ്ഞിരുന്നു.

അംഗഭംഗംവന്ന കുഞ്ഞുങ്ങൾ, വികലാംഗർ, ബുദ്ധിമാന്ദ്യമുള്ള കുഞ്ഞുങ്ങൾ, ഇവരൊക്കെ ദേവന്മാർക്ക് ബലിയായി നല്കപ്പെടേണ്ടവരാണെന്ന ഒരു വിശ്വാസം തദ്ദേശിയർക്കിടയിൽ ഉണ്ടായിരുന്നു. അവർ അപ്രകാരം തങ്ങളുടെ കുഞ്ഞുങ്ങളെ സൽസന്താനലബ്ധിക്കായി രഹസ്യമായി ബലിനൽകി. തങ്ങൾക്ക് ഭാരമായി തീരുന്ന കുഞ്ഞുങ്ങളെ ഒഴിവാക്കാനായി, ദൈവത്തിൻറെ പേരിൽ, ദൈവീകപരിവേഷം നൽകിയ ആചാരത്തിൻറെ രക്തചുവപ്പണിഞ്ഞ മൂടുപടം നൽകി ആരോ തുടങ്ങിവച്ച ഒരു സംഗതിയായിരിക്കാം അതെല്ലാം. പിൽക്കാലത്ത് അതൊരു അനുഷ്ഠാനവും ദൈവീക കല്പനയുമായി പരിവർത്തനം ചെയ്യപ്പെട്ടു. അതോടെ അതവരുടെ വിശ്വാസത്തിൻറെ ഉള്ളറകളിൽ ചേക്കേറി കുടിയിരിപ്പായി. അവിടെ കഴിഞ്ഞു വന്നിരുന്ന ജൂതൻമാർക്കിടയിലും അത്തരം ഭീകരമായ ആചാരം നിലനിന്നിരുന്നു. അവരും അത്തരം ദുഷ്കർമ്മങ്ങൾ ദേവപ്രീതിക്കായി ചെയ്തുവന്നു.


ശലമോൻ രാജാവ് തൻറെ വിജാതീയരായ ഭാര്യമാർക്കായി പണികഴിപ്പിച്ച നിരവധി ക്ഷേത്രങ്ങളിൽപെട്ട ശലമോന്റെ ദേവാലയം എന്നറിയപ്പെടുന്ന ഒന്നവിടെയും ഉണ്ടായിരുന്നു. അതിൽ അജ്ഞാതനായ ഒരു ദേവൻറെ വിഗ്രഹം ഉണ്ടായിരുന്നു. ജൂതരുടെ വാഗ്ദാനപേടകത്തിൻറെ ഒരു അനുകരണരൂപം ആ ദേവാലയത്തിൽ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിൻറെ പുറമേയായി അശ്ലീലചിത്രങ്ങൾ ആലേഖനം ചെയ്തിരുന്നു. ജൂത പാരമ്പര്യത്തിലും വിശ്വാസത്തിലും മ്ലേച്ഛമെന്നു കരുതുന്ന ആരാധനകളായിരുന്നു അവിടെയവർ അനുഷ്ഠിച്ചിരുന്നത്. അവരുടെ ആരാധനയിൽ യഹൂദ ആരാധനയിൽ ഒഴിവാക്കാനാവാത്ത ദാവീദിന്റെ സങ്കീർത്തനങ്ങൾ ഉൾപ്പെട്ടിരുന്നില്ല. യഥാർത്ഥത്തിൽ ആരാധന കഴിക്കാൻ പറ്റിയ ഒരു കൂടിവരവു പോലുമില്ലാത്ത സ്ഥലമായിരുന്നത്. അവിടെ തികച്ചും ഒറ്റപ്പെട്ടു പോയിരുന്നു ഞങ്ങൾ.

ഹേറോദോസ് രാജാവ് രണ്ടു വയസിനു താഴെയുള്ള ആൺപിഞ്ചു കുഞ്ഞുങ്ങളെ ശിരഛേദനം ചെയ്യണമെന്ന് കല്പിച്ചനാൾ മുതലുള്ള ഒളിച്ചോട്ടമാണ്. പിടിക്കപ്പെടാതെ എത്രനാൾ ഒളിച്ചോടും. ഭീതിയുടെ, ഒരിക്കലും രക്ഷപ്പെടാത്ത പൊട്ടക്കിണറിൽ വീണുപോയ പോലെയായി ജീവിതം.

യഹോവേ ഇനി എത്ര നാൾ.

നിന്റെ മുഖം ഞങ്ങളിൽ നിന്നു മറയ്ക്കാൻ മാത്രം ഞങ്ങൾ എന്തു തെറ്റാണ് നിന്നോട് ചെയ്തിരിക്കുന്നത്? ഞാൻ സാഷ്ടംഗം വീണുകേണു.


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907



ആനന്ദവല്ലി ചന്ദ്രൻ

# സിത്തുത്തൂറാ കുപ്പികൾ



ബോട്ട് സവാരി കഴിഞ്ഞ് മൂന്ന് പെൺകുട്ടികൾ റോഡിലേയ്ക്കിറങ്ങി. തണുക്കാതിരിക്കാൻ അവർ സ്വെറ്ററിന്റെ മീതെ ഷാൾ പുതച്ചിട്ടുണ്ട്. ഡിസംബറിൽ ഊട്ടിയിലെ തണുപ്പ് അസഹ്യം.എട്ടോ, പത്തോ വയസ്സ് പ്രായം തോന്നിക്കുന്ന ഒരു പെൺകുട്ടി അവരുടെയടുത്തേയ്ക്ക് വന്നു. അവളുടെ കയ്യിൽ ചെറിയ ഒരു പ്ലാസ്റ്റിക്ക് പെട്ടിയുണ്ട്. അതിനകത്ത് ഒരുതരം ദ്രാവകമടങ്ങിയ ചെറിയ കുപ്പികളുമുണ്ട്.

''അമ്മാ, ഇത് യൂക്കാലിപ്റ്റസ്സ്. തലവേദനയ്ക്കും, പല്ലുവേദനയ്ക്കും, ജലദോഷത്തിനും റൊമ്പ നന്നായിരിക്ക്. 'എന്ന് പറഞ്ഞ് അഞ്ചാറു കുപ്പികൾ അവരുടെ നേർക്ക് നീട്ടി. അവർ മൂന്നുപേരും ഓരോ കുപ്പി യൂക്കാലിപ്റ്റസ്സ് വീതം വാങ്ങിച്ചു. അവൾ അവരെ അത്ര പെട്ടെന്ന് വിട്ടുപോയില്ല. അവൾ വേറൊരു കുപ്പി തൈലം കാണിച്ച് പറഞ്ഞു.''ഈ സിത്തുത്തൂറാ ഓയിൽ കൊഞ്ചം കയ്യിലെടുത്ത് തലയിൽ പുരട്ടി കൊഞ്ചം നേരം കഴിഞ്ഞ് കുളിക്കണം.താരനെല്ലാമേ പോയിടും.'' അപ്പോഴേയ്ക്കും ഏതാനും ആൺകുട്ടികൾ അവിടെയെത്തി. അവരോടും അവൾ ഇതുതന്നെ പറഞ്ഞു. യൂക്കാലിപ്റ്റസ്സ് ഓയിൽ അവരും വാങ്ങിച്ചു. ആൺ കുട്ടികൾക്ക് പൈസയ്ക്കല്ലാതെ വെറുതെ ഓരോ കുപ്പി സിത്തുത്തൂറ ഓയിൽ കൊടുക്കണമെന്ന് അവർ വാശി പിടിച്ചു.''ഹെ മുരുകാ അത് എപ്പടി ?'' എന്ന് പറഞ്ഞ് അവളുടെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തി. അവസാനം അവൾ വഴങ്ങി ഓരോരുത്തർക്കും രണ്ടു കുപ്പി തൈലം കൊടുത്തു. ഒരു കുപ്പി ഓയിലിന്റെ പൈസ അവൾ വാങ്ങിച്ചില്ല. പെൺകുട്ടികൾ ഒരു കുപ്പി ഓയിൽ പൈസ കൊടുത്ത് വാങ്ങി. അവൾ അവർക്ക് രണ്ടാമത്തെ കുപ്പി ഓയിൽ പൈസ വേണ്ടെന്ന് പറഞ്ഞ് നീട്ടിയപ്പോൾ അവർ വാങ്ങിച്ചില്ല.

ഈ സംഭവം കണ്ടുകൊണ്ട് ഒരു മദ്ധ്യവയസ്കൻ ആ വഴിയേ വന്നു. അയാൾ അവളോട് അയാളുടെ കൂടെ വരാൻ പറഞ്ഞു. കുറച്ചു ദൂരം നടന്ന ശേഷം അയാൾ ഒരു പീടിക ചൂണ്ടിക്കാട്ടി അവിടേയ്ക്ക് ചെല്ലാൻ പറഞ്ഞു. ആ കട അല്പം ഉയരത്തിലാണ്. അവൾ അവിടേയ്ക്ക് കയറുമ്പോൾ അവളുടെ പെട്ടി താഴെ വീണു. അത് തുറന്ന് നാലഞ്ചു കുപ്പികൾ പൊട്ടി. അവൾ കരയാൻ തുടങ്ങി. ''കവലപ്പെടാതുങ്കോ. മുരുകൻ തുണൈ'' എന്ന് പറഞ്ഞാശ്വസിപ്പിച്ച് അവൾക്ക് പൊട്ടിയ കുപ്പികളുടെ പണം അയാൾ കൊടുത്തു. അയാൾ അവളെയെടുത്ത് കടക്കാരന്റെയടുത്ത് നിർത്തി. മോൾ ഇനിയെല്ലാ ദിവസവും തൈലക്കുപ്പികൾ, ഇവിടെ വന്ന് താഴെ നിന്ന് വിളിച്ചു കൊടുത്താൽ മതി. കുപ്പികൾ കൊടുത്ത് പണം വാങ്ങിച്ച ശേഷം അയാൾ അവളെ താഴെയിറക്കി. കടക്കാരൻ കൊടുത്ത തുക അവൾ നടന്ന് വിറ്റുകിട്ടുന്ന തുകയേക്കാൾ കൂടുതലായിരുന്നു. അയാൾ അവളുടെ പുറത്ത് തട്ടി സ്കൂളിൽ പോയി പഠിക്കണമെന്ന് പറഞ്ഞു. അവൾ ചിരിച്ചു. അപ്പോളവളുടെ വിടർന്ന കണ്ണുകളിലും ചിരി പടർന്നു. 'മാമനെനക്ക് റൊമ്പ പ്രചോദനവും, ഉയിരും തന്നേൻ. ഊങ്കളെ മുരുകൻ കൈവെടിയാത്. റൊമ്പ നന്ത്രിയിരിക്കട്ടും.' എന്ന് പറഞ്ഞവൾ സാവധാനം നടന്നു മറഞ്ഞു



● സംഗീതം /ഓർമ്മക്കുറിപ്പുകൾ

**മലയാളത്തിലെ പിന്നണി സംഗീതത്തിലെ മാറ്റങ്ങൾ കാണുകയും താരങ്ങളുമായി പ്രവർത്തിക്കുകയും വീഴ്ചകളും ഉയർച്ചകളും കാണുകയും ചെയ്ത സംഗീതകാരൻ എസ് രാജേന്ദ്ര ബാബു പാട്ടിന്റെ കാലം ഓർക്കുന്നു**

എന്റെ സംഗീത വഴികൾ – 9

# തിലകർ സ്ട്രീറ്റിലെ അന്തേവാസികൾ

എറണാകുളം കലാഭവനിൽ പുല്ലാങ്കുഴലിൽ പരിശീലനം തുടരുന്നതിനിടയിൽ ജൂഡ് ഡോമിനിക് കോടമ്പാക്കത്തെത്തിയത് ചലച്ചിത്രഗാന രംഗത്തെ പുല്ലാങ്കുഴൽ വിദഗ്ദ്ധന്മാരായ ഗുണസിംഗിനേയോ നഞ്ചപ്പയേയോ ഒന്നും വെല്ലുവിളിക്കാനല്ല, മരക്കച്ചവടത്തിനാണ്. സിനിമയെപ്പോലെ തന്നെ മരക്കച്ചവടത്തിനും കോടമ്പാക്കം പ്രശസ്തമായിരുന്നു. കോടമ്പാക്കം മുതൽ വടപളനി, സാലിഗ്രാമം, വിരുഗംബാക്കം, വത്സരവാക്കം എന്നിവിടങ്ങളിലൂടെ പോരൂർ വരെ കടന്നുപോകുന്ന ആർക്കാട് റോഡിൻറെ ഇരുവശങ്ങളിലും നിരവധി ടിംബർ ഡിപ്പോകൾ ഉണ്ടായിരുന്നു. മാസത്തിൽ രണ്ടോ മൂന്നോ തവണ ഓരോ ലോഡ് മരവുമായി ജൂഡ് കേരളത്തിൽ നിന്ന് കോടമ്പാക്കത്തെത്തും. അതു വിതരണം ചെയ്ത് പണം വാങ്ങി തിരിച്ചു പോയശേഷം അടുത്ത ലോഡുമായി വീണ്ടുമെത്തും. ജൂഡിൻറെ സഹോദരീ ഭർത്താവ് സെബാസ്റ്റ്യൻ കോടമ്പാക്കത്ത് ടിംബർ ബിസിനസുകാരനായിരുന്നു. ചില കുടുംബാവശ്യങ്ങൾക്കായി പെട്ടെന്ന് അദ്ദേഹത്തിന് നാട്ടിലേക്കു പോകേണ്ടി വന്നപ്പോൾ ടിംബർ ഡിപ്പോയുടെ



**അമ്പിളി ,ജൂഡ്,നടേശൻ ,അരുന്ധതി**

ചുമതല താത്കാലികമായി ജൂഡ് ഏറ്റെടുത്തു. അളിയൻ തിരികെയെത്താൻ മാസങ്ങളോളം വൈകി. ഇക്കാലയളവിനുള്ളിൽ ജൂഡ് കോടമ്പാക്കവുമായി ഗാഢപ്രണയത്തിലായി. അതോടെ മരക്കച്ചവടം മതിയാക്കി ജൂഡ് പുതിയൊരു ബിസിനസ് തുടങ്ങി – ടെലിഫോൺ എസ് ടി ഡി ബൂത്ത്. സെൽഫോണിനെ കുറിച്ച് കേട്ടുകേൾവി പോലുമില്ലാത്ത കാലം. എസ് ടി ഡി ബൂത്തിൻറെ പുഷ്കരകാലവും. ഈ അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് സാലിഗ്രാമം, വിരുഗംബാക്കം, തേനാംപേട്ട് എന്നിങ്ങനെ മദിരാശിപ്പട്ടണത്തിൻറെ ഹൃദയ ഭാഗങ്ങളിൽ മൂന്നിടത്ത് എസ് ടി ഡി ബൂത്തുകൾ സ്ഥാപിച്ച് ജൂഡ് ഒരു നർമ്മദാ സ്കൂട്ടറിൽ അങ്ങനെ വിലസി നടന്നു.


ജൂഡ്


അപ്പൻ തച്ചേത്ത്


നടേശ് ശങ്കർ

സാലിഗ്രാമത്ത് ഇളയരാജ പതിവായി റെക്കോഡിംഗ് നിർവഹിക്കുന്ന പ്രസാദ് സ്റ്റുഡിയോയുടെ മുന്നിലെ ജൂഡിൻറെ ബൂത്തിൽ വൈകുന്നേരങ്ങളിൽ എസ് ടി ഡി വിളിക്കാൻ സിനിമാക്കാരുടെ വലിയ തിരക്കാണ്. ഗായകനായ പാലക്കാട്ടുകാരൻ മനോജ് കൃഷ്ണൻ വൈകുന്നേരങ്ങളിൽ ജൂഡിൻറെ ബൂത്ത് സന്ദർശിക്കുക പതിവായി.

പരിചയം സൗഹൃദമായി വളർന്നു. എസ്പി വെങ്കിടേഷിൻറെയും ബോംബെ രവിയുടെയും അസിസ്റ്റൻറായിരുന്ന മനോജിന് ബൂത്തിൻറെ പരിസരത്തു തന്നെ ഒരു വീട് കണ്ടുപിടിക്കാൻ ജൂഡ് സഹായിച്ചു. അതാണ് തിലകർ സ്ട്രീറ്റിലെ 14–ാം നമ്പർ വീട്. ആ ഇരുനിലക്കെട്ടിടത്തിൻറെ മുകൾഭാഗം മനോജ് വാടകക്കെടുത്തു. മദിരാശിയിൽ വരുമ്പോൾ മാത്രം താമസിക്കാനാണ് വീടെടുത്തത്. മനോജ് നാട്ടിൽ ആയിരിക്കുമ്പോഴൊക്കെ വീട് പൂട്ടിക്കിടക്കും. തൻറെ ടെലിഫോൺ ബൂത്തിൻറെ സമീപത്തായിരുന്നതിനാൽ ഇടയ്ക്കൊന്നു വിശ്രമിക്കാനായി പകുതി വാടക മനോജിനു നൽകിക്കൊണ്ട് ജൂഡ് വാടകവീട് പങ്കിട്ടു. ആയിടക്ക് ഇന്ത്യാ ടുഡേയിൽ സബ് എഡിറ്ററായി ചേർന്ന ഹരീഷ് കടയപ്രത്ത് കെ കെ നഗറിൽ കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ ഒരു ബന്ധുവിനൊപ്പമായിരുന്നു താമസം.

കൈതപ്രത്തിൻറെ സുഹൃത്തായ മനോജ് തൻറെ വീട്ടിൽ താമസിക്കാൻ ഹരീഷിന് അനുവാദം നൽകി. ഹരീഷ് അതോടെ ജൂഡിൻറെ സുഹൃത്തായി. അക്കാലത്ത് സാലിഗ്രാമത്ത് താമസിച്ചിരുന്ന ഞാൻ ജൂഡിൻറെ ബൂത്തിനു മുന്നിലൂടെയാണ് ഇന്ത്യാ ടുഡേയിലേക്കു പോയിരുന്നത്. ജൂഡിൻറെ ബൂത്തിൽ കാത്തിരിക്കുന്ന ഹരീഷിനെ എന്നും രാവിലെ ഓഫീസിലേക്ക് എൻറെ സ്കൂട്ടറിൽ ഒപ്പം കൂട്ടുക പതിവായതോടെ ഞാനും ജൂഡിൻറെ സുഹൃത്തായി. വൈകുന്നേരങ്ങളിൽ ഇന്ത്യാ ടുഡേയിൽ നിന്ന് സാലിഗ്രാമം വഴി കടന്നുപോകുന്ന ഞാനുൾപ്പെടെ ഹരശങ്കരൻ, വേണുഗോപാൽ, പികെ ശ്രീനിവാസൻ എന്നിവർക്കൊക്കെ ജൂഡിൻറെ എസ് ടി ഡി ബൂത്തും തിലകർ സ്ട്രീറ്റിലെ വീടും ഇടത്താവളങ്ങളായി. മാധ്യമ പ്രവർത്തകനായ കമൽറാം സജീവ് ഇന്ത്യാ ടുഡേയിലെത്തി ഹരീഷിനൊപ്പം താമസമായതും ഇക്കാലത്താണ്.

സംഗീത സംവിധായകൻ രാജാമണിയുടെ അസിസ്റ്റൻറായ നടേശൻ (വിദ്യാധരൻ മാസ്റ്ററുടെ സഹോദരൻ) ആയിടയ്ക്ക് തിലകർ സ്ട്രീറ്റിലെ വീട്ടിൽ താമസത്തിനെത്തി.

ഒപ്പം കാസർകോട്ടു നിന്നെത്തിയ പ്രശാന്തും അവിടത്തെ അന്തേവാസിയായി.

ചിത്രഭൂമിയിൽ സിനിമാ വാർത്തകൾ എഴുതുന്ന താൽക്കാലിക ജോലിയിലായിരുന്ന പ്രശാന്തിനെ സാമ്പത്തികമായി സഹായിക്കാനായി ഒരിക്കൽ സിഐ ആൻറോയും നടേശനും ഞാനും കോറസ് പാടാൻ പങ്കെടുക്കുന്ന ഒരു തെലുങ്ക് റെക്കോഡിംഗിന് ഒപ്പം കൂട്ടി. രാജാമണിയായിരുന്നു സംഗീത സംവിധായകൻ. ഏഴു ദിവസത്തെ റെക്കോഡിംഗിന് പ്രതിഫലമായി 7000 രൂപ വീതം ഓരോരുത്തർക്കും ലഭിച്ചു.

അപൂർവമായേ പ്രതിഫലമായി ആയിരങ്ങൾ കൈകളിലെത്താ

**സാലിഗ്രാമത്ത് ഇളയരാജ പതിവായി റെക്കോഡിംഗ് നിർവഹിക്കുന്ന പ്രസാദ് സ്റ്റുഡിയോയുടെ മുന്നിലെ ജൂഡിൻറെ ബൂത്തിൽ വൈകുന്നേരങ്ങളിൽ എസ് ടി ഡി വിളിക്കാൻ സിനിമാക്കാരുടെ വലിയ തിരക്കാണ്. ഗായകനായ പാലക്കാട്ടുകാരൻ മനോജ് കൃഷ്ണൻ വൈകുന്നേരങ്ങളിൽ ജൂഡിൻറെ ബൂത്ത് സന്ദർശിക്കുക പതിവായി. പരിചയം സൗഹൃദമായി വളർന്നു. എസ്പി വെങ്കിടേഷിൻറെയും ബോംബെ രവിയുടെയും അസിസ്റ്റൻറായിരുന്ന മനോജിന് ബൂത്തിൻറെ പരിസരത്തു തന്നെ ഒരു വീട് കണ്ടുപിടിക്കാൻ ജൂഡ് സഹായിച്ചു. അതാണ് തിലകർ സ്ട്രീറ്റിലെ 14–ാം നമ്പർ വീട്. ആ ഇരുനിലക്കെട്ടിടത്തിൻറെ മുകൾഭാഗം മനോജ് വാടകക്കെടുത്തു**

**പ്രശാന്തിനെ സാമ്പത്തികമായി സഹായിക്കാനായി ഒരിക്കൽ സിഒ ആൻറോയും നടേശനും ഞാനും കോറസ് പാടാൻ പങ്കെടുക്കുന്ന ഒരു തെലുങ്ക് റെക്കോഡിംഗിന് ഒപ്പം കൂട്ടി. രാജാമണിയായിരുന്നു സംഗീത സംവിധായകൻ. ഏഴു ദിവസത്തെ റെക്കോഡിംഗിന് പ്രതിഫലമായി 7000 രൂപ വീതം ഓരോരുത്തർക്കും ലഭിച്ചു. അപൂർവമായേ പ്രതിഫലമായി ആയിരങ്ങൾ കൈകളിലെത്താറുള്ളു**



ബിജു പൗലോസ്



മധു റാണി



ഹരി നീണ്ടകര

റുള്ളു. സൂര്യാ ടിവിയിലെ സബ് എഡിറ്റർ സുനിൽ ബേബി, ന്യൂസ് റീഡർ ജോജു ജോസഫ് എന്നിവരും താമസിയാതെ അവിടെ താമസക്കാരായി. തിലകർ സ്ട്രീറ്റിൽ പത്രപ്രവർത്തകർ ഒത്തുചേരുമ്പോൾ വാർത്താപ്രാധാന്യമുള്ള സമകാലിക ചർച്ചകൾക്കാകും മുൻഗണന.

ഫിലിം ജേർണലിസ്റ്റ് ഹരി നീണ്ടകരയും മിക്ക ദിവസങ്ങളിലും അവിടെയുണ്ടാകും. ഒന്നിലും സജീവമായി ഇടപെടാതെ എന്നാൽ എല്ലാവരുമായും സഹകരിച്ച് ഒതുങ്ങിമാറി ഇരിക്കുന്ന ചെറുപ്പക്കാരനെ ആദ്യം എനിക്കു മനസ്സിലായില്ല. ഡിഗ്രി കഴിഞ്ഞ് കമേഷ്യൽ പൈലറ്റ് ലൈസൻസ് (സിപിഎൽ) എടുത്ത് ജോലി അന്വേഷിക്കുന്ന രാജേഷ് പണിക്കരാണ് അദ്ദേഹമെന്ന് പിന്നീടാണ് മനസ്സിലായത്. ഫ്ളൈയിംഗ് ക്ലബിൽ പരിശീലകനായിരുന്ന രാജേഷ് തമിഴ് നടൻ അജിത് ഉൾപ്പെടെയുള്ള നിരവധി ചെറുപ്പക്കാരെ വിമാനം പറപ്പിക്കാൻ പരിശീലനം നൽകിയിട്ടുണ്ട്.

നടേശൻ എത്തിയതോടെ തിലകർ സ്ട്രീറ്റിലെ വീട് സന്ധ്യാ വേളകളിൽ സംഗീതസാന്ദ്രമായി. ഗായകനും സംഗീതജ്ഞനുമായ പാലക്കാട് ശ്രീറാം, പോൾസൺ (സംഗീത സംവിധായകൻ കീരവാണിയുടെ ഗിറ്റാറിസ്റ്റ്), ജോൺസൻറെയും രാജാ മണിയുടെയും കീബോഡ് പ്ലേയറായ ബിജു പൗലോസ് തുടങ്ങിയവരോടൊപ്പം ഞാനും നിത്യ സന്ദർശകനായി. ഹിന്ദുസ്ഥാനി സംഗീതജ്ഞ മധുറാണിയുടെ'ഇൻതെസാർ' എന്ന ഗസൽ കാസറ്റ് ആദ്യമായി കേട്ടത് അവിടെവച്ചാണ്. അവരുടെ ആലാപനത്തിലെ വികാരസാന്ദ്രത ആസ്വാദനത്തിൻറെ പരമോന്നതിയിലെത്തിച്ച് നമ്മെ കണ്ണീരണിയിക്കും.

ആ ഗാനങ്ങൾക്ക് ഇന്ത്യയുടെ മഹാനടൻ ദിലീപ് കുമാർ നൽകുന്ന വിവരണം കൂടിയാകുമ്പോൾ പിന്നെ പറയാനുമില്ല. പാട്ടു കേട്ട് കണ്ണീരൊഴുക്കുന്ന എന്നെയും പോൾസണെയും നടേശനെയും നോക്കി ആരോ ചോദിച്ചു –';അല്ല, അതിന് നിങ്ങൾക്ക് ഉർദു കേട്ടാൽ മനസ്സിലാകുമോ?'; അർത്ഥം കൂടി മനസ്സിലായിരുന്നെങ്കിൽ ആ നിമിഷം ഞങ്ങൾ കെട്ടിത്തൂങ്ങിച്ചത്തേനെ. അത്രയ്ക്ക് ഹൃദയദ്രവീകരണശേഷിയുണ്ട് മധു റാണിയുടെ മധുരാലാപനത്തിന്.

നടേശൻ ഒഴികെ മറ്റുള്ളവരെല്ലാം പകൽ സമയങ്ങളിൽ അവരവരുടെ സ്ഥാപനങ്ങളിൽ ജോലിത്തിരക്കിലായിരിക്കും. രാജാമണിക്ക് റെക്കോഡിംഗ് ഉള്ളപ്പോൾ മാത്രമാണ് നടേശനു തിരക്ക്. ജോലിയില്ലാത്ത ദിവസങ്ങളിൽ നടേശൻ ഒറ്റയ്ക്കിരുന്ന് ബോറടിച്ചു മുഷിയും. ഒരിക്കൽ ഹരി നീണ്ടകര കടന്നു വന്നപ്പോൾ ഹാർമ്മോണിയത്തിൽ പുതിയ പാട്ടുകൾ മെനഞ്ഞെടുക്കുന്ന നടേശനെയാണു കണ്ടത്. ശബ്ദമുണ്ടാക്കാതെ അദ്ദേഹം ഒരരുകിൽ പാട്ടു കേട്ടിരുന്നു. ഇടയ്ക്ക് ഹാർമ്മോണിയത്തിനു മുകളിലിരിക്കുന്ന ന്യൂസ് പേപ്പർ കണ്ട് ഹരി നീണ്ടകര ഞെട്ടി! ബോറടിച്ചു നിവൃത്തിയില്ലാതെ പേപ്പറിൽ കണ്ട ഒരു വാർത്തയ്ക്ക് ഈണം പകരുകയാണ് നടേശൻ! ഉടൻ തന്നെ തൻറെ ബാഗിൽ നിന്ന് ഗാനരചയിതാവ് അപ്പൻ തച്ചേത്ത് എഴുതിയ പത്ത് ശ്രീകൃഷ്ണ ഭക്തിഗാനങ്ങൾ ഹരി നീണ്ടകര നടേശനു നൽകി.

മരുഭൂമിയിൽ മരുപ്പച്ച കണ്ടതു പോലെ നടേശൻ തുള്ളിച്ചാടി. ഓരോ ദിവസവും കമ്പോസ് ചെയ്ത പാട്ടുകൾ വൈകുന്നേരത്തെ സൗഹൃദ സദസ്സിൽ നടേശൻ മനംമറന്നു പാടി. ദിവസങ്ങൾക്കകം മനോഹരമായ പത്തു ഭക്തിഗാനങ്ങൾ റെഡിയായി. പാട്ടുകൾ ആവർത്തിച്ചു കേട്ട ജൂഡിൻറെ മനസ്സിലെ സംഗീതകാരൻ അതോടെ ഉണർന്നു. മൂന്നു ടെലിഫോൺ ബൂത്തുകളിലെ കളക്ഷൻ എല്ലാ ദിവസവും ജൂഡിൻറെ കാഷ്ബാഗിൽ കുമിഞ്ഞുകൂടുകയാണ്. ബില്ല് മാസാവസാനം അടച്ചാൽ മതിയല്ലോ. പിന്നീട് എല്ലാം പെട്ടെന്നായിരുന്നു. ഒരു കാസറ്റ് നിർമ്മാതാവാകാൻ ജൂഡ് സന്നദ്ധത അറിയിച്ചതോടെ നടേശൻ ഊർജസ്വലനായി. ഭക്തിഗാന കാസറ്റുകൾക്ക് വലിയ ഡിമാൻറ് ഉണ്ടായിരുന്ന കാലം. അമ്പിളി, അരുന്ധതി എന്നീ ഗായികമാരും നടേശനും പാടിയ പത്തു ശ്രീകൃഷ്ണ ഭക്തിഗാനങ്ങൾ വടപളനിയിലെ അരവിന്ദ് ഓഡിയോയിൽ

**നടേശൻ എത്തിയതോടെ തിലകർ സ്ട്രീറ്റിലെ വീട് സന്ധ്യാ വേളകളിൽ സംഗീതസാന്ദ്രമായി. ഹിന്ദുസ്ഥാനി സംഗീതജ്ഞ മധുറാണിയുടെ 'ഇൻതെസാർ' എന്ന ഗസൽ കാസറ്റ് ആദ്യമായി കേട്ടത് അവിടെവച്ചാണ്. അവരുടെ ആലാപനത്തിലെ വികാര സാന്ദ്രത ആസ്വാദനത്തിൻറെ പരമോന്നതിയിലെത്തിച്ച് നമ്മെ കണ്ണീരണിയിക്കും. ആ ഗാനങ്ങൾക്ക് ഇന്ത്യയുടെ മഹാനടൻ ദിലീപ് കുമാർ നൽകുന്ന വിവരണം കൂടിയാകുമ്പോൾ പിന്നെ പറയാനുമില്ല. പാട്ടു കേട്ട് കണ്ണീരൊഴുക്കുന്ന എന്നെയും പോൾസണെയും നടേശനെയും നോക്കി ആരോ ചോദിച്ചു – ';അല്ല, അതിന് നിങ്ങൾക്ക് ഉർദു കേട്ടാൽ മനസ്സിലാകുമോ?'; അർത്ഥം കൂടി മനസ്സിലായിരുന്നെങ്കിൽ ആ നിമിഷം ഞങ്ങൾ കെട്ടിത്തൂങ്ങിച്ചത്തേനെ. അത്രയ്ക്ക് ഹൃദയദ്രവീകരണശേഷിയുണ്ട് മധുറാണിയുടെ മധുരാലാപനത്തിന്.**

റെക്കോഡ് ചെയ്തു. പതിവായി രാജാമണിയുടെ അസിസ്റ്റൻറായി പ്രവർത്തിക്കുന്ന നടേശനെ ഇക്കുറി രാജാമണി അസിസ്റ്റ് ചെയ്തു. കാസറ്റിന് 'കൗസ്തുഭം' എന്നു പേരുമിട്ടു. റെക്കോഡിംഗ് കഴിഞ്ഞാലുടൻ ഏതെങ്കിലും കാസറ്റ് കമ്പനിക്കാർ കൗസ്തുഭം കൊത്തിയെടുത്ത് വിതരണം ചെയ്യുമെന്ന പ്രതീക്ഷയിലായിരുന്നു എല്ലാവരും. പക്ഷേ യാതൊന്നും സംഭവിച്ചില്ല. കാത്തിരുന്നു മടുത്തപ്പോൾ കാസറ്റ് കുറേക്കൂടി ആകർഷകമാക്കാൻ നടേശൻ പാടിവച്ച ചില പാട്ടുകൾ എംജി ശ്രീകുമാറിനെ വച്ച് പാടിക്കാൻ തീരുമാനമായി. ശ്രീകുമാറിന് പാട്ടുകൾ ഇഷ്ടപ്പെട്ടതിനാൽ ഒരു തുക പ്രതിഫലമായി ജൂഡിനു നൽകി കാസറ്റ് അദ്ദേഹം സ്വന്തമാക്കി.

തുടർന്ന് ചലച്ചിത്ര രംഗത്തേക്കുള്ള നടേശൻറെ സംഗീത സംവിധാന സ്വപ്നം പൂവണിഞ്ഞു. 'ആന്ദോളനം' എന്ന തൻറെ ആദ്യ ചിത്രത്തിന് നടേശൻ സംഗീത സംവിധാനം നിർവഹിച്ചത് തിലകർ സ്ട്രീറ്റിലെ വീട്ടിലിരുന്നാണ്. കോടമ്പാക്കത്തെ കരാട്ടെ മാസ്റ്ററായ'; സാമ്രോയ് ' സ്റ്റാൻലി ഡിക്രൂസ് ഒരു സിനിമ സംവിധാനം ചെയ്യാൻ ആഗ്രഹിച്ചപ്പോൾ തൻറെ സുഹൃത്തായ പത്രപ്രവർത്തകൻ സുന്ദർദാസിനോട് ഒരു സംഗീത സംവിധായകനെ നിർദ്ദശിക്കാൻ ആവശ്യപ്പെട്ടു. നടേശനെയാണ് അദ്ദേഹം ശുപാർശ ചെയ്തത്. തൻറെ ഹാർമ്മോണിയവുമായി സാമ്രോയിയുടെ വീട്ടി



രാജേഷ് പണിക്കർ



പ്രശാന്ത് കാനത്തൂർ

ലെത്തി നടേശൻ മനോഹരമായ പാട്ടുകൾ ചിട്ടപ്പെടുത്തി. കമ്പോസിംഗ് കഴിഞ്ഞ് റെക്കോഡിംഗിനായി കാത്തിരിക്കുന്നതിനിടയിൽ ഒരു പ്രത്യേക സാഹചര്യത്തിൽ സാമ്രോയ് സ്ഥലം വിട്ടു.

തൻറെ വീട്ടുസാധനങ്ങളുടെ കൂട്ടത്തിൽ നടേശൻറെ ഹാർമ്മോണിയവും ലോറിയിൽ കയറ്റിയാണ് സാമ്രോയ് മുങ്ങിയത്. വർഷങ്ങളോളം രാജാമണിയുടെ സഹായിയായും ജോൺസൻറെ ട്രാക്ക് ഗായകനായും കോറസ് പാടിയും മദിരാശിയിൽ തങ്ങിയ നടേശൻ തൻറെ കഴിവുകൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്ത സാഹചര്യത്തിൽ നാട്ടിലേക്കു മടങ്ങി. പ്രിയനന്ദൻറെ 'ഭക്തജനങ്ങളുടെ ശ്രദ്ധയ്ക്ക്' എന്ന ചിത്രമുൾപ്പെടെ നിരവധി ചിത്രങ്ങൾക്ക് പിൽക്കാലത്ത് നടേശൻ സംഗീതം പകർന്നു. ഭക്തിഗാനങ്ങളും ലളിത ഗാനങ്ങളും സംവിധാനം ചെയ്യുന്ന തിരക്കിലാണ് ഇപ്പോൾ തൃശൂരിലുള്ള നടേഷ് ശങ്കർ.

ഇന്ത്യാ ടുഡേയിൽ നിന്ന് ഏഷ്യാനെറ്റിലേക്കു ചേക്കേറിയ ഹരീഷ് കടയപ്രത്ത് ഇപ്പോൾ പത്രപ്രവർത്തകനായും ഫിലിം സെൻസർ ബോഡ് അംഗമായും കോഴിക്കോട്ടുണ്ട്.

കമൽറാം സജീവ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ സജീവമാണ്. സൂര്യാ ടിവി വിട്ട സുനിൽ ബേബി പിന്നീട് മീഡിയാ വൺ ചാനലിലെ പ്രോഗ്രാം പ്രൊഡ്യൂസറായി.

മാധ്യമരംഗത്ത് നിരവധി പുരസ്കാരങ്ങൾ വാരിക്കൂട്ടി. ഇപ്പോൾ എറണാകുളത്ത് മൈഫിൻ എന്ന ഓൺലൈൻ ബിസിനസ് ചാനലിനു വേണ്ടി പ്രവർത്തിക്കുന്നു. ജോജു ജോസഫ് പല ചാനലുകളിലും മാറിമാറി ന്യൂസ് റീഡറായി തുടരുന്നു. പ്രശാന്ത് ഇന്ന് മാതൃഭൂമിയുടെ ചെന്നൈ എഡിഷൻറെ ബ്യൂറോ ചീഫാണ്. ഒരു മികച്ച ഡോക്യുമെൻററി സംവിധായകൻ കൂടിയായ പ്രശാന്ത് കാനത്തൂർ അടുത്തകാലത്ത്'സ്റ്റേഷൻ നമ്പർ ഫൈവ്'എന്നൊരു ചിത്രം സംവിധാനവും ചെയ്തു. രാജേഷ് പണിക്കർ എയർ ഇന്ത്യാ എക്സ്പ്രസിൽ ക്യാപ്ടനായി ലോകം മുഴുവൻ പറന്നു നടക്കുന്നു. ബിജു പൗലോസ്, പാലക്കാട് ശ്രീറാം തുടങ്ങിയവർ സംഗീതരംഗത്ത് തിരക്കിലാണ്. ഇൻറീരിയർ ഡെക്കറേഷനിൽ വിദഗ്ധനായ ജൂഡ് ഡോമിനിക് കുടുംബസമേതം മദിരാശിയിലുണ്ട്.

ഹരി നീണ്ടകരയും ഗായകൻ മനോജ് കൃഷ്ണനും സുഹൃത്തുക്കളെയാകെ ദുഃഖത്തിലാഴ്ത്തി ഈ ലോകത്തോട് വിടപറഞ്ഞു. എല്ലാത്തിനും സാക്ഷിയായി തിലകർ സ്ട്രീറ്റിലെ 14-ാം നമ്പർ വീട് ഇപ്പോഴും മാറ്റങ്ങളൊന്നുമില്ലാതെ സാലിഗ്രാമിൽ നിലകൊള്ളുന്നു.


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 44 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

ചെറുകഥ

# അഹല്യാമന്ദിർ



ശ്രീകുമാർ ഭാസ്കരൻ

വര:
പി ആർ രാജൻ

ഏറെ നേരത്തെ മൗനത്തിന് ശേഷം സൗമ്യ പറഞ്ഞു. ‘‘അതൊരു ആത്മഹത്യാശ്രമം ആയിരുന്നു. പാളിപ്പോയ ആത്മഹത്യാശ്രമം.’’

പറയുന്നത് സൗമ്യയാണ്. എൻറെ പൂർവ്വകാലസഹപാഠിനി. ഞാൻ സൗമ്യയെത്തന്നെ നോക്കിയിരുന്നു. താഴെ വളരെ താഴെ നഗരം പടർന്നു പന്തലിച്ചു കിടക്കുന്നു. അതിൻറെ നടുവിലൂടെ ഹൈവേ പെരു

മ്പാമ്പിനെപ്പോലെ നീണ്ടുനിവർന്നു കിടക്കുന്നു. മുൻപ് ഉണ്ടായിരുന്ന പച്ചപ്പിന് കാര്യമായ കുറവ് സംഭ വിച്ചിരിക്കുന്നു. ആ സ്ഥാനങ്ങളിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ തലയു യർത്തി നിൽക്കുന്നു. പത്തു നില മുതൽ മുപ്പതു നിലകൾ വരെ.

നാല് പതിറ്റാണ്ട് മുമ്പ് കൃത്യമാ യി പറഞ്ഞാൽ നാല്പത്തൊന്നു വർഷങ്ങൾക്കു മുമ്പ് ഞങ്ങളുടെ കോളേജിൽ നിന്നും സ്റ്റഡി ടൂറിന്റെ ഭാഗമായാണ് ഞങ്ങൾ ഏതാണ്ട് ഇരുപത്തഞ്ച് കുട്ടികൾ, ഡിഗ്രി ഫൈനൽ ഇയർ ജന്തുശാസ്ത്ര വിദ്യാർഥികൾ, ശ്രാവണബലഗോ ളയിൽ എത്തിയത്. ഗോമതേശ്വര പ്രതിമ കാണുക എന്നതായിരുന്നു ലക്ഷ്യം.

യുദ്ധതന്ത്രങ്ങളിൽ അജയ്യനായി രാജ്യം ഭരിച്ച് പിന്നെ ക്ഷണപ്രഭാച ഞ്ചലമായ ഭൗതികതയുടെ ആസ്തി ത്വത്തിൽ മനംമടുത്ത് ഭൗതികസുഖ ങ്ങൾ എല്ലാം ഉപേക്ഷിച്ച് സന്യാസം സ്വീകരിച്ച രാജകുമാരന്റെ കഥ, ഗോമദേശ്വരന്റെ അഥവാ ബാഹുബ ലിയുടെ കഥ, വളരെ ത്രില്ലടിപ്പിക്കു ന്നതായിരുന്നു.

ഇപ്പോൾ നാല് പതിറ്റാണ്ടിന് ശേഷം വീണ്ടും ശ്രാവണബലഗോള യിൽ എത്തിയത് തികച്ചും അപ്രതീ ക്ഷിതമായിരുന്നു. അതും സൌ മ്യയുടെ താൽപര്യം ഒന്നുകൊണ്ട് മാത്രം.

ബസ്സ് ഇറങ്ങി പിന്നെയും അൽ പദൂരം നടക്കാനുണ്ട് വിന്ധ്യഗിരി യിലേക്ക്. ഡിസംബറിലെ യാത്രയാ യിരിക്കും നല്ലത് എന്ന് നേരത്തെ കരുതിയിരുന്നു. അത് സൗമ്യയെ അറിയിക്കുകയും ചെയ്തിരുന്നു. കത്ത് മുഖാന്തിരം. സൗമ്യ മൊ ബൈൽ ഫോൺ ഉപയോഗിക്കുന്ന വ്യക്തിയല്ല. മൊബൈൽ ഫോണിൻ റെ ഈ കാലഘട്ടത്തിലും പഴമ നി ലനിർത്തുന്നതിൽ താല്പരയായിരു ന്നു സൗമ്യ. മൊബൈൽ, കമ്പ്യൂട്ടർ, ഇതിൽ നിന്നൊക്കെ സൗമ്യ അക ന്നുനിന്നു,

''എന്താണ് ഓൾഡേജ് ഹോം തുടങ്ങാൻ കാരണം.'' ഞാൻ സൗമ്യ യോട് തിരക്കി.

**സൗമ്യയുടെ ആ ചോദ്യം എപ്പോഴെങ്കി ലും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചി രുന്നു. പക്ഷേ അതിന് ഞാൻ മറുപടി പറഞ്ഞില്ല. അത് ഒരു പഴയ സംഭവ ത്തിന്റെ ക്ലാവുപിടിക്കാത്ത നനുത്ത ഓർമ്മയായിരുന്നു. അത് പുറത്തെടു ക്കണ്ട എന്ന് ഞാൻ കരുതി.**

ഞങ്ങൾ ചന്ദ്രഗിരി നഗരത്തെ രുവിൻറെ ഓരത്തുകൂടി പതുക്കെ നടക്കുകയായിരുന്നു. ഒമ്പത് ഒമ്പ തര വരെ വലിയ കുഴപ്പമില്ല. അത് കഴിഞ്ഞാൽ കടുത്ത ചൂടാണ്. ഡി സംബറിലെ പ്രഭാത ഈർപ്പം ചൂട് കൂട്ടും. പുഴുങ്ങി എടുക്കുന്ന അനുഭ വം. നീറുന്ന ചൂട്. സൗമ്യ അടുത്ത് കണ്ട ഒരു കടയുടെ മുന്നിലെ ബെ ഞ്ചിലിരുന്നു.

അവൾ ആകെ ക്ഷീണിച്ചു തളർ ന്നുപോയി. കടയിലെ ഭരണികളിൽ ലഡു, ജിലേബി, ബർഫി, അങ്ങനെ ധാരാളം മധുര പലഹാരങ്ങൾ നിര ത്തി വച്ചിരിക്കുന്നു.

''മധുരമില്ലാത്തത് ഒന്നുമില്ലേ''.

സൗമ്യയ്ക്ക് വിശപ്പ് തോന്നിത്തു ടങ്ങിയിരുന്നു. കഷ്ടിച്ച് ഒന്നര കിലോ മീറ്റർ നടന്നിട്ടേയുള്ളൂ. ഞാൻ കട ആകെ പരതിനോക്കി. ഒരു സ്റ്റീൽ പ ാത്രത്തിൽ പുഴുങ്ങി വെച്ചിരിക്കുന്ന കടല കണ്ടു.

''ചുണ്ടൽ എടുക്കട്ടെ''. ഞാൻ സൗമ്യയോട് തിരക്കി.

''എന്താണത്. ഞാൻ മുൻപ് കഴി ച്ചിട്ടില്ല.'' സൗമ്യ പറഞ്ഞു.

''പാലക്കാട് ചുണ്ടൽ അത്ര കോമൺ അല്ല''. ഞാൻ പറഞ്ഞു.

''പാലക്കാട് നല്ല പരിചയം ആണല്ലേ''. സൗമ്യ ഒരു ചിരിയോടെ എന്നെ നോക്കി.

''കുറെ കറങ്ങിയിട്ടുണ്ട്. പിന്നെ മിക്കവാറും പല ക്ഷേത്രങ്ങളിലും സന്ധ്യയ്ക്ക് എത്തുമായിരുന്നു. ഒരു മുഖം അന്വേഷിച്ച്.'' ഞാൻ പറ ഞ്ഞു.

അല്പനേരത്തെ മൗനത്തിനു ശേഷം സൗമ്യ പറഞ്ഞു.

''ഞാൻ അത്ര വലിയ ഭക്ത ഒന്നു മല്ല. എന്നാൽ അല്പം ഒണ്ടുതാനും. അരാജകത്വം നിറഞ്ഞ ഒരു കുടും ബാന്തരീക്ഷത്തിൽ നിസ്സഹായ ആയിപ്പോയ ഒരു പെൺകുട്ടിയുടെ അവസാനത്തെ ആശ്രയം ഭക്തിയാ ണല്ലോ''.

''ഇപ്പോൾ വിനോദ് എവിടെയാ ണ്''. ഞാൻ ചോദിച്ചു.

''ഹൈദരാബാദിലെവിടെയോ''. സൗമ്യ പറഞ്ഞു.

''കോൺടാക്ട് ഇല്ലേ''? ഞാൻ ചോദിച്ചു.

''ഇല്ല. അവന് കത്തെഴുതാൻ താൽപര്യമില്ല. എനിക്ക് മൊബൈൽ ഉപയോഗിക്കാനും. സുഖമായിരിക്കു ന്നുണ്ടാവും. ഒരു ഹിന്ദിക്കാരിയെ ആണ് കെട്ടിയത്. രജിസ്റ്റർ മാര്യേജ് ആയിരുന്നു. ഞാൻ പോയി. ഒരു സാക്ഷിയായി ഒപ്പിട്ടു. കൊലുന്നനെ യുള്ള ഒരു പെണ്ണ്, ജാൻവി. സീത. സീതായോഗം ഉണ്ടാവാതിരുന്നാൽ മതിയായിരുന്നു.''സൗമ്യ പറഞ്ഞു.

സൗമ്യ വെറുതെ വാഹനങ്ങൾ പോകുന്നത് നോക്കിയിരുന്നു. അല്പം കഴിഞ്ഞ് തുടർന്നു.

''ഉണ്ടാവാൻ സാധ്യതയില്ല. അവ ന് എന്നും ഒരു സപ്പോർട്ട് വേണം. പഠിപ്പിന്റെ കാലത്ത് ഞാൻ. രണ്ടു വയസ്സിന്റെ മൂപ്പേ ഉള്ളൂ എങ്കിലും ഞാൻ അവന് ചേച്ചി മാത്രമായിരു ന്നില്ല. ചിലപ്പോഴൊക്കെ അമ്മയും ആവേണ്ടി വന്നു. പണം കൈകാര്യം ചെയ്യാൻ ഭയമാണ്. ഒറ്റയ്ക്ക് നിൽ ക്കാൻ അവന് പറ്റില്ല. എന്നും ഒറ്റയ് ക്ക് നിൽക്കാൻ താല്പര്യപ്പെട്ട ഒരു അച്ഛൻറെ മകൻ.'' സൗമ്യ ആത്മഗ തം പോലെയാണ് പലപ്പോഴും സം സാരിക്കുക.

കടയിൽ ഉണ്ടായിരുന്നത്

പത്തു വയസ്സ് തോന്നിക്കുന്ന ഒരു പെൺകുട്ടിയാണ്. അവൾ വളരെ പെട്ടെന്ന് രണ്ടു ചുണ്ടൽ ഉണ്ടാക്കി തന്നു. അതിൽ പ്രധാനം പുഴുങ്ങിയ കടല പിന്നെ തക്കാളി അരിഞ്ഞിട്ട് അതിൻറെ മുകളിൽ സവാള ചീകിയിട്ട് അല്പം മുളകുപൊടിയും തൂകി രണ്ട് ഇല കുമ്പിളിൽ സ്പൂൺ ഇട്ടു തന്നു. കൂടെ ഒരു ബോട്ടിൽ വെള്ളവും. ചെറു ചൂടോടെ ചുണ്ടൽ കഴിക്കാൻ രസമാണ്. ചെറിയതോതിൽ വിശപ്പടങ്ങും. ഒരു കുമ്പിളിന് ഇരുപതു രൂപ. ചുണ്ടൽ കഴിക്കുമ്പോൾ ഞാൻ ചോദ്യം ആവർത്തിച്ചു.

''എന്തുകൊണ്ടാണ് സൗമ്യ ഓൾഡേജ് ഹോം ആവാമെന്ന് വച്ചത്.''

''നമ്മളൊക്കെ കാലം കഴിയുമ്പോൾ പ്രായം കൂടുകയല്ലേ വൈശാഖ്. അന്നത്തേക്ക് ഒരു ആശ്രയം ആകാമെന്ന് വച്ചു.'' സൗമ്യ പറഞ്ഞു.

''അതിന് ഓൾഡേജ് ഹോം സ്വന്തമായി തുടങ്ങണോ. ഏതെങ്കിലും നല്ല ഓൾഡേജ് ഹോമിൽ അന്തേവാസി ആയാൽ പോരേ. അത്യാവശ്യം നല്ല ഫിനാൻഷ്യൽ ബാക്കിങ്ങും ഉണ്ടല്ലോ.'' ഞാൻ പറഞ്ഞു.

''ഫിനാൻഷ്യൽ ബാക്കിംഗ് ഇല്ലാത്ത സ്ത്രീകൾക്കും പ്രായമാവില്ലേ. അവർ തെരുവിൽ അലയുന്നതിലും നല്ലതല്ലേ ഒരു കൂരയക്ക് കീഴിൽ ഒന്നിച്ചു കഴിയുന്നത്.'' സൗമ്യ പറഞ്ഞു.

''നീ കരുതുന്നതുപോലെ കൃത്യമായ ഒരു വരുമാനം ഇല്ലാതെ എങ്ങനെ ഇത് മുന്നോട്ടു കൊണ്ടുപോകും?''.

എന്റെ ആ ചോദ്യത്തിന് പക്ഷേ സൗമ്യ മറുപടി പറഞ്ഞില്ല.

''ഇപ്പോൾ എത്ര പേരുണ്ട്'' ഞാൻ ചോദിച്ചു.

''അൻപത്തിയേഴ്.'' സൗമ്യ പറഞ്ഞു.

''അൻപത്തിയേഴ് പേർക്ക് ഒരു മാസത്തെ ആഹാരത്തിന് തന്നെ വലിയ ചെലവല്ലേ.''

''വൈശാഖ് പ്രശ്നം ആഹാരം അല്ല. മരുന്നാണ്. ഒരു മാസം മരുന്നിന് മാത്രം മുപ്പതിന് മുകളിൽ ചിലവുണ്ട്.'' സൗമ്യ പറഞ്ഞു.

''മാസം മുപ്പതിനായിരം.?''

''ഉം. ചില ഫാർമസിക്കാരുടെ സഹായമുണ്ട്. പിന്നെ കുറച്ച് മെഡിക്കൽ റെപ്രെസെന്റ്റീവ് പയ്യന്മാർ സഹായിക്കും. അങ്ങനെ പോകുന്നു. പരശുരാമഭൂമിയിൽ വിശാല മന:സ്ഥിതിയുള്ളവർക്ക് ഇപ്പോഴും കുറവില്ല. വൈശാഖ്, എല്ലാവരും നിന്നെപ്പോലെയല്ല.'' സൗമ്യ ഒന്ന് കുത്തിപ്പറഞ്ഞു.

ചുണ്ടൽ തിന്നാൻ രസമാണ് ചെറിയ എരിവ് ഉണ്ടെങ്കിലും. പക്ഷേ സൗമ്യയ്ക്ക് ആ എരിവ് പറ്റില്ലെന്ന് തോന്നി. ഓരോ സ്പൂൺ ചുണ്ടൽ കഴിക്കുമ്പോഴും സൗമ്യ വെള്ളം കുടിച്ചു കൊണ്ടേയിരുന്നു. ഞാൻ ചുണ്ടൽ തിന്നതിന് ശേഷം നല്ല കടുപ്പത്തിൽ ഒരു ചായ കൂടി കുടിച്ചു. പിന്നെ പതുക്കെ ഞങ്ങൾ ഗോമദേശ്വരനെ നോക്കി നടന്നു.

**''ഞാൻ അത്ര നെർവസ് അല്ല വൈശാഖ്. പക്ഷേ അപ്രതീക്ഷിതമായി ഒരു അപവാദം എന്നെപ്പറ്റി നീ ക്ലാസ്സിൽ പറഞ്ഞു എന്നറിഞ്ഞപ്പോൾ താങ്ങാൻ പറ്റിയില്ല. സങ്കടത്തിൽ ഉപരി എനിക്ക് ദേഷ്യമാണ് ഉണ്ടായത്. അതുകൊണ്ടാണ് ഞാൻ നിന്നെപ്പറ്റി അന്ന് പ്രൊഫസറിനോട് പരാതി പറഞ്ഞത്.'' സൗമ്യ ഒന്ന് നിർത്തി. പിന്നെ തുടർന്നു.**

''ഗോമദേശ്വരൻ ഒരു പ്രതീകമാണ്. ത്യാഗത്തിന്റെ പ്രതീകം.'' ഞാൻ പറഞ്ഞു.

''അതെല്ലാ സന്യാസിമാരും അങ്ങനെയല്ലേ.'' സൗമ്യ ചോദിച്ചു.

''അതെ. പക്ഷെ ബാഹുബലിക്ക് വെട്ടിപ്പിടിക്കാനും ഉപേക്ഷിക്കാനും ഒരുപാടുണ്ടായിരുന്നു. ഉള്ള സ്വത്ത് ഉപേക്ഷിച്ച് സന്യാസം സ്വീകരിക്കുന്നവർ ഉണ്ട്. പക്ഷേ ബാഹുബലിക്ക് പാരമ്പര്യമായി പിതാവിൽ നിന്നും കിട്ടിയത് ഉപേക്ഷിക്കാൻ ഒട്ടും താല്പര്യമുണ്ടായിരുന്നില്ല.അത് തട്ടിപ്പറിക്കാൻ സ്വന്തം സഹോദരൻ ഉണ്ടായിരുന്നിട്ടുപോലും. ബാഹുബലിയുടെ കഥ തികച്ചും ത്രില്ലിംഗ് ആണ്.'' ഞാൻ പറഞ്ഞു.

''ബാഹുബലിയെപ്പറ്റി കുറച്ചു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. കൊച്ചിലെ. ധീരനായ രാജകുമാരൻ എന്നൊക്കെ''. സൗമ്യ ഇടയ്ക്കു കയറി പറഞ്ഞു.

ഞാൻ ബാഹുബലിയെപ്പറ്റി വിശദീകരിച്ചു. ''ഏഴാം നൂറ്റാണ്ടിലെ ചരിത്രം എന്നോ പറഞ്ഞു പരന്ന പഴംകഥയെന്നോ ഒക്കെ പറയാം. ഋഷഭനാഥന് നൂറു മക്കളാണുണ്ടായിരുന്നത്. അതിൽപ്പെടുന്നവരായിരുന്നു ഭരതനും ബാഹുബലിയും. ഭരതനാണ് ജ്യേഷ്ഠൻ. ഋഷഭനാഥൻ ഇഷ്വാകു വംശജൻ ആയിരുന്നു. ശ്രീരാമന്റെ വംശപരമ്പര. രാജാവായിരുന്ന അദ്ദേഹം പിന്നീട് സന്യാസം സ്വീകരിച്ചു. സന്യാസം സ്വീകരിക്കുന്നതിന് മുൻപ് അദ്ദേഹം തന്റെ രാജ്യം നൂറു മക്കൾക്കായി വീതം വെച്ചുകൊടുത്തു. അങ്ങനെ ബാഹുബലിക്ക് ദക്ഷിണ രാജ്യവും ഭരതന് ഉത്തര രാജ്യവും കിട്ടി. ഭരതന്റെ രാജ്യ തലസ്ഥാനം അയോദ്ധ്യയായിരുന്നു.

ഭരതൻ തന്റെ സാമ്രാജ്യം വിപുലീകരിക്കാൻ തീരുമാനിച്ചു. അതിൻപ്രകാരം അദ്ദേഹം ദിഗ്വിജയത്തിനായി പുറപ്പെട്ടു. ഭരതൻ പട നയിച്ചിരുന്നത് തനിയെ ചലിക്കുന്ന ഒരു ദിവ്യചക്രം, ചക്രരത്നയുടെ പിന്നാലെ ആയിരുന്നു. ചക്രം ചലിക്കുന്ന എല്ലാ പ്രദേശത്തുള്ള രാജാക്കന്മാരും അദ്ദേഹത്തിൻറെ അധീശത്വം അംഗീകരിക്കണം എന്നതായിരുന്നു അവസ്ഥ. അല്ലെങ്കിൽ അവരെ യുദ്ധം ചെയ്തു തോൽപ്പിച്ച് രാജ്യം പിടിച്ചെടുക്കും. അങ്ങനെ ഭരതന്റെ ചക്രരത്നയ്ക്ക് മുന്നിൽ അദ്ദേഹത്തിൻറെ തൊണ്ണൂറ്റിയെട്ടു

സഹോദരന്മാരും കീഴടങ്ങി. അവരെല്ലാം രാജ്യം ഉപേക്ഷിച്ച് സന്യാസം സ്വീകരിച്ചു. എന്നാൽ ബാഹുബലി ജ്യേഷ്ഠന്റെ ആഗ്രഹത്തിന് വഴങ്ങാൻ കൂട്ടാക്കിയില്ല.

ബാഹുബലി ശക്തനാണ്. ശക്തമായ ഒരു സൈന്യവും ഉണ്ട്. യുദ്ധമുണ്ടായാൽ ഒരുപാട് സൈനികർ മരിച്ചുവീഴും. വലിയൊരു കൂട്ടക്കുരുതി നടക്കും. അത് ഒഴിവാക്കാൻ ജ്യേഷ്ഠനും അനുജനും ഒരു ഒത്തുതീർപ്പിൽ എത്തി. ദ്വന്ദയുദ്ധം. അതിൽ മൂന്നു യുദ്ധമുറകൾ. ദൃഷ്ടിയുദ്ധം, ജലയുദ്ധം, അവസാനം മല്ലുയുദ്ധം.

ഈ യുദ്ധങ്ങളിലെല്ലാം ബാഹുബലി വിജയിച്ചു, ഭരതൻ ദയനീയമായി പരാജയപ്പെട്ടു. പക്ഷേ യുദ്ധം വിജയിച്ച സാഹചര്യത്തിൽ ഭൗതിക നേട്ടങ്ങളുടെ നിരർത്ഥകതയെപ്പറ്റിയാണ് ബാഹുബലി ചിന്തിച്ചത്. അതുണ്ടാക്കുന്ന അനർത്ഥങ്ങളെപ്പറ്റിയും. അദ്ദേഹം ഖിന്നനായി. രാജ്യം ഉപേക്ഷിച്ച് സന്യാസം സ്വീകരിച്ചു. ജൈനസന്യാസ സമ്പ്രദായം, ദിഗംബര സമ്പ്രദായം.

അദ്ദേഹം ഒരു വർഷം ഭക്ഷണം പോലും ഉപേക്ഷിച്ച് നിന്നുകൊണ്ട് തപസ്സ് അനുഷ്ഠിച്ചു. ഇതുകണ്ട് ജേഷ്ഠൻ ഭരതൻ പശ്ചാത്താപവിവശനായി അനുജന്റെ മുന്നിൽ ചെയ്തുപോയ എല്ലാ തെറ്റിനും മാപ്പിരക്കുകയും മനംമാറ്റം ഉണ്ടാവുകയും ചെയ്തു.

പിന്നീട് ദീർഘകാലത്തെ മഹാതപസ്സിനൊടുവിൽ ബാഹുബലിക്ക് മോക്ഷം ലഭിച്ചു എന്ന് ആദിപുരാണത്തിൽ ജൈനസംന്യാസി ജൈനസേനൻ വിശദീകരിക്കുന്നു.'' ഞാൻ പറഞ്ഞു നിർത്തി.

കഥ പറഞ്ഞ് ഞങ്ങൾ വിന്ധ്യാഗിരിക്ക് താഴെ എത്തി. വിന്ധ്യഗിരി കർണാടകത്തിലെ ഹസൻ ജില്ലയിലാണ്. വിന്ധ്യാഗിരി കയറ്റം എളുപ്പമല്ല. കുറച്ച് റിസ്കാണ്. കുറച്ചു ബുദ്ധിമുട്ട് അതിലുണ്ട്. കാരണം കടൽ നിരപ്പിൽ നിന്നും മൂവായിരത്തി മുന്നൂറ്റി നാല്പത്തിയേഴ് അടിയോളം ഉയരത്തിലാണ് ക്ഷേത്രത്തിൻറെ സ്ഥാനം. ഭൂനിരപ്പിൽ നിന്ന് നാന്നൂറ്റി മുപ്പത്തിയെട്ടു  അടി ഉയരത്തിൽ നിൽക്കുന്ന ക്ഷേത്രത്തിലെത്താൻ എഴ്നൂറോളം പടികൾ കയറണം.

ഞങ്ങൾ പതുക്കെ പടികൾ കയറിത്തുടങ്ങി.

ടൂർ വരുന്ന അന്യസംസ്ഥാന വിദ്യാർത്ഥികൾ കലപില കൂട്ടി ഓടിച്ചാടി കയറുന്നു. മിക്കവരും മിനിറ്റ് വെച്ച് സെൽഫി എടുക്കുന്നു. മലമുകളിൽ നിന്നുള്ള വിദൂരദൃശ്യം പകർത്തുന്നു.

**"വിശ്വസിച്ച ഭർത്താവ് എന്ന പുരുഷനാൽ  വഞ്ചിക്കപ്പെട്ട സ്ത്രീയാണ് എൻറെ അമ്മ മായാദേവി. ഒരു പാവം ഹൈസ്കൂൾ അധ്യാപിക. വിശ്വസിച്ച കാമുകൻ എന്ന പുരുഷനാൽ വഞ്ചിക്കപ്പെട്ട സ്ത്രീയാണ് അവരുടെ മകൾ എന്ന ഞാൻ. ഒരു കുടുംബത്തിൽ വഞ്ചിക്കപ്പെട്ട രണ്ട് സ്ത്രീകൾ. പക്ഷേ എൻറെ കാര്യം ഞാൻ രഹസ്യമായി വെച്ചു. അത് എൻറെ അമ്മയ്ക്ക് അറിയാമായിരുന്നില്ല. അവരുടെ അവസാന ശ്വാസം വരെ."**

''അന്ന് നമ്മൾ വരുമ്പോൾ സൗമ്യ പകുതി വഴിക്ക് നിന്നു. അതുകൊണ്ട് ഗോമദേശ്വരനെ കണ്ടില്ല ശരിയല്ലേ?'' സൗമ്യ എന്നെ കൗതുകത്തോടെ നോക്കി.

''നല്ല ഓർമ്മയാണല്ലോ.''

''ആഹ്. ചില കാര്യങ്ങൾ ഞാൻ മറക്കാറില്ല'' ഞാൻ പറഞ്ഞു.

''ഇന്നും അങ്ങനെ തന്നെയായിരിക്കും. ഗോമദേശ്വരനെ അടുത്തു കാണാനുള്ള യോഗം എനിക്കില്ല.'' സൗമ്യ ചിരിച്ചു.

സൗമ്യയുടെ സാരി ഉലയുന്ന ശബ്ദത്തിന് ഒരു ഇമ്പമുണ്ട്. ഞാൻ അത് ആസ്വദിച്ച് പതുക്കെ കയറി തുടങ്ങി.

''കാലം എത്ര  കഴിഞ്ഞാലും ശരീരഘടനയ്ക്ക് ഒരു മാറ്റവും ഇല്ല അല്ലേ?''ഞാൻ ചോദിച്ചു.

''ഘടനയ്ക്ക് മാറ്റമൊക്കെയുണ്ട്. പക്ഷേ തൂക്കം വലിയ മാറ്റമില്ല. അന്നും ഇന്നും പെട്ടി ത്രാസിൽ വച്ച് തൂക്കി നോക്കിയാൽ നാല്പത്തെട്ടു കിലോയേ കാണുകയുള്ളൂ.'' സൗമ്യ പതിയെ പറഞ്ഞു.

''അത് സസ്യഭുക്കുകളുടെ ഒരു പ്രത്യേകതയാണ്.'' ഞാൻ പറഞ്ഞു.

''ഞാൻ ഒരു കറകളഞ്ഞ സസ്യഭുക്ക് അല്ല വൈശാഖ്. ഇടയ്ക്ക് മീൻ കഴിക്കും. പണ്ടും ഇപ്പോഴും അങ്ങനെ തന്നെ.'' സൗമ്യ പറഞ്ഞു.

''ബംഗാളി ബ്രാഹ്മിൻസും മീൻ കഴിക്കും.   മീൻ അവർക്കൊരു സസ്യഭക്ഷണം ആണ്.'' ഞാൻ പറഞ്ഞു.


''പി. ജി കാലഘട്ടത്തിൽ ബംഗാളി കൂട്ടുകാർ ധാരളമുണ്ടായിരുന്നു അല്ലേ'' സൗമ്യ ചോദിച്ചു.

''ഉം''

''പിന്നെ കത്തെഴുതാതിരുന്നത് എന്ത് കൊണ്ടാണ്.''

സൗമ്യയുടെ ആ ചോദ്യം എപ്പോഴെങ്കിലും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. പക്ഷേ അതിന് ഞാൻ മറുപടി പറഞ്ഞില്ല. അത് ഒരു പഴയ സംഭവത്തിന്റെ ക്ലാവുപിടിക്കാത്ത നനുത്ത ഓർമ്മയായിരുന്നു. അത് പുറത്തെടുക്കണ്ട എന്ന് ഞാൻ കരുതി.

സംസാരത്തിൽ സൗമ്യയുടെ കിതപ്പ് പ്രകടമായിരുന്നു. ഞങ്ങൾ അൽപനേരം ഇരുന്നു വിശ്രമിക്കാൻ തീരുമാനിച്ചു. പടികൾക്കിടയിൽ അകലം വിട്ട് ചെറിയ വിശ്രമ കേന്ദ്രങ്ങൾ ഉണ്ട്. പടിപ്പുര പോലെ. അവിടെ ഇരിക്കാൻ സൗകര്യമൊരുക്കിയിരിക്കുന്നു. കൂടാതെ സ്ത്രീകൾ ചെറിയ ഭക്ഷണപദാർത്ഥങ്ങളും പാനീയങ്ങളും വിൽക്കുന്നു ഉദാര വിലയിൽ. ഞാൻ രണ്ട് ചുണ്ടൽ വാങ്ങി. ഒന്നിൽ മുളകുപൊടി ഇടാതെ. അത് സൗമ്യയ്ക്ക് കൊടുത്തു. ഒപ്പം ചെറിയ കണ്ണിമാങ്ങ പുഴുങ്ങി മരത്തവികൊണ്ട് കുത്തി ഉടച്ച് മാമ്പഴച്ചാർ



ചേർത്ത് മധുരവും പുളിയും കലർന്ന പാനീയവും വാങ്ങി. അത് കുടിക്കാൻ നല്ല സ്വാദിഷ്ടമായിരുന്നു.

ഞങ്ങൾ അരമണിക്കൂറിലധികം അവിടെ ഇരുന്നു. പിന്നീട് വീണ്ടും പതുക്കെ മലകയറാൻ തുടങ്ങി. ഇരുവശങ്ങളിലും പിടിച്ചു കയറാൻ പൈപ്പ് വെച്ചിട്ടുണ്ട്. പ്രായമായവർക്കും ദുർബലർക്കും അതൊരു വലിയ ആശ്വാസമാണ്.

സ്കൂൾ കുട്ടികൾ കലപില കൂട്ടി ചാടിക്കയറുന്നുണ്ടായിരുന്നു. കൈകോർത്ത് പരസ്പരം താങ്ങായ യുവമിഥുനങ്ങളും. അവർ പ്രണയ ജോഡികൾ ആവാം അല്ലെങ്കിൽ നവദമ്പതികൾ ആവാം. ഏതായാലും ജീവിതാരംഭത്തിലെ ഈ ടാസ്ക് ഓർമ്മയിൽ എന്നും പച്ചപിടിച്ചു നിൽക്കും ഉറപ്പ്. ഞാൻ ചിന്തിച്ച് മുന്നേറുമ്പോൾ സൗമ്യ പടികളിൽ ഒന്നിലിരുന്നു.

''ആക്കമില്ല അല്ലേ.'' ഞാൻ ചോദിച്ചു. സൗമ്യ നനുത്ത ഒരു ചിരി ചിരിച്ചു.

''ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളോട് ഏറ്റുമുട്ടുന്നവർക്ക് നല്ല മന:ശക്തി ഉണ്ടാകുമെന്നാണ് പറയാറ്. പക്ഷേ എൻറെ കാര്യത്തിൽ അങ്ങനെയല്ല. ശാരീരികമായും മാനസികമായും.'' സൗമ്യ പതിയെ പറഞ്ഞു. ഞാൻ സൗമ്യയ്ക്ക് ഒപ്പം ഇരുന്നു.

''ഒരു പോലീസ് സൂപ്രണ്ടിന്റെ മകൾ വളരെ ബോൾഡ് ആയിരിക്കുമെന്നാണ് ഞാൻ കരുതിയിരുന്നത്. അന്ന് ആ സംഭവം ഉണ്ടാകുന്നത് വരെ.'' ഞാൻ പറഞ്ഞു. സൗമ്യ എന്നെ നോക്കി.

''ഫൈനൽ ഇയർ ഡിഗ്രി ക്ലാസിൽ വിറച്ചു വീണ സംഭവമാണ് ഞാൻ ഉദ്ദേശിച്ചത്. വലിയ നെർവസ് ആയിരിക്കുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല.'' ഞാൻ പറഞ്ഞു. സൗമ്യ മൗനം അവലംബിച്ചു അല്പനേരം. പിന്നെപ്പറഞ്ഞു.

''ഞാൻ അത്ര നെർവസ് അല്ല വൈശാഖ്. പക്ഷേ അപ്രതീക്ഷിതമായി ഒരു അപവാദം എന്നെപ്പറ്റി നീ ക്ലാസ്സിൽ പറഞ്ഞു എന്നറിഞ്ഞപ്പോൾ താങ്ങാൻ പറ്റിയില്ല. സങ്കടത്തിൽ ഉപരി എനിക്ക് ദേഷ്യമാണ് ഉണ്ടായത്. അതുകൊണ്ടാണ് ഞാൻ നിന്നെപ്പറ്റി അന്ന് പ്രൊഫസറിനോട് പരാതി പറഞ്ഞത്.'' സൗമ്യ ഒന്ന്

നിർത്തി. പിന്നെ തുടർന്നു.

''അല്പം വൈകിയാണ് ഞാൻ സത്യാവസ്ഥ അറിയുന്നത്. എൻറെ കൂട്ടുകാരികളുടെ ഒരു ഇറക്കായിരുന്നു അത്. അവർ വെറും സമയം പോക്കിന് ഉണ്ടാക്കിയ ഒരു തമാശയായിരുന്നു. ഞാൻ ബാങ്കിൽ പോയപ്പോൾ എന്നെ നീ ഒരുത്തന്റെ കൂടെ ടൗണിൽ കറങ്ങി നടക്കുന്നതായി കണ്ടു എന്ന് എൻറെ കൂട്ടുകാരികളോട് നീ പറഞ്ഞതായി അവർ സ്വയം ഉണ്ടാക്കിയ ഒരു കഥയായിരുന്നു. അന്ന് നിനക്കു പ്രൊഫസറിന്റെ വക നല്ല ചീത്ത കേൾക്കേണ്ടി വന്നു അല്ലേ. സംഭവം അത്രവരെ പോകുമെന്ന് നമ്മുടെ കൂട്ടുകാരികളും പ്രതീക്ഷിച്ചില്ല. സംഭവം ആകെ കൈവിട്ടുപോയി. ഞാനന്ന് അല്പം ഓവറായിപ്പോയി.'' സൗമ്യ ദൂരത്തേക്ക് നോക്കിയാണ് പറഞ്ഞത്. കുറ്റബോധം നിഴലിക്കുന്ന ശബ്ദത്തിൽ.

താഴെ നിന്നും ഒരു കൂട്ടം സ്കൂൾ കുട്ടികൾ ഓടിച്ചാടി കയറിവരുന്നു. ആ മലവെള്ളപ്പാച്ചിലിൽ പെടാതിരിക്കാൻ ഞാനും സൗമ്യയും എണീറ്റ് ഒതുങ്ങി നിന്നു. വലിയ ഒരു ആരവത്തോടെ ആ തിര മുകളിലേക്ക് ഓടിക്കയറിപ്പോയി. ഞങ്ങൾ പതുക്കെ പടികൾ കയറിത്തുടങ്ങി. സൗമ്യ വലതുകൈ കൈവരിയിലും ഇടതുകൈ എന്റെ വലതു കൈയിലും ആയി അമർത്തിപ്പിടിച്ച് മുകളിലേക്ക് കയറിത്തുടങ്ങി.

''വിശ്വസിച്ച പുരുഷനാൽ വഞ്ചിക്കപ്പെട്ട ഒരു സ്ത്രീയുടെ ജീവിതമാണ് ഏറ്റവും വലിയ നരകം. അത് ഭർത്താവായാലും ശരി അല്ലെങ്കിൽ കാമുകൻ ആയാലും ശരി.'' സൗമ്യ ഒന്നു നിന്നു.

''വിശ്വസിച്ച ഭർത്താവ് എന്ന പുരുഷനാൽ വഞ്ചിക്കപ്പെട്ട സ്ത്രീയാണ് എൻറെ അമ്മ മായാദേവി. ഒരു പാവം ഹൈസ്കൂൾ അധ്യാപിക. വിശ്വസിച്ച കാമുകൻ എന്ന പുരുഷനാൽ വഞ്ചിക്കപ്പെട്ട സ്ത്രീയാണ് അവരുടെ മകൾ എന്ന ഞാൻ. ഒരു കുടുംബത്തിൽ വഞ്ചിക്കപ്പെട്ട രണ്ട് സ്ത്രീകൾ. പക്ഷേ എൻറെ കാര്യം ഞാൻ രഹസ്യമായി വെച്ചു. അത് എൻറെ അമ്മയ്ക്ക് അറിയാമായിരുന്നില്ല. അവരുടെ അവസാന ശ്വാസം വരെ.''

**ആഹ് ഏതാണ്ട് അതുപോലെ തന്നെ. നൃത്തത്തിന്റെ കുറവേ ഉണ്ടായിരുന്നുള്ളൂ. ആണുങ്ങളെ വളയ്ക്കുക. പിന്നെ കിടത്തുക. നാടൻ ഭാഷയിൽ പറഞ്ഞാൽ പക്കാ വേശ്യകൾ. ഒരുമാതിരി ദേവദാസിമാരെപ്പോലെ. കാമകലയിൽ അവർ അദ്വിതീയരാണ്. അവരുടെ ചൂരേറ്റ പുരുഷന് പിന്നെ രക്ഷപ്പെടാൻ ബുദ്ധിമുട്ടാണ്. അവരുടെയൊക്കെ ഒരു ആധുനിക വേർഷനായിരുന്നു മുത്തുലക്ഷ്മി. കള്ളന്റെ ചിന്നവീട് സെറ്റപ്പ്. അവൻ ചാമിയാർ അകത്തായപ്പോൾ അവളുടെ പുതിയ കസ്റ്റമർ ആയി കുടുംബസ്ഥനായ അരവിന്ദാക്ഷൻ നായർ. എൻറെ അച്ഛൻ". 5**

''അവൻ അവളെ ഗ്രാൻഡായി ഒഴിവാക്കി''.

സൗമ്യയുടെ അടുത്ത കൂട്ടുകാരിയായ കൃഷ്ണപ്രിയയാണ് അക്കാര്യം എന്നോട് പറഞ്ഞത്. ഒരിക്കൽ സൌമ്യയുടെ പ്രണയനഷ്ടത്തെപ്പറ്റി എന്നോട് പറയുകയായിരുന്നു അവൾ.

സൌമ്യ പ്രണയം എങ്ങനെ തുടങ്ങി എന്ന് എനിക്കറിയില്ല. ഇത്രയും അന്തർമുഖയായ സൌമ്യ എങ്ങനെ ഒരാളെ കണ്ടെത്തി എന്നറിയില്ല. കൊമേഴ്സ് ബിരുദധാരിയായ രാകേഷിനെ എനിക്ക് പരിചയമുണ്ട്. പൊടി രാഷ്ട്രീയവും സ്പോർട്സും ഏറെ ജാടയും ഒക്കെ ആയിട്ട് ഒരു കഥാപാത്രം.

മാംസനിബദ്ധമല്ല രാഗം എന്ന് കരുതിയിരുന്ന സൌമ്യയ്ക്ക് ആ പ്രണയബന്ധത്തിൽ കുറ്റബോധത്തോടുകൂടി എങ്കിലും ഓർക്കാൻ ഒരു ചുംബനത്തിന്റെ അനുഭവം പോലും ഉണ്ടായിരുന്നില്ല. ഒരു ആദർശപ്രണയം. പ്ലേറ്റോണിക് പ്രണയം.

പക്ഷേ രാകേഷിന് അത് അങ്ങനെ ആയിരുന്നില്ല. കലാലയ ജീവിതത്തിൽ ഓർമ്മിക്കാൻ ഒരനുഭവം. അത്രയേ അവൻ ആഗ്രഹിച്ചിരുന്നുള്ളൂ.

''അവൾക്ക് ആ വേർപാട് താങ്ങാൻ പറ്റില്ല''. കൃഷ്ണപ്രിയ പറഞ്ഞു.

ശരിയാണ്. അന്നൊക്കെ ഒരു ചെറിയ ആഘാതം പോലും താങ്ങാനുള്ള മനസ്സ് സൌമ്യയ്ക്കുണ്ടായിരുന്നില്ല. എന്തായാലും കലാലയജീവിതം അവസാനിക്കുന്നതിന് മുമ്പ് രാകേഷ് പറഞ്ഞു പിരിഞ്ഞു. തുടർന്നുള്ള കത്തുകളും ഫോൺ വിളികളും ഒക്കെ ഒഴിവാക്കാനുള്ള ബുദ്ധിപരമായ നടപടി.

''വൈശാഖ് ഒരു പെൺട്ടിയുടെ ആദ്യ കാമുകൻ ആരായിരിക്കും എന്നറിയാമോ.''

സൌമ്യയുടെ ആ ചോദ്യം പെട്ടെന്ന് എന്നെ ഓർമ്മയിൽ നിന്നും തിരിച്ചു കൊണ്ടു വന്നു.

ഞാൻ വക്കെണ്ണി. ''ആരായിരിക്കും. വല്ല ചൊങ്കൻ സിനിമാതാരവും ആയിരിക്കും. അല്ലെങ്കിൽ ക്രിക്കറ്റ് താരമോ ബോഡി ബിൽഡറോ മറ്റോ''

സൌമ്യ ഒന്ന് ചിരിച്ചു. ഒരു ആക്കിയ ചിരി. പിന്നെപ്പറഞ്ഞു.

''അതാണ് നിങ്ങൾ ആണുങ്ങളുടെ പ്രശ്നം. അവർ പുറംപൂച്ചിൽ മയങ്ങുന്നവരാണ്. ബാഹ്യസൌന്ദര്യത്തിൽ. യാഥാർത്ഥ്യമറിയാതെ. യാഥാർഥത്തിൽ ഒരു പെൺകുട്ടിയാഗ്രഹിക്കുന്നത് അവളുടെ സങ്കല്പത്തിലെ പുരുഷനെയാണ്. അവളുടെ അച്ഛന്റെ പ്രതിരൂപത്തെ. കാരണം ഒരു പെൺകുട്ടിയുടെ ആദ്യ കാമുകൻ അവളുടെ അച്ഛൻ തന്നെയാണ്.'' ഞാൻ ഒന്നും മിണ്ടിയില്ല. സൌമ്യ തുടർന്നു.

''വിശ്വസിക്കാൻ ബുദ്ധിമുട്ടാണല്ലേ. പക്ഷേ സത്യമതാണ്. ഒരു പെൺകുട്ടി സ്വന്തം അമ്മയല്ലാതെ മറ്റൊരു സ്ത്രീ ഒരു സാഹചര്യത്തിലും സ്വന്തം അച്ഛനെ കൈയ്യടക്കുന്നത് ഇഷ്ടപ്പെടുന്നില്ല. അതാണ് സത്യം. ഫാദർ ഫിക്സേഷൻ എന്ന് കേട്ടിട്ടുണ്ടോ. ഇലക്ട്രാ കോംപ്ലെക്സിന്റെ ഒരു കൂടിയ വകുപ്പ്. അത് ഒരു പെൺകുട്ടിക്ക് മാത്രം മനസ്സിലാവുന്ന കാര്യമാണ്. എന്റെ സങ്കല്പത്തിലും അത് അങ്ങനെ തന്നെയായിരുന്നു. ആ വിഗ്രഹമാണ് പിന്നീട് വീണുടഞ്ഞത്.'' സൌമ്യ ഒന്ന് നിർത്തി.

സൗമ്യ തുടർന്നു. ''സി. ഐ അരവിന്ദാക്ഷൻ നായർ എനിക്ക് വളരെ പ്രിയപ്പെട്ടത് ആയിരുന്നു. എനിക്ക് പ്രിയപ്പെട്ട അച്ഛൻ. എന്റെ അഭിമാനം. എന്റെ മാതൃകാപുരുഷൻ.''

സൗമ്യ സാവകാശം പറഞ്ഞുകൊണ്ടിരുന്നു. ഞാൻ ശ്രദ്ധയോടെ എല്ലാം കേൾക്കുകയായിരുന്നു. ഒന്നും തിരിച്ച് പറഞ്ഞില്ല.

ഞങ്ങൾ കയറ്റം തുടർന്നു.

''എൻറെ സ്കൂൾ കാലം സ്വർഗ്ഗമായിരുന്നു. പാലക്കാട് ഒരു ചെറിയ വീട് വാടകയ്ക്ക് എടുത്ത് ഞങ്ങൾ താമസിക്കുകയായിരുന്നു.

ഞാൻ, അനുജൻ, അമ്മ, അച്ഛൻ. അങ്ങനെ സന്തോഷത്തിന്റെ കുറേ വർഷങ്ങൾ. താമസിയാതെ അച്ഛൻ ഡി.വൈ.എസ്.പി ആയി പ്രമോഷനായി.

ഒരിക്കൽ ഒരു സ്വർണക്കടത്തുമായി ബന്ധപ്പെട്ട അന്വേഷണത്തിനായി അച്ഛൻ പൊള്ളാച്ചിയിൽ പോയി. പ്രതികൾ അഞ്ചുപേർ. അവരിൽ നാലു പേരെ അന്നുതന്നെ പൊക്കി. അഞ്ചാമനെ രണ്ട് മാസം കഴിഞ്ഞാണ് പിടികൂടാൻ ആയത്. അതും അവൻറെ ചിന്നവീട് സെറ്റപ്പിൽ വച്ച്. അതോടെ അവൻറെ അവിടുത്തെ കച്ചവടം കഴിഞ്ഞു. ചിന്നവീട് സുന്ദരി നല്ല ചെറുപ്പം ആയിരുന്നു. നല്ല ഇറച്ചിക്കൂറുള്ള ഒരു ഉരുപ്പടി. നല്ല അണിക്കുകളുടെ കാറ്റഗറിയിൽ പെടും.''

''അണിക്കുകളോ?'' ഏനിക്ക് ആ പ്രയോഗം മനസ്സിലായില്ല.

''ആഹ്. അങ്ങനെയൊരു കാറ്റഗറി തമിഴ്നാട്ടിൽ പുരാതനകാലം മുതൽ ഉണ്ട്.'' സൗമ്യ പറഞ്ഞു.

''ചാരവൃത്തിക്കും അന്യരാജാക്കന്മാരെ വശീകരിക്കാനും മറ്റും പ്രത്യേകം പരിശീലിക്കപ്പെട്ട സുന്ദരിമാർ''.

''മാതാ ഹാരിയുടെ ആധുനിക വേർഷൻ അല്ലേ?'' ഞാൻ പറഞ്ഞു. സൌമ്യ എന്നെ ചോദ്യഭാവത്തിൽ നോക്കി.

''മാതാ ഹാരി ഒരു കഥാപാത്രമാണ്. മാർഗരത്ത സെല്ലെ എന്നാണ് ശരിയായ പേര്. ഒരേ സമയം ഫ്രഞ്ചു സൈന്യാധിപന്മാരെയും, ജർമ്മൻ ജനറൽമാരേയും സ്വന്തം ശരീരം കൊണ്ട് വശീകരിച്ച ഡച്ചു സുന്ദരി. നഗ്നനൃത്തം കൊണ്ട് പ്രേക്ഷകരെ മുൾമുനയിൽ നിർത്തിയിരുന്ന മൂന്നു കുട്ടികളുടെ മാതാവ്. അവരാണ് പറഞ്ഞത് ഒരു പെണ്ണിന് ചെയ്യാൻ പറ്റിയ ഏറ്റവും നല്ല പണി ചാരപ്പണിയാണെന്ന്. കൂടെക്കിടക്കുന്നവനിൽ നിന്നും എളുപ്പം രഹസ്യം ചോർത്താൻ സാധിക്കും എന്ന് സാരം. പെണ്ണിന്റെ ഏറ്റവും വലിയ ആയുധം സ്വന്തം ശരീരം തന്നെയാണല്ലോ. അത് ശരിക്ക് ഉപയോഗപ്പെടുത്താൻ പറ്റിയ മേഖല ചാരപ്പണിയാണെന്ന് ആയിരുന്നു ആയമ്മയുടെ അഭിപ്രായം. പക്ഷെ ഒടുവിൽ അതേ കാരണത്താൽ, ഒന്നാം ലോകമഹായുദ്ധാന്തരം അവരെ, ജർമ്മനിക്ക് വേണ്ടി ചാരപ്പണി ചെയ്തു എന്നാരോപിച്ച്, ഫ്രഞ്ച് സൈന്യം പരസ്യമായി വെടിവെച്ചു കൊന്നു. ആയിരത്തിത്തൊള്ളായിരത്തി പതിനേഴിൽ. യഥാർഥത്തിൽ അവർ ചാരപ്പണി ചെയ്തിരുന്നില്ല. വെറുതെ വിടുവാ വിളിച്ചു പറഞ്ഞതാണ്. അങ്ങനേയും ഒരു മറുപുറം ഉണ്ട് അവരുടെ ജീവിതത്തിന്.''ഞാൻ പറഞ്ഞു നിർത്തി.

''ആഹ് ഏതാണ്ട് അതുപോലെ തന്നെ. നൃത്തത്തിന്റെ കുറവേ ഉണ്ടായിരുന്നുള്ളൂ. ആണുങ്ങളെ വളയ്ക്കുക. പിന്നെ കിടത്തുക. നാടൻ ഭാഷയിൽ പറഞ്ഞാൽ പക്കാ വേശ്യകൾ. ഒരുമാതിരി ദേവദാസിമാരെപ്പോലെ. കാമകലയിൽ അവർ അദ്വിതീയരാണ്. അവരുടെ ചൂരേറ്റ പുരുഷന് പിന്നെ രക്ഷപ്പെടാൻ ബുദ്ധിമുട്ടാണ്. അവരുടെയൊക്കെ ഒരു ആധുനിക വേർഷനായിരുന്നു മുത്തുലക്ഷ്മി. കള്ളന്റെ ചിന്നവീട് സെറ്റപ്പ്. അവൻ ചാമിയാർ അകത്തായപ്പോൾ അവളുടെ പുതിയ കസ്റ്റമർ ആയി കുടുംബസ്ഥനായ അരവിന്ദാക്ഷൻ നായർ. എൻറെ അച്ഛൻ''.

അല്പം കഴിഞ്ഞ് സൌമ്യ ആത്മഗതം എന്നപോലെ പറഞ്ഞു.

''മദ്യവും മധുരാക്ഷിയും പണ്ടേയുള്ള ആയുധങ്ങളാണല്ലോ.''

''ശരിയാണ്. ഇത് രണ്ടും ഇല്ലായിരുന്നെങ്കിൽ വിഷ്ണുഗുപ്തനെന്ന ചാണക്യന് ധനനന്ദനെ വീഴിക്കാനും ചന്ദ്രഗുപ്തനെ വാഴിക്കാനും സാധിക്കില്ലായിരുന്നല്ലോ.'' ഞാൻ പറഞ്ഞു.

''ഇവിടെ പക്ഷേ ഒന്നേ നടന്നുള്ളൂ. വീഴിക്കൽ. ആരും ആരേയും വാഴിച്ചില്ല.'' സൌമ്യ പറഞ്ഞു.

പിന്നെ അല്പനേരം എന്തോ ആലോചിച്ചിരുന്നു. പിന്നെ പതുക്കെ തുടർന്നു.

''എല്ലാം കുറേക്കാലം രഹസ്യമാക്കി വയ്ക്കാൻ അച്ഛന് കഴിഞ്ഞു. പക്ഷേ ഒരിക്കൽ അച്ഛന്റെ കഴുത്തിൽ കിടന്ന മൂന്നു പവൻ മാല കാണാതായപ്പോൾ അമ്മ സംശയിച്ചു. മാല കൂട്ടുകാരന് പണയം വയ്ക്കാൻ കൊടുത്തിരിക്കുന്നു എന്നു പറഞ്ഞ് അച്ഛൻ അന്ന് രക്ഷപ്പെട്ടു. പക്ഷേ ആ രക്ഷപ്പെടൽ അധികനാൾ നീണ്ടു നിന്നില്ല. എൻറെ ഇളയ അങ്കിൾ ഒരു സോഷ്യൽ വർക്കർ ആണ്. അങ്കിളിന്റെ കൂട്ടുകാർ പലപ്പോഴും അച്ഛനെ പൊള്ളാച്ചിയിൽ കാണുന്നതായി അമ്മാവനോട് പറഞ്ഞു. അമ്മാവൻ കൂട്ടുകാരെ

ഏർപ്പാടാക്കി. അവർ രണ്ടാഴ്ചക്കുള്ളിൽ അമ്മാവനെ പൂർണവിവരം ധരിപ്പിച്ചു. പൊള്ളാച്ചി, മുത്തുലക്ഷ്മി, ചിന്നവീട്, അങ്ങനെ എല്ലാം''.

ഒരു നിമിഷത്തെ മൗനത്തിന് ശേഷം സൌമ്യ തുടർന്നു.

''അന്ന് ആദ്യമായി പ്രായത്തിൽ മൂത്ത അളിയനെ, ചേച്ചിയുടെ ഭർത്താവിനെ കയ്യേറ്റം ചെയ്യാൻ അമ്മാവൻ ഒരുങ്ങി. അതൊരു കാളരാത്രിയായിരുന്നു. ഒതുക്കത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് എൻറെ അമ്മാവന് ഉണ്ടായിരുന്നില്ല''.

''അന്ന് എൻറെ പ്രിയപ്പെട്ട അച്ഛൻ മരിച്ചു. അമ്മ ആകെ മാറിപ്പോയി. ദിവസങ്ങളോളം ലീവെടുത്ത് വീട്ടിലിരുന്നു. കുളിയും ഭക്ഷണവും ഒന്നുമില്ലാതെ. അമ്മയ്ക്ക് ഒന്നും ഉൾക്കൊള്ളാൻ പറ്റിയില്ല. ഒരു പാവം വള്ളുവനാട്ടുകാരി. ഞങ്ങളുടെ കുടുംബജീവിതം തികച്ചും യാന്ത്രികമായി. അച്ഛൻ എപ്പോൾ പോകും എപ്പോൾ വരും എന്ന് ആരും തിരക്കാതെയായി. അച്ഛൻ ഭക്ഷണം പോലീസ് കാൻറീനിൽ നിന്നോ ഹോട്ടലിൽ നിന്നോ കഴിച്ചു വരും. അമ്മ പിന്നീട് ഉറക്കം ഞങ്ങളുടെ കൂടെയായി. അവരുടെ ദാമ്പത്യം അവിടെ അവസാനിച്ചു.'' സൗമ്യ ശൂന്യതയിലേക്ക് നോക്കിയിരുന്നു.

അല്പം കഴിഞ്ഞു തുടർന്നു. ''ശൂന്യതയിൽ നിന്നും രക്ഷപ്പെടാൻ ഞാൻ അനുജനെയും കൊണ്ട് ഇരുനൂറ്റിഅമ്പതു കിലോമീറ്റർ അകലെ നിന്റെ കോളേജിൽ ചേക്കേറി. അങ്ങനെയാണ് ഇത്രയും ദൂരം താണ്ടി ഞാൻ നിന്റെ നാട്ടിൽ എത്തിയത്.''

പിന്നെ സൗമ്യ വിദൂരതയിലേക്ക് നോക്കിയിരുന്നു.

ഞങ്ങളെ ഗൗനിക്കാതെ ഒരുപാട് പേർ മല കയറി ഇറങ്ങിക്കൊണ്ടിരുന്നു. ദൂരെ പെരുമ്പാമ്പിനെ പോലെ റോഡ്, അതിൽ തീപ്പെട്ടിക്കൂടുപോലെ വാഹനങ്ങൾ ചലിക്കുന്നുണ്ടായിരുന്നു. എൻറെ ഉള്ളും പതുക്കെ നീറുന്നുണ്ടായിരുന്നു. ഇത്രയും ഭാരം ചുമന്നാണ് സൗമ്യ നടന്നിരുന്നത് എന്ന് ഞാൻ അറിഞ്ഞിരുന്നില്ല.

ക്ലാസ്സിക്കൽ പഠിച്ചിട്ടില്ലാത്ത സൗമ്യ നന്നായി പാടുമായിരുന്നു. അതും സെമിക്ലാസ്സിക്കൽ. നല്ല ശബ്ദത്തിന്റെ ഉടമ. സൗമ്യയോട് എന്തെങ്കിലും ചെയ്യണമെന്ന് പറഞ്ഞാൽ കഴിയുമെങ്കിൽ ചെയ്യും. വെറുതെ വെയിറ്റ് ഇടത്തില്ല. നിർബന്ധിക്കേണ്ടി വരില്ല. അധ്യാപകർ വരാൻ താമസിക്കുന്ന ക്ലാസ് അവറിൽ എത്ര പ്രാവശ്യമാണ് സൗമ്യ പാട്ടുപാടി ഞങ്ങളുടെ ബോറടി മാറ്റിയത്. ആ സംഭവങ്ങളെല്ലാം എൻറെ മനസ്സിലൂടെ ഓളം വെട്ടി കടന്നുപോയി.

''ഫാദർ പിന്നീട് മെച്ചപ്പെട്ടോ.'' ഞാൻ പതിയെ തിരക്കി.

അല്പസമയത്തെ മൗനം. പിന്നെ സൗമ്യ പറഞ്ഞു.

''കാലം അതിൻറെ കാവ്യനീതി നടപ്പാക്കി.''

ഒരു ഇടവേളയ്ക്കു ശേഷം സൗമ്യ തുടർന്നു.

''മുമ്പേതന്നെ അല്പം മദ്യപിക്കുന്ന സ്വഭാവം അച്ഛനുണ്ടായിരുന്നു. പോലീസുകാരൻ അല്ലേ. ഇടയ്ക്ക് ക്ലബ്ബിലൊക്കെ പോകുമായിരുന്നു. അത് നിയന്ത്രണവിധേയമായ മദ്യപാനം ആയിരുന്നു. അമ്മ എതിർ പറയുമായിരുന്നില്ല. പക്ഷേ ആ സംഭവത്തിനുശേഷം അമ്മ ഒരിക്കലും അച്ഛനെ ശ്രദ്ധിച്ചില്ല. വരവ്, പോക്ക്, ഭക്ഷണം, ഒന്നും''. സൗമ്യ ഒന്ന് നിർത്തി. പിന്നെ തുടർന്നു.

''രണ്ടാഴ്ചത്തെ ലീവിന് ശേഷം അമ്മ സ്കൂളിൽ പോയിത്തുടങ്ങി. പിന്നീട് അച്ഛനും അമ്മയും സംസാരിക്കുന്നത് ഞാൻ കണ്ടിട്ടില്ല. വഴക്കുണ്ടാക്കാൻ പോലും. ഇടയ്ക്ക് അമ്മാവൻ അമ്മയെ തറവാട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകാൻ വന്നു. തറവാട്ടിൽ അമ്മാവനും കുടുംബവും താമസിക്കുകയായിരുന്നു. അമ്മ പോയില്ല. അവിടെ പോയാലും മന:സമാധാനം കിട്ടില്ല എന്ന് കരുതിക്കാണും. മദ്യപാനത്തിന്റെ കൊണ്ടാണോ എന്നറിയില്ല അച്ഛന് സ്ട്രോക്ക് വന്നു. ശരീരം ഏറെക്കുറെ പൂർണമായിട്ട് തളർന്നു പോയി. സംസാര ശേഷിയില്ലാതെയായി. ഒരു വികൃതമായ ശബ്ദം മാത്രം. എന്താണ് പറയുന്നതെന്ന് തിരിച്ചറിയാൻ പറ്റാത്ത വികൃത ശബ്ദം. എന്നാൽ അമ്മ അതിന്റെ ആശയവും തിരിച്ചറിഞ്ഞിരുന്നു. പിന്നെ അച്ഛൻറെ ശുശ്രൂഷ ഒരു കടമ പോലെ അമ്മ നിർവഹിച്ചു. ചികിത്സിക്കാവുന്ന അത്രയും ചികിത്സിച്ചു. ആദ്യം ഫിസിയോതെറാപ്പി. പിന്നെ ആയുർവേദം, ഉഴിച്ചിലും പിഴിച്ചിലും. അവസാനം കളരിയിലെ ചികിത്സ. ചികിത്സയിൽ കുറച്ച് ഫലം കണ്ടു. പിടിച്ച് പിടിച്ച് അച്ഛന് ടോയ്ലറ്റിൽ ഒക്കെ പോകാം എന്നായി.

അമ്മ വോളന്ററി റിട്ടയർമെന്റ് എടുത്തു വീട്ടിൽ തന്നെയായി. സാദാസമയവും. അന്ന് അച്ഛനെ ഒരു കുഞ്ഞിനെ പരിചരിക്കുന്ന പോലെ അമ്മ പരിചരിച്ചു. കഞ്ഞി സ്പൂണിൽ കോരി കോടിപ്പോയ വായിലേക്ക് ഒഴിച്ചുകൊടുത്ത് കഴിപ്പിക്കും. ചൂടുവെള്ളത്തിൽ ടൗവ്വൽ മുക്കി എല്ലാ ദിവസവും രാവിലെ ശരീരം തുടയ്ക്കും. പല്ല് ബ്രഷ് ചെയ്തു കൊടുക്കും. അങ്ങനെ എല്ലാം. നിസംഗമായി ഒരുമാതിരി നിഷ്കാമ കർമ്മം എന്നപോലെ. ചില അവസരങ്ങളിൽ അച്ഛൻറെ കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നതും ആർദ്രമായി അമ്മയെ നോക്കി കിടക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ അതൊന്നും അമ്മയെ ബാധിച്ചില്ല. അച്ഛൻറെ ഭാര്യ നേരത്തെ മരിച്ചു പോയിരുന്നു. എനിക്ക് എൻറെ അച്ഛനെ നഷ്ടപ്പെട്ടതുപോലെ.

നിസ്സംഗമായ ജീവിതമായിരുന്നു പിന്നീട് അമ്മയുടേത്. അമ്മ കുടുംബ ആഘോഷങ്ങളിൽ പങ്കെടുത്തില്ല. നിറമുള്ള സാരികൾ ധരിച്ചില്ല. കഴുത്തിൽ ഒരു മുത്തുമാല. കരിമണി മുത്തുമാല. ആഴ്ചകൾ കൂടുമ്പോൾ ഒരു കിലോമീറ്റർ അകലെയുള്ള മാരിയമ്മൻ കോവിലിൽ

പോകും. അവിടെ ഇരുന്ന് കുറേ നേരം കണ്ണീരൊഴുക്കും. ജീവിത പ്രയാസത്തിന് അല്പം ആശ്വാസം അങ്ങനെ കിട്ടും.

അമ്മയുടെ കണ്ണീരിനും ഫലമുണ്ടായില്ല. ഒരു ദിനം രാവിലെ അച്ഛൻ യാത്ര പറഞ്ഞു. വെളുപ്പിനെ എപ്പോഴോ സംഭവിച്ച മരണം. ആരും അറിഞ്ഞില്ല. പതിവുപോലെ ചൂടുവെള്ളത്തിൽ ടവ്വലു മുക്കി അച്ഛൻറെ ശരീരത്തിൽ തുടച്ചപ്പോഴാണ്, ഐസിൽ നിന്നും എടുത്ത മീനിന്റെ ശരീരത്തിൽ തൊട്ടപോലത്തെ അനുഭവം അമ്മയ്ക്ക് ഉണ്ടായത്. അച്ഛൻറെ ശരീരം തണുത്ത് മരവിച്ചു പോയിരുന്നു.'' സൗമ്യ ഒന്നും നിർത്തി. നിശബ്ദയായി അൽപനേരം. പിന്നെ പൂർത്തീകരിച്ചു.

''ചടങ്ങുകൾ എല്ലാം ഭംഗിയായി നടന്നു. അച്ഛൻ മണ്ണിൻറെ ഭാഗമായി. പിന്നെ അമ്മയെ അവിടെ തുടരാൻ അമ്മാവൻ അനുവദിച്ചില്ല. തറവാട്ടിലേക്ക് കൂട്ടി. കൊല്ലംകോട്. അവിടെയായി അമ്മയുടെ ജീവിതം. ആ സമയത്താണ് നമ്മുടെ സ്റ്റഡി ടൂർ. നമ്മൾ ആദ്യമായി ശ്രാവണബലഗോളയിൽ ഏത്തുന്നത്. വൈശാഖ് നിനക്കോർമ്മയുണ്ടോ ഞാൻ ഇവിടെയാണ് ക്ഷീണിച്ചിരുന്നത്. നീ അന്നും എനിക്ക് കാവൽ ഉണ്ടായിരുന്നു''

ശരിയാണ്. ഞങ്ങളുടെ സ്റ്റഡി ടൂറിന് ഓരോ ദിവസവും ഓരോ ടീം ലീഡറെ തിരഞ്ഞെടുക്കുമായിരുന്നു പ്രൊഫസർ. ഞങ്ങൾ ആണുങ്ങളിൽ നിന്നും. ഞങ്ങൾ ആണുങ്ങൾ അഞ്ചുപേർ. പഞ്ചപാണ്ഡവർ എന്ന അപരനാമത്തിൽ അറിയപ്പെടുന്നവർ. പിന്നെ ഇരുപതു സുന്ദരിമാർ. കോളേജിൽ സുന്ദരിമാർ ഏറ്റവും കൂടുതലുള്ള ക്ലാസും ഞങ്ങളുടേതായിരുന്നു. അതുകൊണ്ടുതന്നെ എല്ലാ പീരിയഡ് കഴിയുമ്പോഴും ഞങ്ങളോട് ലോഹ്യം പറയാൻ മറ്റു ക്ലാസ്സിലെ ഞങ്ങളുടെ സുഹൃത്തുക്കൾ ഞങ്ങളുടെ ക്ലാസ്സിൽ എത്തുമായിരുന്നു. പഞ്ചപാണ്ഡവർ എന്നറിയപ്പെട്ട ഞങ്ങളിൽ പക്ഷേ ധർമ്മപുത്രൻ ഉണ്ടായിരുന്നില്ല. ബാക്കിയെല്ലാവരും തികഞ്ഞു നിന്നു.

ആദ്യ ദിവസവും ആറാം ദിവസവും ഞാനായിരുന്നു ടീം ലീഡർ. ആറാം ദിവസമാണ് ഞങ്ങൾ ശ്രാവണബലഗോളയിൽ എത്തിയത്. അന്നും സൗമ്യ പകുതി വഴിക്ക് ഇരുന്നു പോയി. ക്ഷീണം കാരണം. സൗമ്യ പിന്നെ മുകളിലേക്ക് കയറിയില്ല. പ്രൊഫസർ ഉൾപ്പെടെ ബാക്കിയെല്ലാവരും മുകളിലേക്ക് പോയപ്പോൾ ഞാൻ ടീം ലീഡർ ആയതുകൊണ്ട് സൗമ്യയ്ക്ക് സമീപം നിന്നു.

**നിസ്സംഗമായ ജീവിതമായിരുന്നു പിന്നീട് അമ്മയുടേത്. അമ്മ കുടുംബ ആഘോഷങ്ങളിൽ പങ്കെടുത്തില്ല. നിറമുള്ള സാരികൾ ധരിച്ചില്ല. കഴുത്തിൽ ഒരു മുത്തുമാല. കരിമണി മുത്തുമാല. ആഴ്ചകൾ കൂടുമ്പോൾ ഒരു കിലോമീറ്റർ അകലെയുള്ള മാരിയമ്മൻ കോവിലിൽ പോകും. അവിടെ ഇരുന്ന് കുറേ നേരം കണ്ണീരൊഴുക്കും. ജീവിത പ്രയാസത്തിന് അല്പം ആശ്വാസം അങ്ങനെ കിട്ടും.**

സുന്ദരിയായ ഒരു പെൺകുട്ടിയെ അപരിചിതമായ ഒരു സാഹചര്യത്തിൽ ഒറ്റയ്ക്ക് വിട്ടു പോകാൻ എനിക്ക് തോന്നിയില്ല. എല്ലാവരും ആഘോഷത്തോടെ മുകളിലേക്ക് പോയപ്പോൾ ഞാൻ അവൾക്ക് കാവലായി അവൾക്കരികിൽ നിന്നു. അവൾ ആവശ്യപ്പെട്ടില്ലെങ്കിൽക്കൂടി. ആ കാര്യമാണ് സൗമ്യ സൂചിപ്പിച്ചത്. സൗമ്യ വർഷങ്ങൾക്ക് ശേഷവും ആ കറക്റ്റ് സ്ഥാനം തിരിച്ചറിഞ്ഞിരിക്കുന്നു.

''നമ്മുടെ ഏഴാംനാൾ ടൂർ എത്തിയത് മധുരയിൽ ആയിരുന്നു അല്ലേ?'' സൗമ്യയുടെ ശബ്ദം എന്നെ ചിന്തയിൽ നിന്നുണർത്തി.

''അതെ''. ഞാൻ പറഞ്ഞു.

''അവിടെവച്ചാണ് ഞാൻ ആ തീരുമാനം എടുത്തതും നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതും'' ഞാൻ സൗമ്യയെ സാകൂതം നോക്കി.

സൗമ്യ തുടർന്നു. ''നിങ്ങളെല്ലാം മീനാക്ഷി ക്ഷേത്രത്തിൽ പോയ നേരം ഞാനൊരു തീരുമാനമെടുത്തിരുന്നു.''

''എന്ത് തീരുമാനം?'' ഞാൻ ചോദിച്ചു.

സൗമ്യ വിദൂരതയിലേക്ക് നോക്കി നിസ്സംഗമായിപ്പറഞ്ഞു.

''എല്ലാം അവിടെവച്ച് അവസാനിപ്പിക്കാനുള്ള തീരുമാനം. മധുര ഒരു പുണ്യഭൂമി ആണല്ലോ.'' ഞാൻ അമ്പരപ്പോടെ കേട്ടിരുന്നു.

സൗമ്യ തുടർന്നു. ''നിങ്ങൾ ക്ഷേത്രത്തിൽ പോയപ്പോൾ എനിക്ക് ക്ഷീണമാണ് ഞാൻ വരുന്നില്ല എന്ന് ടീച്ചറിനോട് പറഞ്ഞ് ക്ഷേത്രദർശനത്തിൽ നിന്ന് മന:പൂർവ്വം ഞാൻ ഒഴിഞ്ഞു. ടീച്ചർ അത് സമ്മതിക്കുകയും ചെയ്തു. എനിക്ക് കൃത്യമായ കണക്കുകൂട്ടലുകൾ ഉണ്ടായിരുന്നു. നമ്മൾ മധുരയിൽ ഷോപ്പിംഗ് നടത്തുമെന്ന് തീരുമാനിച്ചിരുന്നുവല്ലോ.''

ശരിയാണ്. ടൂറിന്റെ ഭാഗമായി സാധാരണ ചെറിയ ഷോപ്പിംഗ് കുട്ടികൾ നടത്താറുണ്ട്. ടൂർ കഴിഞ്ഞു വരുമ്പോൾ വീട്ടുകാർക്ക് കൊടുക്കാൻ തുണിത്തരങ്ങൾ, സെൻറ്, പാക്കറ്റ് മധുര പലഹാരങ്ങൾ അങ്ങനെ എന്തെങ്കിലും ഒക്കെ വാങ്ങിവരും. മധുരയിൽ സാധനങ്ങൾക്ക് വിലകുറവായതിനാൽ, രാവിലെ ക്ഷേത്രദർശനം കഴിഞ്ഞ് അവിടെത്തന്നെ ഷോപ്പിംഗും നടത്താം എന്ന് പ്രൊഫസർ പറഞ്ഞിരുന്നു.

ആ സമയമാണ് സൗമ്യ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിരുന്നത്. എങ്ങനെ ആയാലും ക്ഷേത്രദർശനവും ഷോപ്പിംഗും കഴിഞ്ഞ് വരുമ്പോൾ ഒന്ന് രണ്ട് മണിക്കൂർ കഴിയും എന്ന് സൗമ്യ കണക്കുകൂട്ടി.

പക്ഷേ എന്നും അവളുടെ ജീവിതത്തിൽ പരാജയങ്ങൾ കൂടപ്പിറപ്പായി ഉണ്ടായിരുന്നു. അത് തന്നെ അവിടെയും സംഭവിച്ചു.

പെൺകുട്ടികൾ വെളുപ്പിനെ തന്നെ കുളിച്ച് തയ്യാറായി പ്രൊഫസറോടും ടീച്ചറോടും ഒപ്പം ക്ഷേത്രത്തിലേക്ക് പോയി. ഞങ്ങൾ പഞ്ചപാണ്ഡവർ അല്പം താമസിച്ചു പോയി. ഏകദേശം മുക്കാൽ മണിക്കൂർ. ഞങ്ങൾ തയ്യാറായി ക്ഷേത്രത്തിലേക്ക് പോകും വഴി ഗേൾസ് ടീച്ചറിന്റെ നേതൃത്വത്തിൽ തിരിച്ചു വരുന്നത് കണ്ടു. എന്താണ് കാര്യം എന്ന് അന്വേഷിച്ചപ്പോൾ അവർക്ക് ഷോപ്പിങ്ങിന് താല്പര്യമില്ല. അതുകൊണ്ട് നേരത്തെ പോന്നു എന്ന് ടീച്ചർ പറഞ്ഞു. കൂടെ നിങ്ങൾ അധികം താമസിക്കരുത് നിങ്ങൾ വന്നിട്ടേ ബ്രേക്ക് ഫാസ്റ്റ് പറ്റൂ എന്ന് മുന്നറിയിപ്പും തന്നു.

അന്നത്തെ ടീം ലീഡർ അശോകൻ ആയിരുന്നു. ടീം ലീഡറിന്റെ കൈവശം രാവിലെ തന്നെ പ്രൊഫസർ അന്നത്തെ ചിലവിനുള്ള ഒരു തുക നൽകും. അന്നത്തെ എല്ലാ ചിലവും ആ ടീം ലീഡർ മാനേജ് ചെയ്യും. വൈകിട്ട് ബാക്കി വരുന്ന തുകയും അന്നത്തെ ചിലവിന്റെ കണക്കും പ്രൊഫസറെ ഏൽപ്പിക്കണം. അതാണ് വ്യവസ്ഥ. അതുകൊണ്ട് ബ്രേക്ക്ഫാസ്റ്റ് കഴിക്കണമെങ്കിൽ ഞങ്ങൾ വന്നതിനുശേഷം മാത്രമേ പറ്റൂ.

ഞങ്ങൾ ക്ഷേത്രത്തിൽ പോയില്ല. പകരം ചില്ലറ ഷോപ്പിങ്ങിന് പോയി. പിന്നെ അധികം സമയം കളയാതെ താമസിച്ചിരുന്ന ഹോട്ടലിൽ തിരിച്ചെത്തി. അവിടെ ഞങ്ങളെ കാത്തിരുന്നത് ഉദ്വേകജനകമായ ഒരു വാർത്തയായിരുന്നു.

ക്ഷേത്രത്തിൽ പോയി തിരിച്ചുവന്ന ഗേൾസ്, എത്ര വിളിച്ചിട്ടും റൂമിന്റെ വാതിൽ സൗമ്യ തുറന്നില്ല. സൗമ്യ റൂമിനകത്ത് കിടക്കുന്നുണ്ടായിരുന്നു. നിരന്തരമായി വിളിച്ചിട്ടും വാതിൽ തുറക്കാതിരുന്നത് കൊണ്ട് ടീച്ചർ ഹോട്ടൽ മാനേജരെ വിവരം അറിയിച്ചു. മാനേജർ വന്നു ഉറക്കെ വാതിലിൽ ഇടിച്ചു വിളിച്ചപ്പോഴാണ് സൗമ്യ വാതിൽ തുറന്നത്. തുറന്ന പാടെ 'ഞാനങ്ങ് ഉറങ്ങിപ്പോയി' എന്ന ഒരു ഒഴുക്കൻ അഭിപ്രായവും പറഞ്ഞു. ഏറെ നേരം വാതിൽ തുറക്കാതിരുന്ന സൗമ്യയുടെ നടപടിയാണ് എല്ലാവർക്കും അമ്പരപ്പ് ഉണ്ടാക്കിയത്.

ആ വാർത്ത എന്നിൽ ചില സംശയങ്ങൾ അന്നേ ഉണ്ടാക്കിയിരുന്നു. പക്ഷേ ഞാൻ അത് ആരോടും പറഞ്ഞില്ല. അന്ന് തോന്നിയ സംശയത്തിനുള്ള മറുപടിയാണ് ഇപ്പോൾ സൗമ്യ പറഞ്ഞിരിക്കുന്നത്. അത് പാളിപ്പോയ ഒരു ആത്മഹത്യാശ്രമം ആയിരുന്നു എന്ന്.

''ക്ഷേത്രത്തിൽ പോയവർ ഷോപ്പിങ്ങും കഴിഞ്ഞേ വരൂ എന്ന് പറഞ്ഞിരുന്നു.'' സൗമ്യ തുടങ്ങിവച്ചു.

''അതനുസരിച്ച് ഞാൻ കണക്കുകൂട്ടി. എങ്ങനെയായാലും ഒന്ന് രണ്ട് മണിക്കൂർ കഴിയും അവർ എത്താൻ. ഞാൻ ഫാനിലേക്ക് തന്നെ ഏറെ നേരം നോക്കി കിടന്നു. പലരുടെയും മുഖങ്ങൾ എൻറെ മനസ്സിലൂടെ കടന്നുപോയി. പക്ഷേ എന്നെ അപ്പോൾ ഭരിച്ചത് പ്രതികാരമാണ്. അച്ഛനോടുള്ള പ്രതികാരം. ഏറെ സമയത്തെ ആലോചനക്ക് ശേഷം ഞാൻ എൻറെ ഒരു ഷാൾ ഫാനിൽ കെട്ടി നോക്കി. അതൊരു ശ്രമകരമായ പണിയായിരുന്നു. കസേര കട്ടിലിൽ എടുത്തിട്ട് അതിൻറെ മുകളിൽ കയറി വേണമായിരുന്നു ഫാനിൽ കെട്ടാൻ. ഷാളിന് വേണ്ടത്ര നീളമില്ല എന്ന് മനസ്സിലായി.
പിന്നീട് സൂക്ഷിച്ചു താഴെയിറങ്ങി. എൻറെ ഒരു സാരിയെടുത്ത് ഫാനിൽ കെട്ടി വലിച്ചു മുറുക്കിക്കൊണ്ടിരിക്കുന്ന സമയത്താണ് വാതിലിൽ മുട്ടു കേട്ടത്. ഞാൻ ആകെ പേടിച്ചുപോയി. പരിഭ്രമത്തിൽ ഫാനിലെ സാരിയുടെ കെട്ടഴിക്കാൻ പെട്ടെന്ന് പറ്റിയില്ല. ഒടുവിൽ കെട്ടഴിച്ച് കസേര പൂർവ്വസ്ഥലത്ത് ഇട്ട് ശരിയാക്കി വരുമ്പോഴേക്കും പുറത്ത് വാതിലിൽ ആഞ്ഞ് ഇടിയായി. പെട്ടെന്ന് ഒന്നും സംഭവിക്കാത്ത പോലെ അഭിനയിച്ച് ഞാൻ വാതിൽ തുറക്കുകയായിരുന്നു. ആ സമയത്ത് ഹോട്ടൽ ബോയ് ജനലിന്റെ വെന്റിലേറ്ററിൽ പിടിച്ചു വലിഞ്ഞു കയറി വെന്റിലേറ്ററിൽ കൂടി മുറിയിലേക്ക് എത്തിനോക്കാനുള്ള ശ്രമത്തിലായിരുന്നു. ഒരു രണ്ടു മിനിറ്റ് മുമ്പേ അവൻ എത്തി നോക്കിയിരുന്നു എങ്കിൽ ഞാൻ പിടിക്കപ്പെടുമായിരുന്നു.''

സൗമ്യ ദൂരേക്ക് നോക്കിയാണ് ഇത്രയും പറഞ്ഞത്. പിന്നെ അവൾ എന്നോട് ചോദിച്ചു.

''വൈശാഖ് വിധിയിൽ വിശ്വസിക്കുന്നുണ്ടോ?''

ഞാൻ മറുപടി പറഞ്ഞില്ല. ഇല്ലെന്നോ ഉണ്ടെന്നോ പറയാൻ എനിക്ക് പറ്റുമായിരുന്നില്ല. എനിക്ക് അതിൽ വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല.

''വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാം. പക്ഷേ പ്രകൃതിക്ക് ഒരു പ്ലാൻ ഉണ്ട്. ഓരോരുത്തരും ഇന്നതൊക്കെ ചെയ്യണം എന്ന പ്ലാൻ. അന്ന് ഷോപ്പിങ്ങിന് പോകാതെ പെട്ടെന്ന് മുറിയിലേക്ക് തിരിച്ചു വരാൻ ഗേൾസിന് തോന്നിയത് എന്തു കൊണ്ടാണ്? അത് ഒരു പ്ലാനിംഗിൻറെ ഭാഗമാണ്. അതുകൊണ്ടാണ് എൻറെ ശ്രമം പരാജയപ്പെട്ടത്. ഞാൻ ഇപ്പോഴും ജീവിച്ചിരിക്കുന്നത്. പിന്നീട് ഒരിക്കലും ഒരു ആത്മഹത്യാശ്രമം ഞാൻ നടത്തിയിട്ടില്ല. ആ സംഭവം എന്നെ കാര്യമായി ചിന്തിപ്പിച്ചു. ഡിഗ്രി കഴിഞ്ഞ് ഞാൻ ബി. എഡ് എടുത്തു. ബാംഗ്ലൂരിൽ നിന്നും. കർണാടകയിലെ ഉൾനാടൻ ഗ്രാമങ്ങളിലെ കുട്ടികളെ സൗജന്യമായി പഠിപ്പിച്ചു. പിന്നീട് അഹല്യാമന്ദിർ തുടങ്ങി.'' സൗമ്യ പറഞ്ഞു നിർത്തി.

ഞാൻ ചോദിച്ചു. ''അഗതികളായ സ്ത്രീകളെ മാത്രമേ സംരക്ഷിക്കുക

യുള്ളോ? നിരാലംബരായ പുരുഷന്മാർ എന്ത് ചെയ്യും?'' സൗമ്യ എന്നെ നോക്കി ആർദ്രമായി. പിന്നെപ്പറഞ്ഞു.

''ഞാൻ എനിക്ക് കഴിയുന്നത് ചെയ്യുന്നു. അത്രമാത്രം. അഹല്യാമന്ദിരം സ്ത്രീകളുടെ വാസകേന്ദ്രമാണ്. പക്ഷേ അവിടെ ചില പുരുഷന്മാരും ഉണ്ട്. ഗവേർണിംഗ് ബോഡിയിൽ. താമസിയാതെ ഗവേർണിംഗ് ബോഡി ഒന്നു വിപുലീകരിക്കാൻ ഞാൻ തീരുമാനിച്ചിട്ടുണ്ട്. പ്രകൃതിയുടെ അവസാനത്തെ മുന്നറിയിപ്പും എനിക്ക് ലഭിച്ചു കഴിഞ്ഞു.'' അൽപനേരം സൗമ്യ മിണ്ടാതിരുന്നു.

സൗമ്യ നന്നേ ക്ഷീണിതയാണ്. മുന്നേതന്നെ നല്ല വെളുപ്പ് നിറമായിരുന്നു. ഇപ്പോൾ ആ വെളുപ്പിൽ വിളർച്ചകൂടി ചായം ചാലിച്ചിട്ടുണ്ട്. മുടിയുടെ മുന്നിൽ ഏതാനും നരച്ച മുടിയിഴകൾ. കണ്ണുകളുടെ തിളക്കം അല്പം കൂടിയിട്ടുണ്ട്. എങ്കിലും ക്ഷീണം പ്രകടമാണ്.

''വൈശാഖ് നിൻറെ അഡ്രസ്സും ഫോൺ നമ്പറും തരണം''. സൗമ്യ ആവശ്യപ്പെട്ടു.

''എന്തിന്. നീ ഫോൺ ഉപയോഗിക്കില്ലല്ലോ.'' ഞാൻ പറഞ്ഞു.

''ഞാൻ തന്നേ ഉപയോഗിക്കാവൂ എന്നുണ്ടോ?'' സൌമ്യ തിരിച്ചു ചോദിച്ചു.

ഞാൻ മറുപടി പറഞ്ഞില്ല. പകരം എന്റെ പോക്കറ്റിൽ നിന്നും ഒരു വിസിറ്റിംഗ് കാർഡ് എടുത്ത് സൗമ്യക്ക് കൊടുത്തു. സൗമ്യ അത് നോക്കി പിന്നെ പറഞ്ഞു.

''നീ ഒരു കോളേജ് അധ്യാപകൻ ആകുമെന്ന് ഞാൻ കരുതി. പക്ഷേ നീയൊരു പത്രപ്രവർത്തകനായി.''

''ഞാനൊരു കോളേജ് അധ്യാപകൻ ആയിരുന്നു. ഒരു വർഷം. പിന്നെ രാജിവച്ച് പത്രപ്രവർത്തകൻ ആയതാണ്.'' ഞാൻ വ്യക്തമാക്കി .

''നീ വിവാഹം വേണ്ടെന്ന് വെച്ചത് എന്തു കൊണ്ടാണ്.?'' സൌമ്യ ചോദിച്ചു.

അതിന് ഞാൻ മറുപടി



പറഞ്ഞില്ല.

എൻറെ മനസ്സിൽ ഒരു രംഗം തെളിഞ്ഞു വരികയായിരുന്നു. ഡിഗ്രി കഴിഞ്ഞ് കോളേജിൽ ടി. സി വാങ്ങാൻ എത്തിയ ദിനം. പതിവുപോലെ കോളേജിന്റെ മതിലിനോട് ചേർന്നുള്ള വാകമരത്തിന്റെ ചുവട്ടിൽ ഞാൻ ഇരിക്കുകയായിരുന്നു. വാകമരം പൂക്കൾ കൊണ്ട് സമൃദ്ധം. നിലത്തും നിറയെ പൂക്കൾ കൊഴിഞ്ഞു കിടപ്പുണ്ടായിരുന്നു. അവിടേക്ക് സൗമ്യ എത്തി. സൗമ്യ എന്നും പതിഞ്ഞു നടക്കുന്ന ഒരു പെൺകുട്ടി ആയിരുന്നു. നീണ്ടു നിവർന്ന് പതിഞ്ഞു നടക്കും. ഒരു ഉറുമ്പു പോലും കാലടിയിൽ അകപ്പെടരുതെന്ന് കരുതിയുള്ള നടത്തം.

അന്ന് അവൾ ചുവന്ന സാരിയാണ് ധരിച്ചിരുന്നത്. നെറ്റിയിൽ ചന്ദനക്കുറി. അവൾ സമീപം എത്തി. പതുക്കെ ചിരിച്ചു. ഞാൻ അരമതിലിൽ നിന്നും ഇറങ്ങി നിന്നു. അല്പസമയം ആരും ഒന്നും മിണ്ടിയില്ല. മനസ്സ് നിറയെ സന്തോഷവും

അല്പം ദുഃഖവും ഒക്കെ അലയടിച്ച നിമിഷം. അൽപ സമയത്തെ മൗനത്തിനുശേഷം മുഖവുരയില്ലാതെ അവൾ പറഞ്ഞു.

''എൻറെ വിവാഹം ഇരുപത്തഞ്ചു വയസ്സിലെ ഉണ്ടാവു.''

ഞാൻ ഒന്നും മിണ്ടിയില്ല. അല്പനേരത്തിനു ശേഷം നനുത്ത ഒരു ചിരി ചിരിച്ച് തലകുനിച്ച് യാത്ര ചോദിച്ച് അവൾ പോയി.

ഞാൻ സൗമ്യയെ കണ്ട അവസാന അവസരം അതായിരുന്നു. പിന്നീടുള്ള അഞ്ചു വർഷത്തെ പ്രവർത്തി സമയമാണ് അന്ന് അവൾ എനിക്ക് വെച്ചുനീട്ടിയത്. ആ ഇരുപത്തഞ്ചിന്റെ കണക്ക് അവൾ മറന്നു പോയോ?.

ഇരുപത്തിയഞ്ചിൽ ഞാൻ ഒരു ഗവേഷകനായിരുന്നു. സർവ്വകലാശാലയുടെ ഫെല്ലോഷിപ് കൈപ്പറ്റുന്ന ഒരു ഗവേഷകൻ. യോഗ്യമായ ഒരു തീരുമാനമെടുക്കാൻ എനിക്കന്ന് പറ്റുമായിരുന്നു. പക്ഷേ അപ്പോഴേക്കും സൌമ്യയുമായുള്ള എല്ലാ ബന്ധങ്ങളും അറ്റു പോയിരുന്നു. ബന്ധങ്ങൾ നിലനിർത്താൻ സൌമ്യയും ശ്രമിച്ചില്ല. തിക്താനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇനിയും ദുരന്തങ്ങൾ ജീവിതത്തിൽ ആവർത്തിക്കണ്ട എന്ന് കരുതിയിട്ടുണ്ടാകും.

സൌമ്യ മുകളിലേക്ക് നോക്കി നിൽക്കുകയായിരുന്നു. കൺമുന്നിൽ ഗോമദേശ്വരൻ. പക്ഷേ അവിടേക്കെത്താൻ ഇനിയും കുറേക്കൂടി പടികൾ കയറണം.

''ജീവിതത്തിൽ എത്ര ആഗ്രഹിച്ചാലും എത്ര ശ്രമിച്ചാലും സാധിക്കാത്ത ചില ആഗ്രഹങ്ങൾ ബാക്കിയുണ്ടാവും അല്ലേ''. സൌമ്യ ചോദിച്ചു.

ഞാൻ സൌമ്യയെ നോക്കി. പിന്നെ പതുക്കെപ്പറഞ്ഞു.

''നമുക്ക് ഇറങ്ങാം.''

വളരെ സാവധാനം സൗമ്യ താഴേക്ക് ഇറങ്ങി. അപ്പോഴും അവളുടെ വലതു കൈ എൻറെ ഇടതുകൈയ്യിൽ അമർത്തിപ്പിടിച്ചിരുന്നു. ചിലപ്പോഴൊക്കെ നാല്പത്തെട്ടു കിലോഗ്രാം ഭാരം അവളുടെ അമർത്തലിൽ എനിക്ക് അനുഭവപ്പെട്ടു.

ഇടയ്ക്ക് ഒന്നുരണ്ടുപ്രാവശ്യം ഇരുന്ന് ക്ഷീണമകറ്റി ഞങ്ങൾ താഴെയെത്തി. പിന്നെ സാവകാശം നടന്ന് പഴയ ബാലികയുടെ കടയിലെത്തി. കടയുടെ മുൻപിലത്തെ ബെഞ്ചിൽ സൗമ്യ ഇരുന്നു. സൗമ്യയിൽ ക്ഷീണം പ്രകടമായിരുന്നു. പതിവിൽ കവിഞ്ഞ ക്ഷീണം.

''എന്തെങ്കിലും പ്രശ്നമുണ്ടോ''. ഞാൻ ചോദിച്ചു.

ഇല്ല എന്ന് അവൾ തലയാട്ടി. ഞാൻ ഒരു ചുണ്ടൽ കഴിച്ചു. സൗമ്യ ഒരു ഗ്ലാസ് പാൽ നന്നായി മധുരമിട്ട് കഴിച്ചു. പിന്നെ പതുക്കെ നടന്നു.

അല്പസമയത്തിനകം ഞങ്ങൾ ബസ്സ് സ്റ്റാൻഡിൽ എത്തി.

''ഇനി എങ്ങോട്ട്?'' അവൾ തിരക്കി.

''മൈസൂരിലേക്ക്. ചാമുണ്ഡി ഹിൽസിലേക്ക്. അവിടെ ഒരു കടം വീട്ടാനുണ്ട്.''

സൗമ്യ എന്നെ നോക്കി.

''നമ്മൾ സ്റ്റഡി ടൂറിന്റെ ഭാഗമായി മൈസൂരിലെ ചാമുണ്ഡി ഹിൽസിൽ പോയത് ഓർമ്മയുണ്ടോ?'' ഞാൻ ചോദിച്ചു.

സൗമ്യ ചോദ്യഭാവത്തിൽ എന്നെ നോക്കി.

''അവിടെ ഉള്ള ഒരു നന്ദിപ്രതിമ ഓർമ്മയുണ്ടോ? അതിൻറെ മുന്നിൽ ഉയർത്തിവെച്ച കാലിനടിയിലൂടെ ഊർന്നുകൊണ്ട് എന്താഗ്രഹിക്കുന്നുവോ അത് സാധിക്കും എന്നാണ് ഐതിഹ്യം.'' ഞാൻ പറഞ്ഞു.

''അതിനു നീ ഊർന്നില്ലല്ലോ.'' സൗമ്യ പറഞ്ഞു.

''ഇല്ല. പക്ഷേ ഞാൻ നന്ദിപ്രതിമയുടെ ചെവിയിൽ എൻറെ ഒരു ആഗ്രഹം പറഞ്ഞിരുന്നു. അത് സാധിച്ചതിന് നന്ദി പറയാൻ അവിടെ വരെ പോകണം. പിന്നെ കോഴിക്കോട്ടേക്ക്. പഴയ ലാവണത്തിൽ. സൗമ്യ പാലക്കാട്ടേക്കല്ലേ? വേറെ എന്തെങ്കിലും പ്രോഗ്രാം ഉണ്ടോ?'' ഞാൻ ചോദിച്ചു.

''ഇല്ല. ഇനി ഒരു പ്രോഗ്രാമും ഇല്ല. നിന്നെ കാണുക എന്നത് മാത്രമായിരുന്നു എൻറെ പ്രോഗ്രാം. കൂട്ടത്തിൽ വിചാരിക്കാതെ ഒന്നിച്ച് ഒരു യാത്രയും തരപ്പെട്ടു.''

അല്പം കഴിഞ്ഞ് സൗമ്യ പറഞ്ഞു.

''വൈശാഖ്. അഹല്യാമന്ദിരിൽ വരണം. അതിൻറെ ഗവേണിംഗ് ബോഡിയിൽ പുരുഷന്മാരുണ്ട്. നിനക്ക് പ്രോജക്ടുകൾ എഴുതി ശീലമുണ്ടല്ലോ. അതിന്റെ രീതികളൊക്കെ നിനക്കു നന്നായി അറിയാമല്ലോ. കേന്ദ്രഗവൺമെന്റിന്റെ ധനസഹായം അഹല്യാമന്ദിറിന് അനിവാര്യമായി വരികയാണ്. അംഗങ്ങൾ കൂടി വരുന്നു.'' സൗമ്യ പറഞ്ഞു.

''സൗമ്യ ഇനി?'' ഞാൻ ചോദിച്ചു.

''ആദ്യം ബാംഗ്ലൂർ. അവിടെ നിന്ന് പാലക്കാട്ടേക്ക്. പിന്നെ കൊല്ലംകോട്.''

ഞാൻ പെട്ടെന്ന് ഏതാനും അഞ്ഞൂറിന്റെ നോട്ടുകൾ എടുത്ത് സൗമ്യയ്ക്ക് നീട്ടി. സൗമ്യ ഒരു ചെറു ചിരിയോടെ അത് നിരസിച്ചു. പിന്നെപ്പറഞ്ഞു.

''എനിക്ക് വേണ്ട സഹായം ഇതല്ല. അത് ഞാൻ വഴിയെ അറിയിക്കാം''.

''സൗമ്യ അടിയന്തരഘട്ടത്തിൽ ആ നമ്പറിലേക്ക് വിളിച്ചാൽ മതി. മറുതലയ്ക്കൽ ഞാനുണ്ടാവും. എന്ത് സഹായത്തിനും. ഉറപ്പ്.'' ഞാൻ ഉറപ്പു കൊടുത്തു.

പണ്ട് ക്ലാസ്സിൽ ഇരുന്നു പാട്ടു പാടിയ സഹപാഠിനിയോട് തോന്നിയ ആരാധന അപ്പോഴും എനിക്ക് കൈമോശം വന്നിരുന്നില്ല. സൗമ്യ പതുക്കെ ചിരിച്ചു. പിന്നെ എൻറെ കൈകൾ കൂട്ടിപ്പിടിച്ച് ആർദ്രമായി എന്റെ കണ്ണുകളിലേക്ക് നോക്കിക്കൊണ്ട് പറഞ്ഞു.

''നീ വരണം. അഹല്യാമന്ദിറിലേക്ക്.''

ഞാൻ അവളുടെ കരങ്ങൾ എൻ

റെ ഇരുകരങ്ങൾക്കുള്ളിലായി അമർത്തിപ്പിടിച്ചു.

ബാംഗ്ലൂർ ബസ് കറങ്ങിത്തിരിച്ച് റാമ്പിലെത്തി. സൗമ്യ അതിന്റെ അകത്തു കയറി റിസർവ് ചെയ്ത സൈഡ് സീറ്റിൽ ഇരുന്നു. ഞാൻ അവളെ തന്നെ നോക്കി നിന്നു. അവൾ അലക്ഷ്യമായി മുന്നോട്ടു നോക്കിയിരുന്നു.

പത്ത് മിനിറ്റ് കഴിഞ്ഞപ്പോൾ ബസ് എടുത്തു. അവൾ കണ്ണുകൾ കൊണ്ട് യാത്ര പറഞ്ഞു. ബസ് കറങ്ങി സ്റ്റാൻഡിന്റെ മുൻവശത്ത് എത്തുമ്പോൾ, ഞാൻ അവിടെ നേരത്തെ എത്തിയിരുന്നു. സൗമ്യ കൺമുന്നിലൂടെ കടന്നുപോവുകയാണ്. അവളുടെ ഒരു നോട്ടം ഒരിക്കൽ കൂടി ഞാൻ ആഗ്രഹിച്ചു.

പക്ഷേ ബസ് കണ്ണിൽ നിന്നും മറയുന്നതുവരെ അവൾ നേരെ തന്നെ നോക്കിയിരുന്നു. ഒരിക്കൽ പോലും അവൾ തിരിഞ്ഞു നോക്കിയില്ല.

ഏതാനും മാസങ്ങൾക്ക് ശേഷം ഒരു ദിവസം ഞാൻ എന്റെ നാരദ ലാവണത്തിൽ അടുത്ത ദിവസം പത്രത്തിൽ വരേണ്ട എഡിറ്റോറിയൽ തയ്യാറാക്കിക്കൊണ്ടിരിക്കുമ്പോൾ ഒരു കോൾ ഉണ്ട് എന്ന് ഇന്റർകോമിലൂടെ ചീഫ് എഡിറ്റർ എന്നെ അറിയിച്ചു.

സാധാരണ ഗതിയിൽ എന്നെ ബന്ധപ്പെടേണ്ടവർ മൊബൈലിലേക്കാണ് വിളിക്കുക. അപൂർവമായി മാത്രമേ ലാൻഡ് ഫോണിലേക്ക് വിളി വരാറുള്ളൂ. അത് മിക്കവാറും അന്നത്തെ പത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിലുള്ള പ്രതിഷേധം അറിയിക്കാനോ കൂടുതൽ വിശദീകരണം തേടിയോ ഒക്കെ ആയിരിക്കും.

എനിക്ക് വരുന്ന എല്ലാ കോളുകളും ഞാൻ അറ്റൻഡ് ചെയ്യാറുണ്ട്. അത്തരത്തിൽ ഒന്നായിരിക്കും ഇതും എന്നേ ഞാൻ കരുതിയുള്ളൂ.

ചീഫ് എഡിറ്ററിന്റെ ചേംബറിൽ എത്തി ലാൻഡ് ഫോണിന്റെ റിസീവർ കാതിൽ വെക്കുമ്പോൾ മറുതലയ്ക്കൽ ക്ഷീണിതമായ ഒരു സ്ത്രീശബ്ദം.

''സർ ഇത് ജാനകിയാണ്. അഹല്യമന്ദിറിന്റെ സെക്രട്ടറി.''

എനിക്ക് വലിയ സന്തോഷവും ആകാംക്ഷയും തോന്നി. സൗമ്യയുടെ സ്ഥാപനത്തിൽ നിന്നുള്ള ആദ്യ കോൾ. ജാനകി തുടർന്നു.

**"അന്ന് യാത്ര കഴിഞ്ഞു വരുമ്പോൾ ചേച്ചി ലെറ്റർ പാഡിൽ ഒരു കത്തെഴുതി ഒട്ടിച്ച് എന്നെ ഏൽപ്പിച്ചിരുന്നു. അത് എപ്പോഴാണ് തുറന്നു നോക്കേണ്ടതെന്നും എന്നോട് പറഞ്ഞിരുന്നു. ഇന്നലെ ചേച്ചി പോയിട്ട് നാല്പ്പത്തിയോന്നു തികഞ്ഞു. ഇന്ന് ഞാൻ ആ കവർ പൊട്ടിച്ച് വായിച്ചപ്പോൾ അതിൽ സാറിൻറെ പേരും അഡ്രസ്സും ഫോൺ നമ്പറും പിന്നെ താങ്കളെപ്പറ്റി ഒരു ലഘു വിവരണവും ഉണ്ടായിരുന്നു". ഞാൻ അമ്പരപ്പോടെ എല്ലാം കേട്ടു നിന്നു.**

''ഒരു പ്രധാനപ്പെട്ട കാര്യം അറിയിക്കാനാണ് വിളിക്കുന്നത്. സൗമ്യചേച്ചി പറഞ്ഞേൽപ്പിച്ചിരുന്ന കാര്യം.''

''സൗമ്യ... ഞാൻ അർധോക്തിയിൽ നിറുത്തി.

അൽപ സമയത്തെ നിശ്ശബ്ദതയ്ക്കു ശേഷം മറുതലക്കൽ നിന്നും പതിഞ്ഞ ശബ്ദത്തിൽ ജാനകി പറഞ്ഞു.

''ചേച്ചി ഞങ്ങളെ വിട്ടുപോയി. നാൽപ്പത്തിയൊന്ന് ദിവസം മുമ്പ്.''

ഞാൻ റിസീവർ പിടിച്ച് തരിച്ചു നിന്നു.

മാസങ്ങൾക്കു മുമ്പ് എനിക്കൊപ്പം യാത്ര ചെയ്ത സൗമ്യയെപ്പറ്റിയാണ് പറയുന്നത്.

''മാഡത്തിന് ഹൃദയസംബന്ധമായ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. മുൻപ് പല പ്രാവശ്യം ഇവിടെവച്ച് മോഹാലസ്യപ്പെട്ടു വീണിട്ടുണ്ട്. അതുകൊണ്ട് ദൂരെ യാത്രകൾ ചെയ്യുമായിരുന്നില്ല. ഞങ്ങളും അത് അനുവദിച്ചിരുന്നില്ല. എന്നാൽ അഞ്ചുമാസം മുമ്പ് ഒരു യാത്ര ചേച്ചി നടത്തിയിരുന്നു. എങ്ങോട്ട് എന്ന് പറഞ്ഞിരുന്നില്ല. അത്യാവശ്യ യാത്രയാണെന്ന് മാത്രമേ പറഞ്ഞിരുന്നുള്ളൂ. മൂന്ന് ദിവസത്തെ യാത്രയ്ക്ക് ശേഷം തിരിച്ചു വരുമ്പോൾ ചേച്ചി നല്ല ക്ഷീണിതയായിരുന്നു. പിന്നെ പനിപിടിച്ച് ഏതാനും ദിവസം കിടപ്പിലുമായി. പനി കുറഞ്ഞെങ്കിലും ക്ഷീണം വിട്ടു മാറിയില്ല. എങ്കിലും ദിനചര്യകൾക്ക് കുഴപ്പമൊന്നും ഉണ്ടായിരുന്നില്ല. വെളുപ്പിനെ അഞ്ചുമണിക്ക് എണീക്കും. അന്നുവരെ അങ്ങനെ തന്നെയായിരുന്നു.''

അല്പസമയത്തെ മൗനത്തിനുശേഷം ജാനകി തുടർന്നു.

''അന്ന് ചേച്ചി വെളുപ്പിനെ ഉണർന്നില്ല. ചെന്ന് വിളിക്കുമ്പോൾ ശരീരം നന്നെ തണുത്തിരുന്നു. ഉറക്കത്തിൽ എപ്പോഴോ...''

അല്പം കഴിഞ്ഞ് ജാനകി പതിയെ പറഞ്ഞു.

''അന്ന് യാത്ര കഴിഞ്ഞു വരുമ്പോൾ ചേച്ചി ലെറ്റർ പാഡിൽ ഒരു കത്തെഴുതി ഒട്ടിച്ച് എന്നെ ഏൽപ്പിച്ചിരുന്നു. അത് എപ്പോഴാണ് തുറന്നു നോക്കേണ്ടതെന്നും എന്നോട് പറഞ്ഞിരുന്നു. ഇന്നലെ ചേച്ചി പോയിട്ട് നാല്പ്പത്തിയോന്നു തികഞ്ഞു. ഇന്ന് ഞാൻ ആ കവർ പൊട്ടിച്ച് വായിച്ചപ്പോൾ അതിൽ സാറിൻറെ പേരും അഡ്രസ്സും ഫോൺ നമ്പറും പിന്നെ താങ്കളെപ്പറ്റി ഒരു ലഘു വിവരണവും ഉണ്ടായിരുന്നു''.

ഞാൻ അമ്പരപ്പോടെ എല്ലാം കേട്ടു നിന്നു.

''അഹല്യാമന്ദിറിന്റെ നിയമാവലി അനുസരിച്ച് നിലവിലുള്ള മാനേജിംഗ് ട്രസ്റ്റി ആണ് അടുത്ത മാനേജിംഗ് ട്രസ്റ്റിയെ സ്ഥാനം ഒഴിയുന്ന സമയത്ത് നാമനിർദ്ദേശം ചെയ്യേണ്ടത്. ചേച്ചി താങ്കളുടെ പേരാണ് അഹല്യാമന്ദിറിന്റെ അടുത്ത മാനേ

ജിംഗ് ട്രെസ്റ്റി ആയി നാമനിർദ്ദേശം ചെയ്തിട്ടുള്ളത്. പുതിയ മാനേജിങ് ട്രെസ്റ്റി പത്താഴ്ചക്കുള്ളിൽ അതായത് എഴുപതു ദിവസത്തിനുള്ളിൽ ഉത്തരവാദിത്വം ഏറ്റെടുക്കണം എന്നതാണ് അഹല്യാമന്ദിറിന്റെ നിയമാവലി.'' ജാനകി പറഞ്ഞവസാനിപ്പിച്ചു. ഞാൻ ഒന്നും മിണ്ടിയില്ല.

അവിശ്വസനീയത അപ്പോഴും വിട്ടു മാറിയിരുന്നില്ല.

അല്പസമയത്തിന് ശേഷം മറുതലക്കൽ ഫോൺ പതിയെ വെക്കുന്ന ശബ്ദം കേട്ടു. ഞാൻ ഫോൺ ക്രേഡിലിൽ വെക്കുമ്പോൾ ചീഫ് എഡിറ്റർ എന്നെ ഉദ്വേഗത്തോടെ നോക്കുന്നുണ്ടായിരുന്നു.

അദ്ദേഹത്തിൻറെ മുഖത്ത് ഒരുപാട് ചോദ്യങ്ങൾ ഉണ്ടായിരുന്നു. ഞാൻ ഒന്നും പറഞ്ഞില്ല. പതുക്കെ ഹാഫ് ഡോർ തുറന്നു പുറത്തിറങ്ങി. എൻറെ ക്യാബിനിലേക്ക് നടന്നു. ഒരാഴ്ച ലീവ് എടുത്ത് വെറുതെ ഇരുന്നു. ദിനചര്യകൾ ആകെ മാറിമറിഞ്ഞ ഒരാഴ്ച.

പിന്നീട് ഒറ്റവരിയിൽ എഴുതിയ എന്റെ രാജിക്കത്ത് ചീഫ് എഡിറ്ററിന് നീട്ടുമ്പോൾ അദ്ദേഹം അവിശ്വസനീയതയോടെ എന്നെ നോക്കി. ഒരാഴ്ചത്തെ ലീവ് കഴിഞ്ഞ് ഞാൻ അന്ന് ഓഫീസിൽ എത്തിയതേ ഉണ്ടായിരുന്നുള്ളൂ.

''നിനക്ക് വേണമെങ്കിൽ രണ്ടു മാസത്തെ ലീവ് എടുത്തോളൂ. ഒരു ചേയ്ഞ്ച് ആവും. അല്ലാതെ രാജി വെക്കണ്ട കാര്യമുണ്ടോ?'' ചീഫ് എഡിറ്റർ ചോദിച്ചു.

''വേണം സർ. ചേയ്ഞ്ചിനു വേണ്ടിയിട്ടല്ല. പുതിയ ഒരു ഉത്തരവാദിത്വം ഏറ്റെടുക്കാൻ വേണ്ടിയിട്ടാണ്. ഇതുവരെ വാനപ്രസ്ഥം ആയിരുന്നു. ഇനിയും സന്യാസം.''

ചീഫ് എഡിറ്റർ പറഞ്ഞതിൽ ഒരുപാട് കാര്യങ്ങൾ ഉണ്ടായിരുന്നു. അദ്ദേഹം ഏതാനും മാസങ്ങൾക്കുള്ളിൽ റിട്ടയർ ആവുകയാണ്. അപ്പോൾ ആ സ്ഥാനത്തേക്ക് വരേണ്ട വ്യക്തിയാണ് ഞാൻ. എൻറെ അടുത്ത പ്രമോഷൻ പദവിയാണ് ചീഫ് എഡിറ്റർ.

കഴിഞ്ഞ മുപ്പത്തിയഞ്ചു വർഷമായി പത്രപ്രവർത്തന രംഗത്തുണ്ട്. അതും ഒറ്റ സ്ഥാപനത്തിൽ. ജേർണലിസ്റ്റ് ട്രെയിനിയായി കയറിയത് മുതൽ ഞാൻ ഈ സ്ഥാപനത്തിലുണ്ട്. നീണ്ട മുപ്പത്തിയഞ്ചു വർഷം.

ആ സ്ഥാപനത്തോട് ഞാൻ ഇപ്പോൾ യാത്ര പറയുകയാണ്. ചീഫ് എഡിറ്റർ ഏറെ നേരം ഒന്നും മിണ്ടാതെ ആ കത്ത് നോക്കിയിരുന്നു. പിന്നെപ്പറഞ്ഞു.

''അങ്ങനെയാണെങ്കിൽ മറ്റന്നാൾ ബുധനാഴ്ച പോകാം. ഒരു ചെറിയ യാത്രയയപ്പ് കഴിഞ്ഞ്.''

''വേണ്ട സർ''. ഞാൻ പറഞ്ഞു. ''ഞാൻ ആരോടും യാത്ര പറയുന്നില്ല. നിങ്ങളെല്ലാം എപ്പോഴും എന്റെ മനസ്സിലുണ്ട്. അതുകൊണ്ട് ഒരു സെൻറ് ഓഫ് വേണ്ട.''

ഞാൻ എണീറ്റു. ചീഫ് എഡിറ്റർക്ക് നേരെ കൈ നീട്ടി. അദ്ദേഹം എണീറ്റ് എൻറെ കൈ അദ്ദേഹത്തിന്റെ ഇരു കൈകൾക്കുള്ളിലും ആക്കി അമർത്തിപ്പിടിച്ചു. പിന്നെ ആർദ്രമായി എന്നെ നോക്കി. ആ നോട്ടത്തിൽ എല്ലാം ഉണ്ടായിരുന്നു. ഞാൻ തല കുനിച്ച് യാത്ര പറഞ്ഞ് പതുക്കെ പുറത്തേക്കു നടന്നു.

പാലക്കാട്ട് നിന്നും കൊല്ലങ്കോട്ടേക്കുള്ള യാത്രയ്ക്ക് മുക്കാൽ മണിക്കൂർ വേണ്ടി വന്നു. ചുറ്റും സമൃദ്ധമായ വയൽ. ചേതോഹരമായ ഹരിതാഭ. ഒരു പെയിൻറിങ് പോലെ മനോഹരമായ റൂട്ട്. പക്ഷേ എൻറെ മനസ്സ് ശോകമൂകമായിരുന്നു.

കൊല്ലങ്കോട്ടു നിന്നും വലത്തോട്ട് അഞ്ചു കിലോമീറ്റർ എന്നാണ് ജാനകി പറഞ്ഞത്. കൊല്ലങ്കോട്ടെത്തി ഒരു ഓട്ടോ പിടിച്ചു.

ദൂരെ നിന്നെ കണ്ടു വയൽക്കരയിൽ ഒറ്റപ്പെട്ട ഒരു ചതുർശാല. ഏകദേശം നൂറ്റിഇരുപത് സെൻറ് സ്ഥലം. പ്രധാന ഗേറ്റിന്റെ മുൻപിൽ ഒരു ചെറു ബോർഡ്. അതിൽ ചരിച്ചെഴുതിയിരിക്കുന്ന പേര്. 'അഹല്യാമന്ദിർ'.

ഓട്ടോയിൽ നിന്ന് ഇറങ്ങുമ്പോൾ തന്നെ ജാനകിയും കുറച്ച് സ്ത്രീകളും തിരക്കിട്ട് എത്തി. അവർക്ക് എന്നെ മനസ്സിലായിക്കഴിഞ്ഞിരുന്നു.

ഓഫീസ് മുറിയുടെ ഭിത്തിയിൽ സൗമ്യയുടെ പൂർണകായചിത്രം. അഞ്ച് അടി രണ്ടിഞ്ച് ഉയരത്തിൽ. അവളുടെ ശരിക്കുള്ള അതേ ഉയരം. സൗമ്യ പുളിയിലക്കര സെറ്റു ടുത്ത് നിൽക്കുന്ന രീതിയിൽ. സാരിത്തുമ്പ് പിന്നിൽ കൂടി എടുത്ത് മുന്നിലേക്കിട്ട് കൈ കെട്ടിനിൽക്കുന്നു. നെറ്റിയിൽ ചന്ദനക്കുറി. മുഖത്ത് സൗമ്യമായ ആ പഴയ നനുത്ത ചിരി. ഞാൻ ആ ചിത്രം അൽപനേരം നോക്കി നിന്നു.

''ഇവിടുത്തെ അന്തേവാസികളിൽ ഒരാൾ വരച്ചതാണിത്.'' ജാനകി പറഞ്ഞു.

എൻറെ സുവോളജി റെക്കോഡിലെ ചിത്രങ്ങൾ കണ്ട് സൗമ്യ ഒരിക്കൽ എന്നോട് പറഞ്ഞ അതേ കാര്യം ഞാൻ ജാനകിയോട് പറഞ്ഞു. 'ജീവൻ തുടിക്കുന്ന ചിത്രം'.

ജാനകി നീട്ടിയ കൂടയിൽ നിന്നും വെളുത്ത പൂക്കൾ എടുത്ത് ആ ചിത്രത്തിലേക്ക് വർഷിച്ചിട്ട് ഞാൻ കൈകൂപ്പി അല്പനേരം നിന്നു.

ഞാൻ സൗമ്യയെ എന്നിലേക്ക് ആവാഹിച്ചെടുക്കാൻ ശ്രമിക്കുകയായിരുന്നു. ഒരു ജീവിതകാലം മൊത്തം അഗതികളായ സ്ത്രീകൾക്ക് വേണ്ടി തന്റെ സമയവും സമ്പത്തും അധ്വാനവും എല്ലാം സമർപ്പിച്ച ആ സ്ത്രീരത്നത്തോട് എനിക്ക് അപ്പോൾ വലിയ ആദരവ് തോന്നി.

ഒരിക്കൽ എന്റെ ജീവിതയാത്രയിൽ എനിക്ക് തണലാകണമെന്ന് ഞാൻ ആഗ്രഹിച്ച പെൺകുട്ടി, ഇപ്പോൾ വലിയൊരു ഭാരം എന്റെ ചുമലിൽ എടുത്തു വെച്ചിട്ട് കടന്നു പോയിരിക്കുന്നു.

പലതും ചിന്തിച്ച് അല്പസമയം ഞാൻ നിശ്ചലനായി നിന്നു. പിന്നെ തിരിഞ്ഞുനോക്കി. നിരാലംബരായ അമ്പത്തിയേഴു സ്ത്രീകളുടെ ആർദ്രമായ കണ്ണുകളിലേക്ക്.

Blue Ocean
Wealth Solutions

A member of the MassMutual Financial Group

# PHILIPOSE SAMUEL

## 30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

Group Term Life Insurance

Group Whole Life Insurance

Short-term and Long-term Disability Insurance

Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998


**PHILIPOSE SAMUEL (SAM)**
30 Years of Service
Financial Services Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com



Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates.
CRN202501-1659414.

പുസ്തകലോകം
ഉറുവാടി / വിമിതജിജീബ്






# ഉശിരുള്ള പെണ്ണാണ്!

**ജീവിച്ചിരുന്നതും ഭാവനയിൽ നിന്ന് ഉൾക്കൊണ്ടതുമായ ജീവൻ തുടിക്കുന്ന കുറെയേറെ കഥാപാത്രങ്ങളുടെ ഈറ്റില്ലമാണ്'' പായൽ ബുക്ക്സ് പ്രസിദ്ധീകരിച്ച വിമിത ജിജീബ് എഴുതിയ 'ഉറുവാടി' എന്ന പുസ്തകം.**

അഞ്ജു രഞ്ജിമ

തൈലത്തിന്റെ മണമുള്ള ഉറുവാടി ഏടത്തിയെ അറിയോ?

പ്രണയത്തിൻ വേണ്ടി ജീവിതം പോലും ഉഴിഞ്ഞു വച്ച അതീവ സുന്ദരിയായ സ്ത്രീയെ?

വല്യോറുമായിട്ടുള്ള പ്രണയത്തിനു ജീവിതം തന്നെ പ്രതിഫലമായി നൽകി അദ്ദേഹത്തിന്റെ കുടുംബത്തിലെ ഓരോ മുക്കിലും മൂലയിലും മനുഷ്യരിലും തന്റെ സാന്നിധ്യം അറിയിച്ചുക്കൊണ്ടിരുന്ന ആ സ്ത്രീ ജീവിച്ചിരുന്ന ഒരു വ്യക്തിയാണ്..

ലൈലയെയും കാഞ്ചനമാലയെയും വാഴ്ത്തിപാടിയ നമുക്കൊക്കെ അറിഞ്ഞും എത്രയോ പ്രണയിനികൾ ഇങ്ങനെ ഇവിടെ ജീവിച്ചിരുന്നു.

ഇങ്ങനെ കുറേ മനുഷ്യരുടെ.. ജീവിച്ചിരുന്നതും ഭാവനയിൽ നിന്ന് ഉൾക്കൊണ്ടതുമായ ജീവൻ തുടിക്കുന്ന കുറെയേറെ കഥാപാത്രങ്ങളുടെ ഈറ്റില്ലമാണ് ' ഉറുവാടി'' എന്ന പുസ്തകം.

വിമിത' എന്ന പെണ്ണ് കണ്ടതും കേട്ടതും അറിഞ്ഞതും അനുഭവിച്ചതുമായ കുറെയേറെ കാര്യങ്ങൾ സരസമായി.., ലളിതമായി..,അവരുടെ തന്നെ ഭാഷയിൽ പകർത്തി വച്ചിരിക്കുകയാണ്!

പതിനാറ് കഥകൾ ഉൾപ്പെടുന്ന ഈ കുഞ്ഞിപ്പുസ്തകത്തിൽ നിറയെ നാട്ടിൻപുറത്തെ നന്മകളും കുശുമ്പും പ്രേമവും ജീവിതവും നല്ലതും കെട്ടതുമായ അനുഭവങ്ങളൊക്കെ ചേർന്ന് ജീവിതാഗന്ധമുള്ള കുറേ മനുഷ്യര് പുനർജനിക്കുകയാണ്..

ജീവിക്കുകയാണ്.

പ്രണയവും സ്നേഹവും

**അമ്മമ്മ പറഞ്ഞു കൊടുത്ത കഥകൾ കേട്ട് വളർന്ന വന്നൊരു പെൺകുട്ടി, സ്വന്തം ധൈര്യം കൊണ്ട് മാത്രം ജീവിതത്തെ നേരിട്ടത് അവളന്ന് കേട്ട നാടോടിക്കഥകളും തെയ്യക്കഥകളും മനുഷ്യരുടെ അതിജീവനത്തിന്റെ കഥയും ഉള്ളിൽ കനലു പോലെയെരിഞ്ഞിട്ടാണ്!**

**ഉശിരുള്ള തീയത്തി പെണ്ണിന്റെയും ചെമ്മരത്തിയുടെയും കാർത്ത്യായനിയുടെയും കഥകൾ എഴുതിവയ്ക്കാൻ വേണ്ടി മാത്രം അവൾ മനോധൈര്യം മാത്രം മുതലാക്കി ഒറ്റയ്ക്ക് മുന്നോട്ട് നടന്നു.**
**ഒറ്റയ്ക്കായ നിമിഷങ്ങളും കരഞ്ഞു തീർത്ത രാത്രികളും മരിക്കണമെന്ന ചിന്തകളെയും മറികടന്ന് അവൾ പൊടി തട്ടിയെടുത്ത എഴുത്തിന്റെ വഴികളിലാകെ പതിഞ്ഞ പാദമുദ്ര അവളുടേത് മാത്രമാണ്.**

വിധേയത്വവും ചതിയും മരണവും ഒക്കെ ചേർന്ന് ഒരു ജീവിതത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള ഓരോരോ കാര്യങ്ങൾ തനത് ശൈലിയിൽ എഴുത്തുകാരി ' ഉറുവാടി ' യിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്!

അമ്മമ്മ പറഞ്ഞു കൊടുത്ത കഥകൾ കേട്ട് വളർന്ന വന്നൊരു പെൺകുട്ടി, സ്വന്തം ധൈര്യം കൊണ്ട് മാത്രം ജീവിതത്തെ നേരിട്ടത് അവളന്ന് കേട്ട നാടോടിക്കഥകളും തെയ്യക്കഥകളും മനുഷ്യരുടെ അതിജീവനത്തിന്റെ കഥയും ഉള്ളിൽ കനലു പോലെയെരിഞ്ഞിട്ടാണ്!

രാജകുമാരിയെ രക്ഷിക്കുന്ന രാജകുമാരൻ വരുമെന്ന് കരുതി അവൾ കാത്തിരുന്നില്ല.

ഉശിരുള്ള തീയത്തി പെണ്ണിന്റെയും ചെമ്മരത്തിയുടെയും കാർത്ത്യായനിയുടെയും കഥകൾ എഴുതിവയ്ക്കാൻ വേണ്ടി മാത്രം അവൾ മനോധൈര്യം മാത്രം മുതലാക്കി ഒറ്റയ്ക്ക് മുന്നോട്ട് നടന്നു.

ഒറ്റയ്ക്കായ നിമിഷങ്ങളും കരഞ്ഞു തീർത്ത രാത്രികളും മരിക്കണമെന്ന ചിന്തകളെയും മറികടന്ന് അവൾ പൊടി തട്ടിയെടുത്ത എഴുത്തിന്റെ വഴികളിലാകെ പതിഞ്ഞ പാദമുദ്ര അവളുടേത് മാത്രമാണ്.

സ്വപ്നങ്ങളും വിരഹങ്ങളും ചതിയും കുത്തുവാക്കുകളും ഒക്കെ നിറഞ്ഞ ഒരു ശരാശരി ജീവിതത്തിന്റെ നേർക്കാഴ്ചകൾ.

കാഴ്ചയ്ക്കപ്പുറം പ്രേമം .. അതിനുമപ്പുറം ഉടൽദാഹം.നാട്ടിൻപുറത്ത് നന്മകൾ മാത്രമല്ല ഉള്ളത്.. അവിടം സ്വർഗം മാത്രവുമല്ല!

മനുഷ്യനുള്ള കാലത്തോളം ചതിയും കൊലയും ആചാരമാണ്.

ജീവിക്കാനുള്ള ത്വരയിൽ ഓരോന്ന് വെട്ടിപ്പിടിച്ചും തകിടം മറിച്ചും മനുഷ്യർ മുന്നോട്ട് കേറി പോകുമ്പോൾ തകർന്ന് പോകുന്ന ജീവിതത്തെ ഒതുക്കി കൂട്ടിപ്പിടിച്ച് ബാക്കിയുള്ളോരൊക്കെ ഒരൊറ്റ പോക്കാണ്.

ആരും നിൽക്കുന്നില്ല.



അതാണല്ലോ വേണ്ടതും.!

ലഹരി കൊണ്ട് ജീവിതം നഷ്ടപ്പെട്ടവനും ആ ലഹരിയെ തന്നെ ജീവിതമാക്കിയവനും പിന്നെ പ്രേമം ലഹരിയായവനും അങ്ങനെ കുറേ മനുഷ്യരു ടെ ആഘോഷമാണീ കടലാസ്സുകൾ നിറയെ.

അതിൽ കണ്ണീരുണ്ടാവും..പതിഞ്ഞ ശ്വാസമുണ്ടാവും ..വീണിടത്ത് നിന്ന് എണീറ്റ് നടന്ന അടയാളങ്ങളുണ്ടാകും!

ഞാവൽപഴക്കറ പറ്റിയ വെള്ളവിരി പോലെ മനസ്സിൽ കുറേ അടയാളങ്ങൾ ബാക്കിയാക്കി കുറേ കഥകളും കഥാപാത്രങ്ങളും നമുക്കൊപ്പം സഞ്ചരിക്കും ഈ പുസ്തകം വായിച്ച് മടക്കി കഴിയുമ്പോൾ!

ഉറുവാടി ഒരു ഓർമ്മപ്പെടുത്തലാണ്..!

കുറേ കാലങ്ങളുടെ , പഴമ മുറ്റിയ വീടുകളുടെ അകത്തളത്തിൽ അരങ്ങേറിയ സംഭവങ്ങളുടെ ഓർമ്മയെഴുത്താണ്!

ജീവനുള്ള ഭാഷയിൽ ജീവിതം പറഞ്ഞു തീർക്കാൻ ശ്രമിക്കുന്ന മനുഷ്യരുടെ കഥകളാണ്!

ചിലരുടെയൊക്കെ സ്വപ്നങ്ങളും....!

നമ്മൾ കേട്ടതൊക്കെയാകും. കാരണം എല്ലാ മനുഷ്യരും ഒരിക്കലെങ്കിലും ഇത്തരം അനുഭവങ്ങളിലൊന്നെങ്കിലും കടന്ന് വന്നിട്ടുണ്ടാകും.അതിനെ പുതുമയോടെ നാട്ടുഭാഷയിൽമനസ് കുളിർപ്പിക്കും വിധത്തിൽ എടുത്ത് നിരത്തുന്ന രീതി കൊണ്ടാണ് ' ഉറുവാടി ' വിത്യസ്തമാകുന്നത്. ഈ വായന ..ഈ പുസ്തകം ആരെയും നിരാശരാക്കില്ലെന്ന് ഉറപ്പ്

# ചിത്രലോകം

ബാബു സേവിയർ





# ഇ-മലയാളി കഥാമത്സരം 2025



ഇ-മലയാളിയുടെ
**2025 കഥാമത്സരത്തിലേക്ക്
കഥകൾ ക്ഷണിക്കുന്നു.**
ലോകമെമ്പാടുമുള്ള
എല്ലാ എഴുത്തുകാർക്കും
പങ്കെടുക്കാം.

ഒന്നാം സമ്മാനം 50,000 രൂപ

രണ്ടാം സമ്മാനം 25,000 രൂപ

മൂന്നാം സമ്മാനം 10,000 രൂപ

കൂടാതെ പ്രത്യേക അംഗീകാരങ്ങളും ജൂറി പ്രൈസും ഉണ്ടാകും
(അംഗീകാര പത്രം മാത്രം)

## നിബന്ധനകൾ

1. കഥകൾക്ക് പ്രത്യേക വിഷയങ്ങൾ ഇല്ല. എങ്കിലും അശ്ളീല ചുവയുള്ളതോ, പ്രകോപനപരമായ വിഷയങ്ങൾ ഉൾക്കൊള്ളുന്നതോ, ജാതി-മത-രാഷ്ട്രീയ സ്വഭാവമുള്ളതോ ആയ രചനകൾ തിരസ്കരിക്കപ്പെടും.
2. കഥകൾ ആറു പേജിൽ (8.5x11) കവിയാതിരുന്നാൽ നന്ന്. ഗൂഗിൾ എഴുത്തുപകരണങ്ങളിലെ ഫോണ്ട് ഉപയോഗിക്കുക (Unicode, ML TT കാർത്തിക എന്നിവയും ആകാം)
3. പതിനെട്ടു വയസ്സ് പൂർത്തിയായവർ തൊട്ട് ഏതു പ്രായക്കാർക്കും കഥകൾ അയക്കാം.
4. മുമ്പ് പ്രസിദ്ധീകരിച്ച കഥകൾ സ്വീകാര്യമല്ല. അയച്ചുതരുന്ന കഥകൾ കിട്ടുന്ന മുറക്ക് ഇ മലയാളിയിലും ഇ-മലയാളി മാസികയിലെ പ്രസിദ്ധീകരിക്കും.
5. ഇ-മലയാളി നിശ്ചയിക്കുന്ന ജൂറി കഥകൾ വിലയിരുത്തി വിജയികളെ കണ്ടെത്തും.
6. ഇ-മലയാളി മുമ്പ് സംഘടിപ്പിച്ച മത്സരങ്ങളിൽ ഒന്നാം സമ്മാനം ലഭിച്ചവരെ വീണ്ടും ഒന്നാം സമ്മാനത്തിന് പരിഗണിക്കുന്നതല്ല. മറ്റു വിജയികൾക്ക് ഇത് ബാധകമല്ല.

**കഥകൾ ലഭിക്കേണ്ട അവസാന തിയ്യതി ഒക്ടോബർ 31, 2025**

**രചനകൾ mag@emalayalee.com എന്ന വിലാസത്തിൽ അയക്കുക**

സമ്മാനാർഹരുടെ പേരുവിവരങ്ങൾ 2025 ക്രിസ്തുമസിനു പ്രഖ്യാപിക്കും. ഇതേക്കുറിച്ചുള്ള നിങ്ങളുടെ സംശയങ്ങൾ mag@emalayalee.com എന്ന ഇമെയിലിൽ എഴുതി ചോദിക്കാം.
കൂടുതൽ വിവരങ്ങൾക്ക് സുധീർ പണിക്കവീട്ടിലുമായി വാട്സാപ്പിൽ ബന്ധപ്പെടാം. 1 718 570 4020

എല്ലാ കഥാകൃത്തുക്കളും പങ്കെടുത്ത് ഈ സംരംഭം വിജയിപ്പിക്കുക.
*സ്നേഹത്തോടെ,* ഇ-മലയാളി പത്രാധിപസമിതി



MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
LOS ANGELES
NAPERVILLE
CHICAGO
NEW JERSEY
DALLAS
ATLANTA
CANADA
MISSISSAUGA
OPENING SOON IN SURREY